# അനുസ്മൃതി

## സി.എം.ഐ. സഭാചരിത്രം

Dharmaram Publications
No. 468

# അനുസ്മൃതി

## സി.എം.ഐ. സഭാചരിത്രം

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

**2020**
**Chavara Central Secretariat**
CMI Prior General's House
Kakkanad, Kochi, Kerala, India
&
**Dharmaram Publications**
Bangalore 560029 India

**അനുസ്മൃതി: സി.എം.ഐ. സഭാചരിത്രം**

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.
polypayyappilly@gmail.com

*Anusmriti: CMI History*
Poly Payyappilly CMI

© 2020: Saint Chavara's 150th Death Anniversary Edition
Chavara Central Secretariat
Kochi, CMI Prior General's House, Kochi, India

Cover: David, Smriti, Thrissur
Layout: Chavara Central Secretariat, Kochi
Printing: Viani Printings, Kochi

ISBN: 978-81-945014-5-9
Price: Rs. 180; US$ 15

**Chavara Central Secretariat**
CMI Prior General's House
Chavara Hills, Kakkanad
Post Box 3105, Kochi 682 030 Kerala, India
Tel: +91 484 2881802/3
Email: info@chavaralibrary.com
Web: http://www.chavaralibrary.in/

&

**Dharmaram Publications**
Dharmaram College, Bangalore 560029, India
Tel: +91-8041116137; 6111
Email: dpinformation@yahoo.com; dpoffice3@gmail.com
Web: www.dharmarampublications.com

## ഉള്ളടക്കം

അവതാരിക 11

ഫാദർ പോൾ ആച്ചാണ്ടി സി.എം.ഐ.

ഒരു ഓർമ്മപുസ്തകം 15

**1**

**തിരുസഭയിൽ സന്യാസത്തിൻെറ നാൾവഴി**

1. ആദിമക്രൈസ്തവസമൂഹം 19
2. രക്തസാക്ഷിത്വം 19
3. പൗരസ്ത്യ സന്ന്യാസം 20

3.1. താപസജീവിതം 20

3.2. ഈജിപ്ത്: സന്ന്യാസത്തിൻെറ ഈറ്റില്ലം 21

3.3. സന്ന്യാസസമൂഹ ജീവിതം 23

3.4. സന്ന്യാസം സിറിയായിൽ 24

3.5. സന്ന്യാസം ഏഷ്യാമൈനറിൽ 26

4. സന്ന്യാസം പാശ്ചാത്യനാടുകളിൽ 27

4.1. തിരുസഭയുടെ ഇടപെടൽ 29

4.2. ഭിക്ഷാംദേഹികളുടെ സമൂഹങ്ങൾ 30

4.3. മിഷനറി സന്ന്യാസസഭകളും (Orders) മിഷനറി സമൂഹങ്ങളും (Congregations) 30

5. സന്ന്യാസപാരമ്പര്യം ഭാരതത്തിൽ 32

**2**

**സി.എം.ഐ. സഭാസ്ഥാപനത്തിൻെറ സമൂഹ്യപാശ്ചാത്തലം** 35

**3**

**സി.എം.ഐ. സമൂഹസ്ഥാപനത്തിൻെറ സഭാചരിത്രപശ്ചാത്തലം** 39

1. പേർഷ്യൻ സഭയുമായുള്ള ബന്ധം 39
2. വാസ്കോ ഡി ഗാമയുടെ ആഗമനം 42

| | | |
|---|---|---|
| 3. | പോർച്ചുഗീസ് മിഷനറിമാരുടെ ഭരണം | 42 |
| 4. | പ്രഥമരൂപതയുടെ സ്ഥാപനവും ഉദയംപേരൂർ സൂനഹദോസും | 43 |
| 5. | സ്വജാതി മെത്രാനെ ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ | 45 |
| 6. | കൂനൻകുരിശു സത്യവും യാക്കോബായ സമൂഹത്തിന്റെ ആവിർഭാവവും | 45 |
| 7. | കർമ്മലീത്ത മെത്രാന്മാരുടെ ആഗമനം | 46 |
| 8. | ഡച്ചുകാർ കേരളത്തിൽ... | 47 |
| 9. | ജോസഫ് കരിയാറ്റി മല്പാനും പാറേമ്മാക്കൽ ഗോവർണദോരും | 48 |
| 10. | നാമാവശേഷമായ കൊടുങ്ങല്ലൂർ രൂപത | 49 |
| 11. | കർമ്മലീത്തരുടെ അധികാരത്തിനു കീഴിൽ | 51 |
| 12. | നേതാക്കളില്ലാത്ത കാലം | 52 |
| | **4** | |
| | **സി.എം.ഐ സഭാസ്ഥാപകപിതാക്കന്മാർ** | 55 |
| 1. | മല്പാൻ തോമസ് പാലയ്ക്കൽ | 55 |
| 2. | മല്പാൻ തോമസ് പോരൂക്കര | 57 |
| 3. | വി. ചാവറ കുരിയാക്കോസ് ഏലിയാസ് | 60 |
| 4. | ആഹ ജേക്കബ് കണിയാന്തറ | 63 |
| 5. | ചാവറ പിതാവിനൊടൊപ്പം വ്രതാനുഷ്ഠാനം നിർവ്വഹിച്ച വൈദികർ | 65 |
| | **5** | |
| | **സി.എം.ഐ. സഭാസ്ഥാപനം** | 67 |
| 1. | രണ്ട് പാഠഭേദങ്ങൾ | 67 |
| 1.1. | ബ്ര. കണിയാന്തറ യാക്കോബിന്റെ നാളാഗ്മമം | 67 |
| 1.2. | വി. ചാവറയച്ചന്റെ നാളാഗമം | 68 |
| 2. | നാലു പിതാക്കന്മാരുടെ സംഗമം | 70 |
| 3. | സഭാസ്ഥാപനത്തിന്റെ ഉദ്ദേശ്യം | 74 |

| | | |
|---|---|---|
| 4. | സഭാസ്ഥാപനത്തിനുള്ള അനുവാദവും തുടർനടപടികളും | 76 |
| 5. | മാന്നാനം ആശ്രമസ്ഥാപനം | 77 |
| 6. | സന്ന്യാസസഭയുടെ കാനോനികസ്ഥാപനം | 78 |
| 7. | സഭയുടെ നാമം | 79 |
| 8. | സഭയുടെ ന്യായപ്രമാണം | 79 |
| 9. | സഭാവസ്ത്രം | 80 |
| 10. | സഭയുടെ ഭരണസംവിധാനം | 81 |
| 11. | സഭയുടെ കേന്ദ്രഭവനം | 82 |
| 12. | സഭയിലെ പ്രവിശ്യകൾ | 82 |
| 13. | സഭയുടെ പ്രതിഷ്ഠകൾ | 83 |
| 14. | സഭാമുദ്ര | 83 |

**6**

**തിരുസഭയുടെ ഐക്യത്തിനും സീറോമലബാർ സഭയുടെ തനിമയ്ക്കും** 87

| | | |
|---|---|---|
| 1. | റോക്കോസ് പ്രതിസന്ധി | 88 |
| 2. | പിന്നെയും പ്രതിസന്ധികൾ | 91 |
| 3. | മേലൂസ് പ്രതിസന്ധി | 92 |
| 4. | ഏഴു വ്യാകുലങ്ങൾ | 94 |
| 5. | ബഹിഷ്കരണ മുടക്ക് | 95 |
| 6. | ലെയോ മെവുറിൻ മെത്രാൻെറ നടപടികൾ | 96 |
| 7. | ഇന്ത്യൻ ഹയരാർക്കിയുടെയും സുറിയാനി വികാരിയാത്തുകളുടെയും സ്ഥാപനം | 97 |
| 8. | പമ്പയാറിനും അപ്പുറത്ത് | 98 |
| 9. | പുനരൈക്യപ്രസ്ഥാനം | 99 |
| 10. | കന്യാകുമാരി മിഷൻ | 104 |
| 11. | ഭാരതപ്പുഴയും കടന്ന് | 105 |
| 11.1. | കുടിയേറ്റത്തിൻെറ പാശ്ചാത്തലം | 105 |
| 11.2. | ഫറോക്കിലേയ്ക്ക് | 107 |
| 11.3. | സെൻറ് പോൾസ് ആശ്രമം, കടലുണ്ടി | 109 |
| 11.4. | ബർണ്ണർദീനോസച്ചൻെറ ധ്യാനപരമ്പര | 109 |

11.5. മലബാറിലെ മലയോരമേഖലയിൽ 110
11.6. കെറുബിൻ കമ്മീഷൻ 111
11.7. മലബാർ മിഷൻ ഒരു വിലയിരുത്തൽ 113
11.8. കർണാടക മിഷൻ 116
11.9. തമിഴ്നാട് മിഷൻ 117
11.10. മൂന്നു സി.എം.ഐ. പ്രവിശ്യകൾ 119
12. മലനാട് കുടിയേറ്റം 119
13. സി.എം.ഐ. സഭ ഉത്തരേന്ത്യയിൽ 121
14. കല്യാൺ മിഷൻ 122
15. സി.എം.ഐ. സഭ ഇന്ത്യ മുഴുവനിലും 124
16. സി.എം.ഐ. സഭയുടെ ആഗോളദൗത്യം 125
17. അനുസ്മരിക്കപ്പെടേണ്ട വ്യക്തികൾ 126
17.1. ഫാ. പ്ലാസിഡ് പൊടിപാറ 126
17.2. ഫാ. ജോൺ ബോസ്കോ തോട്ടക്കര 130
17.3. ഫാ. റോമയോ തോമസ് 131
17.4. ഫാ. ഫ്രാൻസിസ് വിനീത് വടക്കേത്തല 132

**7**

**തിരുസഭയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക്** 137

1. വൈദികപരിശീലനവും നവീകരണവും 137
2. ആരാധനക്രമ നവീകരണം 138
3. ആരാധനക്രമസംഗീതവും ക്രിസ്തീയകലയും 140
4. സന്ന്യാസിനികൾക്കും സ്ത്രീകൾക്കുമായി 141
5. ദൈവജനത്തിനു നവീകരണ പരിപാടികൾ 142
6. ദർശനസമൂഹം 143
7. വി. യൗസേപ്പിതാവിനോടുള്ള ഭക്തി 144
8. വിവിധങ്ങളായ ഭക്താഭ്യാസങ്ങൾ 145
9. വേദപാഠശാല 145
10. മിഷൻ പ്രദേശങ്ങളിൽ 146
11. കുടുംബപ്രേഷിതത്വം 147

12. സഭയുടെ ഭരണപരമായ പരിഷ്ക്കാരങ്ങൾ 148
12.1. സെമിത്തേരി സ്ഥാപനം 148
12.2. കുമ്പസാരക്കൂട് 148
12.3. നലംതികഞ്ഞ ആലോചനയും അനുരഞ്ജന പ്രേഷിതത്വവും 148
12.4. സുറിയാനി സഭയ്ക്കു നാലു സോണുകൾ 151
12.5. ഭക്തസംഘടനകളുടെ ആരംഭകരും സാരഥികളും 151
12.6. തിരുസ്സഭയുടെ സാമ്പത്തിക ഭദ്രത 152
12.7. സാംസ്കാരികകേന്ദ്രങ്ങളും മതസൗഹാർദ പ്രസ്ഥാനങ്ങളും 153
12.8. വിശുദ്ധിയുടെ വഴിത്താരയിൽ 155

**8**

**പരിശീലന പ്രേഷിതത്വം** 157

1. സി.എം.ഐ. സഭാംഗങ്ങളുടെ പരിശീലനം 163
2. ധർമ്മരാം കോളേജ്, ബെങ്കളൂരു 165
3. ദർശന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി, വർധ 167
4. സമന്വയ തിയളോജിക്കൽ കോളേജ്, ഭോപ്പാൽ 168

**9**

**വിദ്യാദാന പ്രേഷിതത്വം** 171

**10**

**മാധ്യമപ്രേഷിതത്വം** 177

1. ചാവറപിതാവിൻെറ രചനകൾ 177
2. മുദ്രണാലയ സ്ഥാപനം 178
3. ദീപികയെന്ന ദീപശിഖ 180
4. മറ്റു പ്രസിദ്ധീകരണങ്ങൾ 185
5. ചേതന സെൻറർ ഫോർ കൾച്ചർ ആൻറ് കമ്മ്യൂണിക്കേഷൻസ് 185

**11**

**സാമൂഹ്യസേവന പ്രേഷിതത്വം** 187

1. സമൂഹ്യാഭിമുഖ്യത്തോടെ കർമ്മമണ്ഡലങ്ങളിൽ 188

| | | |
|---|---|---|
| 2. | വിഷചികിത്സ | 190 |
| 3. | ആവശ്യങ്ങളോടു പ്രതികരിക്കുമ്പോൾ | 191 |
| 4. | ഒരു കുടക്കീഴിൽ | 191 |
| 5. | മാനസികമായ വെല്ലുവിളി അനുഭവിക്കുന്നവർക്കു വേണ്ടി | 193 |
| 6. | ശാരീരികമായ വെല്ലുവിളി നേരിടുന്നവർക്കു വേണ്ടി | 195 |
| 7. | ലത്തൂരിലെ ഭൂകമ്പം മുതൽ കേരളത്തിലെ പ്രളയം വരെ | 195 |
| 8. | ശൂന്യവത്കരണവും സ്വയംദാനവും | 196 |
| | **ആധാര ഗ്രന്ഥങ്ങൾ** | 197 |

# അവതാരിക

“നിങ്ങളോർക്കുക നിങ്ങളെങ്ങിനെ നിങ്ങളായെന്ന്.” കടമ്മനിട്ട രാമകൃഷ്ണൻ രചിച്ച ഈ കവിതാശകലം ചരിത്രം മറക്കുന്നവരോടും ചരിത്രത്തെ തമസ്കരിക്കുന്നവരോടും കലഹിക്കുന്നുണ്ട്. Michael Crichton പറയുന്നു: “നിങ്ങൾക്ക് ചരിത്രം അറിയില്ലെങ്കിൽ നിങ്ങൾക്ക് ഒന്നും അറിയില്ല. നിങ്ങൾ ഒരു മരത്തിന്റെ ഭാഗമാണെന്ന് അറിയാത്ത ഒരു ഇലയാണ്.” സി.എം.ഐ. സന്യാസ കൂട്ടായ്മ രണ്ടു നൂറ്റാണ്ടുകൾ പൂർത്തിയാക്കാൻ ഇനി ശേഷിക്കുന്നത് വെറും ഒരു ദശവത്സരം മാത്രം. സി.എം.ഐ. സന്യാസസഭയുടെ സ്ഥാപനവും വളർച്ചയും ദൈവത്തിന്റെ ഇടപെടലായി കണ്ട വിശുദ്ധ ചാവറപിതാവ് എപ്പോഴും പറയുമായിരുന്നു, “ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത് മനുഷ്യന്റെ പദ്ധതിയല്ല; ദൈവത്തിന്റെ കാരുണ്യത്താൽ ദൈവം ഇതിനെ വളർത്താൻ മനസ്സായി” എന്ന്. സഭാമക്കളുടെ സംസ്ക്കാരം രൂപപ്പെടുത്തുന്നതിൽ സന്യാസ സഭയുടെ ചരിത്രവും നാൾവഴികളും അറിയുക വളരെ പ്രധാനപ്പെട്ടതാണെന്നുള്ള തിരിച്ചറിവ് ചാവറപിതാവിനെ നാളാഗമങ്ങൾ രചിക്കാൻ നിർബന്ധിച്ചു. അത് അനുസ്യൂതം തുടരാൻ സഭാതനയരെ പഠിപ്പിച്ചു. സ്ഥാപകപിതാക്കന്മാരുടെയും ആദ്യപിതാക്കന്മാരുടെയും പ്രചോദനവും പ്രവർത്തനങ്ങളും അവയെക്കുറിച്ചുള്ള വ്യക്തമായ അറിവും അവബോധവും സഭക്ക് ഇന്നും ആദ്യചൈതന്യത്തിന്റെ ദിശാബോധം പകരുന്നു.

സന്യാസ നവീകരണത്തിന് വത്തിക്കാൻ സൂനഹദോസ് സന്യാസകൂട്ടായ്മകളെ പഠിപ്പിച്ചത് ഉറവിടങ്ങളിലേക്കു യാത്ര നടത്തി സ്ഥാപകസിദ്ധിയുടെ അടിവേരുകൾ കണ്ടെത്താനാണ്; അതോടുചേർത്തു കാലഘട്ടത്തിന്റെ അടയാളങ്ങൾ വായിച്ചു നവീകരിക്കുകയും, പുനർസൃഷ്ടി നടത്തുകയും ചെയ്യുക എന്നുള്ളതാണ്. ഒരു സന്യാസസഭയുടെ ആരംഭത്തിന്റെ സന്ദർഭവും സാഹചര്യങ്ങളും സ്ഥാപകപിതാക്കന്മാർക്കു ലഭിച്ച ഉൾപ്രേരണയും സന്യാസസഭയുടെ ശൈശവ-ബാല്യ-കൗമാര -യുവത്വ വളർച്ചകളും ക്ലേശങ്ങളും അറിയുകയെന്നത് സഭയെ സ്നേഹിക്കാനും സഭയെകുറിച്ചു അഭിമാനംകൊള്ളാനും പ്രാപ്തമാക്കും. ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് ആയിരുന്ന കർദിനാൾ ടിസ്സറാങ്ങ്

സീറോമലബാർ സഭയെകുറിച്ചു പറഞ്ഞു: “ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു, എന്തെന്നാൽ എനിക്ക് നിങ്ങളുടെ ചരിത്രം അറിയാം.” അറിയാത്തതിനെ നമ്മൾ എങ്ങനെ സ്നേഹിക്കും? അതുകൊണ്ടുതന്നെയാണ് സി.എം.ഐ. പരിശീലന പ്രക്രിയയിൽ സഭാചരിത്രം പഠിപ്പിക്കുന്നത്. ഓരോ സഭക്കും അതിന്റെ വ്യതിരിക്തത നല്കുന്നത് ഈ ചരിത്രവും, ചരിത്ര സൃഷ്ടാക്കളുടെ ദർശനങ്ങളും നിലപാടുകളും ആഭിമുഖ്യങ്ങളുമാണ്.

കൂട്ടായ്മയുടെ സുവിശേഷമായി രൂപപ്പെട്ട ദർശനവീടാണ് സി.എം.ഐ. സന്യാസം. പേരുവിളിക്കപ്പെട്ട പുണ്യവാന്മാരില്ലാത്ത സീറോമലബാർ സഭയിൽ പുണ്യം വളർത്താനും പുണ്യവാന്മാരെ വാർത്തെടുക്കാനുമുള്ള പുണ്യസങ്കേതമായാണ് ഈ ആത്മീയമുന്നേറ്റം ഉദയം ചെയ്തത്. പൗരസ്ത്യ-കർമലീത്താ-ഭാരതീയ ആത്മീയ പൈതൃകങ്ങളെ ഒരു ചരടിൽ കോർത്തിണക്കി വിശുദ്ധ ചാവറയച്ചനും പാലക്കൽ-പോരൂക്കര തോമ്മാ മൽപ്പാനച്ചന്മാരും കണിയാന്തറ യാക്കോബ് സഹോദരനും സന്യാസം ലോകത്തെ പഠിപ്പിച്ച ആർഷഭാരതത്തിന് നൽകിയ സമ്മാനമാണ് ഭാരതത്തിലെ പ്രഥമ ഏദദ്ദേശീയ ക്രൈസ്തവ സന്യാസസഭ. ഇല്ലായ്മയിൽനിന്നു ദൈവം രൂപകൽപന ചെയ്ത ഈ തപസ്സുഭവനം കാലത്തിന്റെ യാത്രയിൽ വളരെ മുന്നോട്ടുപോയിരിക്കുന്നു. മാന്നാനത്തുനിന്ന് ലോകത്തിന്റെ അതിർത്തികളിലേക്കുള്ള യാത്ര 34 രാഷ്ട്രങ്ങളിലും വേറിട്ട ശുശ്രുഷമേഖലകളിലും “കണ്ണ് കാട്ടപ്പെട്ട നന്മകളൊക്കെ” ചെയ്തു സുവിശേഷസാക്ഷ്യം വഹിക്കുന്നു.

തന്റെ പഠനത്തിന്റെയും ജീവിതാനുഭവത്തിന്റെയും വെളിച്ചത്തിൽ മനോഹരമായി ചിട്ടപ്പെടുത്തിയ “അനുസ്മൃതി” സി.എം.ഐ. സന്യാസയാത്രയുടെ ഒരു സമഗ്ര ചിത്രം നൽകുന്നു. സി.എം.ഐ. യോഗാർത്ഥികളെ പഠിപ്പിച്ച പരിശീലന കളരിയിൽനിന്നാണ് ഈ ഗ്രന്ഥം ഉദയം ചെയ്തത്. അതുകൊണ്ടുതന്നെ ഇതിനു വ്യതിരിക്തമായ ഒരു വ്യക്തതയുണ്ട്; ഉദ്ദേശ ശുദ്ധിയുണ്ട്. ഭാവി സി.എം.ഐ. സന്യാസ മിഷനറിമാർക്കു വലിയ ഉൾക്കാഴ്ചയും സത്വബോധവും ആത്മാഭിമാനവും പകരുന്നതാണ് ഈ ചരിത്രത്താളുകൾ. ഈ തപസ്യ സാക്ഷാത്ക്കരിച്ച ബ. പോളി പയ്യപ്പിള്ളിയച്ചൻ അക്ഷരങ്ങൾകൊണ്ട് പ്രേഷിതപ്രവർത്തനത്തിന്റെ നൂതന മേഖലകൾ വെട്ടിത്തുറന്ന സാഹസികനാണ്. ക്രിസ്ത്യൻ മെസ്സേജ് സെന്ററും പ്രിയപ്പെട്ടവരുടെ

വേർപാടിൽ വേദനിക്കുന്നവർക്ക് അച്ചനയക്കുന്ന സാന്ത്വന വചസ്സുകളും പോളിയച്ചനെ ഒരു പ്രവാചക സന്യസ്തനാക്കുന്നു. സി.എം.ഐ. സന്യാസദർശനവും വളർച്ചയും കൃത്യതയോടെ ആവിഷ്കരിച്ച പോളിയച്ചന് മുഴുവൻ സഭാംഗങ്ങളുടെയും കടപ്പാടും അനുമോദനങ്ങളും അറിയിക്കുന്നു. ഈ വിശുദ്ധ നിയോഗം പൂർത്തീകരിക്കാൻ പോളിയച്ചനു കരുത്തുപകർന്നു ഒപ്പം നിന്നതു ഇത് പ്രസിദ്ധീകരിക്കാൻ കഠിന പരിശ്രമം നടത്തിയത് കഠിനാധ്വാനവും തപസ്സും ജീവിതമാക്കിയ സി.എം.ഐ. ജനറൽ കൗൺസിലർ ബ. സാജു ചക്കാലക്കൽ അച്ചന് സി.എം.ഐ. സന്യാസകൂട്ടായ്മയുടെ ഹൃദയം നിറഞ്ഞ അനുമോദങ്ങളും നന്ദിയും. അനുസ്മൃതി സി.എം.ഐ. സന്യാസസഭയെ അറിയാനും സ്നേഹിക്കാനും പുത്തനുണർവോടെ ജീവിക്കാനും ഏവരെയും പ്രാപ്തരാക്കട്ടെ.

ഫാദർ പോൾ ആച്ചാണ്ടി സി.എം.ഐ.
പ്രിയോർ ജനറൽ

# ഒരു ഓർമ്മപുസ്തകം

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കോയമ്പത്തൂർ പ്രേഷിത പ്രവിശ്യയിലെ യോഗാർത്ഥികൾക്ക് "സി.എം.ഐ. സഭാചരിത്രം" പഠിപ്പിക്കുന്നതിനു ഞാൻ നിയോഗിതനായി. നിശ്ചിതമായ മണിക്കൂറുകളിൽ ഏകദേശം 200 വർഷത്തെ സംഭവബഹുലമായ സഭാചരിത്രം ക്രമമായും ചുരുക്കമായും സമഗ്രമായും പ്രതിപാദിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള അനുഭവമായിരുന്നു. അവലംബിക്കാൻ ഒരു പുസ്തകമില്ല എന്നതാണ് അതിനു കാരണം.

അനുസ്മരിക്കാനും അഭിമാനിക്കാനും വളരെ സമ്പന്നമായ പാരമ്പര്യമുള്ള സി.എം.ഐ. സഭയിലെ നവാഗതർക്കു നല്കാൻ ചരിത്രസംബന്ധിയായി ഒരു പാഠപുസ്തകമില്ല എന്ന ചിന്ത അല്പം അലട്ടുന്നതായിരുന്നു. ആ ചിന്തയിൽനിന്നാണ് ഈ പുസ്തകം രൂപമെടുത്തത്. സഭാധികാരികളാരും ഭരമേല്പിക്കാതെ, സഭാംഗങ്ങളാരും ആവശ്യപ്പെടാതെ സഭയിലെ ഇളംതലമുറയോടുള്ള ഒരു ചുമതലയായി ഈ സംരംഭം സ്വയം ഏറ്റെടുക്കുകയായിരുന്നു.

അനുസ്മൃതി അഥവാ അനുസ്മരണ എന്നാൽ വീണ്ടുമുള്ള ഓർമ്മയാണ്. അനുസ്യൂതമായ അനുസ്മൃതി സ്മൃതിയെ സജീവമാക്കി നിലനിറുത്തുന്നു. വൃക്ഷത്തിന്റെ ജീവരസം പോലെ മനുഷ്യരുടെ നിലനില്പിന്നെ സാദ്ധ്യമാക്കുന്നതും അവനെ മുന്നോട്ടു നയിക്കുന്നതും ഓർമ്മകളുടെ ഇടമുറിയാത്ത സഞ്ചാരമാണ്.

ഗതകാലത്തെ സ്മൃതിയാക്കി മാറ്റുക, സ്മൃതിയെ അനുസ്മൃതിയായി പരിപോഷിപ്പിക്കുക എന്നാൽ ചരിത്രമായിത്തീർന്ന വസ്തുതകൾക്കും സംഭവങ്ങൾക്കും അവയ്ക്കെല്ലാം കാരണഭൂതരായ വ്യക്തികൾക്കും ഹൃദയത്തിൽ ഒരിടം നല്കുക എന്നു തന്നെയാണ് അർത്ഥം.

"അനുസ്മൃതി" എന്നത് സി.എം.ഐ. സഭയിലെ യോഗാർത്ഥികൾക്കായി ഒരുക്കപ്പെട്ട സഭാചരിത്രപുസ്തകമാണ്. സഭാസ്ഥാപകരും ആദ്യകാലപിതാക്കന്മാരും ദൈവം അവരിലൂടെ നിറവേറ്റിയ മഹത്ചെയ്തികളും ഇവിടെ ഇതൾ വിരിയുന്നു.

അവരെപോലെ വിശുദ്ധരും പ്രഗല്ഭരുമായ നിരവധി പിൻഗാമികൾ തങ്ങളുടെ മുൻഗാമികളെപോലെ ഓർമ്മകളായിത്തീരുന്നതും നാം ഇവിടെ കാണുന്നു.

യോഗാർത്ഥിയായി സഭയിൽ പ്രവേശിക്കുന്നയാൾ വ്രതാനുഷ്ഠാനത്തോടെ അതിൽ അംഗമായിത്തീരുന്നു. നൈയമികമായ അംഗത്വമാണ് ഇവിടെ സൂചന. എന്നാൽ അതിനുമുപരി, അതിനു മുമ്പേ ഒരോ യോഗാർത്ഥിയും വൈകാരികമായി സഭയുടെ ഭാഗമാകണം. അവർ സഭയുടെ സ്വന്തമാകണം. സഭ അവരുടെ അവകാശമാകണം. സഭയുടെ പൈതൃകത്തെക്കുറിച്ചുള്ള ഓർമ്മ അവരെ പൊതിഞ്ഞു നില്ക്കുന്ന ഒരു അദൃശ്യ സ്നേഹവലയമായിത്തീരണം. തങ്ങൾ സഭയുടെ മഹത്തായ ചരിത്രത്തിന്റെ അഭിമാനകരമായ തുടർച്ചയാണെന്നും അർത്ഥപൂർണ്ണമായ ചരിത്രമായിത്തീരാനുള്ളവരാണെന്നും ഭാവിതലമുറയ്ക്ക് പ്രചോദനകരമായ സ്മൃതിയും അനുസ്മൃതിയുമായി പകരാനുള്ളവരാണെന്നുമുള്ള പരമമായ ബോദ്ധ്യത്തിൽ അടിയുറയ്ക്കണം. “അനുസ്മൃതി” എന്ന “സി.എം.ഐ. സഭാചരിത്രം” അവരെ അതിനു സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു; ആശംസിക്കുന്നു.

അനുസ്മൃതിയെ സഭയിലെ യോഗാർത്ഥികൾക്കായി അവതരിപ്പിക്കുമ്പോൾ ചില ചോദ്യങ്ങളും സംശയങ്ങളും ഉയർന്നുവരുന്നതിനുള്ള സാധ്യത കാണുന്നു. സഭയിലെ കുരുന്നുകൾക്കായുള്ള ഒരു പുസ്തകത്തിൽ ഇത്രയേറെ വിശദാംശങ്ങൾ ആവശ്യമുണ്ടോ? കുട്ടികൾക്ക് ഇത് പൂർണ്ണമായി ഗ്രഹിക്കാനാകുമോ? അർത്ഥികളുടെ ആദ്യവർഷം സഭാചരിത്രപഠനത്തിനായി മാറ്റിവച്ചിരിക്കുന്ന വളരെ പരിമിതമായ കാലയളവിൽ ഈ പുസ്തകം മുഴുവൻ പഠിപ്പിക്കുന്നതിനു സാധ്യമാണോ? ഇത്തരം ചോദ്യങ്ങൾ തികച്ചും ന്യായവും യുക്തവുമാണെന്ന് അംഗീകരിക്കുന്നു.

സഭയുടെ ഒരു ചരിത്രപുസ്തകമെന്ന നിലയിൽ പൂർണ്ണതയെ ലക്ഷ്യമാക്കിയാണ് ഇത്രയേറെ വിവരങ്ങളും വിശദാംശങ്ങളും ഇതിൽ

ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യാപകരുടെ മനോധർമ്മമനുസരിച്ച് പുസ്തകത്തിലെ ചില ഭാഗങ്ങൾ ഉപേഷിക്കുകയോ സംഗ്രഹിച്ച് അവതരിപ്പിക്കുകയോ ചെയ്യാമെന്നു തോന്നുന്നു.

അട്ടപ്പാടി സാൻ ജോസ് മൈനർ സെമിനാരിയിലെ റെക്റ്ററായ ബ. ലിൻസൻ തെങ്ങോലപറമ്പിലാണ് യോഗാർത്ഥികൾക്കു ക്ലാസെടുക്കണമെന്ന് എന്നോട് ആവശ്യപ്പെട്ടത്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കുട്ടികൾ ക്ലാസിൽ അകമഴിഞ്ഞ സഹകരണം നല്കി. അവരില്ലെങ്കിൽ ഈ പുസ്തകം പിറക്കുമായിരുന്നില്ല! ബ. പ്രിയോർ ജനറൽ പോൾ ആച്ചാണ്ടിയച്ചൻ അവതാരികയിൽ കുറിച്ചിരിക്കുന്ന വാക്കുകൾ ഏറെ പ്രചോദനം നല്കുന്നവയാണ്; അവ മുന്നോട്ടുള്ള യാത്രയ്ക്കു വളരെ ഊർജ്ജം പകരും. ഈ കൃതി വായിച്ച് തിരുത്തലുകൾ തന്നതും വളരെ താൽപര്യത്തോടെ പ്രസിദ്ധീകരണത്തിനു മുൻകൈയെടുത്തതും ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിൻെറ ഡയറക്റ്ററും സഭയുടെ സുവിശേഷവത്ക്കരണ-അജപാലന വകുപ്പിൻെറ ചുമതലയുമുള്ള സാജു ചക്കാലയ്ക്കലച്ചനാണ്. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

പോളി പയ്യപ്പിള്ളി സി.എം.ഐ.

# 1

# തിരുസഭയിൽ സന്ന്യാസത്തിന്റെ നാൾവഴി

ക്രിസ്തീയ സന്ന്യാസത്തിന്റെ ആദിമരൂപം നസ്രത്തിലെ യേശുവിൽനിന്നാണ്. അവിടുത്തെ വാക്കും പ്രവൃത്തിയും ജീവിതവുമാണ് സന്ന്യാസത്തിന്റെ അടിസ്ഥാനം. ചരിത്രപുരുഷനായ യേശുവിന്റെ ജീവിത പാതയിലൂടെ നടന്നുനീങ്ങുവാനുള്ള ഉൾപ്രേരണയിൽനിന്നു ജന്മമെടുത്തതാണ് സന്ന്യാസജീവിതം.

തിരുസഭയുടെ ആരംഭംമുതലേ സന്ന്യാസ ജീവിത ശൈലി നിലവിലിരുന്നു. പൗരസ്ത്യനാടുകളായ ഈജിപ്ത്, സിറിയ, പാലസ്തീന, മെസൊപ്പൊട്ടാമിയ, പേർഷ്യ, ഏഷ്യമൈനർ എന്നീ പുരാതന ക്രൈസ്തവകേന്ദ്രങ്ങളിൽ ക്രൈസ്തവസന്ന്യാസം രൂപമെടുത്തു. വളർന്നു വികസിച്ച് ലോകത്തിന്റെ ഇതര ഭാഗങ്ങളിലേക്കു വ്യാപിച്ചു.

## 1. ആദിമക്രൈസ്തവസമൂഹം

ആദിമക്രൈസ്തവ സമൂഹത്തിന്റെ ആത്മീയതയുടെ നിറവിൽനിന്നും ഉരുവെടുത്തതാണ് ക്രൈസ്തവ സന്ന്യാസം. പ്രാർത്ഥനയുടെ ഒരുമയിൽ ഏകഹൃദയമായി, അപ്പം മുറിക്കലിൽ തീക്ഷ്ണതയോടെ അവർ പങ്കുചേർന്നു. തങ്ങൾക്കു സ്വന്തമായതെല്ലാം മറ്റുള്ളവരുമായി പങ്കുവച്ചു (അപ്പ 2:42-47). ക്രിസ്തുവിന്റെയും അപ്പസ്തോല ന്മാരുടെയും ജീവിതം അവർ മാതൃകയായി പിന്തുടർന്നു. സുവിശേഷാദർശങ്ങളും അപ്പസ്തോല പ്രബോധനങ്ങളും ജീവിതദർശനങ്ങളും മാനദണ്ഡങ്ങളുമായി പരിണമിച്ചു.

## 2. രക്തസാക്ഷിത്വം

ആദിമക്രൈസ്തവസഭയുടെ ആദ്ധ്യാത്മികതയിൽ രക്തസാക്ഷിത്വം ഉന്നത സ്ഥാനം അലങ്കരിക്കുന്നു. ക്രിസ്തുവിനെപ്രതി രക്തം ചിന്തി മരിക്കുകയെന്നത് ക്രിസ്താനുകരണത്തിന്റെ പൂർണ്ണരൂപമായി ആദിമക്രിസ്ത്യാനികൾ വിലമതിച്ചു. രക്തസാക്ഷികളെ

ക്രിസ്തുവിന്റെ ജീവിതത്തിലും സഹനത്തിലും മരണത്തിലും മുഴുവനുമായി പങ്കുചേരുന്നവരായി ദർശിച്ചു. ആദ്യനൂറ്റാണ്ടുകളിൽ മതമർദ്ദനങ്ങളിൽ നിരവധി പേർ രക്തസാക്ഷികളായി മരിച്ചു.

എന്നാൽ മതപീഡനം നെടുനാൾ നീണ്ടുനിന്നില്ല. ഭരണ കർത്താക്കളിൽ ചിലർ ക്രൈസ്തവമതം സ്വീകരിച്ചു. മറ്റു ചിലർ സഭയെ അംഗീകരിച്ചു. സമൂഹത്തിൽ സമാധാനാന്തരീക്ഷം പുലർന്നു. സഭാസമൂഹം സുരക്ഷിതത്വത്തിൽ വളർന്നു. രക്ത സാക്ഷിത്വത്തിനുള്ള സാധ്യത ഇല്ലാതായി. എന്നാൽ സഭയുടെ ആദ്യകാല ചൈതന്യം മങ്ങിക്കൊണ്ടിരുന്നു. ആദ്ധ്യാത്മിക ജീവിതത്തിൽ മാന്ദ്യത അനുഭവമായി.

മതപീഡനകാലത്തുതന്നെ രക്തം ചിന്താതെയുള്ള രക്തസാക്ഷിത്വത്തെ കുറിച്ചുള്ള ദർശനം വളർന്നിരുന്നു. ക്രിസ്തീയപൂർണ്ണത പ്രാപിക്കാനുള്ള മനുഷ്യന്റെ തീവ്രമായ ആഗ്രഹവും യത്നങ്ങളും അതിനനുസരണമായ ജീവിതശൈലിയും രക്തസാക്ഷിത്വത്തിനു തുല്യമായി പരിഗണിക്കപ്പെട്ടു. സുവിശേഷാനുസരണം സ്വന്തം കുരിശ് ചുമന്ന് ഗുരുനാഥനെ പിന്തുടരുന്ന ക്രിസ്ത്യാനി രക്തസാക്ഷി തന്നെയാണ്. സന്ന്യാസത്തെയാണ് രക്തം ചിന്താതെയുള്ള രക്തസാക്ഷിത്വമായി കരുതിവന്നത്.

## 3. പൗരസ്ത്യ സന്ന്യാസം

### 3.1. താപസജീവിതം

ലൗകിക ജീവിതരീതികളിൽ നിന്നകന്ന് ബ്രഹ്മചാരികളായി ജീവിച്ച സ്ത്രീ പുരുഷന്മാർ രണ്ടാം നൂറ്റാണ്ടുമുതലെ സഭാസമൂഹത്തിന്റെ ഭാഗമായിരുന്നു. ഇവർ തങ്ങളുടെ വസ്തുവകകൾ മറ്റുള്ളവരുമായി പങ്കുവച്ചു. സ്വന്തം വീടുകളിൽ താമസിച്ചു. സഭാ പ്രവർത്തനങ്ങളിൽ മുഴുകി. ക്രൈസ്തവ കൂട്ടായ്മകളിലെ അപ്പസ്തോലപ്രവർത്തനങ്ങൾക്കായി ഒരുമിച്ചുകൂടി. പിന്നീട് തങ്ങളുടെ ബ്രഹ്മചര്യ വാഗ്ദാനം സഭാധികാരികളുടെ സമക്ഷം നിർവ്വഹിക്കുന്ന പതിവുണ്ടായി. സമൂഹം ഈ താപസരെ (asetics) രക്തസാക്ഷികളായി കണ്ട് സവിശേഷമായ ആദരവ് പ്രകടിപ്പിച്ചു.

### 3.2. ഈജിപ്ത് സന്ന്യാസത്തിൻെറ ഈറ്റില്ലം

3-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ താപസികർ എണ്ണത്തിൽ വളരെയേറെ വളർന്നു. അവർ സഭയിലെ വലിയൊരു സ്വാധീനശക്തിയായി മാറി. എന്നാൽ അവരിലെ ആദ്യകാല ഉണർവും തീക്ഷ്ണതയും കുറഞ്ഞ്, ആദ്ധ്യാത്മികമാന്ദ്യം കടന്നുകൂടി.

ഈ സാഹചര്യങ്ങളിൽ തീക്ഷ്ണമതികളായ താപസരുടെ ജീവിതത്തിലും ചിന്താഗതികളിലും ഒരു വഴിത്തിരിവുണ്ടായി. മിശിഹാനുകരണം പൂർണ്ണമാകണമെങ്കിൽ തങ്ങളുടെ കുടുംബബന്ധങ്ങളിൽനിന്നും ജീവിതസാഹചര്യങ്ങളിൽനിന്നും പിന്മാറി ജീവിക്കണമെന്ന അവബോധം അവരിൽ ഉണർന്നു. അപ്രകാരമൊരു ജീവിതത്തിന് സുവിശേഷ ചൈതന്യം തങ്ങളെ പ്രേരിപ്പിക്കുന്നതായി അവർ മനസ്സിലാക്കി. അനേകമാളുകൾ മണലാരണ്യങ്ങളിലും വനാന്തരങ്ങളിലും വിജനമായ മറ്റു പ്രദേശങ്ങളിലും ഏകാന്തജീവിതം നയിക്കുവാനാരംഭിച്ചു. അവർ തങ്ങളുടെ ദൈവബന്ധം മരുഭൂമിയിലെ സന്ന്യാസഗുഹകളിൽ കാത്തുസൂക്ഷിച്ചു. ക്രിസ്തീയസന്ന്യാസത്തിൻെറ ആരംഭം ഇവിടെയാണ്.

മരുഭൂമിക്കുള്ള ഗ്രീക്ക് പദം 'ഹെരേമോസ്' (eremos) എന്നാണ്. അങ്ങനെ ആ കാലഘട്ടത്തിലെ സന്ന്യാസ ജീവിതം 'ഹെരേമെറ്റിക്കൽ' (heremetical) ജീവിതമെന്നു വിളിക്കപ്പെട്ടു.

ഇവരിൽ പ്രസിദ്ധനായ ഒരു സന്ന്യാസിയാണ് വി. പൗലോസ്, വി. അന്തോണീസ് എന്നിവർ. വി. ജെറോം രചിച്ച പൗലോസിൻെറ ജീവചരിത്രത്തിൽനിന്നു മനസ്സിലാകുന്നത് ആദ്യമായി വി. പൗലോസ് സന്ന്യാസജീവിതം ആരംഭിച്ചു എന്നാണ്. എന്നാൽ ക്രൈസ്തവസന്ന്യാസത്തിൻെറ ആരംഭകനും നേതാവുമായി പ്രസിദ്ധനായത് ഈജിപ്തിലെ വി. അന്തോണിസാണ് (251-356). "സന്ന്യാസികളുടെ പിതാവ്" "മരുഭൂമിയിലെ നക്ഷത്രം" എന്നെല്ലാം വിശുദ്ധൻ വിശേഷിപ്പിക്കപ്പെടുന്നു.

വി. അന്തോണിസിൻെറ കാലത്തുതന്നെ ഏകാന്തവാസികളായ സന്ന്യാസികൾ ഈജിപ്ത്, സിറിയാ, പലസ്തീനാ എന്നിയിടങ്ങളിലെ

മരുഭൂമികളിലും വിജനപ്രദേശങ്ങളിലും പ്രാർത്ഥനാനിരതരായി ജീവിച്ചിരുന്നു.

മരുഭൂമിയിലും വനാന്തരങ്ങളിലും തപസു ചെയ്ത സന്ന്യാസികളുടെ ജീവിതശൈലിയെ ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമായി ചിലർ വ്യാഖ്യാനിക്കുന്നു. എന്നാൽ യാഥാർത്ഥ്യം ഈ കാഴ്ചപ്പാടിൽനിന്നെല്ലാം അകലെയാണ്. ജീവിതകാലം മുഴുവൻ ഏകാന്തതയിൽ വസിച്ചവർ ലോകവിദ്വേഷികളോ ഉപവി ഇല്ലാത്തവരോ ആയിരുന്നില്ല. അവർ ലോകത്തെ സ്നേഹിച്ചിരുന്നതുകൊണ്ടുതന്നെയാണ് വേദസാക്ഷികളായി ആജീവനാന്തം ജീവിച്ചു ലോകത്തിനു പ്രത്യാശ പകർന്നത്.

തങ്ങളുടെ തപസും പ്രാർത്ഥനയും അന്ധകാര ശക്തികൾക്കെതിരായുള്ള ഫലപ്രദമായ ആയുധങ്ങളാണെന്ന് ഈ താപസന്മാർ അറിഞ്ഞിരുന്നു. ശാരീരികാവശ്യങ്ങളെ ന്യാസം ചെയ്തതിലൂടെ ജഡത്തിന്മേൽ അവർ വിജയം നേടി. പൗരസ്ത്യ ആദ്ധ്യാത്മികത അനുസരിച്ച് ശരീരത്തെ നിഗ്രഹിക്കുകയെന്നത് അതിനെ വിലമതിക്കുകതന്നെയാണ്. ശൂന്യവൽക്കരണത്തിലൂടെയാണ് മഹത്വം കൈവരിക. താപസന്മാർ തങ്ങളുടെ ജീവിതാർപ്പണം വഴി ദൈവമഹത്വത്തിൽ പങ്കുചേർന്നവരാണ്.

ദുർവികാരങ്ങളോടും ദുശ്ചിന്തകളോടും നിരന്തരമായ യുദ്ധം ദൈവൈക്യത്തിന് അനിർവാര്യമാണെന്നു മനസ്സിലാക്കിയ ഈ പിതാക്കന്മാർ അവരുടെ ഏകാന്തതയിലിരുന്നു മനുഷ്യന്റെ വികാരങ്ങളെക്കുറിച്ചും അവയെ നിയന്ത്രിക്കുന്ന മാർഗങ്ങളെക്കുറിച്ചും വിശദമായി പഠിച്ചു. തങ്ങളുടെ ഉള്ളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവർ സ്വന്തം വികാരവിചാരങ്ങളെ വിവേചിച്ചും വ്യവച്ഛേദിച്ചും അറിഞ്ഞു. ആശാപാശങ്ങളെ എപ്രകാരം കൈകാര്യം ചെയ്യണമെന്ന് അഭ്യസിച്ചറിഞ്ഞു. തങ്ങളെക്കുറിച്ചുള്ള ജ്ഞാനം അവരുടെ ആഴത്തിൽ നിറഞ്ഞു. പൂർണ്ണതയിലേക്കുള്ള യാത്രയുടെ ആദ്യത്തേതും അനിർവാര്യവുമായ പടിയാണ് സ്വയം അറിയുകയെന്നത്. അങ്ങനെ മരുഭൂമിവാസം സന്ന്യാസികളെ വിജ്ഞാനികളാക്കി. അവരുടെ വിജ്ഞാനം തേടി ജനം മരുഭൂമിയിലെത്തി. മരുഭൂമിയിലെ താപസന്മാർ ദൈവികമനുഷ്യരാണെന്നും ദൈവാനുഗ്രഹത്തിന്റെ

നീർച്ചാലുകളാണെന്നും ജനം വിശ്വസിച്ചു. അവരുടെ വാസസ്ഥലങ്ങൾ ഏവർക്കും ആശ്വാസം പകരുന്ന തീർത്ഥ കേന്ദ്രങ്ങളായി. ഫലം ചെയ്യാത്ത മരുഭൂമികൾ അങ്ങനെ ഫലം ചൂടി.

സന്ന്യാസത്തിനു മുന്നോടിയായ താപസികരെ പോലെ സ്ത്രീകളുടെതായ താപസികളുടെ കൂട്ടായ്മകൾ നിലവിലിരുന്നു. 'കന്യകകളുടെ സമൂഹം' എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. തിരുസ്സഭയിൽ പുരുഷന്മാരുടെ സന്ന്യാസ സമൂഹങ്ങൾ വളരുന്നതിന് സമാന്തരമായി സന്ന്യാസിനി സമൂഹങ്ങളും രൂപപ്പെട്ടു വളർന്നുവന്നു.

## 3.3. സന്ന്യാസസമൂഹ ജീവിതം

ഏകാന്തവാസികളായ സന്ന്യാസികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരുന്നു. ഒരു ആത്മീയപിതാവിന്റെ ശിഷ്യന്മാർ അദ്ദേഹത്തിനു ചുറ്റും ഒത്തുചേർന്നു ജീവിക്കുന്ന ജീവിതരീതി സാവധാനം സംജാതമായി. അപ്രകാരമുള്ള ആദ്ധ്യാത്മിക പിതാക്കന്മാരിൽ പ്രധാനിയാണ് വി. പക്കോമിയോസ്.

ഏകാന്ത ജീവിതത്തിൽനിന്നും സമൂഹജീവിതിലേക്കുള്ള സന്ന്യാസപ്രസ്ഥാനത്തിന്റെ സ്വാഭാവിക പ്രയാണത്തിന് നേതൃത്വം നൽകിയ വ്യക്തിയാണ് വി. പക്കോമിയോസ് (290–346). അദ്ദേഹം തന്റെ ശിഷ്യരോടൊരുമിച്ച് തബനിധി എന്ന സ്ഥലത്ത് 'കൊയ്നോനിയ' എന്ന പേരിൽ സമൂഹജീവിതം ആരംഭിച്ചു. സമൂഹത്തിനു പൊതുവായ ഒരു നിയമസംഹിത, ഒരു അധികാരിക്കു വിധേയപ്പെട്ടു കൊണ്ടുള്ള ജീവിതം ഇവയെല്ലാം പ്രസ്തുത സമൂഹത്തിന്റെ സവിശേഷതകളായിരുന്നു. നിയമാനുസൃതവും വ്യവസ്ഥാപിതവുമായ സന്ന്യാസസമൂഹം ഇപ്രകാരമാണ് രൂപം കൊണ്ടതെന്നു പറയാം. സമൂഹത്തെ സൂചിപ്പിക്കുന്ന "സെനോബിയം" (cenobium) എന്ന പദത്തിൽ നിന്നാണ് ഇത്തരം സന്ന്യാസത്തിന് സെനോബിറ്റിക് സന്ന്യാസജീവിതമെന്നു പേര് വന്നത്.

4-ാം നൂറ്റാണ്ടിൽ ഈജിപ്തിൽ ഏകാന്തജീവിതക്കാർ, സമൂഹജീവിതം നയിക്കുന്നവർ എന്നീ രണ്ടുതരം സന്ന്യാസ ജീവിതരീതികൾ സമാന്തരമായി വളർന്നുവന്നു.

### 3.4. സന്ന്യാസം സിറിയായിൽ

ഈജിപ്തിൽ സന്ന്യാസം ആരംഭിച്ച അതേ കാലയളവിൽത്തന്നെ സിറിയ, പലസ്തീന, മെസൊപ്പൊട്ടോമിയ, പേർഷ്യ എന്നീ പുരാതന ക്രൈസ്തവകേന്ദ്രങ്ങളിലും സന്ന്യാസജീവിതം ആരംഭിച്ചതായി പറയപ്പെടുന്നു.

വളരെ കഠിനവും ആഴവുമായ താപസജീവിതമാണ് ആദിമ സിറിയൻ ക്രിസ്ത്യാനികൾ നയിച്ചിരുന്നത്. ഒരു പ്രത്യേക പ്രതിജ്ഞയിലൂടെ തങ്ങളെത്തന്നെ താപസജീവിതത്തിനായി സമർപ്പിച്ച് ആജീവനാന്ത ബ്രഹ്മചാരികളായി ഇവർ ജീവിതമർപ്പിച്ചു. ദാരിദ്ര്യം എന്നിവ അവരുടെ ജീവിതശൈലിയുടെ ഭാഗമായിരുന്നു. ഉപവാസം, ജാഗരണം മുതലായ പ്രായശ്ചിത്ത പ്രവൃത്തികൾ അവരുടെ താപസജീവിത മുഖമുദ്രകളായി തിളങ്ങി. "ഉടമ്പടിയുടെ മക്കൾ" (sons and daughters of the convenant, *Benat Qeiama*) എന്നവർ അറിയപ്പെട്ടു.

ആദിമ സിറിയായിൽ സന്ന്യാസം ഏകാന്തജീവിതരീതിയിൽ ആരംഭിച്ച് സമൂഹജീവിതശൈലിയായി വളർന്നു. 4-ാം നൂറ്റാണ്ടിൻെറ അവസാനഘട്ടത്തോടെ സമൂഹജീവിതം അതിൻെറ പൂർണ്ണരൂപത്തിൽ വികാസം പ്രാപിച്ചു. സമൂഹജീവിതത്തിൽതന്നെ ഏകാന്ത ജീവിതത്തിൻെറ പല സവിശേഷതകളും അവർ നിലനിറുത്താൻ പരിശ്രമിച്ചു. ഈപ്ജിപ്തിൽ നിന്ന് വ്യത്യസ്തമായി സിറിയായിൽ സന്ന്യാസം വളരെയധികം വൈവിധ്യങ്ങളോടെയാണ് മുന്നേറിയത്. ഒരു സ്ഥാപകനും ഒരു നിയമസംഹിതയും എന്നതുപോലെയുള്ള ഐക്യരൂപ്യം ഇവിടെയില്ല. ഓരോ സമൂഹത്തിനും തനതായ നിയമസംഹിതകളും വ്യതിരിക്തമായ ആദ്ധ്യാത്മിക പാരമ്പര്യങ്ങളുമാണ് സിറിയയിലുള്ളത്.

കാലത്തിൻെറ പോക്കിൽ സിറിയായിലെ സന്ന്യാസികൾ അജപാലന പ്രവർത്തനങ്ങളിൽ വ്യാപൃതരായി. അവരിൽനിന്ന്

വൈദികരും മെത്രാന്മാരും ഉണ്ടായി. അവർ ആത്മീയശക്തി നിറഞ്ഞവരായിരുന്നു. അത്ഭുതസിദ്ധികൾ ഉള്ളവരായിരുന്നു. അവരുടെ സാമീപ്യവും പ്രവർത്തനങ്ങളും ജനത്തെ അത്മീയമായി പ്രബുദ്ധരാക്കി. ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾക്കായി ജനം അവരെ തേടിവന്നു. സന്ന്യാസികളുടെ കുടിലുകളും ഭവനങ്ങളും തീർത്ഥകേന്ദ്രങ്ങളായി.

സിറിയായിലെ സമർപ്പിതർ സഭയുടെ പ്രേഷിത പ്രവർത്തനരംഗങ്ങളിലേക്കും കടന്നുചെന്നു. അവരുടെ പ്രവർത്തനങ്ങൾ മൂലം അക്രൈസ്തവനാടുകൾ ക്രിസ്തീയ കേന്ദ്രങ്ങളായി.

ബൗദ്ധികരംഗത്ത് സിറിയൻ സന്ന്യാസികളുടെ സംഭാവനകൾ ഈടുറ്റതാണ്. ആദ്ധ്യാത്മികഗ്രന്ഥങ്ങൾ വിരചിച്ചും അവ പകർത്തി പ്രതികൾ വർധിപ്പിച്ചും അവർ ആശ്രമഗ്രന്ഥാലയങ്ങളെ സമ്പന്നമാക്കി. അപ്രകാരമുള്ള ഗ്രന്ഥശേഖരങ്ങൾ പൊതുജനത്തിന്റെ ഉപയോഗത്തിനായി തുറന്നുകൊടുത്തു. കുട്ടികൾക്കു വിദ്യാഭ്യാസം നല്കാനുള്ള സൗകര്യങ്ങളും സന്ന്യാസഭവനങ്ങളിൽ ഒരുക്കിയിരുന്നു.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും സിറിയായിലെ സന്ന്യാസികൾ നിരതമായിരുന്നു. ദരിദ്രരോടും അശരണരോടും അംഗവിഹീനരോടും അവർ അനുകമ്പ കാണിച്ചു. രോഗികളെ സന്ദർശിക്കുകയും പരിചരിക്കുകയും ചെയ്യുക, ജയിൽ സന്ദർശനം നടത്തുക, അടിമകളെ പണം നല്കി സ്വതന്ത്രരാക്കുക തുടങ്ങി പലവിധ ഉപവി പ്രവർത്തികളിൽ അവർ വ്യാപൃതരായി. അനീതിക്കെതിരായി ശബ്ദമുയർത്തി. പീഡിതർക്കു വേണ്ടി അടരാടി. അവർ "കരുണയുള്ളവർ" (The Merciful) എന്നറിയപ്പെട്ടു.

സിറിയായിലെ സന്ന്യാസികളെ സംബന്ധിച്ചിടത്തോളം പ്രവർത്തനങ്ങൾ തങ്ങളുടെ ആത്മീയശക്തിയുടെ കവിഞ്ഞൊഴുകലായിരുന്നു. തപസ്, പ്രാർത്ഥന, സന്ന്യാസാനുഷ്ഠാനങ്ങൾ എന്നിവയിലൂടെ സ്വന്തമാക്കിയ ദൈവികചൈതന്യത്തിന്റെ സമ്പന്നതയെ പ്രവർത്തനങ്ങളിലൂടെ ദൈവജനത്തിന് അവർ പങ്കുവച്ചു. പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും സമഞ്ജസമായ

സമന്വയം സിറിയൻ സന്ന്യാസികൾ തങ്ങളുടെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കി.

### 3.5. സന്ന്യാസം ഏഷ്യാമൈനറിൽ

യവനസംസ്കാരത്തിന്റെ പാശ്ചാത്തലത്തിലും സ്വാധീനത്തിലുമാണ് ഏഷ്യമൈനറിൽ സന്ന്യാസം വളർന്നുവന്നത്. വി. ബസേലിയോസാണ് (329–379) ഇവിടെയും സമീപപ്രദേശങ്ങളിലും സന്ന്യാസം പ്രചരിപ്പിച്ചത്. അദ്ദേഹം സന്ന്യാസത്തെ കൂടുതൽ സംഘടിതമാക്കി. കാലത്തിനും ദേശത്തിനും ജനങ്ങൾക്കും അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു.

വി. ബസേലിയോസ് ഏകാന്തജീവിതത്തിന്റെയും സമൂഹജീവിതത്തിന്റെയും ന്യൂനതകളെ പരിഹരിച്ച് അതിന്റെ ശ്രേഷ്ഠമായ വശങ്ങൾ ഒത്തുചേർത്ത് സമൂഹജീവിതം പുനഃസംഘടിപ്പിച്ചു. ആയിരങ്ങൾ ഒന്നിച്ചു താമസിച്ചിരുന്ന സന്ന്യാസ സമൂഹങ്ങളെ വിശുദ്ധൻ ചെറിയ സമൂഹങ്ങളായി തിരിച്ചു.

വി. ബസേലിയൂസ് സമൂഹ സന്ന്യാസജീവിതത്തിന് ഊന്നൽ നല്കി. കാരണം ഉപവിയുടെ പ്രമാണങ്ങൾ നിറവേറ്റുവാനും എളിമ, ക്ഷമ എന്നീ പുണ്യങ്ങൾ അഭ്യസിക്കാനുമുള്ള അവസരങ്ങൾ സമൂഹജീവിതത്തിലാണ് ലഭ്യമാകുക. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വ്യക്തികൾക്കു വ്യത്യസ്തമായ വിധത്തിലാണ് നല്കപ്പെടുന്നത്. ഒരുവനിൽ ചൊരിയപ്പെടുന്ന ദാനവരങ്ങളിൽ സമൂഹത്തിലെ മറ്റെല്ലാവർക്കും പങ്കുചേരുവാൻ സാധിക്കും. സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമായിട്ടാണ് ബസേലിയോസ് സന്ന്യാസസമൂഹ ജീവിതത്തെ വീക്ഷിച്ചിരുന്നത്.

സന്ന്യാസ പ്രസ്ഥാനത്തിനു വി. ബസേലിയോസ് നല്കിയ ഏറ്റവും വലിയ സംഭാവന അദ്ദേഹം തന്നെ എഴുതിയുണ്ടാക്കിയ നിയമസംഹിതയാണ്. സന്ന്യാസത്തിന്റെ പിന്നീടുള്ള വളർച്ചയിൽ ഈ നിയമങ്ങൾ സ്വാധീന ശക്തിയായി. ഈ പശ്ചാത്തലത്തിൽ വി. ബസേലിയോസ് പൗരസ്ത്യസന്ന്യാസത്തിന്റെ നിയമനിർമ്മാതാവ് എന്നറിയപ്പെടുന്നു. പൗരസ്ത്യസന്ന്യാസത്തിന് വി. ബസേലിയോസ് നല്കിയ മഹത്തായ സംഭാവനകൾ കണക്കി

ലെടുത്ത് അദ്ദേഹത്തെ "പൗരസ്ത്യസന്ന്യാസത്തിൻെറ പിതാവ്" എന്നു വിളിക്കുന്നു. ഇന്നും കിഴക്കൻ സഭകളിലെ സന്ന്യാസികൾ പിന്തുടരുന്നത് വി. ബസേലിയൂസിൻെറ നിയമാലിയാണ്.

ഏഷ്യാമൈനറിലെ സന്ന്യാസപ്രസ്ഥാനം അവിടത്തെ മറ്റു നാടുകളിലും അർമേനിയായിലും ഗ്രീസിലും പ്രചരിച്ചു. 5-ാം നൂറ്റാണ്ടിൽ പലസ്തീനായിൽ സന്ന്യാസപ്രസ്ഥാനം വ്യാപിച്ചു ശക്തിപ്പെട്ടു. അറബികളുടെ ആക്രമണത്തോടു കൂടി പലസ്തീനായിലെ സന്ന്യാസപ്രസ്ഥാനം ക്ഷയോന്മുഖമായി. 7-ാം നൂറ്റാണ്ടിൽ കോൺസ്റ്റാൻറിനോപ്പിളും 11-12 നൂറ്റാണ്ടുകളിൽ മൗണ്ട് ആതോസും സന്ന്യാസത്തിൻെറ പ്രധാന കേന്ദ്രമായി മാറി. പിന്നീട് കീവ്, റഷ്യ തുടങ്ങിയ സ്ഥലങ്ങളിലേക്കും സന്ന്യാസപ്രസ്ഥാനം പ്രചരിക്കയുണ്ടായി.

### 4. സന്ന്യാസം പാശ്ചാത്യനാടുകളിൽ

ഈജിപ്തിൽ പൊട്ടിമുളച്ച് പൗരസ്ത്യദേശം മുഴുവൻ പടർന്നുവളർന്ന ക്രിസ്തീയസന്ന്യാസം പാശ്ചാത്യ ദേശത്ത് തഴച്ചുവളർന്നതായി ചരിത്രം സാക്ഷിക്കുന്നു.

വി. അന്തോണീസിൻെറ വിശ്വസ്ത ശിഷ്യനായ അലക്സാന്ധ്രിയായിലെ വി. അത്തനാസിയൂസ് തൻെറ ഗുരുവിൻെറ ജീവചരിത്രം എഴുതിയിട്ടുണ്ട്. വിശുദ്ധൻെറ ജീവിതത്തെയും സന്ന്യാസജീവിതത്തെ പൊതുവിലും ചിത്രീകരിക്കുന്ന ഈ ഗ്രന്ഥം സന്ന്യാസജീവിത സംബന്ധമായ ഗ്രന്ഥങ്ങളിൽ പ്രമുഖസ്ഥാനമർഹിക്കുന്നു. പ്രസ്തുത ജീവചരിത്രം 370-ൽ ലത്തീൻഭാഷയിലേക്കു ഗ്രന്ഥകർത്താവുതന്നെ വിവർത്തനം ചെയ്തു. വി. അത്തനാസിയൂസ് എഴുതിയ ആദ്യ സന്ന്യാസിയായ വി. അന്തോണീസിൻെറ ചരിത്രം പാശ്ചാത്യ സന്ന്യാസപ്രസ്ഥാനത്തിൻെറ ആരംഭത്തിനും വളർച്ചയ്ക്കും ശക്തമായ സ്വാധീനം ചെലുത്തി.

പൗരസ്ത്യ സന്ന്യാസചരിത്രത്തിനു വ്യത്യസ്തമായി സമൂഹമുന്നേറ്റമായിട്ടാണ് പാശ്ചാത്യസന്ന്യാസം ആരംഭിക്കുന്നത്. ലോകത്തിൽനിന്ന് അകന്ന് ഏകാന്തതയിൽ കഴിയുന്നതിനു പകരം സമൂഹജീവിതം അവർ തിരഞ്ഞെടുത്തു. സംഘാതമായ

ആശ്രമജീവിതം ആരംഭിക്കുന്നതിനുമുൻപുതന്നെ താപസജീവിത ശൈലി പിൻതുടർന്നിരുന്നവർ പാശ്ചാത്യദേശത്തും ഉണ്ടായിരുന്നതായി ചരിത്രത്തിൽ കാണുന്നു.

ജോൺ കസിയാൻ പൗരസ്ത്യദേശത്തെ നിരവധിയായ ആശ്രമങ്ങൾ സന്ദർശിച്ച് സന്ന്യാസജീവിതത്തെക്കുറിച്ച് പഠിക്കുകയും അവിടെ നിലവിലിരുന്ന സന്യാസത്തിൻെറ സംഘാതരൂപങ്ങളെ പാശ്ചാത്യദേശത്തിനു പരിചയപ്പെടുത്തുകയും ചെയ്തു. അങ്ങനെ കസിയാൻ പൗരസ്ത്യ പാശ്ചാത്യ സന്യാസപ്രസ്ഥാനങ്ങളെ കൂട്ടിയിണക്കുന്ന കണ്ണിയായി.

പൗരസ്ത്യദേശത്തെ ആശ്രമശൈലി പാശ്ചാത്യനാട്ടിൽ പ്രചരിപ്പിച്ച കസിയാൻെറ രീതികൾക്കു വ്യത്യസ്തമായി വി. അഗസ്റ്റിൻ (400) ആശ്രമപ്രസ്ഥാനത്തിനു ഒരു പുതിയ രൂപം നൽകി. വൈദികരുടെ സന്യാസസമൂഹത്തിന് (clerical monasticism or cenobitic life) അദ്ദേഹം രൂപം നൽകി. സന്യാസികൾക്കായി നിയമങ്ങൾ എഴുതിയുണ്ടാക്കുകയും ആശ്രമങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഹിപ്പോയിലെ ബിഷപ്പെന്ന നിലയിൽ തൻെറ കീഴിലുള്ള വൈദികർക്ക് സഹോദര്യം, പൊതുജീവിതം, വ്യക്തിപരമായ ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവ പ്രോത്സാഹിപ്പിച്ചു.

പാശ്ചാത്യ സന്യാസപ്രസ്ഥാനത്തിന് നൂതനമായ രൂപഭാവങ്ങളോടെ തനതായ വ്യക്തിത്വം നൽകി ഉറപ്പേറിയ അടിസ്ഥാനമിട്ടത് വി. ബെനഡിക്റ്റാണ് (450-543). ഇറ്റലിയിലെ സുബിയാക്കോയിൽ മൊന്തേ കസിനോയിൽ പ്രണിധാനത്തിലും ജോലിയിലും കേന്ദ്രീകൃതമായ ആശ്രമസമൂഹത്തിന് അദ്ദേഹം രൂപം നൽകി. ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങളും പ്രാർത്ഥന, ധ്യാനം, ജോലി എന്നീ മൂല്യങ്ങളും ഉൾക്കൊള്ളുന്ന സമൂഹജീവിതമാണ് ഈ കാലഘട്ടത്തിൻെറ പ്രത്യേകത. ആശ്രമത്തെ ദിവ്യശുശ്രൂഷയുടെ വിദ്യാലയമെന്ന് വിശുദ്ധൻ നിർവചിക്കുന്നു. ആശ്രമശ്രേഷ്ഠനെ ആത്മീയപിതാവായി വിഭാവന ചെയ്യുന്നു. ആശ്രമജീവിതത്തിനായി പുതിയൊരു നിയമസംഹിത വിശുദ്ധൻ എഴുതിയുണ്ടാക്കി. വി. ബെയ്സിലിൻെറ നിയമങ്ങളും കസിയാൻെറ

പഠനങ്ങളും പ്രസ്തുത നിയമങ്ങളുടെ രൂപീകരണത്തിൽ ആഴമായ സ്വാധീനം ചെലുത്തി. ആശ്രമആദ്ധ്യാത്മികതയ്ക്ക് ബെനഡിക്റ്റിൻെറ നിയമങ്ങൾ അടിസ്ഥാനമായിത്തീർന്നു. 'പാശ്ചാത്യ സന്ന്യാസികളുടെ പാത്രിയാർക്കീസ്' എന്ന പേരിൽ വി. ബെനഡിക്റ്റ് ബഹുമാനിക്കപ്പെടുന്നു.

5-6 നൂറ്റാണ്ടുകളിൽ ഫ്രാൻസ്, ജെർമനി, ഇറ്റലി എന്നിയിടങ്ങളിൽ ബെനഡിക്റ്റൈൻെറ സന്ന്യാസ ചൈതന്യം തഴച്ചുവളർന്നു. തുടർന്നുള്ള നാലു നൂറ്റാണ്ടുകളിൽ സന്ന്യാസം യൂറോപ്പിലെ സമൂഹത്തെ സാംസ്കാരികം, വിദ്യാഭ്യാസം, സാമ്പത്തികം, ചികിത്സ, കൃഷി തുടങ്ങിയ മേഖലകളിൽ സമ്പന്നമാക്കിയ ചരിത്രമാണ് കാണുന്നത്.

പിന്നീട് നിരവധിയായ ആശ്രമസമൂഹങ്ങൾ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുകയും സന്ന്യാസപ്രസ്ഥാനത്തെ നവീകരിച്ചു കൊണ്ടിരിക്കുകയും ചെയ്തു. ക്ലൂണിയിലെ ബെനഡിക്റ്റൻ സന്യാസികൾ (910), കർത്തൂസിയൻ സഭ (1084), സിസ്റ്റേഴ്സിയൻ സഭ (1098), എന്നിവ ഇവയിൽ പ്രധാനപ്പെട്ടയാണ്. ഈ സഭകളെല്ലാം ബെൻഡിക്റ്റിൻെറ നിയമങ്ങളാണ് പിന്തുടരുന്നത്. ആശ്രമജീവിതവും ഇടവകജോലിയും ഒന്നിപ്പിച്ചുകൊണ്ടുള്ള ജീവിതശൈലി അവലംബിക്കുന്ന നോർബർട്ടൈൻ സഭ നിലവിൽ വന്നത് 1121-ലാണ്.

## 4.1. തിരുസഭയുടെ ഇടപെടൽ

സന്ന്യാസജീവിതം തിരുസഭയിൽ ഉടലെടുത്ത സവിശേഷ പ്രതിഭാസമാണ്. അതിൻെറ രൂപീകരണത്തിലോ വളർച്ചയിലോ തിരുസ്സഭ ഇടപെട്ടിരുന്നില്ല. എന്നാൽ ആറാം നൂറ്റാണ്ടായതോടെ പരിശുദ്ധാത്മാവിനാൽ പ്രേരിതരായി സുവിശേഷാനുസരണം ക്രിസ്തുവിനെ അനുകരിക്കുവാൻ ഇറങ്ങിത്തിരിച്ച തൻെറ മക്കളെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ വഴിതെറ്റാതെ മുന്നേറുന്നതിനു സഹായിക്കാൻ സഭാമാതാവു മുന്നോട്ടുവന്നു. തൻെറ പരമാധികാരമുപയോഗിച്ച് ഈ ജീവിതത്തിൽ ചില നിബന്ധനകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി. പുതിയ സന്ന്യാസസഭകൾ രൂപം

കൊള്ളുന്നതിനു തിരുസഭയുടെ ഔദ്യോഗികമായ അംഗീകാരം ആവശ്യമായി വന്നു.

### 4.2 ഭിക്ഷാംദേഹികളുടെ സമൂഹങ്ങൾ

സന്ന്യാസ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉടലെടുക്കുന്നത് 13-ാം നൂറ്റാണ്ടിലാണ്. മുൻനൂറ്റാണ്ടിലെ സന്ന്യാസികളിൽ സിംഹഭാഗവും സ്വന്ത ആത്മവിശുദ്ധീകരണം മാത്രം ലക്ഷ്യമാക്കി ലോകത്തിൽ നിന്നകന്ന് ഏകാന്ത ജീവിതമോ ആശ്രമജീവിതമോ നയിച്ചുവന്നു. ഈ ചിന്തയിൽ നിന്നു വ്യത്യസ്തമായി വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗം സഹജീവികൾക്കു ചെയ്യുന്ന സേവനമാണെന്ന പുതിയ ചിന്ത ഉടലെടുത്തു.

മുൻകാലത്തെ ആശ്രമപ്രസ്ഥാനങ്ങൾ ഗ്രാമീണ പശ്ചാലത്തിലാണ് വളർന്നു വികസിച്ചത്. നഗരജീവിതത്തിൻെറയും വികസനത്തിൻെറയും ഭൗതികസമ്പന്നതകളാണ് ഭിക്ഷാംദേഹികളുടെ സന്ന്യാസസമൂഹങ്ങൾക്ക് പാശ്ചാത്തലമൊരുക്കിയത്. നഗരത്തിൻെറ സമ്പൽസമൃതിക്കു നടുവിൽ പരിപൂർണ്ണ ദാരിദ്ര്യത്തിൻെറ വിരക്തിയാണ് ഈ സമൂഹങ്ങൾ ലക്ഷ്യമാക്കിയത്. കർമ്മലീത്താ (1150), ഫ്രാൻസിസ്കൻ (1214), ഡൊമിനിക്കൻ (1214), അഗസ്റ്റീനിയൻ (1256) എന്നിവയാണ് ഭിക്ഷാടകസഭകൾ.

### 4.3. മിഷനറി സന്ന്യാസസഭകളും (Orders) മിഷനറി സമൂഹങ്ങളും (Congregations)

16-ാം നൂറ്റാണ്ടുവരെ സന്ന്യാസസഭകളിൽ അനുഷ്ഠിച്ചിരുന്നത് ആഘോഷവ്രതങ്ങൾ (solemn vows) ആയിരുന്നു. ആഘോഷവ്രതങ്ങൾ അനുഷ്ഠിച്ചു ജീവിക്കുന്ന സന്ന്യാസസഭയെ ഓർഡേഴ്സ് എന്നാണ് പറയുന്നത്. സന്ന്യാസജീവിതത്തിൻെറ ഉയർന്ന പദവിയുള്ളവരാണിവർ. കൂടുതൽ ഏകാന്തതയിലും ധ്യാനാത്മകതയിലും പരിത്യാഗത്തിലും ഇവർ ജീവിക്കുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിൽ 10-ാം ലെയോ മാർപാപ്പാ സാമാന്യ വ്രതങ്ങൾ (simple vows) അനുഷ്ഠിക്കുന്ന സന്ന്യാസ സമൂഹങ്ങൾക്ക്

അനുമതി നൽകി. സാമാന്യ വ്രതങ്ങൾ എടുക്കുന്ന സന്ന്യാസ സമൂഹങ്ങൾ കോൺഗ്രിഗേഷൻസ് എന്ന പേരിലറിയപ്പെടുന്നു.

16-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന പ്രത്യേക സാഹചര്യങ്ങൾ സന്ന്യാസജീവിതത്തിന് ഒരു പുതിയ രൂപം പ്രദാനം ചെയ്തു. പ്രൊട്ടസ്റ്റൻറ് വിപ്ലവവും പുതിയ ഭൂഖണ്ഡങ്ങളുടെ കണ്ടുപിടിത്തവും സന്ന്യാസികൾക്കു ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കേണ്ട സാഹചര്യം സൃഷ്ടിച്ചു. ആഘോഷവ്രതങ്ങൾ അനുഷ്ഠിക്കുന്ന സന്ന്യാസികൾ ആവൃതിനിയമം പാലിക്കേണ്ടിയിരുന്നതുകൊണ്ട് ഇത് നിയമവിരുദ്ധമായി കരുതിയിരുന്നു. ഇപ്രകാരമുള്ള സാഹചര്യങ്ങൾ ഉയർത്തിയ വെല്ലുവിളികളാണ് മിഷനറി സന്ന്യാസസഭകൾക്കു രൂപം കൊള്ളാനുള്ള പശ്ചാത്തലമായി മാറിയത്. ഇതിൽ സുപ്രധാനമായത് വി. ഇഗ്നേഷ്യസ് സ്ഥാപിച്ച ഈശോസഭയായിരുന്നു. 1540-ൽ സ്ഥാപിതമായ ഈശോസഭ വിദ്യഭ്യാസരംഗത്തും മിഷനറി വേലയിലും നൽകിയ സംഭാവനകൾ തിരുസഭയെയും ലോകത്തെത്തന്നെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

ഫ്രഞ്ച് വിപ്ലവമാണ് സന്ന്യാസസമൂഹങ്ങളുടെ അടുത്ത വികസനത്തിനു വഴിയൊരുക്കിയത്. ഫ്രഞ്ചു വിപ്ലവത്തോടെ മതജീവിതം ഫ്രാൻസിൽ ദുർബ്ബലമായി. ജനങ്ങൾക്കു കൂടുതൽ സംലഭ്യവും അഭിഗാമ്യവുമായിത്തീരുന്ന, സന്ന്യാസ ആവൃതികൾ ഇല്ലാത്ത സമൂഹങ്ങൾ രൂപംകൊണ്ടു. അവയിൽ അധികവും ഫ്രാൻസിലും ബൽജിയത്തിലുമാണ് രൂപം കൊണ്ടത്.

17-18 നൂറ്റാണ്ടുകളിൽ സാമാന്യവ്രതങ്ങളോടുകൂടിയ സ്ത്രീകളുടേതും പുരുഷന്മാരുടേതുമായ നിരവധി സന്ന്യാസസഭകൾ രൂപം കൊണ്ടു. ഓരോ സഭകളും തിരുസഭയുടെയും സമൂഹത്തിൻെറയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്ഥാപിതമായത്. ഉർസുലൈൻ (1535), ഒറേറ്ററി ഓഫ് ഫിലിപ്പ് നേരി (1612), പാഷനിസ്റ്റ്, വിൻസെൻഷ്യൻ, റിഡെംപ്റ്ററിസ്റ്റ് സഭ തുടങ്ങി നിരവധി സഭകളിലൂടെ തീക്ഷ്ണത നിറഞ്ഞ സന്ന്യാസിനീസന്ന്യാസികൾ തിരുസ്സഭയുടെ നവീകരണത്തിനും ജനതകളുടെ ഉന്നമനത്തിനുമായി വിവിധങ്ങളായ അപ്പസ്തോലിക പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്നു.

## 5. സന്ന്യാസപാരമ്പര്യം ഭാരതത്തിൽ

ഭാരതത്തിന് മഹത്തായ ഒരു സന്ന്യാസപാരമ്പര്യമുണ്ട്. ഋഷികളുടെയും യോഗീശ്വരന്മാരുടെയും നാടാണ് ഭാരതം. സർവസംഗപരിത്യാഗികളായി ഈശ്വരാന്വേഷണത്തിനും സാക്ഷാത്കാരത്തിനുമായി ജീവിതം സമർപ്പിച്ച ഋഷിവര്യന്മാരുടെ താപസജീവിതത്തിൻെറയും തത്ത്വചിന്തകളുടെയും ഊഷ്മളതയിൽ വാർത്തെടുത്ത സംസ്കാരമാണിവിടെയുള്ളത്. "ആർഷഭാരത സംസ്കാരം" എന്നാണ് ഭാരതസംസ്കാരം അറിയപ്പെടുന്നതുതന്നെ.

സുദീർഘവും സമ്പന്നവുമായ സന്ന്യാസജീവിത പാരമ്പര്യമുള്ള പേർഷ്യൻ സഭയുമായി നാല്, അഞ്ച് നൂറ്റാണ്ടു മുതലാണ് ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ബന്ധം ആരംഭിക്കുന്നത്. 16-ാം നൂറ്റാണ്ടുമുതൽ പോർച്ചുഗീസുകാരായ ഈശോസഭ മിഷനറിമാർ ഇന്ത്യയിൽ പ്രവർത്തനനിരതരായിരുന്നു.

1291 മുതൽ പല കാലങ്ങളിലായി ഡൊമിനിക്കൻ സന്യാസികളും 1500-ൽ ഫ്രാൻസിസ്കൻ മിഷനറിമാരും 1597 മുതൽ 1602 വരെയുള്ള കൊല്ലങ്ങളിൽ അഗസ്റ്റീനിയൻ സഭാംഗങ്ങളും 1619-ൽ കാർമ്മലീത്തരും ഭാരതത്തിൽ മിഷൻ പ്രവർത്തനത്തിനായി കടന്നുവന്നു. മതം, സാംസ്ക്കാരികം, വിദ്യാഭ്യാസം തുടങ്ങി ഭാരതീയരുടെ ജീവിതത്തിൻെറ വിവിധങ്ങളായ രംഗങ്ങളെ അവർ സമ്പന്നമാക്കി. എന്നാൽ തങ്ങളുടെ സന്ന്യാസസഭയുടെ ഒരു ശാഖ ഭാരതത്തിൽ സ്ഥാപിക്കപ്പെടണമെന്ന് അവർ ആഗ്രഹിച്ചില്ല. ഭാരതീയർ സന്ന്യാസത്തിനു യോഗ്യരാണെന്ന് അവർ കരുതിയതുമില്ല. എന്നാൽ സന്ന്യാസം വരിക്കാനുള്ള ദാഹം ഭാരത ക്രൈസ്തവരിൽ രൂഢമൂലമായിരുന്നു.

മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിനു സമീപം ഒരു സന്ന്യാസാശ്രമം നിലവിലിരുന്നു എന്നതിന് ആറാം നൂറ്റാണ്ടിലും തുടർന്നുമുള്ള ചരിത്രരേഖകൾ സാക്ഷിയാണ്. 16-ാം നൂറ്റാണ്ടിനു മുൻപ് സന്ന്യാസികളും സന്ന്യാസിനികളും സമൂഹമായി ആശ്രമജീവിതം നയിച്ചിരുന്നതായി തെളിവുകളുണ്ട്. അങ്കമാലി, ഇടപ്പള്ളി, മൈലക്കൊമ്പ് എന്നിയിടങ്ങളിൽ സന്ന്യാസാശ്രമങ്ങളുടെ

അവശിഷ്ടങ്ങൾ കണ്ടതായി പൗളിനോസ് എന്ന മിഷനറി വൈദികൻ രേഖപ്പെടുത്തിയിട്ടുണ്ട്. 1623-ൽ മാർ ഗീവർഗീസ് ആർക്കദിയാക്കോൻ ഒരു സന്ന്യാസസഭ ആരംഭിച്ചതായി ചരിത്രം പറയുന്നു. ഈ സന്ന്യാസസമൂഹം കൂനൻ കുരിശ് സത്യത്തെ പിന്താങ്ങി എന്ന കാരണത്താൽ 1653-ൽ നിർത്തലാക്കി.

അതിനുശേഷം സന്ന്യാസ സമൂഹങ്ങളൊന്നും ഇന്ത്യയിൽ നിലവിലിരുന്നതായി രേഖയില്ല. ഈ മഹാ ശൂന്യതയിലേക്കാണ് സി.എം.ഐ. സഭ പിറന്നുവീണത്. ഒരു സന്ന്യാസസഭ സ്ഥാപിതമാകണമെന്നും സന്ന്യാസം ജീവിക്കണമെന്നുമുള്ള ഭാരതക്രിസ്ത്യാനികളുടെ നൂറ്റാണ്ടുകൾ നീണ്ട സ്വപ്നമാണ് 1831-ൽ മാന്നാനം കുന്നിൽ നിറവേറിയത്. ബ. തോമസ് പാലയ്ക്കൽ മല്പ്പാൻ, ബ. തോമസ് പോരുക്കര മല്പ്പാൻ, വി. ചാവറ കുരിയാക്കോസ് ഏലിയാസ് എന്നിവരിലൂടെ ആ മഹത്തായ കൃത്യം നിറവേറി.

പൗരസ്ത്യദേശത്ത് ഉത്ഭവിച്ച സന്ന്യാസത്തിന്റെ ആദിമരൂപമായ വനവാസം തന്നെയാണ് അവർ തങ്ങളുടെ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താൻ ആഗ്രഹിച്ചത്. സന്ന്യാസത്തെ സംബന്ധിച്ച ഭാരതീയമായ ധാരണകളും ഈ സന്ന്യാസികളുടെ ജീവിതശൈലിയിൽനിന്നു വ്യത്യസ്തമല്ല. എന്നാൽ തുടർച്ചയായ പരിചിന്തനവും പ്രാർത്ഥനയും അവരെ സഭാസ്ഥാപനത്തിലേക്കു നയിക്കുന്നു. കേരള സുറിയാനിസഭയിലെ പ്രഗല്ഭരായ വൈദികരായിരുന്നു ഈ സഭയുടെ സ്ഥാപകരും ആദ്യപിതാക്കളും. ഇവർ മാതൃകാപരവും പ്രശംസനീയവുമായ രീതിയിൽ അജപാലനശുശ്രൂഷയിൽ മുഴുകിയവരാണ്. തങ്ങളുടെ പൗരോഹിത്യ ശുശ്രൂഷക്കൊപ്പം കൂടുതൽ ആത്മീയമായി വളരണമെന്നും സവിശേഷതരമായ ശുശ്രൂഷകൾ ചെയ്യണമെന്നുമുള്ള ആത്മീയവാഞ്ചയിൽനിന്നാണ് സന്ന്യാസസഭ എന്ന പ്രസ്ഥാനം ഭാരതത്തിൽ പിറവിയെടുക്കുന്നത്.

# 2

# സി.എം.ഐ. സഭാസ്ഥാപനത്തിൻെറ സാമൂഹ്യപശ്ചാത്തലം

സി.എം.ഐ. സഭാസ്ഥാപകർ ജനിച്ചു വളർന്ന കാലം മനുഷ്യർ തമ്മിലുള്ള അകലങ്ങളുടെ കാലമായിരുന്നു. കത്തോലിക്കരിൽ പോലും നിലനിന്നിരുന്ന ജാതിമതഭേദങ്ങളായിരുന്നു ഈ അകൽച്ചയുടെ അടിസ്ഥാനം. ഓരോ ജാതിക്കും ഉപജാതികളുണ്ടായിരുന്നു ജാതിമഹിമയിൽ ഓരോ ജാതിയും ഉപജാതിയും അഹങ്കരിക്കുകയും ജാതികളിൽനിന്നു നിശ്ചിതമായ അകലം പാലിക്കുകയും ചെയ്തുവന്നു. ഈ അകലം ലംഘിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. അയിത്തം സ്വാഭാവികമായും അന്നത്തെ ആചാരമായിത്തീർന്നു. വിദ്യ അഭ്യസിക്കുന്നതിനും തൊഴിൽ നിർണ്ണയിക്കുന്നതിനും ജാതിഭേദങ്ങളെ ആധാരമാക്കിയുള്ള ഉച്ചനീചത്വങ്ങളെ അടിസ്ഥാനമായി കരുതി. കീഴ്ജാതികളായി കരുതപ്പെടുന്നവർക്ക് വിദ്യ അഭ്യസിക്കുന്നതിന് അനുമതി ഇല്ലായിരുന്നു. പൊതുവഴികൾ കുറവായിരുന്നു. മേൽജാതിക്കാരായ ന്യൂനപക്ഷം ഭൂരിപക്ഷം വരുന്ന കീഴ്ജാതിക്കാരെ നിരന്തര ചൂഷണത്തിനു വിധേയരാക്കി.

ഐക്യവും തൽഫലമായ പുരോഗതിയും അസാധ്യമാക്കുന്ന അവസ്ഥ. മുന്നേറ്റത്തിനുള്ള ആന്തരികശക്തി കേരളസമൂഹത്തിന് തീർത്തും അന്യമായിരുന്നു. അതിനെ ഉണർവ്വുള്ളതാക്കാൻ ആന്തരികമായ നവോത്ഥാനം ആവശ്യമാണെന്നു സി.എം.ഐ. സഭാസ്ഥാപകർക്കു തികഞ്ഞ ബോദ്ധ്യമുണ്ടായിരുന്നു.

സഭാസ്ഥാപകർ ജനിച്ചു വളർന്നത് 18–ാം നൂറ്റാണ്ടിൻെറ അന്ത്യപാദത്തിലും 19–ാം നൂറ്റാണ്ടിൻെറ ആരംഭത്തിലുമാണ്. 19–ാം നൂറ്റാണ്ടിൻെറ ആദ്യദശകം തിരുവിതാംകൂറിൽ വേലുത്തമ്പിയുടെയും കൊച്ചിയിൽ പാലിയത്തച്ചൻെറയും കാലമായിരുന്നു. ക്രൈസ്തവർക്ക് എതിരെ അവർ തങ്ങളുടെ ഭരണാധികാരത്തെ ശക്തമായി

വിനിയോഗിച്ചു. ബ്രിട്ടീഷുകാരുടെ സൈനികശക്തി അവരെ തുടച്ചുനീക്കിയെങ്കിലും അവർ വർഷിച്ച വർഗീയവിഷം ഇന്നും നാട്ടിൽ തങ്ങിനിൽക്കുന്നു.

പ്രസ്തുത നൂറ്റാണ്ടിൻെറ 2-ാം ദശകം ദിവാൻ മൺറോയുടെതായിരുന്നു എന്നു പറയാം. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലേക്കു ബ്രിട്ടീഷ് സർക്കാറിൻെറ റസിഡൻറായി നിയമിതനായ ഈ സി.എം.എസ്. മിഷനറി പ്രസ്തുതരാജ്യങ്ങളിലെ ദിവാൻ കൂടിയായി. വേലുത്തമ്പിയും പാലിയത്തച്ചനും വികലമാക്കിയ ക്രിസ്ത്യാനികളെ സംബന്ധിച്ച ധാരണകൾ ഒരു പരിധിവരെ വീണ്ടെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ അതു വിദേശ പ്രൊട്ടസ്റ്റൻറ് മിഷനറിമാർ സൃഷ്ടിച്ചെടുത്ത ധാരണകളായിരുന്നു. ദിവാൻ മൺറോയും പ്രൊട്ടസ്റ്റൻറ് മിഷനറിമാരും തെക്കൻ തിരുവിതാംകൂറിലെ പിന്നാക്ക സമുദായങ്ങൾക്കു വിദ്യാഭ്യാസം നൽകി. അതിൻെറ ഫലം അവശജനവിഭാഗങ്ങളുടെ ഉയിർത്തെഴുന്നേല്പായിരുന്നു. അക്ഷരാഭ്യാസം, ക്രൈസ്തവസന്ദേശം എന്നിവയോടൊപ്പം അവകാശബോധവും അവശവിഭാഗങ്ങളിൽ ആഴ്ന്നിറങ്ങാൻ തുടങ്ങി.

അന്ന് കീഴാളസ്ത്രീകൾക്കു മാറുമറയ്ക്കാനുള്ള അനുവാദമില്ലായിരുന്നു. 1680-ൽ ഒരു ഈശോസഭാ വൈദികൻ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ഒരു സ്ത്രീയെ ആദ്യമായി റൗക്ക ധരിപ്പിച്ചതോടെയാണ് സ്ത്രീകളിൽ മാറുമറയ്ക്കുന്നതു സംബന്ധമായ അവകാശബോധം ആരംഭിക്കുന്നതായി കാണുന്നത്. ഏകദേശം ഒന്നര നൂറ്റാണ്ടിനു ശേഷം, 1822-ൽ ചാന്നാർ ലഹള പൊട്ടിപ്പുറപ്പെട്ടു. 1859 ജൂലൈ 26-ാം തീയതി തിരുവിതാംകൂർ രാജാവ് ഉത്രം തിരുനാൾ താഴ്ന്ന ജാതി സ്ത്രീകൾക്കും മാറു മറയ്ക്കാമെന്നു വിളംബരം പുറപ്പെടുവിച്ചതോടെയാണ് ചാന്നാർ സ്ത്രീകളുടെ ഈ അവകാശസമരം ആത്യന്തിക വിജയം നേടിയത്.

മാറുമറയ്ക്കാനുള്ള സ്ത്രീകളുടെ ഈ അവകാശസമരം സവർണ്ണർ അധഃസ്ഥിതവിഭാഗങ്ങളോടു പുലർത്തിയിരുന്ന മനുഷ്യാവകാശ

ലംഘനങ്ങൾക്കെതിരെ പാശ്ചാത്യപരികൃതലോകവും തദ്ദേശീയ കീഴാള ജനതയും ഒറ്റക്കെട്ടായി പോരാടിയ ഇന്ത്യയിലെത്തന്നെ അപൂർവ്വം സമരങ്ങളിൽ ഒന്നായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ ദേശീയനവോത്ഥാനത്തിന് ആരംഭം കുറിച്ച കാലത്താണ് സി.എം.ഐ. സഭ സ്ഥാപിതമായത്. സമകാലീന സംഭവങ്ങൾ സഭാസ്ഥാപകൻെറയും സഭയിലെ ആദ്യകാല അംഗങ്ങളുടെയും ആശയദർശനങ്ങളെയും പ്രവർത്തനങ്ങളെയും സ്വാധീനിച്ചിരിക്കണം.

കേരളത്തിലെ സമൂഹത്തിൽ ജാതിഭേദാതീതമായ കൂട്ടായ്മ രൂപപ്പെടുന്നതിനുള്ള മുന്നേറ്റങ്ങൾ വളരെ ത്വരിതമായി നടക്കുന്നതിനും വളരെ മുൻപേ സി.എം.ഐ. സഭ സ്ഥാപിതമായി. നവോത്ഥാനനായകരായ ബ്രഹ്മാനന്ദസ്വാമി ശിവയോഗി (1852–1929), ചട്ടമ്പിസ്വാമികൾ (1853–1925), ശ്രീനാരായണഗുരു (1855–1928), വാഗ്ഭടാനന്ദൻ (1887–1939) എന്നിവർ കർമ്മരംഗത്തു വരുന്നതിനു മുൻപേ സമൂഹമാറ്റങ്ങൾക്ക് ഉതകുന്ന ഒട്ടേറെ കർമ്മ പരിപാടികളുമായി സഭാസ്ഥാപകരും ആരംഭകാല അംഗങ്ങളും മുന്നേറി.

പള്ളികളും അവയോടു ചേർന്നുള്ള പള്ളിക്കൂടങ്ങളും വഴി പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ സമുദായം ശ്രീ നാരായണ ഗുരുവിനെ പ്രചോദിപ്പിച്ചു. “സംഘടനകൊണ്ട് ശക്തരാക്കുക,” “വിദ്യകൊണ്ട് സ്വതന്ത്രരാകുക” എന്നീ ആഹ്വാനങ്ങൾ അദ്ദേഹം ഉയർത്തിയത് ഈ പ്രചോദനത്തിലാണ്. (എൻ. സാം, മിഷനറിമാരുടെ സ്വാധീനത: വെല്ലുവിളികളും, നവോത്ഥാന സംസ്കാരവും കേരളത്തിൽ, പുറം 83).

വി. ചാവറപിതാവ് നടത്തിയ വിദ്യാഭ്യാസം, അച്ചടി, സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പരിപാടികൾ, സാമൂഹ്യസേവനം എന്നിവ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളും പ്രൊട്ടസ്റ്റൻറ് മിഷനറിമാരും തുടങ്ങിവെച്ചിരുന്നു. എന്നാൽ അവയൊന്നും കേരളകത്തോലിക്കാസഭയിൽ ആരംഭിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് കേരളസഭയുടെ വളർച്ചയ്ക്കും നവീകണത്തിനും ആവശ്യമായ

സർഗ്ഗാത്മകശക്തി പകരുകയെന്നതായിരുന്നു സ്ഥാപകൻെറ പ്രധാന ലക്ഷ്യം. അദ്ദേഹത്തിൻെറയും പിൻഗാമികളുടെയും പ്രവർത്തന ഫലമായി കേരളസഭ ഊർജ്ജസ്വലമായി. അതിൻെറ ഫലങ്ങൾ കേരളത്തിലെ പൊതുസമൂഹത്തിലേക്കും പരന്നൊഴുകി. അങ്ങനെ കേരളസമൂഹത്തിലും പരിഷ്കരണം സംഭവിക്കുകയായിരുന്നു.

# 3

# സി.എം.ഐ. സമൂഹസ്ഥാപനത്തിന്റെ സഭാചരിത്രപശ്ചാത്തലം

മിശിഹായുടെ ശിഷ്യനായ മാർത്തോമാശ്ലീഹാ ഭാരതത്തിൽ സുവിശേഷ പ്രഘോഷണം നിർവഹിച്ചു. ക്രൈസ്തവവിശ്വാസവും ഭാരതസംസ്കാരവും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള ജീവിതശൈലി ശ്ലീഹായുടെ പിൻഗാമികളായ മാർത്തോമ്മാ ക്രിസ്ത്യാനികൾ വികസിപ്പിച്ചെടുത്തിരുന്നു. 16-ാം നൂറ്റാണ്ടു വരെ മാർത്തോമ്മാക്രിസ്ത്യാനികൾ വിശ്വാസത്തിൽ ക്രൈസ്തവരും സംസ്കാരത്തിൽ ഭാരതീയരും ആരാധനക്രമത്തിൽ പൗരസ്ത്യരുമായിരുന്നു. ആരാധനക്രമത്തിൽ പൗരസ്ത്യ സുറിയാനി സമ്പ്രദായം സ്വീകരിച്ചിരുന്നതുകൊണ്ട് 'സുറിയാനിക്കാർ' എന്നും നസ്രസിലെ ഈശോയുടെ അനുഗാമികൾ എന്ന നിലയിൽ നസ്രാണികൾ എന്നും അവർ അറിയപ്പെട്ടിരുന്നു.

പുരാതനകാലം മുതൽ സുറിയാനി ക്രിസ്ത്യാനികൾ കേരളത്തിലെ സമ്പന്നരും കുലീനരുമായ വിഭാഗമായാണ് പരിഗണിക്കപ്പെട്ടിരുന്നത്. അതിനാൽതന്നെ അവർക്കു സമൂഹത്തിൽ വലിയ മാന്യതയും അംഗീകാരവും ലഭിച്ചിരുന്നു. ക്രിസ്ത്യാനികളുടെ കാർഷിക-വാണിജ്യ-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ സംഭാവനകളുടെ പേരിൽ ഇവിടുത്തെ ഭരണാധികാരികൾ അവരെ വളരെയേറെ ആദരിച്ചിരുന്നു. രാജഭക്തിയിലും ദേശഭക്തിയിലും നസ്രാണികൾ മുമ്പിലായിരുന്നു. രാജാവിനോടും അധികാരികളോടുമുണ്ടായിരുന്ന ബഹുമാനവും ഭക്തിയും ക്രിസ്ത്യാനികളെ കാലക്രമത്തിൽ സമൂഹത്തിലെ സ്വാധീന ശക്തിയാക്കി മാറ്റുകയും ചെയ്തു.

### 1. പേർഷ്യൻ സഭയുമായുള്ള ബന്ധം

മാർ തോമാശ്ലീഹാ രക്തസാക്ഷിത്വം വരിക്കുന്നതിനുമുമ്പു മാർ പൗലോസിനെ മൈലാപ്പൂരും മാർ കേപ്പായെ കൊടുങ്ങല്ലൂരും

മെത്രാന്മാരായി വാഴിച്ചു നിയമിച്ചിരുന്നു. എന്നാൽ ഈ മെത്രാൻ പരമ്പര തുടരുന്നതായി രേഖകളിൽ കാണുന്നില്ല. അതുകൊണ്ട് ഇവിടത്തെ നസ്രാണികൾ പേർഷ്യയിലെ സഹോദരി സഭയുമായി സമ്പർക്കത്തിലേർപ്പെടുകയും തങ്ങളുടെ സഭയ്ക്ക് ഒരു മെത്രാനെ അയച്ചുതരണമെന്ന് അവർ കൽദായ പാത്രിയർക്കീസിനോട് അപേക്ഷിക്കുകയും ചെയ്തു. അപ്രകാരം അയയ്ക്കപ്പെട്ട കൽദായ മെത്രാന്മാർ ഇവിടെ വന്ന് മെത്രാനടുത്ത ചുമതലകൾ നിർവ്വഹിച്ചശേഷം തിരിച്ചുപോയിരുന്നു.

തിഗ്രിസ് നദിയുടെ തീരത്തുണ്ടായിരുന്ന സെലൂക്യാ-സ്റ്റെസിഫോൺ പട്ടണമായിരുന്നു പേർഷ്യയുടെ തലസ്ഥാനം. പൗരാണിക കാലത്ത് ബാബിലോണിയായുടെ ഭാഗമായിരുന്ന ഈ പ്രദേശങ്ങളെല്ലാം ഇടക്കാലത്ത് മെസൊപ്പൊട്ടോമിയാ എന്നും അറിയപ്പെട്ടിരുന്നു. ഇന്ന് ഈ ഭാഗങ്ങളെല്ലാം ആധുനിക ഇറാക്കിൽ പെട്ടിരിക്കുകയാണ്. കൽദായർ അധിവസിച്ചിരുന്നതിനാൽ 'കൽദായ'യെന്നും ഈ പ്രദേശങ്ങൾ അറിയപ്പെട്ടിരുന്നു.

പ്രസ്തുത പ്രദേശത്തുനിന്നുള്ള മെത്രാന്മാർക്ക് ഇവിടെ ആദ്ധ്യാത്മിക കാര്യങ്ങളുടെ കർത്തൃത്വം മാത്രമെ ഉണ്ടായിരുന്നുള്ളൂ. കാര്യങ്ങളുടെ നടത്തിപ്പ് സുഗമമാക്കുന്നതിന് മലബാറിലെ സുറിയാനിസഭ ഒരു സ്വതന്ത്ര സഭയായിതന്നെ നിലനിന്നുപോന്നു. വിശ്വാസപരമായ അവരുടെ സ്വന്തം ആചാരങ്ങളും പാരമ്പര്യങ്ങളും സംസ്കാരവുമെല്ലാം ഭദ്രമായിത്തന്നെ നിലനിന്നു. എന്നാൽ ആരാധനക്രമത്തിൻെറ കാര്യത്തിൽ അവർ കൽദായ പാരമ്പര്യം പിന്തുടരുകയും സുറിയാനിയിൽ തന്നെ വിശുദ്ധ കുർബാനയും മറ്റു തിരുക്കർമ്മങ്ങളും അർപ്പിക്കുകയും ചെയ്തുപോന്നു.

മേൽപ്പട്ടക്കാരെ ഇങ്ങോട്ടയച്ച് മലങ്കര സഭയെ സഹായിച്ച പേർഷ്യൻ സഭ ഇവിടെ അന്യരെ ആശ്രയിക്കാതെ മെത്രാന്മാരെ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയില്ല. പകരം മെത്രാന്മാർ ഭരണം നടത്തിയിരുന്നത് അർക്കദിയാക്കോൻ (ആർച്ച് ഡീക്കൻ) എന്ന ഏതദ്ദേശിയ വൈദികശ്രേഷ്ഠൻ വഴിയായിരുന്നു. അങ്കമാലി കേന്ദ്രമാക്കിക്കൊണ്ട് "ജാതിക്കു തലവൻ" "ജാതിക്കു കർത്തവ്യൻ" എന്നീ പേരുകളിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി

ജീവിച്ചിരുന്ന നസ്രാണികളെ ഏകോപ്പിച്ചു ഭരിച്ചിരുന്നത് അർക്കദിയാക്കോന്മാരായിരുന്നു. ഭരണനിർവ്വഹണത്തിൽ പള്ളിയോഗം അദ്ദേഹത്തെ സഹായിച്ചിരുന്നു. പള്ളിയോഗവും ആർച്ചുഡീക്കനും ചേരുന്ന മാർത്തോമാ ക്രിസ്ത്യാനികളുടെ ഭരണസംവിധാനത്തെ ഒരു 'Christian Republic' എന്നുതന്നെ പോർച്ചുഗീസുകാർ വിളിച്ചു. 16-ാം നൂറ്റാണ്ടുവരെ ഈ ഭരണക്രമമാണ് തുടർന്നുവന്നത്.

മാർത്തോമ ക്രിസ്ത്യാനികളുടെ അജപാലനമേഖലയുടെ പരിധി പൗരാണികമായി ഇന്ത്യ മുഴുവൻ വ്യാപിച്ചിരുന്നു. ഇന്ത്യയിൽ കല്യാൺ, താനെ, ഗുജറാത്ത്, ഗോവാ, മൈലാപ്പൂർ, വിജയനഗർ, മൈസൂർ, മംഗലാപുരം, കന്യാകുമാരി, സിൻഡ്, പഞ്ചാപ്, പറ്റ്ന, ഒറീസ്സ, മാൽവ എന്നിയിടങ്ങളിൽ നസ്രാണികൾ സമൂഹമായി വസിച്ചിരുന്നതായി തെളിവുകളുണ്ട്. ഇന്ത്യയിൽ എവിടെ വേണമെങ്കിലും മെത്രാപ്പോലീത്തായ്ക്ക് താമസിക്കാമായിരുന്നു. മൈലാപ്പൂർ, കൊല്ലം, കൊടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളിൽ മെത്രാപ്പോലീത്തമാർ താമസിച്ചിരുന്നതായി തെളിവുകളുണ്ട്. മെത്രാന്മാർ 'ഇന്ത്യ മുഴുവൻെറയും മെത്രാപ്പോലിത്തായും വാതിലും' എന്നും അർക്കദിയാക്കോൻ ഇന്ത്യ മുഴുവൻെറയും അർക്കദിയാക്കോൻ എന്നുമാണ് അറിയപ്പെട്ടിരുന്നത്.

325-ൽ നടന്ന നിഖ്യാ സൂനഹദോസിൽ പങ്കെടുത്ത ഒരു സഭാദ്ധ്യക്ഷൻ സുറിയാനി ഭാഷയിൽ പേരെഴുതി ഒപ്പുവെച്ചത് ഇപ്രകാരമായിരുന്നു. "മാർ യോഹന്നാൻ, പേർഷ്യയുടെയും ഇന്ത്യ മുഴുവൻെറയും മെത്രാപ്പോലിത്ത" ഇന്ത്യ മുഴുവൻ എന്നതിൻെറ സുറിയാനി മൂലം 'കൊല്ലാഹെന്ദോ' എന്നാണ്. മാർത്തോമാ ക്രിസ്ത്യാനികളുടെ അജപാലന ശുശ്രൂഷ നിർവ്വഹിച്ചിരുന്ന പേർഷ്യൻ മെത്രാന്മാരും ആർച്ച് ഡീക്കന്മാരും അവരുടെ പേരിനോട് 'കൊല്ലാഹെന്ദോ' എന്നു ചേർത്തിരുന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ സവിശേഷ വ്യക്തിത്വമാണ് പിന്നീട് മാർത്തോമ്മായുടെ നടപടികൾ (മാർത്തോമ്മാ മാർഗം) എന്ന പേരിൽ അറിയപ്പെടുന്നത്. മാർതോമാ ക്രിസ്ത്യാനികളുടെ ആരാധന ക്രമവും ധാർമ്മികജീവിതവും സഭാനിയമങ്ങളും

വിശ്വാസസംഹിതകളും ക്രൈസ്തവ ജീവിതശൈലിയും എല്ലാം ഉൾക്കൊള്ളുന്നതാണ് മാർത്തോമ്മാ മാർഗം. പത്രോസിന്റെ നിയമങ്ങളിൽ നിന്ന് ഇത് തികച്ചും വ്യത്യസ്തമായിരുന്നു.

## 2. വാസ്കോ ഡി ഗാമയുടെ ആഗമനം

1498 മേയ് 2-ാം തീയതി കോഴിക്കോടിനടുത്ത് കാപ്പാട് വാസ്കോ ഡി ഗാമ എത്തിച്ചേർന്നു. തനതായ വ്യക്തിത്വവും തനിമയും പുലർത്തിക്കൊണ്ട് മാർത്തോമ്മാ മാർഗത്തിൽ ചരിക്കുന്ന നസ്രാണികളെയാണ് പോർച്ചുഗീസിൽനിന്ന് ആഗതനായ വാസ്കോ ഡി ഗാമ കണ്ടത്. അദ്ദേഹവും കൂട്ടരും ക്രിസ്ത്യാനികളാണെന്നു മനസ്സിലാക്കിയപ്പോൾ കൊടുങ്ങല്ലൂരുനിന്ന് ഏതാനും സുറിയാനിക്കാർ ഗാമയെ സന്ദർശിച്ച് മുഹമ്മദീയരുടെ ആക്രമണത്തിൽ നിന്നു തങ്ങളെ രക്ഷിക്കണമെന്നും പോർട്ടുഗീസ് രാജാവിനെ അംഗീകരിച്ചു കൊള്ളാമെന്നും വാഗ്ദാനം ചെയ്തിരുന്നു. അന്യംനിന്നുപോയ തങ്ങളുടെ രാജസിംഹാസനത്തിന്റെ ചെങ്കോലും കിരീടവും ഗാമയെ അവർ ഏല്പിച്ചു. ചേന്ദമംഗലം, വൈപ്പിൻ എന്നീ പ്രദേശങ്ങൾ വാണിരുന്ന വില്ലാർവട്ടം രാജകുടുംബം അനന്തരാവകാശികളില്ലാതെ അന്യം നിന്നുപോയിരുന്നു.

## 3. പോർച്ചുഗീസ് മിഷനറിമാരുടെ ഭരണം

പോർച്ചുഗലിൽ നിന്നുള്ള വ്യാപാരികളുടെ പിന്നാലെയാണ് സുവിശേഷ പ്രചരണാർത്ഥം പാശ്ചാത്യ ക്രിസ്ത്യൻ മിഷനറിമാർ പില്ക്കാലത്ത് ഇന്ത്യയിൽ എത്തുന്നത്. അവർ ഇവിടെ കണ്ടത് തികച്ചും വ്യത്യസ്തമായ ആചാരനുഷ്ഠാനങ്ങൾ പുലർത്തുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളെയാണ്. വാസ്തവത്തിൽ ആർഷസംസ്കാരത്തിന്റെ ഭാഗമായി തന്നെ നിലനിന്നുകൊണ്ട് ക്രൈസ്തവവിശ്വാസത്തെ പുണർന്ന ഭാരതസഭയെ വസ്തുനിഷ്ഠമായി മനസിലാക്കാൻ പാശാചാത്യ മിഷനറിമാർക്കു കഴിയാതെ പോയി.

പാശ്ചാത്യമിഷനറിമാർക്ക് ഇവിടത്തെ വിശ്വാസസമൂഹത്തിന്റെ തനതായ ആരാധനക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും ഏതോ

തരം പാഷണ്ഡതയായിട്ടാണ് തോന്നിയത്. ലത്തീൻ റീത്തല്ലാതെ മറ്റൊരു റീത്തും കത്തോലിക്കാസഭയിൽ ഇല്ലെന്ന തെറ്റായ ധാരണ മിഷനറിമാർ വച്ചു പുലർത്തിയിരുന്നതായി കാണുന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ ഉണ്ടായിരുന്ന കൽദായഭരണം അവസാനിപ്പിക്കുക, സുറിയാനി ആരാധനക്രമങ്ങൾ ലത്തീൻവൽക്കരിക്കുക, മാർത്തോമ്മാക്രിസ്ത്യാനികളെ പോർച്ചുഗീസ് രാജാവിന്റെ ഭരണത്തിനു കീഴിൽ കൊണ്ടുവരിക, സുറിയാനി ക്കാരുടെ അധികാരസീമ പരിമിതപ്പെടുത്തി അവരെ ഗോവാ ലത്തീൻ അതിരൂപതയിൽ ലയിപ്പിക്കുക. എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തിയുള്ള പ്രവർത്തനങ്ങളാണ് ലത്തീൻ പോർച്ചുഗീസ് അധികാരികൾ ക്രമേണ നടത്തുവാൻ തീരുമാനിച്ചത്.

## 4. പ്രഥമരൂപതയുടെ സ്ഥാപനവും ഉദയംപേരൂർ സൂനഹദോസും

1534 നവംബർ 3-ാം തീയതി ഗോവയിൽ ഇന്ത്യയിലെ പ്രഥമ പദ്രുവാദോ രൂപത സ്ഥാപിതമായി. ഇന്ത്യയിലുള്ള പോർച്ചുഗീസ് സഭാഭരണം അറിയപ്പെട്ടിരുന്നത് 'പദ്രേവാദോ' ഭരണം എന്നായിരുന്നു. പോർച്ചുഗീസ് രാജാക്കന്മാർക്ക് അവർ കണ്ടുപിടിക്കുന്ന രാജ്യങ്ങളിൽ സഭ സ്ഥാപിക്കാനും പള്ളികൾ പണിയാനും മെത്രാന്മാരെ വാഴിക്കാനും വൈദികരെ നിയമിക്കാനും മാർപാപ്പ നൽകിയിരുന്ന അധികാരത്തെയാണ് 'പദ്രുവാദോ' എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് (പദ്രേവാദാ എന്ന പദത്തിനർത്ഥം 'സംരക്ഷണാവകാശം' (patronage) എന്നാണ്.

ഗോവയിൽ സ്ഥാപിതമായ പദ്രുവാദോ രൂപതയെ 1557 ഫെബ്രുവരി 4-ന് മെത്രാപ്പോലിത്തൻ പദവിയിലേയ്ക്ക് ഉയർത്തി. ഗോവയുടെ അധികാരപരിധി ആഫ്രിക്കയുടെ തെക്കെ അറ്റത്തുള്ള ഹുഡ്ഹോപ് മുനമ്പു മുതൽ ചൈന വരെയായിരുന്നു. 1558 ഫെബ്രുവരി 4-ാം തീയതി കൊച്ചി ഗോവയുടെ സാമന്ത രൂപതയായി വടക്ക് കണ്ണൂർ മുതൽ തെക്കുള്ള എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സ്ഥാപിതമായി. ഈ പരിധിക്കുള്ളിലെ പ്രദേശങ്ങളിലാണല്ലോ മാർത്തോമ്മാ ക്രിസ്ത്യാനികൾ

താമസിച്ചിരുന്നത്. സ്വാഭാവികമായി, എല്ലാ മാർത്തോമ്മാ ക്രിസ്ത്യാനികളും പദ്രുവാദോ ഭരണത്തിൽ ഉൾപ്പെട്ടതായി പോർട്ടുഗീസുകാർ ധരിച്ചുവശായി.

തുടർന്ന് പോർച്ചുഗീസ് മിഷനറിമാരുടെ നേതൃത്വത്തിൽ ഗോവ ആർച്ച് ബിഷപ്പ് ആയിരുന്ന ഡോ. മെനേസിസിൻെറ അധ്യക്ഷതയിൽ 1559 ജൂൺ 20–26 തീയതികളിൽ ഉദയംപേരൂരിൽ സഭയുടെ പ്രത്യേക സമ്മേളനം (ഉദയംപേരൂർ സൂനഹദോസ്) ചേർന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ സഭാപാരമ്പര്യങ്ങളെ അടിമുടി മാറ്റുന്ന രീതിയിൽ പുതിയ നിയമങ്ങൾ (ഡിക്രികൾ) കൊണ്ടുവന്നു. അവ ഭാരതത്തിലെ ക്രിസ്ത്യാനികളുടെ മേൽ അധികാരപൂർവം അടിച്ചേൽപ്പിച്ചു.

കേരളസഭയിലെ ഒടുവിലത്തെ കൽദായ മെത്രാനായ മാർ അബ്രാഹം 1597 നവംബർ 5–ാം തീയതി നിര്യാതനായി. അതോടെ ഗോവ അതിരൂപതാദ്ധ്യക്ഷൻ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ പൂർവ്വാധികം സമ്മർദ്ദം ചെലുത്താൻ തുടങ്ങി.

1599 ഡിസംബർ 20–ാം തീയതി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഭരണകേന്ദ്രമായ അങ്കമാലി അതിരൂപതയെ ഗോവാ അതിരൂപതയുടെ കീഴിൽ ഒരു സാമന്തരൂപതയാക്കി മാറ്റി. അങ്ങനെ മാർത്തോമ്മ ക്രിസ്ത്യാനികൾക്ക് ഇന്ത്യ മുഴുവൻെറ മേലുള്ള അധികാരം (All India Jurisdiction) നഷ്ടമായി. ഫാ. ഫ്രാൻസിസ് റോസ് എസ്.ജെ. രൂപതയുടെ മെത്രാനായി അഭിഷിക്തനായി. 1534–ൽ സ്ഥാപിതമായ ഗോവ രൂപത 1557–ലാണ് അതിരൂപതയായി ഉയർത്തപ്പെടുന്നത്. എന്നാൽ മാർത്തോമാ ക്രിസ്ത്യാനികളുടെ അങ്കമാലി അതിരൂപത 8–ാം നൂറ്റാണ്ടു മുതലെങ്കിലും നിലനിൽക്കുന്നതായിരുന്നു. 1609 ഡിസംബർ 3–ാം തീയതി റോസ് മെത്രാൻ തൻെറ ആസ്ഥാനം ഔദ്യോഗികമായി കൊടുങ്ങല്ലൂർക്ക് മാറ്റി. ഈ സംഭവവികാസങ്ങൾ സഭയ്ക്കുള്ളിൽ വലിയ കോളിളക്കങ്ങൾക്കും ഭിന്നതകൾക്കും ഇതു വഴി തെളിച്ചു.

1610 ഡിസംബർ 21–ാം തീയതി ഗോവ മെത്രാപ്പോലിത്ത സുറിയാനിക്കാരുടെ മേലധ്യക്ഷൻെറ അധികാരപരിധി മലബാറിൻെറ

തെക്കുഭാഗം മുതൽ തെക്കോട്ട് ചുരുക്കി നിശ്ചയിക്കയുണ്ടായി. ഇതോടെ മാർത്തോമ ക്രിസ്ത്യാനികളുടെ 'കൊല്ലാഹെന്ദോ' എന്ന പദവി അവസാനിച്ചു.

## 5. സ്വജാതി മെത്രാനെ ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ

മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നവരായിരുന്നു. തന്നിമിത്തം സ്വജാതി മെത്രാന്മാരെ ലഭിക്കുന്നതിനായി മാർപാപ്പക്കും ബാബേൽ പാത്രിയാർക്കീസിനും അപേക്ഷകൾ അയയ്ക്കുന്നതിനു നിർബന്ധിതരായി.

കേരളത്തിലെ സുറിയാനിക്കാർക്കായി നേരിട്ട് ഒരു മെത്രാനെ നിയമിക്കാനുള്ള അധികാരം തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പക്ക് അന്നുണ്ടായിരുന്നില്ല. പോർച്ചുഗീസ് കോളനികളിൽ മെത്രാന്മാരെ നിയമിക്കുന്നതിനുള്ള അധികാരം മാർപാപ്പ പോർച്ചുഗൽ രാജാവിനു തീറെഴുതിക്കൊടുത്തിരുന്നു. പോർച്ചുഗീസ് രാജാവ് നിർദ്ദേശിക്കുന്നവരെ മാർപാപ്പ അവിടേയ്ക്കു മെത്രാനായി നിയമിച്ചുകൊള്ളണമെന്നായിരുന്നു വ്യവസ്ഥ.

സ്വജാതിമെത്രാനുവേണ്ടിയുള്ള സുറിയാനിക്കാരുടെ പരിശ്രമങ്ങൾ പരാജയപ്പെട്ടുനിൽക്കേ 1641-ൽ മാർത്തോമ്മാ അർക്കദിയാക്കോൻെറയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും ഇംഗിതത്തിനു വിപരീതമായി ഗാർസ്യാ എസ്.ജെ. കൊടുങ്ങല്ലൂർ മെത്രാനായി നിയമിതനായി.

## 6. കൂനൻകുരിശു സത്യവും യാക്കോബായ സമൂഹത്തിൻെറ ആവിർഭാവവും

കേരളത്തിൽനിന്നുള്ള നിരവധിയായ അപേക്ഷകളെ പരിഗണിച്ചുകൊണ്ട് അലക്സാന്ത്രിയായിലെ കോപ്റ്റിക്ക് പത്രിയാക്കീസ് റോമിൻെറ അനുവാദം കൂടാതെ മാർ അഹത്തള്ളയെ കേരളത്തിലേയ്ക്കയച്ചു. അദ്ദേഹത്തെ സ്വീകരിക്കാൻ അർക്കദിയാക്കോൻ 6000 ക്രിസ്ത്യാനികളോടുകൂടി കൊച്ചിയിൽ മട്ടാഞ്ചേരിയിൽ എത്തിയിരുന്നു. എന്നാൽ ഗാർസ്യാ

മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം മാർ അഹത്തള്ളായെ കരയിൽ ഇറക്കാതെ നേരേ ഗോവയ്ക്കാണു കൊണ്ടുപോയത്.

ദുഃഖാർത്തരായ മാർത്തോമ്മാക്രിസ്ത്യാനികൾ 1653 ജനുവരി 3-ാം തീയതി മട്ടാഞ്ചേരിയിലുള്ള ഒരു കുരിശിൽ വടംകെട്ടി ഇപ്രകാരം സത്യംചെയ്തു, "സന്തതിയുള്ള കാലത്തോളം സമ്പാളൂർ പാതിരിമാരുടെ കീഴിൽ കഴിയുന്നതല്ല." (സമ്പാളൂർ - സെൻറ് പോൾ ഊർ - കേന്ദ്രമാക്കിയുള്ള ഈശോസഭാ വൈദികരെയാണു സമ്പാളൂർ പാതിരിമാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.) കൂനൻകുരിശ് എന്നുപറയപ്പെടുന്ന ആ കുരിശിനു ചുറ്റും കൂടിനിന്നു സത്യം ചെയ്തതുകൊണ്ട് സഭാചരിത്രത്തിൽ "കൂനൻകുരിശു സത്യം" എന്ന് അറിയപ്പെടുന്നു.

തുടർന്ന് അർക്കദിയാക്കോനും ജനങ്ങളും 1653 മെയ് 22-ാം തിയതി പന്തക്കുസ്താ തിരുനാളിൽ ആലങ്ങാട്ട് സമ്മേളിച്ചു. പന്ത്രണ്ടുവൈദികർ തോമ്മാ അർക്കദിയാക്കോൻെറ ശിരസ്സിൽ കൈവെച്ച് അദ്ദേഹത്തെ മാർത്തോമ്മാ മെത്രാപ്പോലീത്താ പദവിയിലേയ്ക്കുയർത്തി.

ഈ സംഭവം മാർത്തോമ്മാ ക്രിസ്ത്യാനികളെ രണ്ടുഭാഗമായി വിഭജിച്ചു. പഴയകൂറ്റുകാർ, പുത്തൻ കൂറ്റുകാർ എന്നിങ്ങനെ അറിയപ്പെട്ട ഇവരിലെ ആദ്യ വിഭാഗം റോമിനോടു പരിപൂർണ്ണ വിധേയത്വം പ്രഖ്യാപിച്ചപ്പോൾ, രണ്ടാമത്തെ വിഭാഗം പോർച്ചുഗീസ് മിഷനറിമാരുമായുള്ള സർവ്വബന്ധങ്ങളും വിഛേദിക്കുകയും പേർഷ്യൻസഭയുമായും തുടർന്ന് അന്ത്യോക്യ പാത്രിയാർക്കീസുമായും കൂടുതൽ അടുക്കുകയും ചെയ്തു. 1665-1671 കാലഘട്ടത്തിൽ അന്ത്യോക്യായിൽ നിന്ന് മാർ ഗ്രിഗോരിയോസ് മെത്രാൻ കേരളത്തിൽ വന്ന് യാക്കോബായ വിശ്വാസവും ക്രമങ്ങളും നടപ്പിലാക്കി. ഈ വിശ്വാസക്രമങ്ങൾ സ്വീകരിച്ചവർ യാക്കോബായ വിഭാഗമെന്നു അറിയപ്പെട്ടു.

### 7. കർമ്മലീത്ത മെത്രാന്മാരുടെ ആഗമനം

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ ശക്തമായ ചെറുത്തു നില്പിനെ തുടർന്ന് കേരളത്തിലെ സഭയിൽ ഇടപെടണമെന്ന്

പദ്രുവാദോ റോമിനോട് ആവശ്യപ്പെട്ടു. തുടർന്ന് അനുരഞ്ജനത്തിനായി റോമിൽനിന്നയച്ച കമ്മിസറിയുടെ നിർദ്ദേശം ഈശോസഭക്കാർക്കു പകരം മറ്റൊരു സന്യാസസഭയിൽപ്പെട്ടവരെ മെത്രാനാക്കി മലബാറിൽ നിയമിച്ചാൽ പ്രശ്നപരിഹാരമുണ്ടാകു മെന്നായിരുന്നു. കർമ്മലീത്ത (ഒ.സി.ഡി.) സന്യാസസഭയിൽപ്പെട്ട സെബസ്ത്യാനി എന്ന കമ്മിസറിയെത്തന്നെ ഇവിടത്തെ വികാരി അപ്പസ്തോലിക്കയാക്കി. വികാരി അപ്പസ്തോലിക്കയുടെ ഭരണത്തിൻ കീഴിലുള്ള പ്രദേശത്തിനാണു വികാരിയത്ത് എന്നു പറയുന്നത്. 1659 ഡിസംബർ 3-ാം തിയതി മാർ. ജോസഫ് സെബസ്ത്യാനിയെ പ്രൊപ്പഗാന്ത തിരുസംഘം മലബാർ വികാരിയാത്തിൻെറ പ്രഥമ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. (ലോകം മുഴുവനുമുള്ള മിഷനറി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ 1622 ജൂൺ 22-ന് ഗ്രിഗറി 15-ാം മാർപാപ്പ സ്ഥാപിച്ചതാണ് പ്രൊപ്പഗാന്ത. ഈശോസഭക്കാരുടെ നേതൃത്വത്തിലുള്ള പദ്രുവാദോയെ നിയന്ത്രിക്കുക എന്നതും ഈ പ്രസ്ഥാനം ലക്ഷ്യം വെച്ചിരുന്നു).

അങ്ങനെ മലബാർ സഭയുടെ നിയന്ത്രണം പോർച്ചുഗീസുകാരായ ഈശോസഭക്കാരിൽ നിന്ന് പ്രൊപ്പഗാന്തയുടെ ചുമതല വഹിച്ചിരുന്ന കർമ്മലീത്താ വൈദികരുടെ കൈകളിലേയ്ക്ക് എത്തിച്ചേർന്നു. ഈ വികാരി അപ്പസ്തോലിക്കമാർ കൊടുങ്ങല്ലൂരിലോ ഫോർട്ടു കൊച്ചിയിലോ താമസിക്കാതെ വരാപ്പുഴ (കൊച്ചി) ആസ്ഥാനമാക്കി ഭരണം നടത്താൻ തുടങ്ങി. അതിനാൽ വരാപ്പുഴ മെത്രാന്മാർ എന്നുകൂടി അവർ അറിയപ്പെട്ടുവന്നു.

### 8. ഡച്ചുകാർ കേരളത്തിൽ...

1662-ൽ ഡച്ചുകാർ പോർച്ചുഗീസുകാരിൽനിന്നു കൊടുങ്ങല്ലൂരും കൊച്ചിയും പിടിച്ചെടുത്തു. പോർച്ചുഗീസ് ശക്തി കേരളത്തിൽ പരാജയപ്പെട്ടു. ഡച്ചുകാർ കത്തോലിക്കാ വിരുദ്ധ മനഃസ്ഥിതി ക്കാരായ കാൽവിനിസ്റ്റുകളായിരുന്നു തങ്ങളുടെ അധീന തയിലിരുന്ന പ്രദേശങ്ങളിൽ പോർച്ചുഗീസ് പദ്രുവാദോ മേലദ്ധ്യ ക്ഷന്മാർ പ്രവേശിക്കുന്നതു അവർ നിരോധിച്ചു. അതോടൊപ്പം ജോസഫ് സെബ്യസ്ത്യാനിയെയും കൂട്ടരെയും അവർ നാടുകടത്തി.

മാർ സെബസ്ത്യാനി റോമിലേയ്ക്കു മടങ്ങുന്നതിനു മുമ്പ് 1663 ജനുവരി 31–ന് കടുത്തുരുത്തിയിൽ മാർത്തോമ്മക്രിസ്ത്യാനികളുടെ ഒരു യോഗം വിളിച്ചുകൂട്ടി, പള്ളിവീട്ടിൽ ചാണ്ടിയച്ചനെ സഭയുടെ വികാരി അപ്പസ്തോലിക്കയായി അഭിഷേകം ചെയ്തു. കേരളചരിത്രത്തിൽ അറിയപ്പെടുന്ന പ്രഥമ ഏതദ്ദേശീയ മെത്രാനാണ് പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ. അദ്ദേഹം ഇന്ത്യ മുഴുവൻെറയും മെത്രാപ്പോലീത്താ എന്ന് അറിയപ്പെട്ടു. ചാണ്ടി മെത്രാൻ 1687 ജനുവരി 2–ാം തീയതി നിര്യാതനായി. തുടർന്ന് കർമ്മലീത്ത മിഷനറിമാർ വികാരി അപ്പസ്തോലിക്കാമാരായി നിയമിതരായി.

ഏ.ഡി. 1700 മുതൽ 1887 വരെ രണ്ടു നൂറ്റാണ്ടുകാലം കർമ്മലീത്താ മെത്രാന്മാരുടെ സ്വാധീനം കേരളത്തിൽ ശക്തമായിത്തന്നെ നിലനിന്നു. അവർ അപ്പസ്തോലിക്കാമാരെന്ന നിലയിൽ കേരളസഭയിൽ ഏകാധിപതികളായി. മെത്രാന്മാരെക്കൊണ്ടുള്ള ആവശ്യങ്ങൾക്കെല്ലാം കർമ്മലീത്തരെ മാത്രം ദൈവ ജനത്തിന് ആശ്രയിക്കേണ്ടിവന്നു. അവരുടെ അഭീഷ്ടം നടപ്പാക്കുവാൻ അതു കൂടുതൽ സൗകര്യപ്രദമായി.

1773–ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ഫ്ളോറൻസിയൂസ് നിര്യാതനായപ്പോൾ സംസ്കാര ചടങ്ങുകളിൽ സംബന്ധിക്കാൻ ചെന്ന സുറിയാനിക്കരോട് "നിങ്ങളുടെ മെത്രാൻ മരിക്കുമ്പോൾ നിങ്ങൾ സംസ്കരിച്ചുകൊള്ളുക. ഇതു ഞങ്ങളുടെ മെത്രാനാണ്." എന്നു പറയുവാൻ മാത്രം കർമ്മലീത്തർ വളർന്നു.

## 9. ജോസഫ് കരിയാറ്റി മല്പാനും പാറേമ്മാക്കൽ ഗോവർണദോരും

ഭിന്നതയുപേക്ഷിച്ച് ഒരു സമൂഹമായിത്തീരാൻ കത്തോലിക്കരും യാക്കോബായക്കാരും അത്യധികം ആഗ്രഹിക്കുകയും ഒരുമയോടെ പരിശ്രമിക്കുകയും ചെയ്തിരുന്നു. പക്ഷേ സഭാനേതൃത്വം വഹിച്ചിരുന്ന ഇവിടത്തെ വിദേശമെത്രാന്മാർ ഐക്യശ്രമത്തിനു പൊതുവെ അനുകൂലമായിരുന്നില്ല. യാക്കോബായ സഭയിൽനിന്നു പുനരൈക്യമുണ്ടാകുമ്പോൾ പ്രസ്തുത സഭയുടെ മേലദ്ധ്യക്ഷന്മാർ സുറിയാനിസഭയുടെ മെത്രാന്മാരായി മാറും. അപ്പോൾ തങ്ങളുടെ

മേല്ക്കോയ്മ തുടരാൻ സാധ്യമല്ല എന്നതായിരുന്നു അവരുടെ എതിർപ്പിനു കാരണം. അങ്ങനെയാണ് സുറിയാനിക്കാർ അങ്കമാലിയിൽ യോഗം ചേർന്നത്.

അങ്കമാലിയിൽ ചേർന്ന യോഗമാണു ജോസഫ് കരിയാറ്റി മല്പാനേയും പാറേമ്മാക്കൽ ഗോവർണദോരേയും തങ്ങളുടെ പ്രതിനിധികളായി 1782-ൽ പോർച്ചുഗലിലേയ്ക്കും റോമിലേക്കും പറഞ്ഞയച്ചത്. 1783 ഫെബ്രുവരി 17-ാം തീയതി മല്പാൻ ജോസഫ് കരിയാറ്റി ലിസ്ബണിൽ വച്ച് കൊടുങ്ങല്ലൂരിൻെറ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ മടക്കയാത്രയിൽ ഗോവയിൽ വച്ച് 1796 സെപ്റ്റംബർ 10-ന് ആകസ്മികമായി മൃതിയടഞ്ഞു. തുടർന്ന് പാറേമ്മാക്കൽ തോമ്മാക്കത്തനാർ സുറിയാനിക്കാരുടെ മുഴുവൻ ഭരണകർത്താവായി. മാർ കരിയാറ്റിയുടെ സംശയാസ്പദമായ മരണവാർത്ത ശ്രവിച്ചതോടെ ആശങ്കാഭരിതരും ക്ഷുഭിതരുമായിത്തീർന്നിരുന്ന സുറിയാനിക്കാരെ ശാന്തരാക്കുവാൻ വേണ്ടി ഗോവാ മെത്രാപ്പോലീത്ത, പാറേമ്മാക്കലിൻെറ നിയമനത്തെ ചോദ്യം ചെയ്തില്ല. എന്നാൽ അദ്ദേഹത്തിനു മെത്രാൻ പദവി നൽകരുതെന്ന ശക്തമായ അഭിപ്രായത്തോടെ നിരവധി പരാതികൾ റോമിലും പോർച്ചുഗലിലും എത്തിച്ചേർന്നു. 1799-ൽ മരിക്കുന്നതുവരെ പാറേമ്മാക്കൽ തന്നെയായിരുന്നു കൊടുങ്ങല്ലൂരിൻെറ ഭരണാധികാരി.

## 10. നാമാവശേഷമായ കൊടുങ്ങല്ലൂർ രൂപത

പാറേമ്മാക്കൽ തോമ്മാ ഗോവർണദോർക്കുശേഷം സ്ഥിതിഗതികൾ കൂടുതൽ വഷളാവുകയാണുണ്ടായത്. മുസ്സലിലെ മെത്രാപ്പോലീത്ത ജാൺ ഹോർമീസിൽനിന്നു മെത്രാൻപട്ടം ലഭിച്ച പുത്തൻചിറക്കാരൻ പണ്ടാരി പൗലോസ്, മാർ അബ്രാഹം എന്ന പേരിൽ മെത്രാനായി അന്നിവിടെ ഉണ്ടായിരുന്നെങ്കിലും ഗോവർണദോർ നിര്യാതനായപ്പോൾ കൊടുങ്ങല്ലൂർ അതിരൂപതയുടെ നേതൃത്വം ഏറ്റെടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

ഗോവർണദോരുടെ കാലത്ത് തൻെറ ആലോചനക്കാരനായി അദ്ദേഹം തെരഞ്ഞെടുത്ത 12 കാനോനിസ്റ്റുകൾ മാർ അബ്രാഹാത്തിൻെറ അധ്യക്ഷതയിൽ ചങ്ങനാശ്ശേരിയിൽ ചേർന്നു

കട്ടക്കയത്തിൽ അബ്രഹാം മല്പാനെ ഗോവർണദോരായി തെരഞ്ഞെടുത്തു.

ഒന്നരകൊല്ലം അദ്ദേഹം സഭയ്ക്കു നേതൃത്വം നൽകി. സുറിയാനിക്കാർ എല്ലാവരും കട്ടക്കയത്തിനെ അംഗീകരിച്ചത് മിഷനറിമാർക്ക് ഇഷ്ടപ്പെട്ടില്ല. അവർ ചില പള്ളികളെ സ്വാധീനിച്ച് ശങ്കൂരിക്കൽ ഗീവർഗീസ് മല്പാനെ ഗോവർണ ദോരാക്കി. ഈ പശ്ചാത്തലത്തിൽ, ഐക്യം നിലനിറുത്തുന്നതിനു വേണ്ടി കട്ടക്കയം അബ്രാഹം കത്തനാർ രാജി വച്ചു. സുറിയാനിക്കാർ ഒന്നടങ്കം ശങ്കൂരിക്കലിനെ സ്വീകരിച്ചു. മാർ അബ്രാഹം മെത്രാനും ഇതംഗീകരിച്ചു. എന്നാൽ അദ്ദേഹത്തിനു ഭരണാധികാരം നൽകാനുള്ള നീക്കങ്ങളൊന്നും മിഷനറിമാരുടെ ഭാഗത്തുനിന്ന് ഉണ്ടായതുമില്ല.

കൊടുങ്ങല്ലൂർ അതിരൂപതയുടെയും സുറിയാനി സമുദായത്തിൻെറയും സ്വാധീനം അനുദിനം ക്ഷയിച്ചു വന്നു. ശങ്കൂരിക്കൽ ഗോവർണദോർ അധികനാൾ കഴിയുന്നതിനുമുമ്പ് നിര്യാതനായി. പകരം തെരഞ്ഞെടുക്കപ്പെട്ട ഗോവർണദോരന്മാർക്കു സഭയ്ക്കോ സമുദായത്തിനോ വേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. വർഷം തോറും കൊടുങ്ങല്ലൂർ അതിരൂപതയിൽനിന്നു പള്ളികൾ ഒന്നൊന്നായി വരാപ്പുഴ വികാരിയാത്തിൽ ചേർന്നു. 1838-ൽ പദ്രുവാദോ ഭരണാധികാരം തന്നെ മാർപാപ്പ നിറുത്തലാക്കി. അങ്ങനെ കൊടുങ്ങല്ലൂർ, കൊച്ചി രൂപതകൾ ഇല്ലാതായി. അവശേഷിച്ചിരുന്ന സുറിയാനി പള്ളിക്കാർ കൂടി വരാപ്പുഴ വികാരിയാ ത്തിൻെറ ഭാഗമായി.

1845-ൽ 9-ാം പീയൂസ് പാപ്പ വരാപ്പുഴ വികാരിയാത്തിനെ മൂന്നായി വിഭജിച്ചു. വടക്കു മംഗലാപുരം, തെക്കു കൊല്ലം, മദ്ധ്യത്തിൽ വരാപ്പുഴ എന്നിവയായിരുന്നു മൂന്നു ഭാഗങ്ങൾ. ഭാരതപ്പുഴ മുതൽ പമ്പാനദി വരെയുള്ള മധ്യഭാഗം ഉൾപ്പെടുന്നതാണ് വരാപ്പുഴ വികാരിയത്ത്.

## 11. കർമ്മലീത്തരുടെ അധികാരത്തിനു കീഴിൽ

വരാപ്പുഴയിലെ കർമ്മലീത്തക്കാരുടെ ശക്തി വർദ്ധിച്ചു. സുറിയാനിക്കാരുടെ താൽപര്യങ്ങൾക്കെതിരായ അവരുടെ

നീക്കത്തിന് ആക്കം കൂടി. സുറിയാനി റീത്തനുസരിച്ചുള്ള ആചാരങ്ങളെ യഥേഷ്ടം പരിഷ്കരിക്കുന്നതിൽ അവർ യാതൊരു അലംഭാവവും കാണിച്ചില്ല. സുറിയാനിക്കാരായ മല്പാന്മാരുടെ കീഴിൽ പരിശീലനം നേടിയ വൈദികാർത്ഥികൾക്കു പട്ടം കൊടുക്കുവാൻ കർമ്മലീത്ത മെത്രാന്മാർ വിസമ്മതിച്ചു. കർമ്മലീത്തരുടെ സെമിനാരികളിൽ സുറിയാനിക്കാരുടെ പാരമ്പര്യത്തിനു വിരുദ്ധമായ പരിശീലനം നൽകി വന്നതിനാൽ അവിടെ പോകുവാൻ വൈദികാർത്ഥികളും മടിച്ചു. തന്മൂലം വൈദികരുടെ എണ്ണം സുറിയാനി സമുദായത്തിൽ കുറഞ്ഞു.

കർമ്മലീത്ത നുകം വലിച്ചെറിയുവാൻ കഴിഞ്ഞ നൂറ്റാണ്ടിൻെറ ആദ്യ പകുതിയിൽ കേരള ക്രൈസ്തവർക്കു കഴിഞ്ഞില്ലെങ്കിലും അതിനോടൊത്തു പോകുവാൻ വളരെ കുറച്ചു സുറിയാനിക്കാർ മാത്രമാണുണ്ടായിരുന്നത്. കർമ്മലീത്തക്കാരിൽ നിന്നു മോചനം നേടുക എന്നതായി അന്നത്തെ സുറിയാനിക്കാരുടെ പ്രവർത്തന ലക്ഷ്യം. സഭാധികാരികളും സാമാന്യജനങ്ങളും തമ്മിലുള്ള ബന്ധം ഏറ്റവും ശിഥിലമായ കാലഘട്ടം അതായിരുന്നു.

വരാപ്പുഴ വികാരിയാത്തിൻെറ മെത്രാൻ മാർ മൗറേലിയൂസ് സ്തബിലിനി 1831-ൽ പിരിയുമ്പോൾ കേരളത്തിൽ ആകെയുണ്ടായിരുന്ന 41,000 ലത്തീൻ കത്തോലിക്കർക്ക് 24 വൈദികർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. സുറിയാനിക്കാർക്ക് അതുപോലുമുണ്ടായിരുന്നില്ല. വൈദികരുടെ ഉപദേശമല്ലാതെ മറ്റൊരു മതബോധന സൗകര്യമില്ലാത്തതിനാൽ സാധാരണ കത്തോലിക്കരുടെ വിശ്വാസം ക്ഷയിച്ചു. പകരം ആചാരങ്ങൾ മാത്രം നിലനിന്നു. സാധാരണ ഗതിയിൽ നന്മയിലേക്കുള്ള മാറ്റം പ്രതീക്ഷിക്കാനാവാത്ത ഒരു സമൂഹമായി കേരള കത്തോലിക്കർ അധഃപതിച്ചു.

## 12. നേതാക്കളില്ലാത്ത കാലം

പോർച്ചുഗീസുകാരുടെ കാലം മുതൽ സുറിയാനി സഭയുടെ ചരിത്രം തികച്ചും സംഘർഷ പൂരിതമായിരുന്നു. അന്നു മുതൽ സഭയുടെ ഐക്യത്തിലും കൂട്ടായ്മയിലും കരിനിഴൽ വീഴാൻ തുടങ്ങി.

ഉദയംപേരൂർ സൂനഹദോസിലൂടെ അടിച്ചമർത്തപ്പെട്ടതും അധികാരങ്ങൾ കവർന്നെടുക്കപ്പെട്ടതുമായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ എതിർപ്പിൻെറ പ്രകടനപത്രികയായിരുന്നു കൂനൻകുരിശു സത്യം. ഫലമായി സഭ രണ്ടായി പിളർന്നു. സ്വജാതി മെത്രാനുവേണ്ടിയുള്ള പരിശ്രമം തികഞ്ഞ പരാജയമായി പരിണമിച്ചു. പദ്രുവാദോ ഭരണസംവിധാനം നിലവിലിരുന്ന സാഹചര്യത്തിൽ പ്രൊപ്പഗാന്ത സംവിധാനവും കടന്നുകയറി. രണ്ടു ഭരണചക്രങ്ങളുടെ ഇടയിൽ ദൈവജനം ഞെരുങ്ങി. എങ്ങും എതിർപ്പുകളുടെ മുറുമുറുക്കലുകൾ മാത്രം.

നശിച്ചുകൊണ്ടിരുന്ന സുറിയാനി പാരമ്പര്യങ്ങളെ സംരക്ഷിക്കണമെങ്കിൽ കർമ്മലീത്താ മെത്രാന്മാരിൽ നിന്നും സമുദായത്തെ സ്വതന്ത്രമാക്കേണ്ടത് ആവശ്യമായിവന്നു. പക്ഷെ ധീരമായ ഒരു കാൽവെയ്പിന് ആരും തയ്യാറായില്ല. കാലഘട്ടത്തിൻെറ വിളി ഉൾക്കൊണ്ട് ദൈവജനത്തിനു നേതൃത്വം നൽകാൻ കഴിവുള്ള വൈദികരുടെയും അത്മായ നേതാക്കന്മാരുടെയും അഭാവം എങ്ങും ദൃശ്യമായിരുന്നു. അമർഷവും നിരാശയും മാത്രമവശേഷിച്ചു. ഒരു പൊട്ടിത്തെറിയുടെ വക്കോളം സമുദായം വന്നെത്തി.

പ്രഗത്ഭരായ നേതാക്കന്മാർ കേരള കത്തോലിക്കാസഭയ്ക്കു 18-ാം നൂറ്റാണ്ടിലുണ്ടായിരുന്നുവെങ്കിൽ അവരെല്ലാവരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞശേഷമാണു 19-ാം നൂറ്റാണ്ട് ഉദയം ചെയ്തത്. പുനരൈക്യത്തിൻെറ പ്രണേതാവും പ്രഗത്ഭനും അദ്യത്തെ ഏകദേശീയ മെത്രാപ്പോലീത്തയുമായിരുന്ന മാർ ജോസഫ് കരിയാറ്റി 1786-ൽ ദിവംഗതനായി. വരാപ്പുഴ, കൊടുങ്ങല്ലൂർ, കൊച്ചി രൂപതകളിൽ ഭിന്നിച്ചുനിന്നിരുന്ന സുറിയാനി കത്തോലിക്കരെ മുഴുവൻ ഒരു നേതൃത്വത്തിൽ കീഴിലാക്കിയ പാറേമ്മാക്കൽ തോമ്മാ ഗോവർണദോർ 1799-ൽ നിര്യാതനായി. കേരളകത്തോലിക്കാ സമുദായത്തിനു തിരുവിതാംകൂർ കൊച്ചി രാജസമക്ഷം സ്ഥാനവും പദവിയും അംഗീകാരവും നേടിയ തയ്യിൽ മാത്തുത്തരകൻ 1814-ലാണു നിര്യാതനായതെങ്കിലും വേലുത്തമ്പി ദളവ തിരുവിതാംകൂറിൽ അധികാരത്തിലേറിയ 1799-ൽ തന്നെ തരകനെ

രാജദ്രോഹിയായി മുദ്രയടിച്ചിരുന്നു. സമുദായ കാര്യങ്ങളിൽ പ്രവർത്തിക്കുവാൻ സാധ്യമാകാത്ത പരിതസ്ഥിതിയിലേക്കു അദ്ദേഹം മാറ്റി നിറുത്തപ്പെട്ടു.

അടുത്ത നേതൃത്വനിരയെന്ന് അവകാശപ്പെടാവുന്നവരിൽ ഒരാളായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ജനിക്കുന്നത് 1805-ൽ മാത്രമാണ്. പാലയ്ക്കൽ തോമാ മല്പാനും പോരുക്കര തോമാ മല്പാനും ആ കാലഘട്ടത്തിൽ മാത്രം ജനിച്ചവരാണ്. അവർക്കെല്ലാം സമുദായത്തിൽ സ്വാധീനമുണ്ടാകുന്നതിനു 30 വർഷം കൂടെ കാത്തിരിക്കേണ്ടിവന്നു. പേരെടുത്തു പറയാവുന്ന നേതാക്കന്മാരാരും ആ കാലഘട്ടത്തിൽ കേരളസഭയ്ക്കുണ്ടായിരുന്നില്ല.

സഭാസ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്ത മഹാന്മാരുടെ രണ്ടു നിര ഗിരിശൃംഗങ്ങൾക്കിടയിലുള്ള താഴ്വരയായിരുന്നു 19-ാം നൂറ്റാണ്ടിൻെറ ആദ്യത്തെ ദശാബ്ദക്കാലം. ആ താഴ്വരയുടെ ചരുവിൽ പൊട്ടി മുളച്ചുവളർന്നു പന്തലിച്ച ഒരു വൻ വടവൃക്ഷമാണ് സി.എം.ഐ. സന്ന്യാസസഭ. പിൽകാലത്തെ സ്വാതന്ത്ര്യ ഭടന്മാരിൽ പലരും ഈ മഹാവൃക്ഷത്തിൻെറ കൊമ്പുകളിൽ ചേക്കേറിക്കൊണ്ടാണു വിദേശ ശക്തികൾക്കെതിരെ ആഞ്ഞു കൊത്തിയത്. മാർത്തോമ്മാശ്ലീഹാ ജന്മം നൽകിയ കേരള സുറിയാനി സഭയ്ക്കു രണ്ടാം ജന്മം നൽകി അതിൻെറ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് അടിത്തറപാകി അതിനെ പണിതുയർത്തിയത് ഈ സഭയുടെ സ്ഥാപകരും അവരുടെ പിൻമുറക്കാരുമാണ്.

# 4

# സി.എം.ഐ സഭാസ്ഥാപക പിതാക്കന്മാർ

സി.എം.ഐ. സഭാസ്ഥാപകർ: മല്പാൻ തോമസ് പാലയ്ക്കൽ, മല്പാൻ തോമസ് പോരൂക്കര, വി. ചാവറ കുരിയാക്കോസ് ഏലിയാസ്

## 1. മല്പാൻ തോമസ് പാലയ്ക്കൽ

- സഭാസ്ഥാപകരിൽ പലയ്ക്കൽ തോമാച്ചൻ പ്രായം, പാണ്ഡിത്യം, പക്വമായ ചിന്താശീലം, ആചാര്യ സ്ഥാനം എന്നിവകൊണ്ട് മുന്നിൽ നിൽക്കുന്നു.
- തെക്കൻ പള്ളിപ്പുറത്ത് പാലയ്ക്കൽ കുടുംബത്തിൽ 1780–ൽ വർക്കി മറിയം ദമ്പതിമാരുടെ മകനായി ജനിച്ചു.
- ചമ്പക്കുളത്ത് പുത്തൻപുരയ്ക്കൽ കുടുംബാംഗമായിരുന്നു മറിയം.
- തോമാ ഔസേഫ് എന്ന ജ്യേഷ്ഠനും രണ്ടു സഹോദരിമാരും തോമായ്ക്ക് ഉണ്ടായിരുന്നു.
- 1790–ൽ നാട്ടിൽ  പടർന്നു പിടിച്ച വസൂരി രോഗം ബാധിച്ച് പിതാവ് വർക്കി മരണമടഞ്ഞു.
- പള്ളിപ്പുറത്ത് അബ്രാഹം തച്ചിൽ മല്പാന്റെ സെമിനാരിയിൽ ചേർന്ന് തോമാ വൈദികപഠനം ആരംഭിച്ചു.
- 1807–ൽ അദ്ദേഹം  വൈദികപട്ടം സ്വീകരിച്ചു.
- തുടർന്ന് വികാരി അപ്പസ്തോലിക്കയായ റെയ്മണ്ട് റൊവിൽജിയായുടെ സെക്രട്ടറിയായി ജോലി ചെയ്തു.
- 1818–ൽ സെക്രട്ടറി ജോലിയിൽനിന്നു വിരമിച്ചു. പള്ളിപ്പുറം സെമിനാരിയുടെ മല്പാൻ സ്ഥാനം ഏറ്റെടുത്തു. വികാരി അപ്പസ്തോലിക്കയുടെ ആലോചനക്കാരനായി ജോലി തുടരുകയും ചെയ്തു.

- വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറി എന്ന നിലയിൽ മല്പാൻ തോമസ് പാലയ്ക്കൽ സുറിയാനി സഭയിൽ പല പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനു മുൻകയ്യെടുത്തു.

വൈദിക പരിശീലനം ശാസ്ത്രീയമാക്കുന്നതിന് അത്യദ്ധ്വാനം ചെയ്തു. സെമിനാരിയ്ക്ക് ഒരു നിയമാവലി രൂപപ്പെടുത്തി. പലയിടങ്ങളിൽനിന്നും പുസ്തകങ്ങൾ ശേഖരിച്ചു. പല വ്യക്തികൾ സ്വന്തമായി സൂക്ഷിക്കുന്ന പുസ്തകങ്ങൾ പകർത്തിയെടുപ്പിച്ചു. അങ്ങനെ സെമിനാരി ഗ്രന്ഥാലയം സമ്പന്നമാക്കി. തമിഴ് ഗ്രന്ഥങ്ങൾ ശേഖരിച്ച് പകർത്തിയെഴുതുകയും വിവർത്തനം നടത്തുകയും ചെയ്തതിന്റെ പേരിൽ 'പാണ്ടി മല്പാൻ' എന്ന ഓമനപ്പേരിൽ അദ്ദേഹം അറിയപ്പെട്ടു. തിരുസഭയുടെ ഔദ്യോഗികഭാഷയായ ലത്തീൻ സെമിനാരിക്കാരെ പഠിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ അദ്ദേഹം ചെയ്തു.

- പ്രത്യേകമായ വൈദികവസ്ത്രം നടപ്പിൽ വരുത്തി.
- ഇടവകകൾതോറും മാതാവിന്റെ ദർശനസഭ സ്ഥാപിക്കുന്നതിനും പള്ളികളിൽ സെമിത്തേരി സ്ഥാപിക്കുന്നതിനും കുമ്പസാരക്കൂട് ഏർപ്പെടുത്തുന്നതിനും മുൻകൈയെടുത്തു.

- 1833–ൽ മല്പാനച്ചന്റെ പ്രത്യേക താൽപര്യപ്രകാരം മാന്നാനം കൊവേന്തയോടനുബന്ധിച്ചു സെമിനാരി ആരംഭിച്ചു.
- 1841 ജനുവരി 16–ന് പോരൂക്കര തോമാച്ചനിൽ നിന്നു അന്ത്യകൂദാശകൾ സ്വീകരിച്ചു. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പോരൂക്കരയച്ചൻ തന്നെ ചരമപ്രസംഗം നടത്തി. പള്ളിപ്പുറം ഇടവകപ്പള്ളിയിൽ സംസ്കരിക്കപ്പെട്ടു.
- വി. ചാവറപിതാവ് മല്പാനച്ചന്റെ ജീവചരിത്രമെഴുതി.
- മല്പാനച്ചന്റെ ഓർമ്മയ്ക്കായി 1991 ജനുവരി 16–ന് തിരുഹൃദയ പ്രവിശ്യയിൽ ആലുവയിൽ ആചാര്യ പാലയ്ക്കൽ റിസേർച്ച് സെൻറർ സ്ഥാപിതമായി.

## 2. മല്പാൻ തോമസ് പോരൂക്കര

- കുട്ടനാട്ടിലെ കല്ലൂർക്കാട് (ചമ്പക്കുളം) ഇടവകയിൽപ്പെട്ട പോരൂക്കരത്തറവാട്ടിൽ ഇട്ടിക്കുരുവിള, മറിയാമ്മ ദമ്പതിമാർക്കു മകനായി 1799 ഡിസംബർ 27-ാം തീയതി തോമാ ജനിച്ചു.
- അവരുടെ 8 മക്കളിൽ (അഞ്ചു പുത്രന്മാരും മൂന്നു പുത്രിമാരും) മൂത്തവനായിരുന്നു തോമാ.
- അക്കാലത്തെ വൈദികവിദ്യാലയങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്ന വരാപ്പുഴ സെമിനാരിയിൽ ചേർന്നു പരിശീലനം നേടി.
- 1817 മെയ് 1-ന് ആസ്തപ്പാട് പട്ടം സ്വീകരിച്ചു.
- 1818-ൽ തോമാ ശെമ്മാശ്ശന്റെ പിതാവ് നിര്യാതനായി.
- 1822 ഒക്റ്റോബർ 19-ന് ഡീക്കൻ പട്ടം സ്വീകരിച്ചു.
- 1823 സെപ്റ്റംബർ 22-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ഒക്റ്റോബർ 16-ന് സ്വന്തം ഇടവകയായ കല്ലൂർക്കാട് പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു.
- പട്ടം സ്വീകരിച്ചശേഷം സ്വന്തം ഇടവകയായ കല്ലൂർക്കാട് പള്ളിയിൽ വികാരിയായി.
- 1827 ഓഗസ്റ്റ് 15-ന് തങ്കശ്ശേരി പുത്തൻപള്ളിയുടെ വികാരിയായി സ്ഥലം മാറ്റപ്പെട്ടു.
- 1828 മാർച്ച് 16-ാം തീയതി വരാപ്പുഴ അപ്പസ്തോലിക്കയായ മാർ മൗറേലിയൂസ് സ്തബിലീനിയുടെ സെക്രട്ടറിയായി നിയമിതനായി.
- മാന്നാനത്ത് ആശ്രമം പണിയാൻ നിശ്ചയിച്ചിരുന്ന സ്ഥലത്ത് ആഘോഷമായി കുരിശു നാട്ടുന്നതും ആശ്രമത്തിന് തറക്കല്ലിടുന്നതും ആശ്രമത്തിന് മദ്ധ്യസ്ഥനായി വി. യൗസേപ്പിനെ നിർദ്ദേശിക്കുന്നതും ബ. പോരൂക്കരയച്ചനാണ്.
- ആശ്രമം സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് കുരിശ് നാട്ടൽ ആഘോഷം നടന്നതിന്റെ അവസാനം

അഘോഷത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന ഒരു കുട്ടിയെ പാമ്പു കടിച്ചു. താമസിയാതെ അവൻ മരണാസന്നനായി. ചികിത്സയ്ക്കായി വൈദ്യനെ അന്വേഷിച്ചു പരക്കം പാഞ്ഞവരെ പോരൂക്കര തോമാച്ചൻ ആശ്വസിപ്പിച്ചു. തോമാച്ചൻ തന്നെ ഹന്നാൻ വെള്ളം തെളിച്ച് പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. എല്ലാവരോടും പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. യാതൊരു ചികിത്സയും കൂടാതെ ബാലൻ സുഖം പ്രാപിക്കയാണുണ്ടായത്.

- 1832-ൽ മാർ മൗറേലിയുസിൻെറ പിൻഗാമിയായി മാർ ഫ്രാൻസിസ് സേവ്യർ മെത്രാൻ വന്നു. മൗറേലിയൂസ് മെത്രാനോടു എതിർപ്പുണ്ടായിരുന്ന ലത്തീൻ വിഭാഗക്കാരും ചില സുറിയാനിക്കാരും മാന്നാനം ആശ്രമ സ്ഥാപനവുമായി ബന്ധപ്പെടുത്തി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ മെത്രാൻെറ ചെവിയിൽ എത്തിച്ചു. നാടുനീളെ സഞ്ചരിച്ച് ആശ്രമസ്ഥാപനത്തിനുവേണ്ടി പിരിവു നടത്തുകയും കൂടെക്കൂടെ മാന്നാനത്തു വന്നു പണികളുടെ പുരോഗതി നിരീക്ഷിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്ത പോരൂക്കരയച്ചനെ കായംകുളം, പിള്ളത്തോപ്പ് എന്നീ പള്ളികളുടെ വികാരിയാക്കി മാന്നാനത്തുനിന്നു വിദൂരത്താക്കി. വി. ചാവറപിതാവിനെ പള്ളിപ്പുറം വികാരിയായി നിയമിച്ചു.
- ക്രമേണ മെത്രാനച്ചൻെറ മനോഭാവം മാറുകയും 1833-ൽ ഇരുവരെയും പ്രസ്തുത ജോലികളിൽനിന്ന് വിടുതൽ നല്കുകയും ചെയ്തു.
- പള്ളികളിൽ ഞായറാഴ്ച പ്രസംഗം പറയുന്ന പതിവിന് ആരംഭം കുറിച്ചു. പുത്തൻ കുർബ്ബാനകൾക്കും തിരുനാളുകൾക്കും ഇദ്ദേഹത്തെക്കൊണ്ടു പ്രസംഗം പറയിപ്പിച്ചിരുന്നു.
- കേരളത്തിൽ വി. യൗസേപ്പിനോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു പ്രധാന പങ്കു വഹിച്ചു.

- അക്കാലത്ത് സുറിയാനി പള്ളികളിൽ സംഗീതം പതിവില്ലായിരുന്നു. തെക്കുനിന്നു ഒരു സംഗീതജ്ഞനെ കൊണ്ടുവന്ന് ചെറുപ്പക്കാരെ വയലിൻ വായിക്കാനും പാട്ടുപാടാനും പഠിപ്പിച്ചു. അങ്ങനെ ദേവാലയത്തിൽ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു തിരുക്കർമ്മങ്ങൾ നടത്തുന്ന പതിവ് ആരംഭിച്ചു.
- തന്റെ പരിശ്രമഫലമായി ഏറിയ നാളായി കുമ്പസാരിക്കാതെ ദുർനടപ്പുകാരായി ജീവിച്ചിരുന്നവർ പലരും ഭക്തജീവിതത്തിലേക്ക് തിരിച്ചുവന്നു. കുമ്പസാരിക്കുവാൻ വരുന്നവരെ പ്രത്യേകമായി ഒരുക്കിയതിനുശേഷമായിരുന്നു കുമ്പസാരിപ്പിച്ചിരുന്നത്.
- വൈകുന്നേരങ്ങളിൽ കുട്ടികളെ ദേവാലയത്തിൽ ഒരുമിച്ചുകൂട്ടി പ്രാർത്ഥിപ്പിച്ചിരുന്നു.
- ശനിയാഴ്ച ദിവസങ്ങളിൽ ഭിക്ഷക്കാർക്കുള്ള ദിനമായി കരുതി അവരെ ദേവാലയത്തിൽ ഒരുമിച്ചുകൂട്ടി നല്ല ഉപദേശങ്ങൾ കൊടുക്കുകയും ജപമാല ചൊല്ലിയതിനു ശേഷം അവർക്കു ഭിക്ഷ കൊടുക്കുകയും ചെയ്തിരുന്നു.
- പ്രമേഹരോഗിയായ അദ്ദേഹം രോഗം മൂർച്ഛിക്കുകയാൽ ചികിത്സാർത്ഥം കല്ലൂർക്കാട് സ്വന്തഭവനത്തിൽ വിശ്രമിച്ചു. കൂലിപ്പുരയ്ക്കൽ മത്തായിയച്ചൻ അദ്ദേഹത്തെ കുമ്പസാരിപ്പിച്ചു. സ്വസഹോദരനും പില്ക്കാലത്ത് സഭയുടെ രണ്ടാം ജനറാളുമായിരുന്ന പോരൂക്കര കുരിയാക്കോസ് ഏലിശാച്ചൻ ദിവ്യ കാരുണ്യവും അന്ത്യലേപനവും നൽകി.
- അല്പം സുഖം തോന്നിയപ്പോൾ മാന്നാനത്തേയ്ക്കു മടങ്ങി അവിടത്തെ ദിനചര്യകളിൽ പങ്കെടുത്തു.
- 1846 ജനുവരി 8-ന് തന്റെ 46-ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.
- പോരൂക്കര കുരിയാക്കോസ് ഏലിശാച്ചൻ പോരൂക്കര മല്പാന്റെ ജീവചരിത്രം എഴുതി.

- മല്പാനച്ചൻെറ സ്മരണർത്ഥം കല്ലൂർക്കാട് “പോരൂക്കര ഗാർഡൻ” പണിതീർത്തു.

### 3. വി. ചാവറ കുരിയാക്കോസ് ഏലിയാസ്

- 1805 ഫെബ്രുവരി 10–ാം തീയതി ചേന്നങ്കരി ഇടവകയിലെ കൈനകരിയിൽ ചാവറ കുടുംബത്തിൽ കുരിയാക്കോസ് മറിയം ദമ്പതിമാരുടെ ആറു മക്കളിൽ ഇളയവനായി കുരിയാക്കോസ് ജനിച്ചു. അമ്മ പുളിങ്കുന്ന് ഇടവകയിൽപെട്ട വെളിയനാട് തോപ്പിൽ കുടുംബാംഗമാണ്. കുരിയാക്കോസിന് ഒരു സഹോദരനും നാലു സഹോദരിമാരും ഉണ്ടായിരുന്നു.
- 1805 ഫെബ്രുവരി 16–ാം തീയതി ചേന്നങ്കരി പള്ളിയിൽ വച്ച് കുര്യാക്കോസ് ജ്ഞാനസ്നാനം സ്വീകരിച്ചു.
- 1805 സെപ്റ്റംബർ 8–ന് വെച്ചൂർ പള്ളിയിൽ വച്ച് കുര്യാക്കോസിനെ മേരിദാസനായി അടിമവെച്ചു.
- അഞ്ചു വയസ്സു മുതൽ പത്തു വയസ്സുവരെയുള്ള പ്രായത്തിൽ ആശാൻ കളരിയിൽ പഠിച്ചു.
- ചേന്നങ്കരിപ്പള്ളിയിലെ രണ്ടു വർഷം നീണ്ട പരിശീലനത്തിനു ശേഷം 1818–ൽ പള്ളിപ്പുറം സെമിനാരിയിൽ പാലയ്ക്കൽ തോമസ് മല്പാൻെറ കീഴിൽ സെമിനാരി വിദ്യാഭ്യാസം ആരംഭിച്ചു.

കുര്യാക്കോസിൻെറ മാതാപിതാക്കളും ജ്യേഷ്ഠനും വസൂരി രോഗം പിടിപെട്ട് കർത്താവിൽ നിദ്ര പ്രാപിച്ചു. അത് കുര്യാക്കോസിൻെറ ദൈവവിളിയിൽ പ്രതിസന്ധി സൃഷ്ടിച്ചു. സെമിനാരി ജീവിതം ഉപേക്ഷിച്ച് സ്വന്തം വീട്ടിലേക്ക് തിരിച്ചെത്തുവാൻ ബന്ധുക്കൾ കുരിയാക്കോസിനെ നിർബന്ധിച്ചു. എന്നാൽ നിർബ്ബന്ധങ്ങൾക്ക് അദ്ദേഹം വഴിപ്പെടുന്നില്ല. മൂത്ത സഹോദരിയേയും അവരുടെ ഭർത്താവിനെയും കുടുംബകാര്യങ്ങൾ ഭരമേല്പ്പിച്ചു. ജ്യേഷ്ഠൻെറ പത്നിയെയും പുത്രിയെയും സംരക്ഷിക്കാൻ അവരെ ചുമതലപ്പെടുത്തി. ജ്യേഷ്ഠൻെറ മകൾ വളർന്നുവരുമ്പോൾ ചാവറ കുടുംബ പാരമ്പര്യം

തുടരത്തക്കവിധം കാര്യങ്ങൾ അദ്ദേഹം ക്രമീകരിച്ചു. കുടുംബസ്വത്ത് ഇരുകൂട്ടർക്കുമായി വിഭജിച്ചു നല്കി.

- 1828-ൽ കുര്യായാക്കോസ് ഡീക്കൻ പട്ടം സ്വീകരിച്ചു.
- 1829 നവംബർ 29-ാം തീയതി അർത്തുങ്കൽ സെൻറ് ആൻഡ്രൂസ് പള്ളിയിൽ വച്ച് കുര്യാക്കോസ് പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. പിറ്റേനാൾ ചേന്നങ്കരി പള്ളിയിൽ പുത്തൻകുർബ്ബാന ചൊല്ലി.
- തുടർന്ന് പള്ളിപ്പുറം സെമിനാരിയിൽ മല്പാനച്ചൻെറ സഹായിയായി.
- മാന്നാനം ആശ്രമസ്ഥാപനത്തിലും കെട്ടിടപ്പണിയിലും സഹകാരിയായി.
- 1831-ൽ തെക്കൻ പള്ളിപ്പുറം പള്ളിയിൽ കുരിയാക്കോസച്ചൻ വികാരിയായി നിയമിതനായി.
- 1833 തെക്കൻപള്ളിപ്പുറം വികാരി ജോലിയിൽനിന്നു വിടുതലാക്കപ്പെട്ടു.
- 1844-ൽ കുര്യാക്കോസച്ചന് വികാരി അപ്പസ്തോലിക്ക മല്പാൻ സ്ഥാനം നൽകി.
- 1846-ൽ മാന്നാനം സ്ഥാപനങ്ങളുടെ സുപ്പീരിയർ സ്ഥാനം ചാവറപിതാവിൽ നിക്ഷിപ്തമായി.
- 1855 ഡിസംബർ 8-ാം തീയതി തിരുസഭാ നിയമമനുസരിച്ച് ചാവറയച്ചൻ സന്ന്യാസവ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു. സന്ന്യാസത്തിൻെറ നിയമ്മനുസരിച്ച് വ്രതാനുഷ്ഠാനാവസരത്തിൽ മറ്റൊരു പേരുകൂടെ സ്വീകരിക്കണമെന്നുണ്ട്. അതനുസരിച്ച് 'തിരുക്കുടുംബത്തിൻെറ കുര്യാക്കോസ് ഏലിയാസ്' എന്ന നാമമാണ് ചാവറയച്ചൻ സ്വീകരിച്ചത്.
- 1857 കൂനമ്മാവ് ആശ്രമത്തിൻെറ പ്രിയോരായി ചാവറയച്ചൻ നിയമിതനായി.
- 1964-ൽ ചാവറപിതാവ് കൂനമ്മാവിൽ താമസമാരംഭിച്ചു.
- സുറിയാനി സഭയുടെ വികാരി ജനറൽ (1861 ജൂൺ 8) എന്ന നിലയിലും സന്ന്യാസസഭയുടെ അധികാരി എന്ന

നിലയിലും പൊതുജനത്തിൻെറ ഉന്നമനത്തെയും തിരുസഭയുടെ വളർച്ചയെയും ലക്ഷ്യമാക്കി ബഹുമുഖമായ പ്രസ്ഥാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും ചാവറ പിതാവ് തുടക്കം കുറിച്ചു. സീറോമലബാർ സഭയുടെ പാരമ്പര്യമനുസരിച്ച് നിയമിതനാകുന്ന ആർച്ച് ഡീക്കനെ പോലെ ചവാറയച്ചൻ കേരളസഭയെ നയിച്ചു. അതിഥി കളായി വന്നെത്തുന്ന മിഷനറിമാരോട് മെത്രാപ്പോലീത്താ പറയുമായിരുന്നു, "നിങ്ങൾ അദ്ദേഹത്തെ കണ്ടോ? അദ്ദേഹമാണ് മലയാളം ഭരിക്കുന്നത്."

- എല്ലാറ്റിനും ഉപരി അദ്ദേഹം മഹാനായ ഒരു ദൈവിക മനുഷ്യനായിരുന്നു.
- 1871 ജനുവരി 3-ന്, 66-ാം വയസിൽ ചാവറപിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.
- സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽ നിന്ന് വേർതിരിച്ചതോടുകൂടി കൂനമ്മാവ് ആശ്രമം സുറിയാനി കർമ്മലീത്താ സഭയിൽ നിന്നു വേർപെടുത്തി ലത്തീൻ സഭയുടേതാക്കി. 1889 മെയ് 24-ന് ചാവറപിതാവിൻെറ പൂജ്യാവശിഷ്ടങ്ങൾ മാന്നാനത്തേക്കു മാറ്റി സ്ഥാപിച്ചു.
- 1958 ജനുവരി 3-ന് ചാവറപിതാവ് ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടു.
- 1984 ഏപ്രിൽ 7-ന് ചാവറ പിതാവ് വന്ദ്യൻ എന്നു പ്രഖ്യാപിക്കപ്പെട്ടു.
- 1986 ഫെബ്രുവരി 8-ന് ചാവറപിതാവിനെയും അൽഫോൻസമ്മായേയും ജോൺ പോൾ രണ്ടാമൻ പാപ്പ കോട്ടയത്തു വച്ച് വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു.
- ചാവറപിതാവിൻെറ സാമുഹ്യ സേവനങ്ങളെ ആദരിച്ച് 1987 ഡിസംബർ 20-ന് ഇന്ത്യ ഗവൺമെൻറ് തപാൽ സ്റ്റാമ്പ് പുറപ്പെടുവിച്ചു.

- മലയാളസാഹിത്യ സംഭാവനകളെ പരിഗണിച്ച് കേരള സർക്കാർ, തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ അദ്ദേഹത്തിൻെറ ഫോട്ടോ അനാച്ഛാദനം ചെയ്തു.
- 2014 നവംബർ 23-ന് മാർ ഫ്രാൻസിസ് മാർപാപ്പ ചാവറപിതാവിനെ വിശുദ്ധനായി നാമകരണം ചെയ്തു.

## 4. ആഹ ജേക്കബ് കണിയാന്തറ

- 1800 ജനുവരി 6-ന് കുട്ടനാട്ടിലെ കല്ലൂർക്കാട് (ചമ്പക്കുളം) ഇടവകയിൽപ്പെട്ട കണിയാന്തറ ആയിരുന്നു യാക്കോബിൻെറ ജനനം.
- തോമസ് പോരൂക്കരയച്ചൻ ശെമ്മാശനായിരിക്കെ തൻെറ ആത്മസുഹൃത്തായ കണിയാന്തറ യാക്കോബുമായി തൻെറ ഭാവിപരിപാടി പങ്കുവച്ചിരുന്നു, "ഞാൻ കുർബ്ബാനപ്പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടു പേർക്കുംകൂടി വാച്ച വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം."
- തോമ്മാച്ചൻ പട്ടമേറ്റ് വൈദിക വൃത്തിയിൽ മുഴുകി. കാലങ്ങൾ കടന്നു പോയി. യാക്കോബിനു വയസ്സ് 26 കഴിഞ്ഞു. മാതാപിതാക്കളുടെ നിർബ്ബന്ധമനുസരിച്ചു വിവാഹത്തിനു വഴങ്ങി. ഒരു നാൾ ഇടവക പള്ളിയിൽ വി. കുർബ്ബാന കഴിഞ്ഞ് കാഞ്ഞിരപ്പള്ളി ഇടവകക്കാരൻ കുഞ്ഞാക്കോ അച്ചൻെറ പ്രസംഗം ഉണ്ടായിരുന്നു. ആ പ്രസംഗം യാക്കോബിൻെറ മനസ്സിനെ ഏറെ ചലിപ്പിച്ചു. വിവാഹം എന്ന തീരുമാനത്തിൽ നിന്നു പിൻമാറി. പോരൂക്കരയച്ചൻെറ വനവാസചിന്ത ഒരു ബോദ്ധ്യമായി യാക്കോബിൻെറ ഉള്ളിൽ നിറഞ്ഞു. എന്നാൽ അദ്ദേഹത്തെ കണ്ടുമുട്ടണമല്ലോ. എങ്ങനെ? യാക്കോബ് മാതാവിൻെറ മാദ്ധ്യസ്ഥം തേടി. പിറ്റേന്നാളും പള്ളിയിൽ പോയി മാതാവിനോടു മുട്ടിപ്പായി പ്രാർത്ഥിച്ചു. മാതാവിനെകുറിച്ച് ഒരു ശനിയാഴ്ച കുർബ്ബാന ചൊല്ലിക്കാൻ തീരുമാനിച്ചു. ഉടനെ സന്തോഷവാർത്ത അനുഗ്രഹമായി യാക്കോബിനെ

തേടിവന്നു. പോരൂക്കരയച്ചൻ വന്നിരിക്കുന്നു. വഞ്ചിക്കടവിൽ ഇരു വരും കണ്ടുമുട്ടി. പോരൂക്കരയച്ചനോടൊപ്പം അപ്പോൾ തന്നെ വരാപ്പുഴയ്ക്കു പോകാൻ യാക്കോബ് തീരുമാനിച്ചു. മാതാപിതാക്കൾ അറിഞ്ഞാൽ അനുവദിക്കയില്ല എന്നതുകൊണ്ട് ആരുടെയും അനുവാദത്തിനായി അദ്ദേഹം മുതിർന്നില്ല. വീട്ടിൽ ചെന്നു ആരുമറിയാതെ വേഷം മാറി, വീട്ടിൽനിന്ന് അനുവാദം ലഭിച്ചിട്ടെന്നതു പോലെ തിരിച്ചെത്തി. ഇരുവരും വരാപ്പുഴയ്ക്കു യാത്രയായി.

- 1828-ൽ തോമസ് പോരൂക്കരയച്ചന്റെ വനവാസ ചിന്തകളിൽ പങ്കുചേർന്ന് കണിയാന്തറ യാക്കോബ് സഹോദരൻ സന്ന്യാസ ജീവിതത്തിനായി പുറപ്പെട്ടു.
- മാന്നാനം ആശ്രമത്തിന്റെ സ്ഥലാന്വേഷണത്തിലും സ്ഥാപനത്തിലും കെട്ടിടപ്പണിയിലും സ്ഥാപക പിതാക്കന്മാരോടൊപ്പം പങ്കുചേർന്നു.
- മാന്നാനത്തെ സന്ന്യാസസമൂഹം വൈദികർക്കു വേണ്ടി സ്ഥാപിക്കപ്പെട്ടതായിരുന്നു. വൈദികരെ മാത്രമാണ് ആശ്രമാംഗങ്ങളായി സ്വീകരിച്ചിരുന്നത്. 1855-ൽ അംഗീകരിക്കപ്പെട്ട സഭാനിയമമനുസരിച്ച് സഹായ സഹോദരങ്ങളെ അംഗങ്ങളായി സ്വീകരിക്കുന്നതിന് സാധ്യത ഇല്ലായിരുന്നു. 1860-ൽ മാന്നാനത്തെ സന്ന്യാസ സമൂഹം ഒ.സി.ഡി. സഭയുടെ മൂന്നാം സഭയായി (ടി.ഒ.സി.ഡി) അംഗീകരിക്കപ്പെടുകയും അതനുസരിച്ചുള്ള സഭാനിയമം 1863-ൽ നിലവിൽ വരുകയും ചെയ്തതോടെ സഭയിൽ സന്ന്യാസ സഹോദരങ്ങളെ സ്വീകരിക്കുന്നതിനുള്ള സാധ്യതയായി.
- ജേക്കബ് കണിയാന്തറ 1863-ൽ നവസന്ന്യാസ പരിശീലനത്തിനായി സ്വീകരിക്കപ്പെട്ടു.
- 1865-ൽ അദ്ദേഹം സഭയിലെ ആദ്യത്തെ സന്ന്യാസസഹോദരനായി സന്ന്യാസവ്രത വാഗ്ദാനം നടത്തി.

- ഏൽത്തുരുത്ത്, വാഴക്കുളം കൊവേന്തകളുടെ സ്ഥാപനത്തിൽ സഹോദരൻ അത്യദ്ധ്വാനം ചെയ്തു.
- 1898 ജൂലൈ 13-ന് മാന്നാനം ആശ്രമത്തിൽ വച്ച് 98-ാം വയസ്സിൽ നിര്യാതനായി. ആശ്രമദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു.
- സന്ന്യാസ സഭയുടെ രൂപീകരണത്തിൻെറ ആദ്യനാളുകൾ മുതൽ അതിലെ അംഗമാകാതെ, അംഗത്തെ പോലെ 35-ലധികം വർഷങ്ങൾ യാക്കോബ് സഹോദരൻ തികഞ്ഞ സമർപ്പണ ബോധത്തോടെ സഭാ സ്ഥാപകരുമായി സഹകരിച്ചു പ്രവർത്തിച്ചു. സഭാജീവിതത്തിലെ സുഖദു:ഖങ്ങളിൽ ഏറ്റവും അടുത്ത് ഇടപെട്ടു. അതിൻെറ വളർച്ചയിലെ വിവിധഘട്ടങ്ങളിൽ നിരവധി പ്രതിസന്ധികളെ കണ്ടറിഞ്ഞു. വൈദിക അംഗങ്ങൾക്ക് എപ്പോഴും തുണയും പ്രോത്സാഹനവുമായി, പരാതി കൂടാതെ ജീവിച്ചു. ആയിരിക്കുന്ന അവസ്ഥയിൽ സംതൃപ്തി അനുഭവിച്ചു. അദ്ധ്വാനവും അനുസരണവും വിധേയത്വവും സഹോദരൻെറ മുഖമുദ്രകളായിരുന്നു. സഭയിൽ വ്രതവാഗ്ദാനം നടത്തിയ ശേഷവും നീണ്ട 33 വർഷങ്ങൾ ആ സമർപ്പണധാര ഭംഗമില്ലാതെ തുടർന്നു. ത്യാഗസമ്പന്നമായ ആ മാതൃകാ സന്ന്യാസം വനവാസ ചൈതന്യത്തോടെ അദ്ദേഹം പൂർത്തിയാക്കി.

## 5. ചാവറപിതാവിനൊപ്പം വ്രതാനുഷ്ഠാനം നിർവ്വഹിച്ച വൈദികർ

1. പുളിങ്കുന്ന് തോപ്പിൽ ഗീവർഗ്ഗീസച്ചൻ
2. ചമ്പക്കുളം പോരൂക്കര കുര്യാക്കോസച്ചൻ
3. അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യാച്ചൻ
4. ളാലം പുത്തൻപള്ളി മുഞ്ഞനാട്ട് മത്തായി അച്ചൻ
5. പാലാ കളപ്പൂരയ്ക്കൽ മത്തായി അച്ചൻ
6. കൈനകരി വല്യാറ യാക്കോബച്ചൻ
7. ളാലം പുത്തൻപള്ളി കണിയാരകത്ത് മാണിയച്ചൻ

8. പള്ളിപുറത്ത് പാലയ്ക്കൽ കുര്യച്ചൻ
9. പാലാ കട്ടക്കയത്ത് ചാണ്ടിയച്ചൻ
10. പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ

# 5

## സി.എം.ഐ. സഭാസ്ഥാപനം

സഭാസ്ഥാപനവും അതിൻെറ മുന്നോട്ടുള്ള വളർച്ചയും സ്ഥാപകരുടെ ആദ്രമായ ഹൃദയബന്ധത്തിൻെറയും കൂട്ടായ്മയുടെയും കൂടെക്കൂടെയുള്ള സമാഗമത്തിൻെറയും നിരന്തരവും സുദീർഘവുമായ ആശയവിനിമയത്തിൻെറയും നിസ്തന്ദ്രമായ അന്വേഷണത്തിൻെറയും ആഴമായ ദൈവബന്ധത്തിൻെറയും ഫലമായിരുന്നു.

### 1. രണ്ട് പാഠഭേദങ്ങൾ

സി.എം.ഐ. സഭാസ്ഥാപനവുമായി ബന്ധപ്പെട്ട് രണ്ടു തരത്തിലുള്ള പാഠാന്തരങ്ങളുണ്ട്: 1. ബ്ര. കണിയാന്തറ യാക്കോബ് എഴുതിയ നാളാഗമം. 2. വി. ചാവറയച്ചൻെറ നാളാഗമം.

### 1.1. ബ്ര. കണിയാന്തറ യാക്കോബിൻെറ നാളാഗമം

പാലയ്ക്കൽ തോമാച്ചനും പോരൂക്കര തോമാച്ചനും മാർ മൗറേലിയൂസ് സ്തബിലിനി മെത്രാനെ സമീപിച്ച് വനവാസത്തിനു പോകാനുള്ള അനുവാദം ചോദിക്കുന്നതും മെത്രാൻ അവർക്ക് സഭ സ്ഥാപിക്കണമെന്ന നിർദ്ദേശം നൽകുന്നതും പിന്നീട് മെത്രാൻ സഭാസ്ഥാപനത്തിനുള്ള അനുവാദം നൽകുന്നതുമായ രംഗങ്ങൾ ആഹ യാക്കോബ് തൻെറ നാളാഗമത്തിൽ വിവരിക്കുന്നു:

> ഞങ്ങൾ രണ്ടുപേരും വാച്ചടത്തും ഒതുങ്ങിപാർക്കണമെന്നു നിരൂപിച്ചിട്ടുണ്ടെന്നും ആയതിനു ഞങ്ങൾക്കു അനുവാദം തരണമെന്നും ഇവിടെ നില്പാൻ വേറിട്ടൊരാളെ ഞങ്ങൾ തന്നെ ഉണ്ടാക്കിത്തരാമെന്നും പറഞ്ഞു. അപ്പോൾ ബ. മെത്രാനച്ചൻ കല്പിച്ചു: അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടുപേരു ള്ളതു മിണ്ടടക്കമായി വാച്ചടത്തും ഒതുങ്ങി പാർത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും, അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു ഗൊവേന്ത വെയ്പിൻ. എന്നാൽ

എല്ലാവർക്കും ഉപകാരം ഉണ്ടല്ലോ. എന്നു കല്പിക്കുകയും അപ്പോൾ ഇവരു പറഞ്ഞു: അതു കഴിയുന്ന കാര്യമോ, ഇവിടെ ആരു സഹായ്ക്കും! രാജാക്കൾ ചെയ്‌വാനുള്ള കാര്യമല്ലയോ, ഇവിടെ മാർഗരാജാവായിരുന്നു, (ക്രിസ്ത്യാനിയായ നാടുവാഴി) എങ്കിൽ കഴിഞ്ഞേനെ എന്നു പറയുകയും, അപ്പോൾ പെ. ബ. മെത്രാനച്ചൻ കല്പിച്ചു. മനസ്സായിട്ടു ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും, അതെന്ത്യേ, ക്രിസ്ത്യാനികൾ വളരെ ഉണ്ടല്ലോ, അവരോടു ധർമം വാങ്ങിച്ചാൽ മതിയെന്നും മറ്റും കല്പിച്ചു. അന്നു പിരിയുകയും ഈ വർത്തമാനം ഇവരുടെ ചില സ്നേഹിതന്മാരോടു പറയുകയും അവരും അപ്രകാരം ആകട്ടെ എന്നു പറഞ്ഞതിനാൽ ഇവരും അതിൻവണ്ണം തന്നെ നിശ്ചയിച്ചു. പിന്നെ ഒരു സമയത്തിൽ പെ. ബ. മെത്രാനച്ചനെ ബോധിപ്പിക്കുകയും അപ്പോൾ ബ. മെത്രാനച്ചൻ ഒന്നു മടുത്തു എങ്കിലും അ ദേഹത്തിനു ഇവരെ രണ്ടുപേരെയും വളരെ സ്നേഹവും വിശ്വാസവും ആകകൊണ്ടു എന്തുകാര്യം പറഞ്ഞാലും തള്ളിക്കളയുകയില്ല. ആയതുക്കാരണത്താൽ നന്നാ മടിച്ചുവെങ്കിലും ഇവരുടെ മുട്ടിപ്പു (നിർബന്ധം) കൊണ്ടു അങ്ങനെ ആകട്ടെ എന്നനുവദിച്ചു ഒരു ധർമക്കടലാസ് എഴുതി ഉണ്ടാക്കുവാൻ കല്പിച്ചു.

### 1.2. വി. ചാവറയച്ചന്റെ നാളാഗമം

പാലയ്ക്കൽ തോമാച്ചനും പോരുക്കര തോമാച്ചനും മെത്രാനെ സമീപിച്ച് സഭാസ്ഥാപനത്തിനുള്ള അനുവാദം വാങ്ങുന്ന രംഗം വി. ചാവറയച്ചൻ വിവരിക്കുന്നു:

ഞങ്ങളുടെ മലാപനച്ചൻ ... ആദെഹത്തിന്ന ഏറ്റിയ്ക്കപ്പെട്ട സെനഹകാരനായി ബഹുമാനപ്പെട്ട പൊരൂക്കരെ തൊമ്മാകത്തനാരച്ചനും കൂടിയിവരിരൂപെരൂംകൂടി ഈ മലയാളത്തിൽ പട്ടക്കാരർക്കുപൊലും ഒരു തപസ്സ ഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക വീഴ്ചയായിരി ക്കകൊണ്ടും പല പ്രകാരത്തിലും പട്ടാക്കാർക്ക എംകിലുമൊര ദെർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു

> സഹായമാരുമില്ലായ്ക കൊണ്ട ഖെദിച്ചപെക്ഷിച്ചിരിയ്ക്കുമ്പോൾ ദെയവസഹായത്താൽ ബഹുമാനപ്പെട്ട ബൊംബയുടെ വികാരി അപ്പസ്തോലിയ്ക്ക ആയ മാർ മൌറെലിയൊസദൊലിയ്ക്ക എന്ന മെത്രാനച്ചൻ യിവിടെയ്ക്കുവന്ന... (നാളാഗമം, 1981, പുറം 1).
> ഞങ്ങളുടെ മെല്പാനച്ചനും യിവരു മൂവരുമൊരുമനസ്സായി മുമ്പിനാൽ നിരൂപിച്ചിരുന്ന കാര്യം അതായതു തപസ്സു ഭവനം തിർക്കണമെന്നിങ്ങനെ നിരൂപിച്ച ക്ലെശിച്ചപ്പോൾ ... ബ. മെത്രാനച്ചൻെറ തിരുമനസ്സിൽ ഈ അവസ്തകൾ ഏറ്റിയപ്പോൾ ദാഹിയ്ക്കപ്പെട്ട ഭൂമി മഴവരുഷത്താൽ തെളിയും വണ്ണവും ഈ അവസ്ത കെട്ടപ്പോൾ പുണ്യ ദാഹത്താൽ ദാഹിയ്ക്ക പ്പെട്ടിരിക്കുന്നയച്ചൻ ഏറ്റിയ്ക്കപ്പെട്ട തെളിവാൽ തെളിഞ്ഞ യിവരുടെ അപേക്ഷയിൽ കൂടപ്പെട്ട മനസായി ഈ വെലയ്ക്കു ദാനധർമ്മം ചെയ്യണമെന്നിങ്ങനെ ഒരു പത്തേംതി ബഹുമാനപ്പെട്ട അച്ചൻെറ കൈയെഴുത്താൽതന്നെ മലയാം എഴുത്തിൽ എഴുതിയിരുന്ന... (നാളാഗമം, 1981, പുറം 3).

സഭാസ്ഥാപനവുമായി ബന്ധപ്പെട്ട് ഇപ്രകാരം രണ്ടുതരത്തിലുള്ള പാഠഭേദങ്ങളുടെ കാരണമെന്തായിരിക്കും?

സന്ന്യാസ ജീവിതത്തിൻെറ ആണിക്കല്ലായ ലളിത ജീവിതത്തിൻെറയും ഒതുങ്ങിപ്പാർക്കലിൻെറയും പ്രയോക്താവായിരുന്നു പോരൂക്കരയച്ചൻ. വനവാസമെന്നത് നിറവേറ്റപ്പെടേണ്ട ഒരു കനവായി അദ്ദേഹം മനസ്സിൽ കരുതിയിരുന്നു. ശെമ്മാശനായിരിക്കെ തൻെറ ആത്മസുഹൃത്തായ കണിയാന്തറ യാക്കോബുമായി അച്ചൻ തൻെറ ഭാവിപരിപാടി പങ്കുവയ്ക്കാനിടയായി, "ഞാൻ കുർബ്ബാനപ്പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടുപേർക്കുംകൂടി വാച്ച വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം." ഇവർ തമ്മിൽ ഇങ്ങനെ ഒരു സംസാരം ഉണ്ടായെങ്കിലും തിരുപ്പട്ടമേറ്റശേഷം തോമാച്ചൻ കല്ലൂർക്കാട്ടും തങ്കശ്ശേരിയിലും പള്ളി വികാരിയായി ജോലികളിൽ മുഴുകി.

തുടർന്നുള്ള കാലയളവിൽ ആത്മസുഹൃത്തുക്കളായ പോരൂക്കര തോമാച്ചനും പാലയ്ക്കൽ തോമാച്ചനും കൂടെക്കൂടെ കണ്ടുമുട്ടുകയും തങ്ങളുടെ ആശയങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. തോമാച്ചന്മാരുടെ സമാഗമങ്ങളും സഹവാസങ്ങളും ചർച്ചകളും വനവാസമെന്ന ചിന്തയെ സഭാസ്ഥാപനമെന്ന തീരുമാനത്തിലേയ്ക്കു വഴി തിരിച്ചുവിട്ടുവെന്നു കരുതാം. "ഏറിയ നന്മകൾ" ചെയ്യണമെങ്കിൽ വൈദികരുടെയെങ്കിലും സന്ന്യാസസഭാസംവിധാനം ആവശ്യമാണെന്ന് അവർക്കു ബോദ്ധ്യമായി.

സഭാസ്ഥാപനമെന്നത് ഇരുവരുടെയും ചിരകാല സ്വപ്നമായിരുന്നുവെന്നത് ചാവറപിതാവിന്റെ നാളാഗമത്തിൽനിന്നു വ്യക്തമാണ്. ഇക്കാര്യം മൂവരും മുമ്പിനാൽ നിരൂപിച്ചിരുന്നതാണ്. ദർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു സഹായമാരുമില്ലായ്കകൊണ്ട് ഖേദിച്ചിരിക്കുമ്പോഴാണ് ദൈവ സഹയത്താൽ മാർ സ്തബിലിനി മെത്രാനായി വന്നെത്തുന്നത്. തുടർന്ന് പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ചേർന്ന് മെത്രാനിൽ നിന്ന് സഭാസ്ഥാപനത്തിന് അനുവാദം വാങ്ങി.

പിതാക്കന്മാരുടെ വനവാസമെന്ന സ്വപ്നം സഭാസ്ഥാപനമെന്ന ദർശനത്തിലേക്കു വഴിമാറിയത് ആഹാ യാക്കോബ് സഹോദരൻ അറിഞ്ഞുകാണാൻ ഇടയില്ല. വൈദികർ സഹോദരനുമായി പ്രസ്തുത വിഷയം പങ്കുവയ്ക്കാതെ പോയിരിക്കാം. പാലയ്ക്കൽ പോരൂക്കര തോമാച്ചന്മാർ മെത്രാനെ സമീപിച്ച് അനുവാദം ചോദിച്ചത് വനവാസത്തിനാണെന്ന് അദ്ദേഹം കരുതി, അപ്രകാരം നാളാഗമത്തിൽ കുറിച്ചുവച്ചതായിരിക്കാം.

## 2. നാലു പിതാക്കന്മാരുടെ സംഗമം

വരാപ്പുഴ സെമിനാരിയിലെ പരിശീലന കാലത്താണ് പാലയ്ക്കൽ തോമാ മല്പാനുമായി ബ. പോരൂക്കരയച്ചൻ പരിചയപ്പെടുന്നത്. പാലയ്ക്കലച്ചൻ ചെറുപ്പം മുതലെ തപസിന്റെയും പ്രാർത്ഥനയുടെയും ചൈതന്യത്തിൽ ജീവിച്ചിരുന്നയാളാണ്. അദ്ദേഹ ത്തിന്റെ പള്ളിപ്പുറത്തുള്ള സെമിനാരിയുടെ പ്രവർത്തനവും അതിലെ അംഗങ്ങളുടെ ദിനചര്യകളും ആശ്രമജീവിതത്തിനു

സമാനമായിരുന്നു. താപസജീവിതത്തിൽ ആകൃഷ്ടരായിരുന്ന രണ്ടു തോമാച്ചന്മാരുടെയും ചിന്തകളിലെ ഐക്യമാകാം വളരെ പെട്ടെന്ന് അവരെ ഇരുവരെയും ഒരുമിപ്പിച്ചത്. 1814 മുതൽ ആരംഭിച്ച ഇവരുടെ ബന്ധം കാലം ചെല്ലുന്തോറും സുദൃഢമായിക്കൊണ്ടിരുന്നു.

അക്കാലത്ത് നിലവിലിരുന്ന രീതിക്കു വിപരീതമായി സുറിയാനിക്കാരനായ പോരൂക്കര തോമാച്ചൻ വരാപ്പുഴ ലത്തീൻ സെമിനാരിയിൽ വൈദികപരിശീലനം നേടാൻ ഇടയായി. അവിടെ കർമ്മലീത്ത സന്യാസ വൈദികരോടൊത്തു വസിക്കുവാൻ ഇടവന്നത് സന്ന്യാസജീവിതത്തിൽ ആഭിമുഖ്യം വളർത്തുന്നതിനു അദ്ദേഹത്തെ സഹായിച്ചിരിക്കണം.

കണിയാന്തറ യാക്കോബ് പോരൂക്കര ശെമ്മാശ്ശന്റെ സമപ്രായക്കാരനും സതീർത്ഥ്യനും ആയിരുന്നു. തന്റെ സെമിനാരി പഠനത്തിനിടയിൽ ശെമ്മാശ്ശൻ വനവാസം എന്ന ചിന്ത കൂട്ടുകാരുനുമായി പങ്കുവെച്ചു. എന്നാൽ പട്ടമേറ്റ ശേഷം അദ്ദേഹം പ്രവർത്തന നിരതനാകുകയാണ് ചെയ്തത്.

പ്രവർത്തന നിരതനായിരിക്കുമ്പോഴും പോരൂക്കരയച്ചൻ കൂടുതൽ ഏകാന്തതയിലും തപസിലും ആമഗ്നനായി പ്രാർത്ഥനയിൽ ആഴപ്പെട്ടു ജീവിക്കാൻ ആഗ്രഹിച്ചു. തപസ്സും പ്രാർത്ഥനയും വഴി ജനത്തിന് ആത്മീയമായി ഉണർവ്വ് പകരാൻ കഴിയുമെന്നാണ് അദ്ദേഹം വിശ്വസിച്ചത്.

ഇങ്ങനെയിരിക്കെ, 1828–ൽ മൗറേലിയൂസ് സ്തബിലിനി മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി നിയമിതനായി. പുതിയ മെത്രാൻ തന്നെ സെക്രട്ടറിയായി സഹായിക്കണമെന്ന് പാലയ്ക്കൽ തോമാച്ചനോട് ആവശ്യപ്പെട്ടു. എന്നാൽ തോമാച്ചൻ ആ അഭ്യർത്ഥന സ്വീകരിക്കുന്നതിനു പകരം തനിക്കു പരിചയവും മതിപ്പുമുള്ള പോരുക്കര തോമാച്ചന്റെ പേരു നിർദ്ദേശിക്കയാണ് ചെയ്തത്. അങ്ങനെ പോരൂക്കരച്ചൻ മെത്രാന്റെ സെക്രട്ടറിയായി ജോലി ഏറ്റെടുക്കണമെന്ന തീരുമാനമുണ്ടായി.

ചുമതല ഏറ്റെടുക്കുന്നതിന് പോരുക്കരയച്ചൻ വരാപ്പുഴയ്ക്കു വരും വഴി സ്വന്തം ജന്മദേശമായ കല്ലൂർക്കാട്ടിറങ്ങി. അവിടെ ദൈവിക പദ്ധതിയുടെ ഭാഗമമെന്നോണം കണിയാന്തറ യാക്കോബിനെ

കാണാനിടയായി. വനവാസ സംബന്ധമായ പഴയ ഓർമ്മകൾ അവർ പങ്കുവച്ചു. പുതിയ തീരുമാനങ്ങളോടെ യാക്കോബ് തോമാച്ചനോടൊപ്പം യാത്രയാകുകയാണ് ചെയ്തത്.

പോരൂക്കരയച്ചൻ മെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴയിലെത്തിയപ്പോഴാണ് പാലയ്ക്കലച്ചനുമായി കൂടുതൽ അടുത്തിടപഴകുന്നത്. പാലയ്ക്കലച്ചൻ അരമനയിലെ ആലോചനക്കാരനെന്ന നിലയിൽ കൂടെക്കൂടെ മെത്രാസനം സന്ദർശിക്കേണ്ടത് ആവശ്യമായിരുന്നു. അങ്ങനെ തോമാച്ചന്മാരുടെ സുഹൃദ്ബന്ധം അഭംഗുരം തുടരുന്നതിനും വളരുന്നതിനും അവസരമായി. ഈ സ്നേഹബന്ധം ദൈവപ്രചോദിതമായി ഒരു പ്രത്യേക ദിശയിലേക്ക് നയിക്കപ്പെട്ടു. ലോകത്തിന്റെ ബഹളത്തിൽനിന്ന് അകന്ന് കൂടുതൽ ഏകാന്തതയിൽ കഴിയുന്ന സന്യ്യാസ സമൂഹജീവിതത്തിലേക്കുള്ള ഉൾവിളികളെ അവർ പരസ്പരം പങ്കുവെച്ചുകൊണ്ടിരുന്നു.

തുടർന്ന് പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ചേർന്ന് മെത്രാനിൽനിന്ന് സഭാസ്ഥാപനത്തിന് അനുവാദം വാങ്ങി. ചെറുപ്പം മുതലേ പോരൂക്കരയച്ചന്റെ ചങ്ങാതിയായിരുന്ന ജേക്കബ് കണിയാന്തറ പ്രവർത്തനങ്ങളിൽ സഹകാരിയായി.

പള്ളിപ്പുറം സെമിനാരിയിൽ പാലയ്ക്കലച്ചന്റെ ശിക്ഷണം സ്വീകരിച്ചിരുന്ന കുരിയാക്കോസ് ശെമ്മാശ്ശൻ രണ്ടു പിതാക്കന്മാരുടെയും ആഭിമുഖ്യങ്ങളുടെ അവകാശിയായി. അവരുടെ സഭാസ്ഥാപനം എന്ന സ്വപ്നവും ജീവിത സുകൃതങ്ങളും സ്വായത്തമാക്കി. തന്റെ പ്രഥമദിവ്യബലിയിൽ സന്ന്യാസസഭ സ്ഥാപിച്ചു കിട്ടണമെന്നതായിരുന്നു അദ്ദേഹം നിയോഗമായി സമർപ്പിച്ചത്. തോമാച്ചന്മാരുടെ മരണശേഷം അവരുടെ ചൈതന്യത്തിനു ക്രിയാത്മകമായ രൂപഭാവങ്ങൾ നൽകുകയെന്നത് കുര്യാക്കോസച്ചന്റെ ഭാഗധേയമായിരുന്നു. അതോടൊപ്പം കർമ്മലസഭാനിയമങ്ങൾ സ്വീകരിച്ചും പാലിച്ചും തനതായ പാതയിൽ സഭയെ വളർച്ചയിലേക്കു നയിച്ചു.

സ്ഥാപകർ മൂന്നു പേരും സന്യാസജീവിതം ആശ്ലേഷിക്കാൻ പ്രേരിതരായത് ഏതോ ഒരു മുഹൂർത്തത്തിൽ ഉരുവായ ഒരു ചിന്തയിൽ നിന്നോ അനുഭവത്തിൽ നിന്നോ അനുഭൂതിയിൽനിന്നോ തീരുമാനത്തിൽ നിന്നോ അല്ലായിരുന്നു. സന്ന്യാസത്തിന്റെ തപവഴിയിൽ ചരിക്കുന്നതിനായി ദൈവം ഇവരെ മുൻകൂട്ടി തിരഞ്ഞെടുത്തു. അവിടുത്തെ പരിപാലന അവരെ ഒരുമിച്ചുകൂട്ടി. പരിശുദ്ധാത്മാവ് പടിപടിയായി ഒരുക്കി. ദൈവവും മനുഷ്യരും അവരുടെ ജീവിതത്തിൽ മാറിമാറി ഇടപെട്ടുകൊണ്ടിരുന്നു. ദൈവത്തിൽ വൈദികർ ഉൾപ്പെടുന്ന ദൈവജനം മനം നിറഞ്ഞ് അവർക്കു പിന്തുണയേകി. സന്ന്യാസസഭ എന്ന സ്വപ്നം സക്ഷാത്ക്കരിക്കപ്പെട്ടു.

സ്ഥാപകപിതാക്കന്മാർ ഓരോരുത്തനും അവരുടെ പ്രായം, സഹജവാസനകൾ, ആശയങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, സ്വഭാവപ്രകൃതി, മനോഭാവം, കാഴ്ചപ്പാടുകൾ എന്നിങ്ങനെ എല്ലാ കാര്യങ്ങളിലും വ്യതിരിക്തത പുലർത്തിയവരാണ്. എന്നാൽ സഭാസ്ഥാപനത്തെക്കുറിച്ച് മൂന്നു സ്ഥാപകർക്കും വ്യക്തമായ കാഴ്ചപ്പാടും ബോദ്ധ്യവുമുണ്ടായിരുന്നു. തങ്ങളുടെ ജോലികൾ വിഭജിച്ചുകൊണ്ട് അവർ ഒരുമയിൽ ഒരേ ലക്ഷ്യത്തിലേക്കു മുന്നേറി. മാന്നാനം ആശ്രമ സ്ഥാപനത്തിലും തുടർന്നുള്ള നടപടിക്രമങ്ങളിലും ഉയരുന്ന അഭിപ്രായ വ്യത്യാസങ്ങളെയെല്ലാം അവർ വിജയകരമായി തരണംചെയ്തു മുന്നേറിയതിനു ചരിത്രം സാക്ഷിയാണ്.

മല്പാൻ തോമസ് പാലയ്ക്കൽ, മല്പാൻ തോമസ് പോരൂക്കര, വി. ചാവറ കുരിയാക്കോസ് ഏലിയാസ് എന്നീ ത്രിമൂർത്തികളുടെ മാനസിക ഐക്യത്തോടെയുള്ള പരിശ്രമങ്ങളും ബ്ര. യാക്കോബ് കണിയാന്തറയുടെ സ്നേഹ പരിചരണങ്ങളുമാണ് മാന്നാനത്തെ സന്ന്യാസസമൂഹം അതിവേഗം വളർന്നു വരുന്നതിനു കാരണങ്ങളായത്.

പാലയ്ക്കലച്ചൻ 1841 ജനുവരി 16–ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1846 ജനുവരി 8–ന് പോരൂക്കരയച്ചൻ കർത്താവിൽ

നിദ്രപ്രാപിച്ചു. സന്ന്യാസസഭയ്ക്ക് തിരുസഭയുടെ ഔദ്യോഗികമായ അംഗീകാരമെന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതിനുമുമ്പേ ഇരുവരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. വ്യക്തികളല്ല ദൈവം ഭരമേല്പിച്ച ദൗത്യമാണ് പരമപ്രധാനം. അമരനായകർ ഓരോരുത്തരായി ദൈവസന്നിധിയിലേക്കു വിടവാങ്ങിയപ്പോൾ അവശേഷിച്ചവർ തളർന്നില്ല. അവരുടെ പ്രയാണവേഗം കുറഞ്ഞില്ല. സമർപ്പണബോധത്തോടെ ഉത്തരവാദിത്തങ്ങൾ ശിരസാവഹിച്ച് വർദ്ധിതവീര്യത്തോടെ അവർ ദൗത്യം തുടർന്നു. അത്രയേറെ സുവ്യക്തമായിരുന്നു അവരുടെ ദർശനം. സുദൃഢമായിരുന്നു അവരുടെ വിശ്വാസം. അവരുടെ സ്വപ്നങ്ങളും കരവിരുതും അവരുടേതായിരുന്നില്ല. സർവ്വശക്തനായ ദൈവത്തിൻേറതായിരുന്നു.

## 3. സഭാസ്ഥാപനത്തിൻെറ ഉദ്ദേശ്യം

സന്ന്യാസസഭയുടെ ഉദ്ദേശ്യത്തെപ്പറ്റി ചാവറപിതാവ് തൻെറ നാളാഗമത്തിൽ ഇപ്രകാരം എഴുതുന്നു: “ഈ മലയാളത്തിൽ (കേരളത്തിൽ) പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്ക കൊണ്ടും, പല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദശനവീട് ഉണ്ടാകണം...” സന്ന്യാസഭവനത്തെ തപസ്സു ഭവനം, ദർശനവീട് എന്നീ രണ്ടു സംജ്ഞകളാലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ആശ്രമത്തെക്കുറിച്ച് പുണ്യസങ്കേതം, പുണ്യത്തിൻെറ കണ്ണാടി, ചെറിയ ആകാശമോക്ഷം എന്നിങ്ങനെ വേറിട്ട പദങ്ങൾ അദ്ദേഹം പ്രയോഗിക്കുന്നു.

മാന്നാനം കുന്ന് ബേസ്റൗമ (ഉയർന്ന കുന്ന്) എന്നു വിശേഷിപ്പിക്കപ്പെടുന്നു. ഉയർന്ന കുന്നിലെ താപസഭവനത്തിൽ നിരന്തരം ദൈവദർശനത്തിൽ മുഴുകി, കൂടപ്പിറപ്പുകളായി ജീവിച്ച്, കണ്ണ് കാട്ടപ്പെട്ട ഏറിയ നന്മകൾ നിറവേറ്റുന്നതിന് ഇറങ്ങിപുറപ്പെടുക എന്നതാണ് സഭാംഗങ്ങൾ പൂർത്തീകരിയ്ക്കേണ്ട ദൗത്യം. അവരുടെ ജീവിതവും പ്രവർത്തനവും “അറിവില്ലാത്തവർക്കു കണ്ടുപഠിതം” (അറിവില്ലാത്തവരെ സന്മാതൃകയിലൂടെ പഠിപ്പിക്കുക) കൊടുക്കുന്നതായിരിക്കണം.

ഈ ദൗത്യപൂർത്തീകരണത്തിന് അനുഗുണമായ സ്ഥലമാണ് ആദ്യത്തെ ആശ്രമം സ്ഥാപിക്കുന്നതിനായി സഭാസ്ഥാപകർ തേടിക്കൊണ്ടിരുന്നത്. ആശ്രമം സ്ഥാപിക്കുന്ന ഇടം ഉയർന്ന പ്രദേശമായിരിക്കണം. ജനവാസം വളരെ കുറവായിരിക്കണം. എന്നാൽ യാത്രാസൗകര്യത്തിനു വണ്ടിയും വള്ളവും എത്തിപ്പെടാൻ സൗകര്യമുണ്ടാവണം. ശുദ്ധജലം സുലഭമായിരിക്കണം എന്നിങ്ങനെയായിരുന്നു അവരുടെ നിബന്ധനകൾ. ഈ നിബന്ധനകളിൽ തെല്ലും വിട്ടുവീഴ്ചയ്ക്ക് അവർ തയ്യാറല്ലായിരുന്നു. ദൈവചിന്തയിൽ മുഴുകി തപസും പ്രാർത്ഥനയുമനുഷ്ഠിക്കുന്നതിന് ജനവാസം കുറവുള്ള ഉയർന്ന, ശാന്തത കളിയാടുന്ന ഇടമായിരിക്കണം. എന്നാൽ അവർ മലമുകളിൽ തപസ്സിൽ മാത്രം മുഴുകേണ്ടവരല്ല. അവർ താഴ്വരയിലേയ്ക്കിറങ്ങി ജനമദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലേണ്ടവരാണ്. അതിനായി വള്ളവും വണ്ടിയും അടുക്കുന്ന സ്ഥലമാകേണ്ടതും ആവശ്യം തന്നെ.

ആശ്രമസ്ഥാപനത്തിന് ആവശ്യമായ പണപ്പിരിവിന് മാർ മൗറേലിയൂസ് സ്തബിലീനി മെത്രാൻ ഒപ്പിട്ടു നൽകിയ ധർമ്മക്കടലാസിൽ പറയുന്നതനുസരിച്ച്, "അറിവില്ലാത്തവർക്കു കണ്ടുപഠിത്വം കൊടുപ്പാനും മനസാകപ്പെട്ടവരെ സഭയിൽ ചേർപ്പാനും ചെതറപ്പെട്ടവരെ കൂട്ടുവാനും വിശുദ്ധപള്ളിയുടെ തെളിവിന്നും രാജിതങ്ങളുടെയും ലോകമൊക്കെയുടെയും നിരപ്പിന്നും ... കണ്ണു കാട്ടപ്പെട്ട നന്മകളൊക്കെയും വരുന്നതിനും" ("അറിവില്ലാത്തവരെ സന്മാതൃകയിലൂടെ പഠിപ്പിക്കാനും മാനസാന്തരപ്പെട്ടവരെ സഭാസമൂഹത്തിൽ ചേർക്കാനും സഭവിട്ടുപോയവരെ തിരിച്ചുകൊണ്ടുവരാനും സഭാനവീകരണ പ്രവർത്തനങ്ങൾക്കും രാജ്യങ്ങളുടെയും ലോകത്തിൻെറയും സുസ്ഥിതിക്കും വേണ്ടി നിലകൊള്ളാനും കണ്ണിൽപ്പെടുന്ന നന്മകളൊക്കെ ചെയ്യാനും അനുവദിക്കണം") വേണ്ടിയാണ് സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

തിരുസഭയിലെ പല സന്ന്യാസസഭാസ്ഥാപകരെപ്പോലെ യേശുവിൻെറ വ്യക്തിത്വത്തിൻെറ സവിശേഷമായ ഒരു മാനം മാത്രം സ്വായത്തമാക്കി അതിൻെറ ബഹിർസ്പുരണമായ പ്രത്യേകമായ

ശുശ്രൂഷകളിൽ ഏർപ്പെടുകയായിരുന്നില്ല സി.എം.ഐ. സഭാസ്ഥാപകർ ചെയ്തത്. അന്ന് കേരളസമൂഹത്തിൽ നിലവിലിരുന്ന സാമൂഹ്യവും മതപരവുമായ ശോചനീയാവസ്ഥയെ പരിഗണിക്കുമ്പോൾ സമൂഹത്തിന്റെ എല്ലാ മേഖലകളിലും സഭാംഗങ്ങൾ കടന്നുചെല്ലേണ്ടത് കാലത്തിന്റെ ആവശ്യമായിരുന്നു. "കണ്ണ് കാട്ടപ്പെട്ട നന്മകളൊക്കെയും" അവർ നിറവേറ്റേണ്ടിയിരുന്നു. സ്ഥാപകരുടെ ദർശനം കേരളസഭയുടെയും സമൂഹത്തിന്റെയും സർവ്വതലങ്ങളെ മുഴുവനുമായി ആശ്ലേഷിക്കുന്നതായിരുന്നു.

## 4. സഭാസ്ഥാപനത്തിനുള്ള അനുവാദവും തുടർനടപടികളും

- 1829-ൽ സന്യാസസഭാസ്ഥാപനത്തിന് മൗറേലിയൂസ് സ്തബലീനി മെത്രാൻ അനുമതി നൽകി. ഏപ്രിൽ 1-ന് മെത്രാൻ ധർമ്മക്കടലാസിൽ ഒപ്പു വെച്ചു. 200 രൂപ സംഭാവനയായി നൽകുകയും ചെയ്തു.
- ദീർഘവും ദുർഘടവുമായ അന്വേഷണങ്ങൾക്കൊടുവിൽ പുല്ലരിക്കുന്ന് എന്ന സ്ഥലം കണ്ടെത്തി. എല്ലാംകൊണ്ടും അനുയോജ്യമെന്നു കണ്ട് കാര്യങ്ങൾ ഉറപ്പിക്കാനൊരുങ്ങി. അപ്പോഴാണ് ചെറിയയൊരു പ്രശ്നമുദിച്ചത്. പ്രസ്തുത സ്ഥലം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമായതുകൊണ്ട് അവിടെ ആശ്രമം സ്ഥാപിക്കുന്നതിൽ ക്ഷേത്രാധികാരികളും നാട്ടുകാരും എതിർപ്പു പ്രകടിപ്പിച്ചു. എതിർപ്പുകളെല്ലാം പരിഹരിക്കുന്നതിനായി ഏറ്റുമാനൂരിലെ ഒജനാരുമേത്തർ മുന്നോട്ടു വന്നെങ്കിലും പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി പുല്ലരിക്കുന്നിൽ ആശ്രമം സ്ഥാപിക്കുന്നതിൽനിന്ന് പിതാക്കന്മാർ പിന്മാറി.
- ഏതാണ്ട് ഒന്നരവർഷം നീണ്ടുനിന്ന സ്ഥലാന്വേഷണത്തിന്റെ അവസാനം മാന്നാനത്തെ ഓലം കണ്ണാമുകൾ എന്ന കുന്ന് ആശ്രമസ്ഥാപനത്തിനായി തിരഞ്ഞെടുത്തു. പെരുമാലിൽ തയ്യിൽ കുരിയൻ തരകൻ, അദ്ദേഹത്തിന്റെ സഹോദരൻ കൊച്ചുപോത്തൻ മാപ്പിള എന്നിവർ തങ്ങൾക്കു സ്വന്തമായ ഈ സ്ഥലം ഔദാര്യമായി നൽകി.

- 1831 ഏപ്രിൽ 8–ാം തീയതി, ആശ്രമം സ്ഥാപിക്കാൻ നിശ്ചയിച്ച സ്ഥലത്ത് ആഘോഷമായി അനേകം വൈദികരുടേയും ജനങ്ങളുടെയും സഹകരണത്തോടെ, പോരൂക്കര തോമ്മാച്ചൻ ഒരു കുരിശു സ്ഥാപിച്ചു.

## 5. മാന്നാനം ആശ്രമസ്ഥാപനം

- മാന്നാനം കുന്നിലെ കാടുമുഴുവനും വെട്ടിത്തെളിയിച്ചു. ആശ്രമം ഉണ്ടാക്കേണ്ട സ്ഥലവും പരിസരങ്ങളും വെടിപ്പാക്കി. 1831 മെയ് 11–ാം തീയതി വി. യൗസേപ്പിന്റെ നാമത്തിൽ പുതുതായി ആരംഭിക്കുന്ന ആശ്രമത്തിനു ശിലാസ്ഥാപനം നടത്തി. മെത്രാൻ മാർ മൗറേലിയൂസ് സ്തബലീനി സ്ഥലത്തുണ്ടായിരുന്നുവെങ്കിലും തീർത്തും ക്ഷീണിതനായിരുന്നതിനാൽ കല്ലിടൽ കർമ്മം പോരൂക്കരയച്ചനാണ് നിർവ്വഹിച്ചത്. ആശ്രമത്തിന് സ്നാപക യോഹന്നാന്റെ പേരായിരുന്നു മെത്രാനച്ചൻ നിർദ്ദേശിച്ചത്. വി. ദൊമിനിങ്കോസിന്റെ നാമം തോമാ മല്പാനച്ചനും വി. യൗസേപ്പിതാവിന്റെ നാമം പോരൂക്കര തോമാച്ചനും നിർദ്ദേശിച്ചു. പോരൂക്കര തോമാച്ചന്റെ അഭിപ്രായം അംഗീകരിക്കപ്പെട്ടു.
- സഭാസ്ഥാപകരുടെയും അവരുടെ സഹായിയായിരുന്ന ആഹാ യാക്കോബിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും സഹകരണത്തിന്റെയും ഫലമായി മാന്നാനത്ത് ആശ്രമത്തിന്റെയും പള്ളിയുടെയും പണികൾ പുരോഗമിച്ചു കൊണ്ടിരുന്നു. പോരൂക്കരയച്ചൻ പള്ളികൾ തോറും കയറിയിറങ്ങി വചനം പങ്കുവെച്ചു. ഒപ്പം പണപ്പിരിവും നടത്തി. കെട്ടിടപ്പണിക്ക് ആവശ്യമായ അനുവാദങ്ങൾക്കായി അദ്ദേഹം ഓടി നടന്നു. പാലയ്ക്കലച്ചൻ പള്ളിപ്പുറം സെമിനാരിയിൽ ഇരുന്നുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഇടയ്ക്കിടെ മാന്നാനത്തു വന്ന് അദ്ദേഹം കാര്യങ്ങൾ അന്വേഷിച്ചുവന്നു. ചാവറയച്ചൻ പള്ളിപ്പുറം സെമിനാരിയിൽ പാലയ്ക്കലച്ചന്റെ അഭാവത്തിൽ പഠിപ്പിക്കയും ബാക്കി സമയം മുഴുവൻ കണിയാന്തറ യാക്കോബിനോടു കൂടി മാന്നാനത്തെ പണികൾ ശ്രദ്ധിക്കയും ചെയ്തു. യാക്കോബ് സഹോദരൻ സ്ഥിരമായി മാന്നാനത്തു

താമസിച്ചുകൊണ്ട് കെട്ടിടപ്പണിയിലും മറ്റു കാര്യങ്ങളിലും സ്ഥാപകരുടെ വലങ്കൈയായി പ്രവർത്തിച്ചു.

- ആശ്രമത്തിന്റെ പണി പുരോഗമിക്കുന്നതിനിടയിൽ, 1832-ൽ മാർ മൗറേലിയുസിന്റെ പിൻഗാമിയായി മാർ ഫ്രാൻസിസ് സേവ്യർ മെത്രാൻ വന്നു. ഈ സാഹചര്യത്തിലാണ് മുമ്പ് സൂചിപ്പിച്ചതു പോലെ പോരൂക്കരയച്ചൻ കായംകുളം, പിള്ളത്തോപ്പ് എന്നീ പള്ളികളുടെ വികാരിയായും ചാവറയച്ചൻ പള്ളിപ്പുറം വികാരിയായും നിയമിതനായത്. ഇത് സഭാസ്ഥാപകർ നേരിട്ട വലിയ പ്രതിസന്ധിയായിരുന്നു. അല്പകാലത്തിനു ശേഷം മെത്രാന്റെ തെറ്റിദ്ധാരണകൾ നീങ്ങുകയും ഇരുവരെയും മാന്നാനത്തേയ്ക്കു തിരിച്ചയ്ക്കുകയും ചെയ്തു.
- 1840 ജൂൺ 18-ാം തീയതി വി. കുർബ്ബാനയുടെ തിരുനാളിൽ മാന്നാനം ആശ്രമാംഗങ്ങളായിരുന്ന തോമസ് പോരൂക്കര, കുരിയാക്കോസ് ഏലിയാസ് ചാവറ, ഗീവർഗീസ് തോപ്പിൽ എന്നീ വൈദിക ശ്രേഷ്ഠർ അവരുടെ ഓരോരുത്തരുടെയും വരുമാനം പൊതുവായി നിക്ഷേപിച്ചുകൊണ്ട് സമൂഹജീവിതം ആരംഭിച്ചു.

## 6. സന്ന്യാസസഭയുടെ കാനോനികസ്ഥാപനം

1855 ഡിസംബർ 8-ാം തീയതി മാന്നാനത്തെ സന്ന്യാസസഭ കാനോനികമായി അംഗീകരിക്കപ്പെട്ടു. മർസ്ലിനോസ് മിഷനറി മാന്നാനം ആശ്രമാംഗങ്ങൾക്ക് വ്രതത്തിന് ഒരുക്കമായി 10 നാളത്തെ ധ്യാനം നടത്തി. ധ്യാനത്തിനുശേഷം അതികഠിനമായ സന്ന്യാസജീവിത മുറകൾ പാലിക്കുക തങ്ങൾക്കു സാധ്യമല്ലെന്നു മനസ്സിലാക്കി രണ്ട് വൈദികരും എട്ട് ശെമ്മാശന്മാരും ഒരു യോഗാർത്ഥിയും സന്ന്യാസ ഭവനത്തോട് വിടപറഞ്ഞു.

അമലോത്ഭവ മാതാവിന്റെ തിരുനാളിൽ ചാവറപിതാവ് മർസ്ലീനോസ് മിഷനറിയുടെ മുൻപിൽ വ്രത വാഗ്ദാനം ചെയ്തു. അതിനുശേഷം ചാവറപിതാവിന്റെ മുൻപിൽ 10 വൈദികർ വ്രതം ചെയ്തു. സന്ന്യാസജീവിതത്തോട് വിടപറഞ്ഞവരും വ്രതാഘോഷപരിപാടികളിൽ നിറഞ്ഞ ഭക്തിയോടെ പങ്കെടുത്തു.

### 7. സഭയുടെ നാമം

സന്യാസസഭ "അമലോത്ഭവമറിയത്തിൻെറ" ദാസസംഘം എന്ന പേരിലാണ് സ്ഥാപിക്കപ്പെട്ടത്. 1860 ഒക്റ്റോബർ 1-ന് കർമ്മെലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി അംഗീകരിച്ചു. അന്നുമുതൽ ക.നി.മൂ.സ. (TOCD: Third Order of Carmelites Discalced) എന്ന പേര് നടപ്പിലായി. 1958 ഡിസംബർ 8-ാം തീയതി അമലോത്ഭവമറിയത്തിൻെറ കർമ്മലീത്തർ (CMI: Carmelites of Mary Immaculate) എന്ന പേര് എന്ന് സ്വീകരിച്ചു.

### 8. സഭയുടെ ന്യായപ്രമാണം

1831-ൽ മാന്നാനത്തു സന്യാസജീവിതം ആരംഭിച്ച സമൂഹം അനുസരിച്ചിരുന്ന നിയമാവലിയുടെ ലിഖിത രൂപങ്ങളൊന്നും ഇന്നു ലഭ്യമല്ല. ബ. പാലയ്ക്കൽ മല്പാനു സ്വകീയമായ ഡൊമിനിക്കൻ ആത്മീയതയും സ്ഥാപകപിതാക്കളുടെ വ്യക്തിപരമായ ഉൾവെളിച്ചവും രൂപതാദ്ധ്യക്ഷൻെറ നിർദ്ദേശങ്ങളും മാന്നാനംകുന്നിൽ സ്ഥാപിതമായ ദർശന വീട്ടിലെ സന്ന്യാസികൾക്കു വഴിവെളിച്ചമായി എന്ന് അനുമാനിക്കാം. പ്രാർത്ഥനയും പരിത്യാഗവും ജനസേവനവും അവരുടെ ജീവിതചര്യയുടെ ഭാഗമായിരുന്നു. 1840 ജൂൺ 18-ാം തീയതി വിശുദ്ധകുർബാനയുടെ തിരുനാളിൽ ദർശന വീട്ടിലെ സന്ന്യാസികൾ തങ്ങളുടെ സ്വകാര്യ സമ്പാദ്യമെല്ലാം സമൂഹത്തിൻെറ പൊതുവായ ഉപയോഗത്തിനായി വിട്ടുകൊടുത്തുകൊണ്ട് സമൂഹജീവിതം ആരംഭിച്ചു. തങ്ങളുടെ നിത്യജീവിത ദൈവികാനുഭവങ്ങളിൽനിന്നു ഉരുത്തിരിഞ്ഞ ഒരു നിയമാവലി 1850-ൽ വി. ചാവറപിതാവ് വികാരി അപ്പസ്തോലിക്കയായ മാർ ബച്ചിനെല്ലിക്ക് സമർപ്പിക്കയുണ്ടായി. പ്രസ്തുത രേഖയുടെ പ്രതികളൊന്നും ഇന്നു ലഭ്യമല്ല.

1855 ഡിസംബർ 8-ാം തീയതി സഭ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടപ്പോൾ വികാരി അപ്പസ്തോലിക്കയായ മാർ ബച്ചിനെല്ലി കർമ്മത്തീലരുടെ പുരാതന റേഖുളയും ഒ.സി.ഡി. സഭയുടെ ന്യായപ്രമാണത്തിൻെറ പ്രാരംഭഭാഗവും (സന്ന്യാസ ജിവിതം) അല്പം ചില മാറ്റങ്ങളോടെ സഭാംഗങ്ങളുടെ പാലനത്തിനായി

നൽകി. റേഖുളയെന്നത് 13-ാം നൂറ്റാണ്ടിൻെറ പ്രാരംഭഘട്ടത്തിൽ ജെറുസലേമിലെ ലത്തീൻ പാത്രിയാർക്കീസായ വി. ആൽബർട്ട് കാർമ്മൽ മലയിലെ സന്യാസികൾക്കായി നൽകിയതും പിന്നീട് 4-ാം ഇന്നസെൻറ് മാർപാപ്പ ചില മാറ്റങ്ങളോടെ അംഗീകരിച്ചതുമാണ്. കാലത്തിൻെറ പോക്കിൽ സഭയുടെ ന്യായപ്രമാണ രൂപീകരണം പല പ്രക്രിയകളിലൂടെ കടന്നുപോയി. നിരന്തരമായ പരിചിന്തനത്തിൻെറയും ദീർഘമായ അന്വേഷണത്തിൻെറയും ഫലമായി 1984-ൽ നടപ്പിൽ വരുത്തിയ ന്യായപ്രമാണമാണ് ഇന്നു സഭയിൽ നിലവിലുള്ളത്. സഭയുടെ പൊതുസംഘങ്ങളുടെ തീരുമാനങ്ങൾക്കനുസരിച്ച് കാലാനുസൃതമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ഈ ന്യായപ്രമാണത്തെ സമ്പന്നമാക്കി ക്കൊണ്ടിരിക്കുന്നു.

## 9. സഭാവസ്ത്രം

1855-ൽ ആദ്യവ്രതം അനുഷ്ഠിച്ചപ്പോൾ വെള്ളളോവയ്ക്കു പുറമേ തുകൽ ബെൽറ്റ് മാത്രമാണ് സന്ന്യാസ ചിഹ്നമായി സഭാംഗങ്ങൾക്കുണ്ടായിരുന്നത്. അതോടൊപ്പം അല്മായ കർമ്മലീത്താ മൂന്നാം സഭക്കാരുടെ ഉത്തരീയം ഉടുപ്പിൻെറ ഉള്ളിൽ ധരിച്ചു. 1859 ഡിസംബർ 25-ാം തീയതി ളോവയ്ക്കു മേലെ നീളമുള്ള വെള്ള ഉത്തരീയം ധരിച്ചു തുടങ്ങി. 1868 മുതലാണ് കപ്പൂസ് എന്ന ശിരോവസ്ത്രം ധരിക്കാൻ ആരംഭിച്ചത്. 1893 മുതൽ കപില നിറത്തിലുള്ള രോമവസ്ത്രവും 1894-ൽ നീലക്കാപ്പയും ഉപയോഗിച്ചു തുടങ്ങി. 1906 മെയ് 1-ാം തീയതി വി. പത്താം പീയൂസ് പാപ്പ ചാരനിറമുള്ള രോമളോവ അനുവദിച്ചു. പഞ്ഞിവസ്ത്രം കൊണ്ടുള്ള തവിട്ടുനിറ ളോവയും വെള്ളകാപ്പയും 1919 ഡിസംബർ 14-നാണ് ധരിക്കാൻ തുടങ്ങിയത്. അങ്ങനെ ഒ.സി.ഡി. സഭയുടെ വസ്ത്രധാരണരീതി പൂർണ്ണമായി സ്വീകരിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം വസ്ത്രധാരണത്തിൽ മാറ്റം ഉണ്ടായി. കർമ്മല സഭയുടെ വസ്ത്രധാരണ രീതിയോടൊപ്പം വെള്ളളോവയും തുണികൊണ്ടുള്ള അരക്കെട്ടും ആകാമെന്നു തീരുമാനിച്ചു.

## 10. സഭയുടെ ഭരണസംവിധാനം

1831-ൽ മാന്നാനത്ത് സ്ഥാപിതമായ സന്ന്യാസ സമൂഹത്തിൻെറ സുപ്പീരിയർ പാലയ്ക്കൽ തോമാ മല്പാനായിരുന്നു. പള്ളിപ്പുറം സെമിനാരിയിൽ താമസിച്ചുകൊണ്ടും ഇടയ്ക്കിടെ മാന്നാനം സന്ദർശിച്ചും അദ്ദേഹം തൻെറ ദൗത്യം പൂർത്തിയാക്കി. 1841-ൽ മല്പാൻ മരണമടഞ്ഞപ്പോൾ 1846 ജനുവരി 8 വരെ പോരൂക്കര തോമാച്ചൻ സമൂഹത്തെ നയിച്ചു. തുടർന്ന് സമൂഹത്തിൻെറ നേതൃത്വം ചാവറയച്ചനിൽ നിക്ഷിപ്തമായി.

1855-ൽ വ്രതാനുഷ്ഠാനത്തിനുശേഷം ചാവറപിതാവ് മാന്നാനം ആശ്രമത്തിൻെറയും സഭയുടെയും പ്രിയോർ സ്ഥാനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. വലിയ പ്രിയോരച്ചൻ എന്ന അപരനാമത്തിലും അദ്ദേഹം അറിയപ്പെട്ടു. അദ്ദേഹം സഭയിലെ എല്ലാ ആശ്രമങ്ങളുടെയും പ്രിയോർ ആയിരുന്നു. ഓരോ ആശ്രമത്തിലും നിയമിതനാകുന്ന അധികാരി വികാരി എന്ന പേരിൽ അറിയപ്പെട്ടു. 1885-ൽ നടന്ന പൊതുസംഘം ഈ സമ്പ്രദായത്തിൽ മാറ്റം വരുത്തി. ഓരോ ആശ്രമത്തിലും പ്രിയോരുമാർ നിയമിതരായി. അതനുസരിച്ച് അലക്സാണ്ടർ കട്ടക്കയമച്ചൻ (വലിയ ചാണ്ടിയച്ചൻ) മാന്നാനം പ്രിയോരായി നിയമിതനായി.

1860-ൽ അമലോത്ഭവ ദാസസംഘം ഒ.സി.ഡി. സഭയുടെ മൂന്നാം സഭയുമായി മാറ്റപ്പെട്ടതോടെ ഭരണസംവിധാനത്തിൽ മാറ്റങ്ങളുണ്ടായി. അതുവരെ സഭയുടെ പ്രിയോർ ജെനറാൾ രൂപതയുടെ മെത്രാനുമായി ബന്ധപ്പെട്ടുകൊണ്ട് ഉത്തരവാദിത്വം നിറവേറ്റുകയാണ് ചെയ്തിരുന്നത്. എന്നാൽ മൂന്നാം സഭയായതോടെ ഒ.സി.ഡി. സഭയുടെ സുപ്പീരിയർ ജെനറാൾ സഭയുടെ പരമോന്നത അധികാരിയായിത്തീർന്നു. അദ്ദേഹമാണ് കേരള സുറിയാനി സഭയെ ഭരിക്കുന്ന വികാരി അപ്പസ്തോലിക്കയെ നിയമിച്ചിരുന്നത്. വികാരി അപ്പസ്തോലിക്ക ഒരു ഒ.സി.ഡി. മിഷനറിയെ സഭാഭരണത്തിനായി പ്രതിനിധിയായി നിയോഗിക്കുന്നു.

മാർത്തോമാ ക്രിസ്ത്യാനികളെ വരാപ്പുഴ രൂപതയിൽ നിന്നു വേർപെടുത്തി തൃശൂർ, കോട്ടയം വികാരിയാത്തുകൾ

സ്ഥാപിതമായത് 1887-ലാണ്. അതേ വർഷം ജനുവരി 1-ാം തീയതി സന്ന്യാസസഭയെ പ്രാദേശിക മെത്രാന്മാരുടെ അധികാര പരിധിയിൽ നിന്നു മാറ്റി പൊന്തിഫിക്കൽ പദവി നൽകുകയും എക്സെംഷൻ അംഗീകാരം നൽകുകയും ചെയ്തു. 1902 മുതൽ സഭാംഗങ്ങളിൽ നിന്നുതന്നെ സഭാധികാരിയെ തിരഞ്ഞെടുക്കുന്ന രീതിക്കു തുടക്കം കുറിച്ചു.

## 11. സഭയുടെ കേന്ദ്രഭവനം

സഭയുടെ ആരംഭം മുതൽ സഭാധികാരികൾ സഭയുടെ വിവിധ ഭവനങ്ങളിൽ താമസിച്ചുകൊണ്ട് സഭയെ നയിച്ചു. മാന്നാനം (1831-1864, 1871-1885, 1914-1926), കൂനമ്മാവ് (1864-1871, 1908-1914), തേവര (1902-1908, 1926-1941) എന്നിയിടങ്ങളിലെ ആശ്രമങ്ങൾ അവരുടെ താമസത്തിനും പ്രവർത്തനത്തിനുമായി തിരഞ്ഞെടുക്കപ്പെട്ടു. 1941 ജൂലൈ 26-ാം തീയതി കൊച്ചിയിലെ കാരിക്കാമുറിയിൽ പ്രയർ ജനറൽ ഹൗസ് ആശീർവ്വദിക്കപ്പെട്ടതോടെ സഭയ്ക്ക് സ്ഥിരമായ ഒരു ഭരണ കേന്ദ്രം ഉദ്ഘാടിതമായി. 2007 ജനുവരി 3-ന് കാക്കനാട് ചാവറ ഹിൽസിലെ സഭയുടെ പ്രിയോർ ജനറൽ ഹൗസ് വെഞ്ചിരിച്ചു.

## 12. സഭയിലെ പ്രവിശ്യകൾ

- ചാവറപിതാവ് സ്ഥാപിച്ച 7 ശാഖാഭവനങ്ങൾ: കൂനമ്മാവ്, എൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം, അമ്പഴക്കാട്, മൂത്തോലി, പുളിങ്കുന്ന്.
- 1953 മാർച്ച് 2-ന് സഭ സെൻറ് ജോസഫ് പ്രോവിൻസ്, കോട്ടയം, സേക്രട്ട് ഹാർട്ട് പ്രോവിൻസ്, കൊച്ചി, ദേവമാത പ്രോവിൻസ്, തൃശൂർ, എന്നീ മൂന്നു പ്രവിശ്യകളായി തിരിഞ്ഞു.
- സഭയിലെ മറ്റു പ്രവിശ്യകൾ: 1. സെൻറ് ജോസഫ്സ് പ്രോവിൻസ്, തിരുവനന്തപുരം 2. കാർമ്മെൽ പ്രോവിൻസ്, മൂവാറ്റുപുഴ 3. സെൻറ് തോമസ് പ്രോവിൻസ്, കോഴിക്കോട് 4. പ്രേഷിത പ്രോവിൻസ് കോയമ്പത്തൂർ 5. സെൻറ് പോൾസ് പ്രോവിൻസ്, മൈസൂർ 6. മാർ തോമ പ്രോവിൻസ്, ചാന്ദാ 7. നിർമൽ

പ്രോവിൻസ്, ജഗദൽപൂർ 8. സെൻറ് പോൾ പ്രോവിൻസ്, ഭോപാൽ 9. സെൻറ് സേവിയേഴ്സ് പ്രോവിൻസ്, രാജ്കോട്ട് 10. സെൻറ് ജോൺസ് പ്രോവിൻസ്, ബിജ്നോർ 11. മേരിമാതാ വൈസ് പ്രോവിൻസ്, ഹൈദരാബാദ്, 12. ചാവറ വൈസ് പ്രോവിൻസ്, ഭാവനഗർ.

- കൂടാതെ പല പ്രവിശ്യകളുടെ കീഴിലായി, ഇന്ത്യയിലും ഇന്ത്യക്കു പുറത്തും രണ്ട് റീജിയനുകളും ആറു സബ് റീജിയനുകളും പ്രവർത്തന നിരതമാണ്.
- സി.എം.ഐ. സഭയിൽ 15 പ്രവിശ്യകളിലായി 2,500 ൽ പരം വ്രതബദ്ധരായ അംഗങ്ങളുണ്ട്. 34 രാജ്യങ്ങളിൽ അംഗങ്ങൾ ദൈവശുശ്രൂഷയിൽ മുഴുകിയിരിക്കുന്നു.

## 13. സഭയുടെ പ്രതിഷ്ഠകൾ

1921 ഏപ്രിൽ 4-ാം തീയതി മാന്നാനത്തു സമ്മേളിച്ച സഭയുടെ അസാധാരണ പൊതുസംഘം സഭ മുഴുവനെയും കർത്താവിൻെറ തിരുഹൃദയത്തിനും വി. യൗസേപ്പിനും പ്രതിഷ്ഠിക്കണമെന്നു തീരുമാനമെടുത്തു. 1921 ഏപ്രിൽ 10-ന് തിരുഹൃദയത്തിനുള്ള പ്രതിഷ്ഠ നടത്തി. എല്ലാ ആശ്രമങ്ങളിലും അന്നേ ദിവസം തിരുഹൃദയപ്രതിഷ്ഠ നിറവേറ്റി. 1921-ൽ വി. യൗസേപ്പുപിതാവിൻെറ മദ്ധ്യസ്ഥത്തിരുന്നാളിൽ സഭയെ വി. യൗസേപ്പുപിതാവിനു പ്രതിഷ്ഠിച്ചു.

## 14. സി.എം.ഐ. സഭാമുദ്ര (The Emblem of CMI Congregation)

മുദ്ര അഥവാ ചിഹ്നം എന്നത് അമൂർത്തമായ ഒരു ആശയത്തിൻെറ മൂർത്തമായ ആവിഷ്ക്കാരമാണ്. രാജ്യങ്ങൾക്കും സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും ചിഹ്നങ്ങളുണ്ട്. തങ്ങളുടെ പ്രഖ്യാപിതമായ ദർശനം, ആദർശങ്ങൾ, പാരമ്പര്യം എന്നിവ ചിഹ്നങ്ങളിലൂടെ അവർ ചിത്രീകരിക്കുന്നു. തങ്ങൾ എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നതിൻെറ പ്രതീകാത്മകമായ പ്രതിനിധാനമാണ് ചിഹ്നങ്ങൾ.

സി.എം.ഐ. സഭയ്ക്കും ഒരു ചിഹ്നമുണ്ട്. ഒ.സി.ഡി. സഭയുടെ ചിഹ്നം ചില മാറ്റങ്ങളോടെ നാം സ്വീകരിക്കുകയായിരുന്നു എന്ന് പറയപ്പെടുന്നു.

### 14.1. കർമ്മല മല

കർമ്മല സഭയുടെ പിള്ളത്തൊട്ടിലാണ് കർമ്മല മല. ബി.സി. 9–ാം നൂറ്റാണ്ടിൽ ഏലിയാ പ്രവാചകൻ കർമ്മല മലയിൽ ജീവിച്ച് ദൈവത്തെ ആഴമായി അനുഭവിച്ചറിഞ്ഞു. പന്ത്രണ്ടാം നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിൽ അതേ പുണ്യഭൂമിയിൽ ഏലിയായുടെ ദിവ്യസ്മരണയിൽ പ്രചോദനം ഉൾക്കൊണ്ട് ചില സന്ന്യാസികൾ യേശുവുമായി യോഗാത്മക ജീവിതം നയിക്കണമെന്ന അഭിവാഞ്ചയിൽ ഒരുമിച്ചുകൂടി.

പർവ്വതത്തിനുള്ളിലെ നക്ഷത്രം സി.എം.ഐ. സന്ന്യാസിയുടെ പ്രതീകമാണ്. അത് പർവ്വതശൃംഗത്തിലേക്ക് (ദൈവയൂജ്യത്തിലേക്ക്) നിരന്തര യാത്രയിലാണ്.

മലയുടെ മുകളിലുള്ള CMI എന്ന അലേഖനവും അതോടൊപ്പമുള്ള കുരിശും മുദ്രയുടെ തനിമ വെളിപ്പെടുത്തുന്നു.

### 14.2. കിരീടം (The Crown)

കിരീടം ദൈവരാജ്യത്തെ പ്രതിനിധീകരിക്കുന്നു. ദൈവം മാത്രമാണ് സി.എം..ഐ. സഭയുടെ പരമാധികാരി. സഭാംഗങ്ങൾ സ്വർഗരാജ്യസ്ഥാപനത്തിനായി ജീവിതം സമർപ്പിക്കേണ്ടവരാണ്.

### 14.3. ബാനർ

മുദ്രയെ വലയം ചെയ്തുകൊണ്ടുള്ള ബാനർ സഭയുടെ മുദ്രാവാക്യം ഉൾക്കൊള്ളുന്നു. “സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷണതയാൽ ഞാൻ ജ്വലിക്കുന്നു” (1 രാജാ 19:10). ഏലിയാ പ്രവാചകൻെറ അധരങ്ങളിൽനിന്നുതിർന്ന ഈ തിരുവചനം സഭ ഭരമേറ്റിരിക്കുന്ന പ്രവാചകദൗത്യത്തെയും സമൂഹത്തിനു ദൈവത്തോടുള്ള സമ്പൂർണ സമർപ്പണത്തെയും സൂചിപ്പിക്കുന്നു. പ്രവാചകവചനം സുറിയാനി ഭാഷയിലാണ് രേഖപ്പെടുത്തി യിരിക്കുന്നത്. ഇത് സഭയുടെ പൗരസ്ത്യസ്വഭാവം വിളിച്ചോതുന്നു.

## 14.4. ജ്വലിക്കുന്ന ദീപശിഖ

ബാനറിനു മുകളിലായി ജ്വലിച്ചുനില്ക്കുന്ന പന്തം ഏലിയാ പ്രവാചകനെയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിൻെറ ഉജ്ജ്വലമായ ആത്മാവും ദൈവത്തോടുള്ള തീക്ഷ്ണതയും ആ നാവിൽനിന്നുതിർന്ന വാക്കുകളും അഗ്നിയായി എരിഞ്ഞിരുന്നു. പ്രവാചകൻ നിരന്തരം ദൈവസന്നിധിയിൽ വസിച്ചു. സി.എം.ഐ. സന്ന്യാസിയെ ഏലിയാ തിരുവചന ജീവിതത്തിനായി നിരന്തരം പ്രചോദിപ്പിക്കുന്നു. സഭാംഗങ്ങൾ പ്രവാചകനെ പോലെ തങ്ങളുടെ മനസ്സിലും ഹൃദയത്തിലും ദൈവവചനമാകുന്ന അഗ്നി നിരന്തരം വഹിക്കുവാനും ധ്യാനാത്മകമായി ജീവിക്കാനുമുള്ള തീവ്രയജ്ഞത്തിൽ വ്യാപൃതരായിരിക്കണം. ദൈവസാന്നിദ്ധ്യത്തെ സംബന്ധിച്ച സ്നേഹപൂർണവും ധ്യാനാത്മകവുമായ നിരന്തരാവബോധത്തിലാണ് അവൻെറ ജീവിതം.

## 14.5. പന്ത്രണ്ട് നക്ഷത്രങ്ങളുടെ പ്രഭാവലയം (The Halo of Twelve Stars)

പന്ത്രണ്ട് നക്ഷത്രങ്ങളുടെ പ്രഭാവലയം കർമ്മലസഭയുടെ അഭിമാനവും നാഥയുമായ പരിശുദ്ധ കന്യാമറിയത്തെ ദ്യോദിപ്പിക്കുന്നു. (ഈ പന്ത്രണ്ടു നക്ഷത്രങ്ങളിൽ ആറെണ്ണത്തെ മുൻപറഞ്ഞ ബാനർ മറച്ചിരിക്കുകയാണ്.) വെളിപാടിൻെറ പുസ്തകത്തിൽ സൂര്യനെ ഉടയാടയാക്കിയ, ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം ചൂടിയ സ്ത്രീയാണ് (വെളി 12:1) ഇവിടെ വിവക്ഷിതം.

സി.എം.ഐ. സഭയുടെ മുദ്ര മനോഹരമാണെങ്കിലും ചില കുറവുകൾ ചൂണ്ടിക്കാണിക്കണമെന്നു തോന്നുന്നു. ഒ.സി.ഡി. സഭയുടെ ചിഹ്നം ചില മാറ്റങ്ങളോടെ നമ്മുടെതായി സ്വീകരിച്ചപ്പോൾ അത് ഉൾക്കൊള്ളുന്ന സവിശേഷചൈതന്യം വളരെയേറെ ചോർന്നുപോയതായി തോന്നുന്നു. മാത്രമല്ല, സി.എം.ഐ. തനിമ കാര്യമായി അതിൽ പ്രതിഫലിക്കുന്നതായി കാണുന്നുമില്ല. സി.എം.ഐ സഭയുടെ ചിഹ്നത്തെകുറിച്ച് സഭാംഗങ്ങൾ അവതരിപ്പിക്കുന്ന വിചിന്തനങ്ങളിൽ ഒ.സി.ഡി. സഭയുടെ ചിഹ്നത്തെപറ്റി അമിതമായ പരാമർശങ്ങൾ കടന്നുവരുന്നത്

കാണാനിടയായിട്ടുണ്ട്. സ്വന്തം സഭയുടെ ചിഹ്നം അവതരിപ്പിക്കുമ്പോൾ മറ്റൊരു സഭയുടെ ചിഹ്നത്തെ അത്രയേറെ ആശ്രയിക്കേണ്ടി വരുന്നത് തികച്ചും അനുചിതമായി തോന്നുന്നു.

നാം കർമ്മലീത്തർ മാത്രമല്ല ഭാരതീയരും പൗരസ്ത്യരുമാണ്. നമുക്ക് കർമ്മല മല മാത്രമല്ല ബേസ്റൗമയും ഉണ്ട്. വനവാസവും തപസ്സുഭവനവും ദർശനവീടും ചെയ്യാനുള്ള നന്മ കാട്ടപ്പെടുന്ന കണ്ണുകളും കൂടപ്പിറപ്പു പ്രയോഗവുമൊക്കെ നമ്മുടെ പ്രചോദനപ്രതീകങ്ങളാണ്. അതുകൊണ്ട് നമ്മുടെ സമൂഹത്തിൻെറ ദർശനവും ചൈതന്യവും പ്രകാശിപ്പിക്കുന്ന ഒരു സി.എം.ഐ. സഭാമുദ്രക്കു രൂപം കൊടുക്കുന്നത് തികച്ചും ഉചിതമാണെന്നു തോന്നുന്നു.

# 6

# തിരുസഭയുടെ ഐക്യത്തിനും സീറോമലബാർ സഭയുടെ തനിമയ്ക്കും

ചാവറപിതാവ് ജീവിച്ചിരുന്ന കാലത്ത് സീറോമലബാർ സഭ ഇല്ലായിരുന്നു. സുറിയാനി സമൂഹം മാത്രമാണ് ഉണ്ടായിരുന്നത്. ഈ സമൂഹത്തിൻെറ ചരിത്രം പോരാട്ടങ്ങളുടെ കഥയാണ്. നൂറ്റാണ്ടുകളായി വിദേശ ആധിപത്യത്തിൻെറ നുകത്തിനു കീഴിൽ കഴിഞ്ഞിരുന്ന സീറോമലബാർസഭയെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുന്നതിനുള്ള പോരാട്ടം. സാർവ്വത്രിക സഭയോടു ചേർന്നുനിന്നുകൊണ്ട് സ്വന്തം റീത്തിൽ നിന്നുള്ള മെത്രാൻെറ കീഴിൽ തനിമയോടെ വളരുന്ന സാഹചര്യം ഒരുക്കുന്നതിനായുള്ള പടയോട്ടം. സഭയുടെ ഈ പോരാട്ടത്തിൽ ജനങ്ങളോടൊപ്പം പങ്കുചേരുകയും പലപ്പോഴും അതിനു നേതൃത്വം നൽകുകയും ചെയ്ത ചരിത്രമാണ് സി.എം.ഐ. സഭയുടേത്. നാട്ടുമെത്രാനുവേണ്ടിയുള്ള നിവേദനങ്ങളുടെ പ്രഭവസ്ഥാനങ്ങൾ മാന്നാനം, പുളിങ്കുന്ന് ആശ്രമങ്ങളായിരുന്നു.

തിരുസഭയിൽ മിഷനറിമാരായി പ്രഥമസ്ഥാനത്തു പ്രവർത്തിച്ചു സഭയെ അതിർത്തികൾക്ക് അപ്പുറം ഉലകവ്യാപകമാക്കിയതു സന്ന്യാസസഭകളാണ്. രൂപതകളുടെ പരിധികൾ കടന്ന് പ്രതികൂല സാഹചര്യങ്ങളിൽ അതിരുകളില്ലാത്ത ജീവകാരുണ്യം, വിദ്യാഭ്യാസം, സാമൂഹ്യസേവനം എന്നീ രംഗങ്ങളിൽ കൂട്ടായ പ്രവർത്തനം നടത്താൻ സന്യാസസഭകൾക്കാണു സാധ്യമായിട്ടുള്ളത്. പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന കേരള സുറിയാനിസഭയെ അതിർത്തികൾക്ക് അപ്പുറത്തേക്കു നയിക്കുന്നതിനും ഭാരതം മുഴുവൻ സ്വയം ഭരണാധികാരം ലഭിക്കുന്നതിനുമായി സി.എം.ഐ. സഭ നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്. സ്വന്തം ചോരയും നീരും നല്കിക്കൊണ്ട് സുറിയാനി

സമൂഹത്തെ സ്വന്തം വ്യക്തിത്വം അംഗീകരിക്കപ്പെടുന്ന സഭയായി അവർ പുനർജന്മം നല്കി.

അന്ന് പ്രവർത്തന മണ്ഡലത്തിൽ വിരാജിച്ചിരുന്ന ഇടവക വൈദികരിൽ അധികപങ്കും സി.എം.ഐ. ആശ്രമങ്ങളോടനുബന്ധിച്ചുള്ള വൈദികപരിശീലന കേന്ദ്രങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയവരായിരുന്നു. സഭയെക്കുറിച്ച് അവരെ പഠിപ്പിച്ചതും സഭയോടൊത്ത് ചിന്തിക്കാൻ പ്രാപ്തരാക്കിയതും കൊവേന്തയിലെ സന്ന്യാസ ശ്രേഷ്ഠരായിരുന്നു. ഒരുമിച്ചുകൂടുന്നതിനും ചർച്ചകൾ നടത്തുന്നതിനും മെത്രാസന മന്ദിരങ്ങളോ അജപാലന കേന്ദ്രങ്ങളോ ഇല്ലാതിരിക്കെ സി.എം.ഐ. ആശ്രമങ്ങളിൽ അവർ ഒന്നുചേർന്നു. ആശ്രമശ്രേഷ്ഠന്മാർ സഭയുടെ നേതാക്കളായി അവരെയെല്ലാം വഴിനടത്തി. തങ്ങളുടെ ആത്മീയ സന്താനങ്ങളായ ഇടവക വൈദികരെയും തങ്ങൾക്കു സ്വന്തമായ സുറിയാനി മക്കളെയും ഈ സന്ന്യാസ സത്തമർ സഭയുടെ അവകാശ പോരാട്ടത്തിനായി അണിനിരത്തി.

## 1. റോക്കോസ് പ്രതിസന്ധി

16-ാം നൂറ്റാണ്ടു വരെ പേർഷ്യയിൽനിന്ന് സുറിയാനി റീത്തുകാരനായ മെത്രാന്മാരാണ് സീറോമലബാർ സഭയെ ഭരിച്ചിരുന്നത്. തുടർന്ന് സഭ പദ്രുവാദോ ഭരണത്തിൻ കീഴിലായി. സഭയുടെ തനിമയും പാരമ്പര്യവും നിലനിറുത്തുന്നതിനു സ്വന്തം റീത്തിൽപെട്ട മെത്രാന്മാർ തങ്ങളെ നയിക്കണമെന്നു സഭാ മക്കൾ അഗ്രഹിച്ചു. അതുകൊണ്ട് പേർഷ്യയിലെ സഹോദരീസഭയുമായി അവർ സമ്പർക്കത്തിലേർപ്പെട്ടു. തങ്ങളുടെ സഭയ്ക്ക് ഒരു മെത്രാനെ അയച്ചുതരണമെന്ന ആവശ്യവുമായി അവർ കൽദായ പാത്രിയർക്കീസിന് അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു.

മാർ ഔദോ പാത്രിയർക്കീസ് മാർപാപ്പയുടെ അനുവാദം കൂടാതെ തോമസ് റോക്കോസ് എന്ന വൈദികനെ മെത്രാനായി അഭിഷേകം ചെയ്ത് കേരളത്തിലേക്ക് 1860 സെപ്റ്റംബർ 12-ാം തീയതി അയച്ചു. കേരളത്തിലെ സ്ഥിതിവിവരം അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ വേണ്ടിയാണു റോക്കോസിനെ അയച്ചത്. എന്നാൽ

റോക്കോസ് സുറിയാനിപള്ളികളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ടു മെത്രാനടുത്ത അധികാരം പ്രയോഗിക്കാൻ തുടങ്ങി. സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്നതിന് അതിയായി ആഗ്രഹിച്ചിരുന്ന വൈദികരും ദൈവജനവും അദ്ദേഹത്തോടു സഹകരിച്ചു.

റോക്കോസിൻെറ പ്രവർത്തനങ്ങൾ ഒരു ശീശ്മയ്ക്കു തുടക്കമിട്ടു. സഭയുടെ ഔദ്യോഗിക അധികാരത്തിനു വിപരീതമായ പ്രവർത്തനങ്ങളെയാണ് ശീശ്മ എന്നു പറയുന്നത്. അങ്ങനെ ഉത്ഭവിച്ച പ്രതിസന്ധി റോക്കോസിൻെറ പേരുമായി ബന്ധപ്പെടുത്തി 'റോക്കോസ് ശീശ്മ' എന്ന പേരിൽ അറിയപ്പെടുന്നു. അതിനെ ചാവറയച്ചൻ തൻെറ നാളാഗമത്തിൽ 'വേദകലാപം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

പ്രതീക്ഷയിൽ കവിഞ്ഞ സ്വീകരണവും സഹകരണവുമാണ് റോക്കോസിനു സുറിയാനിക്കാർ നല്കിയത്. ഇത് വരാപ്പുഴ അധികാരികളെ വല്ലാത്ത ആശങ്കയിലാഴ്ത്തി. കാര്യങ്ങൾ തങ്ങളുടെ നിയന്ത്രണത്തിൽ നിന്ന് അകന്നുപോകുന്നുവെന്നു മനസ്സിലാക്കി വരാപ്പുഴ മെത്രാപ്പൊലീത്താ 1861 ജൂൺ 8–ാം തീയതി ചാവറയച്ചനെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചു.

തല്പരകക്ഷികൾ ചാവറപിതാവിനെ റോക്കോസിനോടു സഹകരിപ്പിക്കുന്നതിനുവേണ്ടി മെത്രാൻ പദവി വാഗ്ദാനം ചെയ്തു. കത്തോലിക്കാസഭയോടു ചേർന്നു നിൽക്കണമെന്ന നിർബ്ബന്ധമുള്ളതു കൊണ്ട് അദ്ദേഹം ആ പദവി വലിച്ചെറിഞ്ഞു. നിലവിലുള്ള സാഹചര്യത്തിൽ പാശ്ചാത്യമെത്രാന്മാരെ ഉപേക്ഷിച്ചു കത്തോലിക്കരായി തുടരാൻ സാധ്യമല്ലെന്നു ചാവറയച്ചനു ബോദ്ധ്യമുണ്ടായിരുന്നു.

പ്രതിസന്ധിയെ നേരിടുവാൻ വികാരി ജനറലായി നിയമിക്കപ്പെട്ട പിതാവ് റോക്കോസിൻെറ ആഗമനത്തിൻെറ ആധികാരികത വ്യക്തമാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാർപാപ്പയ്ക്ക് കത്തെഴുതി. റോക്കോസ് അനധികൃതമായി വന്നവനാണെന്ന് അറിയിപ്പ് ലഭിച്ചതും ചാവറ പിതാവും കൂട്ടരും പള്ളികൾതോറും പ്രസംഗിച്ചു. ദൈവജനത്തിന് സർക്കുലർ അയച്ചു. സഭയെ

പ്രതിസന്ധിയിൽ നിന്നു രക്ഷിച്ചു. ചാവറപിതാവിന്റെ സമയോചിതമായ ഇടപെടലുകൾ മൂലം നിയമവഴികളിലൂടെ റോക്കോസ് മെത്രാൻ നിഷ്കാസനം ചെയ്യപ്പെട്ടു. 1861 നവംബർ 30-ാം തീയതി റോക്കോസിനെ മഹറോൻ ചൊല്ലി. മത്തായി കാപ്പിലച്ചനാണ് ഈ കൃത്യം നിർവ്വഹിക്കുന്നതിനു നിയോഗിതനായത്. അന്ന് റോക്കോസ് താമസിച്ചിരുന്ന ഞാറയ്ക്കൽ പള്ളിയുടെ അൾത്താരയിൽ മഹറോൻ കല്പന വച്ചശേഷം സഹായികളോടൊപ്പം രക്ഷപ്പെടുകയായിരുന്നു. അങ്ങനെ കേരളം വിട്ടുപോകാൻ അദ്ദേഹം നിർബ്ബന്ധിതനായി. ഒരു വർഷം നീണ്ടുനിന്ന ആഭ്യന്തരസമരത്തിനു ശേഷമാണ് അദ്ദേഹം തിരികെപോയത്.

റോക്കോസിന്റെ വഴിവിട്ട പ്രവർത്തനങ്ങൾ മൂലം കൈവിട്ടുപോയ ദൈവജനത്തെ തിരിച്ചുകൊണ്ടുവരാൻ ചാവറപിതാവിനു കഴിഞ്ഞു. ശീശ്മയിൽ വീണുപോയ 116-ലധികം ഇടവകകളെ തന്റെ സദ്പ്രേരണയും അനുരഞ്ജനമനോഭാവവും വഴി സഭയുടെ കൂട്ടായ്മയിൽ അദ്ദേഹം കൂട്ടിചേർത്തു. യേശുവിന്റെ ശിഷ്യനായ വി. പത്രോസിന്റെ പിൻതുടർച്ചക്കാരായ മാർപാപ്പമാരുമായുള്ള ഇടമുറിയാത്ത ബന്ധം കത്തോലിക്കവിശ്വാസത്തിന്റെ വിച്ഛേദിക്കാനാകാത്ത പൊൻനൂലാണെന്ന് ചാവറപിതാവിന് അടിയുറച്ച ബോദ്ധ്യമുണ്ടായിരുന്നു. ഈ പൊൻനൂലിനെ വിശ്വാസികളുടെ ഐക്യത്തിന്റെ പ്രതീകമായി അദ്ദേഹം കരുതി.

സുറിയാനി സമൂഹം ഐക്യത്തിന്റെ ശക്തിയിൽ വളർന്നു നിലനിന്നാൽ ഭാവിയിൽ സ്വന്തം സമൂഹത്തിൽനിന്നുള്ള മെത്രാന്മാരെ ലഭിക്കുമെന്നും അങ്ങനെ തന്റെ സഭ അതിന്റെ തനിമയിലും പാരമ്പര്യത്തിലും വളരുമെന്നും അദ്ദേഹം പ്രതീക്ഷിച്ചിരിക്കാം. ആ പ്രതീക്ഷ അസ്ഥാനത്തല്ലെന്നു ചരിത്രം തെളിയിച്ചുകഴിഞ്ഞു. കേരള സുറിയാനി കത്തോലിക്കാസഭ ഇന്നു നിലനിൽക്കുന്നതിനും വളർന്നു വികസിക്കുന്നതിനും ഹേതുഭൂതൻ വി. കുരിയാക്കോസ് ഏലിയാസച്ചനാണ്. വിശുദ്ധന്റെ ഇടപെടലുകൾ ഇല്ലായിരുന്നെങ്കിൽ സഭാചരിത്രം മറ്റൊരു ദിശയിൽ ചരിക്കുമായിരുന്നു.

വികാരി ജനറാളെന്ന നിലയിൽ പിതാവിൻെറ വിവേകപൂർണ്ണവും സമയോചിതമായ ഇടപെടലുകളെ പ്രകീർത്തിച്ചുകൊണ്ട് 9–ാം പീയൂസ് മാർപാപ്പ അദ്ദേഹത്തിനു സന്ദേശമയച്ചു. ചാവറപിതാവ് അനുഷ്ഠിച്ച സേവനങ്ങളെ പരിഗണിച്ച് അദ്ദേഹത്തെ മെത്രാനാക്കുവാൻ പ്രൊപ്പഗാന്ത തിരുസംഘം ബർണർദിൻ മെത്രാപ്പോലീത്തയോട് അഭിപ്രായം ആരാഞ്ഞു. എന്നാൽ മിഷനറിമാർ എതിർത്തതുകൊണ്ട് ആ ശ്രമം പരാജയപ്പെടുകയാണ് ചെയ്തത്.

## 2. പിന്നെയും പ്രതിസന്ധികൾ

മറ്റൊരു ദുരിതവും കേരളസഭയെ ഗ്രസിച്ചു. ബാബേലിൽനിന്ന് പോയി തിരിച്ചുവന്ന തൊണ്ടനാട്ട് അന്തോണിയച്ചൻ ഔദീശോ എന്നപേരിൽ മെത്രാനായി ചമഞ്ഞുനടക്കുകയും കുറെ പേരെ അനുയായികളാക്കുകയും ചെയ്തു. ചാവറയച്ചനെ പാട്ടിലാക്കുവാനുള്ള ശ്രമവും നടന്നു. തൻെറ പ്രയത്നമെല്ലാം പരാജയപ്പെടുകയാണെന്നു മനസ്സിലായപ്പോൾ തൊണ്ടനാട്ടച്ചൻ 1865–ൽ ചാവറ പിതാവിനെ സന്ധിക്കുകയും മനസ്തപിക്കുകയും ചെയ്തു.

പദ്രുവാദോ പ്രതിസന്ധിയാണ് ചാവറയച്ചൻ നേരിട്ട മറ്റൊരു പ്രതിസന്ധി. “മൂൾത്ത പ്രെക്കാരെ” എന്ന തിരുവെഴുത്ത് വഴി 1838–ൽ ഗ്രിഗരി 16–ാം മാർപാപ്പ പദ്രുവാദോ അധികാരം നിരോധിച്ചിരുന്നു. ഇതിൻെറ ഫലമായി കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ എന്നിയിടങ്ങളിൽ പോർച്ചുഗീസുകാർക്ക് അധികാരം നഷ്ടമായി. ഗോവാ മാത്രം അവരുടെ അധികാരത്തിൽ തുടർന്നു. മാർപാപ്പയുടെ തിരുവെഴുത്ത് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചപ്പോൾ ഗോവാ മെത്രാപ്പോലീത്ത ആൻറണി ഫെലിച്ചിയാനോ തിരുവെഴുത്തിനെ അംഗീകരിക്കരുതെന്ന് സാമന്തരൂപതകളിലെ മെത്രാന്മാരെ അറിയിച്ചു. അതനുസരിച്ച് റോമിൻെറ നിരോധനം അവഗണിച്ചുകൊണ്ട് മെത്രാന്മാർ ഭരണം തുടർന്നു. ഇതിനെ പദ്രുവാദോ ശീശ്മ എന്നു വിളിക്കുന്നു. പദ്രുവാദോയുടെ അനധികൃതമായ പ്രവർത്തനങ്ങൾ മൂലം ഒരേ ഇടവകയിൽ തന്നെ പദ്രുവാദോയെയും പ്രൊപ്പഗാന്തയെയും അനുകൂലിക്കുന്നവർ ഉണ്ടായി.

എല്ലാവരെയും നിയമപരമായ അധികാരത്തിനു കീഴിൽ കൊണ്ടുവരുക എന്നത് ചാവറയച്ചൻ ഏറ്റെടുത്ത ദൗത്യമായിരുന്നു.

പ്രശ്നങ്ങളെല്ലാം അവസാനിച്ചപ്പോൾ ചാവറപിതാവ് റോമിലേക്കു കത്തെഴുതി. കേരളസഭയിൽ ഐക്യം നിലനിറുത്തണമെങ്കിൽ ലത്തീൻ, സുറിയാനി റീത്തുകൾക്കു വെവ്വേറെ ഭരണക്രമവും മെത്രാന്മാരുമുണ്ടാകേണ്ടത് ആവശ്യമാണെന്ന് അറിയിച്ചു. കേരളത്തിലെ യാക്കോബായ സഭക്കാർ തങ്ങളുടെ രക്ത സംബന്ധികളും കുടുംബക്കാരുമാണെന്നും സ്വന്തം റീത്തിൽ മെത്രാന്മാരുണ്ടായാൽ അവർ സഭയിലേക്കു തിരിച്ചുവരുമെന്നും അദ്ദേഹം അറിയിച്ചു.

ചാവറപിതാവ് ഐക്യത്തിനും തനിമയ്ക്കും വേണ്ടി പരിശ്രമിച്ചതു സമരമുറകളെ അവലംഭിച്ചുകൊണ്ടായിരുന്നില്ല. വിവേകപൂർണ്ണമായ സമീപന രീതികളെയും അധികാരികളോടുള്ള അനുസരണയേയും ആശ്രയിച്ചുകൊണ്ടായിരുന്നു. ആശയസംഘട്ടനങ്ങളുടെയും മാനസികസംഘർഷങ്ങളുടെയും അന്തരീക്ഷത്തിലും വിശ്വാസവും സ്നേഹവും ആത്മാർത്ഥതയും കൈമുതലാക്കി പ്രവർത്തിക്കുന്നതാണ് ചാവറശൈലി. വിനീതവിധേയനായ പ്രവാചകനായിരുന്നു ചാവറപിതാവ്.

### 3. മേലൂസ് പ്രതിസന്ധി

ചാവറപിതാവിന്റെ മരണശേഷം, 1872-ൽ പദ്രുവാദോ അധികാരത്തിൽപെട്ട സുറിയാനിപ്പള്ളിക്കാർ ഒരു മെത്രാനെ അയച്ചു തരണമെന്ന് കൽദായ പാത്രിയാർക്കീസിനോട് അപേക്ഷിച്ചു. തുടർച്ചയായ അപേക്ഷയുടെ ഫലമായി മാർപാപ്പയുടെ അനുവാദം ഇല്ലാതെ കൽദായ പാത്രിയാർക്കീസ് മേലൂസ് എന്ന കൽദായ മെത്രാനെ മലബാറിലേയ്ക്ക് അയച്ചു. 1874 ഒക്ടോബർ 2-ന് തൃശൂരിലെത്തിയ മേലൂസ് മെത്രാൻ സുറിയാനിക്കാരുടെ മേലുള്ള ബാബേൽ പാത്രിയാർക്കീസിന്റെ അധികാരം പ്രഖ്യാപിച്ചു. മലയാളം വിട്ടുപോകണമെന്ന മാർപാപ്പയുടെ അധികാരപത്രം വരാപ്പുഴയിലെ ലെയോനാർദ് മെത്രാൻ അദ്ദേഹത്തെ അറിയിച്ചുവെങ്കിലും മേലൂസ്

അനുസരിക്കാത്തതിനാൽ ഒക്ടോബർ 25-ന് മേലൂസിനെ മഹറോൻ ചൊല്ലി.

മാർപാപ്പ കൊടുത്ത നിർദ്ദേശങ്ങൾക്കനുസരിച്ച് വരാപ്പുഴ മെത്രാന്റെ കീഴിൽ പ്രതിസന്ധിയെ തകർക്കാൻ സി.എം.ഐ. സഭയുടെ രണ്ടാമത്തെ പ്രിയോർ ജനറാളും വരാപ്പുഴ വികാരിയാത്തിന്റെ തെക്കുഭാഗത്തുള്ള സുറിയാനിക്കാരുടെ വികാരി ജനറാളുമായ കുര്യാക്കോസ് ഏലീശാച്ചനും മറ്റു സഭാംഗങ്ങളും നടത്തിയ പരിശ്രമങ്ങൾ വിവരണാതീതമാണ്. അന്ന് വരാപ്പുഴ മെത്രാനായിരുന്ന മാർ ലെയോനാർദിന്റെ നിർദ്ദേശമനുസരിച്ച് കട്ടക്കയത്തു ചാണ്ടിയച്ചൻ ഏൽത്തുരുത്ത് കൊവേന്തയിൽ താമസിച്ച് പ്രതിസന്ധിക്കെതിരെ പോരാട്ടത്തിനു നേതൃത്വം നൽകി.

മേലൂസ് മെത്രാനും അദ്ദേഹത്തിന്റെ സഹായിയായിരുന്ന യാക്കോബ് മെത്രാനും മലയാളത്തിൽനിന്നു തിരിക്കണമെന്ന് 1877 ജൂലൈ മാസത്തിൽ ബാബേൽ പാത്രിയാർക്കീസ് കല്പിച്ചു. ഈ കല്പനയനുസരിച്ച് യാക്കോബ് മെത്രാൻ പ്രതിസന്ധിയുപേക്ഷിച്ച് ഏൽത്തുരുത്ത് ആശ്രമത്തിൽ വന്നു താമസിച്ചു. സെപ്റ്റംബർ 28-ാം തീയതി മെവുറിൻ മെത്രാനോടൊപ്പം ബോംബേയിലേക്കു പോകുകയും ചെയ്തു. അദ്ദേഹത്തിന്റെ മാനസാന്തരത്തിനായി നിധിരിക്കൽ മാണിയച്ചനോടൊപ്പം വലിയ ചാണ്ടിയച്ചനും പരിശ്രമിക്കയുണ്ടായി.

കേരളസഭയുടെയും സി.എം.ഐ. സഭയുടെയും വളർച്ചയിൽ വിശ്രമരഹിതമായി സമർപ്പിച്ച സേവനങ്ങൾക്ക് അംഗീകാരമായി 1892-ൽ ലെയോ 13-ാം മാർപാപ്പ മിഷനറി അപ്പസ്തോലിക്ക് എന്ന ബഹുമതി നൽകി ചാണ്ടിയച്ചനെ ആദരിച്ചു. ഭാരതസഭയിൽ ഇപ്രകാരമൊരു അംഗീകാരം ആദ്യമായി ലഭിക്കുന്നത് ചാണ്ടിയച്ചനാണ്. 1903-ൽ ചാണ്ടിയച്ചന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷാവസരത്തിൽ 'ക്രോച്ചേ ബെനേമെരേൻസാ' (Croce Benemerenza) എന്ന കീർത്തിമുദ്ര അദ്ദേഹത്തിനു മാർപാപ്പയിൽ നിന്നു ലഭിക്കുകയുണ്ടായി.

അദ്ദേഹത്തിനുശേഷം ലെയോനാർദ് മൂലയിലച്ചനും മിഷനറി അപ്പസ്തോലിക്ക് എന്ന അംഗീകരം ലഭിച്ചിട്ടുണ്ട്.

## 4. ഏഴു വ്യാകുലങ്ങൾ

തുടരെത്തുടരെ കേരളസഭയിൽ ആഞ്ഞടിക്കുന്ന അനൈക്യത്തിൻെറയും മാർഗ്ഗഭ്രംശത്തിൻെറയും അടിസ്ഥാന കാരണം സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരുടെ അഭാവമാണെന്ന് തിരിച്ചറിഞ്ഞ സി.എം.ഐ. സഭാംഗങ്ങൾ അതിനുവേണ്ടി പോരാടുവാൻ തുടങ്ങി. 1875 ഏപ്രിൽ മാസം മുതൽ റോമിലേക്കും ഇന്ത്യയിലെ ഇതര വികാരിയാത്തുകളിലേക്കും ഇവർ നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു. ഈ നിവേദനങ്ങളിൽ സെപ്റ്റംബർ 1–ാം തീയതി അയച്ചത് ഏറ്റവും പ്രധാന്യമർഹിക്കുന്നു. 80 ഇടവക വൈദികരോടൊപ്പം 12 സുറിയാനി കർമ്മലീത്ത സന്ന്യാസികളും പ്രസ്തുത നിവേദനത്തിൽ ഒപ്പ് വച്ചിരുന്നു. ആ കത്ത് അയയ്ക്കുന്നതിനു മുമ്പ് തിരുസന്നിധിയിൽ സമർപ്പിച്ച് അതിൻെറ ഫലപ്രാപ്തിക്കായി ദീർഘനേരം അവർ പ്രാർത്ഥിച്ചു.

സഭാംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന ഈ നീക്കത്തിൽ വരാപ്പുഴ അധികാരികൾ കുപിതരായി. വികാരി അപ്പസ്തോലിക്ക ലെയൊനാർഡ് മെല്ലാനോക്കു സഭയോടു പൊതുവിലും ചില അംഗങ്ങളോടു പ്രത്യേകിച്ചും നീരസം ജനിച്ചു. സി.എം.ഐ. സഭയ്ക്കേററ വലിയ പ്രഹരമായിരുന്നു പരിണിതഫലം. 1876 ജനുവരി 23–ന് ഏഴ് പ്രമുഖ സി.എം.ഐ. സഭാംഗങ്ങളെ സന്ന്യാസസഭയിൽനിന്നു പുറത്താക്കി.

സഭയിൽ പുതുതായി ആരെയും സ്വീകരിക്കരുതെന്നു കല്പന നൽകി. പാണാപള്ളിയിൽ വി. ഫിലിപ്പുനേരിയുടെ നാമത്തിൽ പുതിയൊരു സന്ന്യാസ സഭയ്ക്ക് ആരംഭം കുറിച്ചു. മാത്രമല്ല, സുറിയാനിക്കാരെയും നമ്മുടെ സഭയെയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ലെയോപ്പോൾദ്, ജെരാർദ് മിഷനറിമാരെ യൂറോപ്പിലേക്കു തിരിച്ചു വിളിച്ചു. അവർ സുറിയാനിക്കാരുടെ സ്വജാതിമെത്രാൻ പ്രസ്ഥാനത്തോട് അനുഭാവം പ്രകടിപ്പിച്ചു എന്നതായിരുന്നുവത്രെ ഇതിനുള്ള കാരണം.

അന്നു സഭയിൽനിന്നും പുറത്താക്കപ്പെട്ട ഏഴംഗങ്ങൾ താഴെപ്പറയുന്നവരാണ്. 1. പൂവത്തുശ്ശേരി ഇരുമ്പൻ ഗീവർഗീസച്ചൻ 2. ഭരണങ്ങാനത്ത് മീനാട്ടൂർ മാണിയച്ചൻ 3. ആരക്കുഴ മാതേക്കൽ മത്തായിയച്ചൻ 4. ഞാറക്കൽ ശങ്കൂരിക്കൽ പൗലോസച്ചൻ 5. ഭരണങ്ങാനത്ത് തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ 6. കൈനകരി ചാവറ യൗസേപ്പച്ചൻ 7. പുളിങ്കുന്ന് പഴയപറമ്പിൽ ളൂയിസച്ചൻ.

ഇങ്ങനെ കേരളസഭ വളരെ കലുഷിതമായ ഒരു അന്തരീക്ഷത്തിലൂടെ കടന്നു പോകുമ്പോൾ പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി പഠിക്കുന്നതിനുവേണ്ടി മാർപാപ്പയുടെ അപ്പസ്തോലിക് വിസിറ്ററായി ബോംബെ വികാരി അപ്പസ്തോലിക്ക മോൺ. ലെയോ മെവുറിൻ നിയോഗിതനായി. 1876 മാർച്ചു മാസത്തിൽ മെവുറിൻ മെത്രാനെ 136 വൈദികരും 350–ലേറെ ജനപ്രതിനിധികളും ചേർന്നു മാന്നാനത്ത് ആഘോഷമായി സ്വീകരിച്ചു. “I have never seen anything so grand” എന്നാണ് പ്രസ്തുത എതിരേല്പിനെപ്പറ്റി അദ്ദേഹം പറഞ്ഞത്.

കേരളസഭയ്ക്കുവേണ്ടി ക.നി.മൂ.സ.ക്കാരായ ഏഴു വൈദികർ അനുഭവിച്ച ത്യാഗങ്ങളും ദു:ഖപൂർണ്ണമായ അപമാനവും മുൻനിറുത്തി പ. കന്യാമറിയത്തിന്റെ ഏഴു വ്യാകുലങ്ങളെ അനുസ്മരിച്ചുകൊണ്ട് മെവുറിൻ മെത്രാൻ അവർക്കു നൽകിയതാണ് “ഏഴു വ്യാകുലങ്ങൾ” എന്ന പേര്.

### 5. ബഹിഷ്കരണ മുടക്ക്

കുറെപ്പേരെക്കൂടി സഭയിൽ നിന്നും പുറന്തള്ളുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ സഭയുടെ സ്വയം ഭരണ സിദ്ധിക്കായി ശ്രമിച്ചു എന്ന കാരണത്താൽ ഇനിമേൽ ആരെയും സഭയിൽനിന്നും ബഹിഷ്കരിക്കരുതെന്നു റോമിൽനിന്ന് അറിയിച്ചതുകൊണ്ട് ഈ ശ്രമം വിഫലമായി. മാത്രമല്ല, നിഷ്ക്കാസിതരായവർക്ക് ആഗ്രഹമുണ്ടെങ്കിൽ വീണ്ടും സഭയിൽ ചേരുവാനുള്ള അനുവാദവും നല്കപ്പെട്ടു. എന്നാൽ അവരിലാരും സഭയിൽ പ്രവേശിച്ചില്ല. അവരിൽ, പഴയപറമ്പിൽ ളൂയിസച്ചൻ എറണാകുളം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായും

മറ്റുള്ളവർ രൂപതയുടെ ആലോചനക്കാരായും പ്രധാന പള്ളികളുടെ വികാരിമാരായും നിയമിതരായി.

സ്വജാതിമെത്രാന്മാരെ ലഭിക്കുവാൻ വേണ്ടി സഭയിൽനിന്നും ചെയ്തിരുന്ന യത്നങ്ങളെ അപലപിച്ചുകൊണ്ട് വരാപ്പുഴ മിഷനറിമാർ പല പരാതികളും റോമിലേക്കയച്ചിരുന്നു. എന്നാൽ അധികാരികൾക്ക് സഭയെപ്പറ്റിയുള്ള മതിപ്പിനു യാതൊരു കുറവും സംഭവിച്ചില്ല. പുറത്താക്കപ്പെട്ട വൈദികർ കൂടുതൽ സ്വാതന്ത്ര്യത്തോടെ ഇവിടുത്തെ സ്ഥിതിഗതികൾ റോമിലേക്ക് അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ വരാപ്പുഴ അധികാരികളുടെ പുറത്താക്കൽ പ്രക്രിയ സ്വയംഭരണ പ്രവർത്തകർക്ക് പൂർവ്വാധികം ഊർജം പകർന്നു.

## 6. ലെയോ മെവുറിൻ മെത്രാൻെറ നടപടികൾ

ഒരു മാസത്തോളം മെവുറിൻ മെത്രാൻ മാന്നാനത്തു താമസിക്കുന്നതിനിടയിൽ സുറിയാനി സഭാംഗങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടി. വൈദികരും ആത്മായരും ഒന്നുചേർന്ന് തങ്ങൾക്ക് സ്വന്തമായി ഒരു മെത്രാനെ ലഭിക്കണമെന്ന് നിവേദനം അർപ്പിച്ചു. 1876 മെയ് 23 മുതൽ 26 വരെ നടത്തിയ മാന്നാനം സമ്മേളനത്തിൻെറ അഭിപ്രായങ്ങൾ മെവുറിൻ മെത്രാൻ ഉടനടി റോമിലറിയിച്ചു. മാന്നാനം സൂനഹദോസ് എന്ന് ഈ സമ്മേളനം ചരിത്രത്തിൽ അറിയപ്പെടുന്നു. തുടർന്ന് മെത്രാൻ പുളിങ്കുന്ന്, കൂനമ്മാവ് ആശ്രമങ്ങൾ സന്ദർശിച്ചു. കേരളത്തിൻെറ വടക്കൻ പ്രദേശത്തുകാർക്കായി ഒരു യോഗം ഒല്ലൂരിൽ നടത്തി. മെത്രാൻ 16 മാസത്തോളം കേരളത്തിൽ ചെലവഴിച്ചതിൽ അധികകാലവും ഏൽത്തുരുത്ത് ആശ്രമത്തിലാണ് താമസിച്ചത്.

താമസിയാതെ സുറിയാനിക്കാരുടെ കാര്യങ്ങൾ നോക്കുവാൻ മർസലിൻ മിഷനറിയെ വരാപ്പുഴയുടെ കോ-അഡ്ജുത്തോർ മെത്രാനായി നിയമിച്ചു.

## 7. ഇന്ത്യൻ ഹയരാർക്കിയുടെയും സുറിയാനി വികാരിയാത്തുകളുടെയും സ്ഥാപനം

1885–ൽ ഇൻഡ്യയുടെ ആദ്യ അപ്പസ്തോലിക് ഡലഗേറ്റായി കേരളത്തിലെത്തിയ ആൻറണി അലിയാർദി മെത്രാപ്പോലീത്തയെ നവംബർ 11–ന് സുറിയാനിക്കാർ ഒരുമിച്ച് സ്വീകരിച്ചത് മാന്നാനത്തായിരുന്നു. ഏകദേശം 25,000 പേർ ഈ സ്വീകരണ പരിപാടിയിൽ പങ്കെടുത്തു. അതിഗംഭീരമായ സ്വീകരണം ലഭിച്ച മെത്രാപ്പോലീത്ത വിളിച്ചു ചോദിച്ചു, "ഇനി മാർപാപ്പ തന്നെ ഇവിടെ എഴുന്നള്ളിയാൽ ഇതിൽ കൂടുതൽ എന്താണു ചെയ്യാനുള്ളത്."

അന്ന് മാർപാപ്പയ്ക്കു നൽകുവാൻ ഡലഗേറ്റിനെ ഏൽപിച്ച നിവേദനത്തിൻെറ പിന്നാലെയാണ് സുറിയാനി സഭയ്ക്കു രണ്ട് വികാരിയാത്തുകൾ ഉണ്ടായത്.

1886 സെപ്റ്റംബർ 1–ന് 13–ാം ലെയോ മാർപാപ്പ ഇന്ത്യയിൽ വൈദികമേലധികാരം (ഹയരാർക്കി) സ്ഥാപിച്ചു. ഇതനുസരിച്ച് ഇന്ത്യയെ ഏഴു മെത്രാസനങ്ങളായി തിരിച്ചു. 1887 മെയ് 20–ന് സുറിയാനിക്കാരെ വരാപ്പുഴ അധികാരത്തിൽനിന്നു വിടർത്തി അവർക്കായി തൃശ്ശൂർ, കോട്ടയം എന്നീ രണ്ടു വികാരിയത്തുകൾ സ്ഥാപിച്ചു. അപ്പോഴത്തെ ഡലഗേറ്റായ അന്ത്രയോസ് അയൂത്തി തൻെറ താമസസ്ഥലമായ ഊട്ടിയിൽ നിന്ന് മാർപാപ്പയുടെ തിരുവെഴുത്തും തീരുമാനവും തൃശ്ശൂർ വികാരിയാത്തിലെ പള്ളികൾക്കുള്ളത് ഏൽത്തുരുത്ത് കൊവേന്തയുടെ പ്രിയോരച്ചനും കോട്ടയം വികാരിയാത്തിലെ പള്ളി കൾക്കുള്ളത് മാന്നാനം പ്രിയോരച്ചനും അയച്ചു കൊടുത്തു. അതത് വികാരിയാത്തിലെ പള്ളികൾക്ക് ആശ്രമാധിപരാണ് അയയ്ക്കുന്നത്.

തൃശ്ശൂർ അപ്പസ്തോലിക്കയായി മെഡ്‌ലിക്കോട്ട് മെത്രാനെയും കോട്ടയം വികാരി അപ്പസ്തോലിക്കയായി ചാൾസ് ലവീഞ്ഞു മെത്രാനെയും നിശ്ചയിച്ചിരുന്നു. പുതിയ മെത്രാന്മാരെ സ്വീകരിക്കുവാൻ വേണ്ടിവരുന്ന ചെലവുകളെക്കുറിച്ച് ആലോചിക്കുവാൻ മാന്നാനത്തും ഏൽത്തുരുത്തും വൈദികരുടെയും അല്മായരുടെയും ഓരോ യോഗം വിളിച്ചുകൂട്ടി. യോഗതീരുമാനമനുസരിച്ച് പിരിവ് നടത്തിയതിൽ

അധികം വന്ന ചെലവ് കൊവേന്തകൾ തന്നെ വഹിച്ചു. 1888 മെയ് മാസത്തിൽ കോട്ടയം വികാരിയാത്തിലേയ്ക്ക് കടന്നു വന്ന കാർലോസ് ലെവീഞ്ഞു മെത്രാന് മാന്നാനത്താണ് സ്വീകരണം നൽകിയത്. മാന്നാനം ആസ്ഥാനമാക്കി ഭരണം ഏറ്റെടുത്ത ലവീഞ്ഞു മെത്രാൻ ചങ്ങനാശ്ശേരിയിൽ സ്ഥലസൗകര്യമായതിനു ശേഷമാണ് അവിടേക്ക് താമസം മാറ്റിയത്.

1996–ൽ ലിയോ 13–ാം പാപ്പ തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു. എറണാകുളത്ത് ഏഴു വ്യാകുലങ്ങളിൽ ഒരാളായ മാർ ലൂയിസ് പഴേപറമ്പിലാണ് വികാരി അപ്പസ്തോലിക്കയായി നിയമിതനായത്.

സി.എം.ഐ. സഭാംഗവും മണ്ഡ്യ രൂപതയുടെ അദ്ധ്യക്ഷനുമായിരുന്ന മാർ ആൻറണി കരിയിലിനെ 2019 ആഗസ്റ്റ് 30–ന് വത്തിക്കാൻെറ അംഗീകാരത്തോടെ എറണാകുളം–അങ്കമാലി അതിരൂപതയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ വികാരിയായി തിരഞ്ഞെടുത്തു. മലബാർ സഭ അതിസങ്കീർണ്ണമായ കാലസന്ധിയിലൂടെ കടന്നുപോയപ്പോഴാണ് ഈ തിരഞ്ഞെടുപ്പ് നടന്നത്. തിരുസഭയുടെ പല പ്രതിസന്ധി ഘട്ടങ്ങളിൽ അതിനു ശുശ്രൂഷയർപ്പിച്ചു ശക്തിപ്പെടുത്തുന്നതിന് സി.എം.ഐ. സമൂഹം നിറവേറ്റിയിട്ടുള്ള ദൗത്യത്തിൻെറ തുടർച്ചയായി ഈ തിരഞ്ഞെടുപ്പ്.

## 8. പമ്പയാറിനും അപ്പുറത്ത്

പമ്പാനദിയുടെ തെക്ക് കന്യാകുമാരി വരെ പരന്നുകിടക്കുന്ന പ്രദേശങ്ങളിൽ നടത്തിയിരുന്ന മിഷൻ പ്രവർത്തനങ്ങളെ തെക്കൻ മിഷൻ എന്നു വിളിക്കുന്നു. പുനരൈക്യ മിഷൻ, തിരുവനന്തപുരം മിഷൻ, കന്യാകുമാരി മിഷൻ എന്നിങ്ങനെ വിവിധ പേരുകളിൽ ഇത് അറിയപ്പെടുന്നുണ്ട്.

പമ്പാനദിയും കടന്ന് തെക്കൻ പ്രദേശങ്ങളിൽ പ്രേഷിത പ്രവർത്തനത്തിനു നാന്ദി കുറിക്കുന്നത് സഭാ സ്ഥാപകരിൽ ഒരാളായ പോരൂക്കര തോമച്ചനാണ്. 1828–1829 കാലയളവിൽ തങ്കശ്ശേരി ലത്തീൻ പള്ളിയുടെ വികാരിയായി അദ്ദേഹം സ്തുത്യർഹമായി

സേവനം ചെയ്തു. മാന്നാനത്തെ ആശ്രമജീവിതത്തിനിടയിലും അന്നത്തെ (1838) മെത്രാൻെറ നിർദ്ദേശപ്രകാരം രണ്ടു കൊല്ലത്തോളം കൊല്ലം കോട്ടാർ പ്രദേശങ്ങളിൽ പദ്രുവാദോ പ്രതിസന്ധിക്കെതിരെ പ്രവർത്തിക്കുന്നതിൽ പോരൂക്കരയച്ചൻ ബദ്ധശ്രദ്ധനായിരുന്നു.

പമ്പാനദിയുടെ അതിർത്തി വിട്ട് സംഘടിതമായ പ്രവർത്തനങ്ങളുമായി മുന്നോട്ടിറങ്ങിയ സി.എം.ഐ. സഭയുടെ ശ്രദ്ധ ആദ്യം തിരിയുന്നത് തെക്ക് പ്രദേശങ്ങളിലുള്ള യാക്കോബായ സഭക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്നതിലാണ്.

## 9. പുനരൈക്യപ്രസ്ഥാനം

“ചെതറപ്പെട്ടവരെ കൂട്ടുക” (സഭ വിട്ടുപോയവരെ തിരിച്ചുകൊണ്ടുവരിക) എന്നത് സി.എം.ഐ. സഭയുടെ ദൗത്യങ്ങളിൽ ഒന്നായി ധർമ്മക്കടലാസ് എടുത്തുപറയുന്നു. സഭ സ്ഥാപിതമായ കാലത്ത് ചെതറപ്പെട്ടവർ ഉണ്ടായിരുന്നു. അവരെയെല്ലാം തിരിച്ചുകൊണ്ടുവന്ന് ഒരു സമൂഹമാക്കിത്തീർക്കുകയെന്നത് സഭാംഗങ്ങൾ തങ്ങൾക്കു ഭരമേല്പ്പിക്കപ്പെട്ട ദൗത്യമായി കരുതി.

കേരളത്തിലെ നസ്രാണികൾ ഒരു സമൂഹമായിരുന്നു. കൂനൻ കുരിശുസത്യവും ആലങ്ങാട്ടു സംഭവവുമാണ് ഈ സമൂഹത്തിൽ വിള്ളലുകൾ സൃഷ്ടിച്ചത്. പ്രസ്തുത സംഭവങ്ങൾ മൂലം സഭാഗാത്രത്തിനേറ്റത് ആഴമായ മുറിവായിരുന്നു. (മൂന്നാം അദ്ധ്യായം കാണുക) അതുവഴി സഭയിൽ പുത്തൻകൂറ്റ്, പഴയകൂറ്റ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളുണ്ടായി.

പുത്തൻകൂറ്റ് വിഭാഗത്തിനു നേതൃത്വം കൊടുത്തുകൊണ്ടിരുന്ന ആദ്യത്തെ അഞ്ച് മാർത്തോമ്മമാർ മെത്രാൻ പട്ടം സ്വീകരിക്കാതെ മരിച്ചു. ആറാം മാർത്തോമ്മാ 1772 ജനുവരിയിൽ നിരണത്തു വച്ച് മാർ യോഹന്നാൻ, മാർ ഗ്രിഗോരിയോസ് എന്നീ വിദേശ യാക്കോബായ മെത്രാന്മാരിൽനിന്നു വൈദികപട്ടമുൾപ്പെടെ എല്ലാ പട്ടങ്ങളും മെത്രാൻ പട്ടവും സ്വീകരിച്ച് മാർ ദിവന്നാസ്യോസ് ഒന്നാമൻ എന്ന പേരിൽ മെത്രാനായി. കത്തോലിക്കാ സഭയുമായി അനുരഞ്ജനം പ്രാപിക്കുവാൻ അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചു. ഫാ. ജോസഫ് കരിയാറ്റിയും പാറേമ്മാക്കൽ തോമ്മാകത്തനാർ,

മാത്തുത്തരകൻ എന്നിവർ പുനരൈക്യം എന്ന പുണ്യം യാഥാർത്ഥ്യമാകാൻ അത്യദ്ധ്വാനം ചെയ്തു. 1799 ജൂലൈ 21-ാം തീയതി ദിവന്നാസ്യോസും കൂട്ടരും സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കസഭയെ ആശ്ലേഷിച്ചു. എന്നാൽ കൊച്ചി രൂപതയുടെ അഡ്മിനിസ്ട്രേറ്ററും ഗോവാ മെത്രാപ്പോലീത്തായും അവരുടെ തിരിച്ചുവരവിനെ അംഗീകരിച്ചില്ല, തന്മൂലം ദിവന്നാസ്യോസും കൂട്ടരും ആറുമാസം വരെ കാത്തിരുന്ന ശേഷം യാക്കോബായ സഭയിലേക്കു തിരിച്ചുപോയി. അങ്ങനെ പുനരൈക്യത്തിനായുള്ള പരിശ്രമം പരാജയമടഞ്ഞു. സുറിയാനി കത്തോലിക്കരും യാക്കോബായ വിഭാഗവും അനുരഞ്ജനപ്പെട്ടാൽ അതോടെ തങ്ങളുടെ ഭരണത്തിന് അന്ത്യം കുറിക്കുമെന്നു മിഷനറിമാർ ഭയപ്പെട്ടു.

സഭയിൽനിന്ന് വേർപെട്ടുപോയ യാക്കോബായ സഹോദരങ്ങൾ തിരിച്ചുവന്ന് വീണ്ടും സഭാസമൂഹത്തിൽ ഒരുമിക്കണമെന്ന് ചാവറപിതാവ് അതിയായി ആഗ്രഹിച്ചു. സ്വന്തറീത്തിൽ നിന്ന് ഈ നാട്ടുകാരായ മെത്രാന്മാർ ഉണ്ടായാൽ ഇതു സാദ്ധ്യമാകുമെന്ന് അദ്ദേഹം റോമിലേക്ക് എഴുതി. എന്നാൽ ചില പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടിയിരുന്നു. യാക്കോബായക്കാർ ഉപയോഗിച്ചുവന്ന അന്തിയോക്കിയൻ ആരാധനക്രമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, സഭയിലെ വിവാഹിതരായ വൈദികരെ സംബന്ധിച്ച നിലപാട് എന്നിവയായിരുന്നു പ്രധാന പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾക്കു പരിഹാരം തേടുന്നതിൻെറ ഭാഗമായി ഔദ്യോഗികസഭയുടെ നിലപാട് കണ്ടെത്തുവാൻ പിതാവ് ശ്രമിക്കുന്നുണ്ട്. തൻെറ ശിഷ്യനായ പാലാക്കുന്നേൽ മത്തായി മറിയം അച്ചനുമായി കത്തിടപാടുകൾ ഇക്കാര്യം വ്യക്തമാക്കുന്നു.

1869-ൽ 9-ാം പീയൂസ് മാർപാപ്പ, സഭയുടെ കൂട്ടായ്മയിൽ നിന്നു വിട്ടുനിൽക്കുന്ന ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മെത്രാന്മാരെ ഒന്നാം വത്തിക്കാൻ സൂനഹദോസിലേക്ക് ക്ഷണിക്കയുണ്ടായി. കേരളത്തിലെ യാക്കോബായ മെത്രാന്മാരും ഇപ്രകാരം ക്ഷണിക്കപ്പെടുന്നതിന് ചാവറപിതാവ് പരിശ്രമിച്ചു.

ചാവറപിതാവ് തുടങ്ങിവെച്ച പുനരൈക്യശ്രമങ്ങൾ അദ്ദേഹത്തിൻെറ പിൻഗാമികൾ തുടർന്നു. 1900-ൽ ബെർണ്ണാർഡ് ആലഞ്ചേരിയച്ചൻ പുനരൈക്യ പ്രസ്ഥാനം പൂവണിയുന്നതിനുവേണ്ടി ഇടവകപ്പള്ളികളിൽ പ്രാർത്ഥന വിതരണം ചെയ്തതായി കാണുന്നു.

1920-കളുടെ ആരംഭത്തിൽ കാരക്കാട്ടുകാരനായ പാമ്പുറേത്ത് ചാണ്ടപ്പിള്ള കത്തനാരുടെ നേതൃത്വത്തിൽ ചില യാക്കോബായക്കാർ പുനരൈക്യത്തിനായി ആഗ്രഹം പ്രകടിപ്പിക്കയുണ്ടായി. ഈ സാഹചര്യത്തിൽ കൊല്ലം മെത്രാനായ ബൻസിഗർ പിതാവ് തൻെറ രൂപതാതിർത്തിയിലെ യാക്കോബായക്കാരുടെ ഇടയിൽ ജോലി ചെയ്യുന്നതിനായി രണ്ട് വൈദികരെ അയയ്ക്കണമെന്ന് സി.എം.ഐ. പ്രയർ ജനറാളായിരുന്ന അലക്സാണ്ടർ കട്ടക്കയം അച്ചനോട് അഭ്യർത്ഥിച്ചു. അങ്ങനെയാണ് 1921 ഡിസംബർ 21-ന് തയ്യിൽ സ്റ്റീഫനച്ചനും ഹയസിന്ത് കുന്നുങ്കലച്ചനും കാരക്കാട് വന്നെത്തുന്നത്. ഇവരാണ് പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യ സി.എം.ഐ. മിഷനറിമാർ. പന്തളത്തു കുളനടയിലും, തുമ്പമണ്ണിലും, കൊട്ടാരക്കരയിലും അകത്തോലിക്കരുടെ ഇടയിൽ ഇവർ മിഷൻ പ്രവർത്തനം നടത്തി. ബ. അച്ചന്മാർ ആരംഭിച്ചു വച്ച ദൗത്യത്തെ പന്തളം-കൊട്ടാരക്കര മിഷൻ എന്നു വിളിക്കുന്നു. ഗ്രിഗരി നീരാക്കലച്ചൻ, ഹെൻറി വടക്കേടം, ഇഗ്നേഷ്യസ് മിത്രക്കരിയച്ചൻ എന്നിവർ ഈ രംഗത്ത് പ്രവർത്തിച്ചവരാണ്.

മിഷനറിമാർ യാക്കോബായക്കാരുമായി സമ്പർക്കം പുലർത്തിയിരുന്നുവെന്നല്ലാതെ അധികം മാനസാന്തരങ്ങൾ നടന്നില്ല. അന്തിയോക്കിയൻ ആരാധനക്രമം ഉപേക്ഷിക്കാതെ യാക്കോബായ പുരോഹിതരെ കത്തോലിക്കാസഭയിൽ ചേർക്കുകയില്ലായെന്ന കൊല്ലം മെത്രാൻെറ നിലപാടു മൂലം പന്തളം മിഷൻ വേണ്ടതുപോലെ ഫലമണിഞ്ഞില്ല. ഇതിനു പരിഹാരമായി 1924-ൽ ഇന്ത്യയുടെ അപ്പസ്തോലിക് വിസിറ്ററായിരുന്ന മോൺ. ലപ്പിസിയർക്ക് അദ്ദേഹത്തിൻെറ കൊല്ലം സന്ദർശന വേളയിൽ ഗ്രിഗരിയച്ചൻ ഒരു അപേക്ഷ സമർപ്പിച്ചു. പുനരൈക്യപ്പെടുന്നവർക്ക് അന്തിയോക്കിയൻ റീത്ത് അനുവദിക്കണമെന്നതാണ് അപേക്ഷയുടെ ഉള്ളടക്കം.

പന്തളം മിഷൻ 1925 ഫെബ്രുവരി 19-ന് താല്ക്കാലികമായി നിറുത്തിയെങ്കിലും 1926-ൽ സുറിയാനി രൂപതയിൽപെട്ട അയിരൂരിൽ താമസിച്ചുകൊണ്ട് പ്രസ്തുത സ്ഥലങ്ങളിൽ ബ. അച്ചന്മാർ സന്ദർശനങ്ങൾ തുടർന്നു. പുനരൈക്യ പ്രവർത്തനങ്ങളെ ലക്ഷ്യമാക്കി അയിരൂർ കൂടാതെ പുതുപ്പള്ളിയിലും ഒരു ഭവനം ആരംഭിക്കയുണ്ടായി. ബാലരാമപുരം, കിരാത്തൂർ, കളിയിക്കാവിള എന്നിയിടങ്ങൾ സി.എം.ഐ. വൈദികരുടെ പ്രവർത്തങ്ങളാൽ സമ്പന്നമായി. (പമ്പാനദിക്കു തെക്ക് ആദ്യമായി ഒരു സി.എം.ഐ. ഭവനം 'ക്രൈസ്റ്റ് ഹാൾ' എന്ന പേരിൽ സ്ഥാപിതമാകുന്നത് 1946 നവംബർ 1-നാണ്. തിരുവനന്തപുരം ലത്തീൻ രൂപതയുടെ ഈ പ്രദേശത്ത് സീറോമലബാർ സഭയുടെ തന്നെ ആദ്യത്തെ സ്ഥാപനമാണിത്.)

സഭാംഗങ്ങളുടെ പരിശ്രമം വഴിയായി യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാ സഭയെക്കുറിച്ചുള്ള പല തെറ്റിദ്ധാരണകൾ നീങ്ങി. 17-ാം നൂറ്റാണ്ടു വരെ നാം ഒന്നായിരുന്നു എന്ന അവബോധം അവരിൽ ഉണർന്നു. പുനരൈക്യപ്പെട്ട വൈദികരെ കത്തോലിക്കാ ദൈവശാസ്ത്രം പഠിപ്പിക്കുന്നതിനു വേണ്ടി ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ച് ഒരു താല്ക്കാലിക സെമിനാരി നടത്തുകയുണ്ടായി. ബർത്തുൽമൈ പെരുമാലിലച്ചൻ, മാർസെലിൻ ആലയ്ക്കപ്പിള്ളിയച്ചൻ, പ്ലാസിഡ് പൊടിപാറയച്ചൻ എന്നിവർ ഇവരുടെ അദ്ധ്യാപകരായിരുന്നു. 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഇവാനിയോസിൻെറയും മാർ തെയോഫിലോസിൻെറയും നേതൃത്വത്തിൽ പുനരൈക്യം കരഗതമായി.

മലങ്കരസഭയുടെ ആരംഭത്തിൽ അതിൻെറ രൂപതകളിൽ സേവനമനുഷ്ഠിക്കുന്നതിനു സി.എം.ഐ. സഭാംഗങ്ങൾ മുന്നോട്ടുവന്നു. അവർ ധാരാളമനസ്സോടെ സീറോമലങ്കര റീത്തിൽ ആരാധനക്രമ ശുശ്രൂഷകൾ നിർവ്വഹിക്കാൻ തയ്യാറായി. സഭയിലെ സന്ന്യാസ സമൂഹങ്ങളായ ഒ.ഐ.സി., എസ്.ഐ.സി., ഡി.എം. എന്നിവയുടെ ഡയറക്റ്റർമാരായും നവസന്യാസ ഗുരുക്കന്മാരായും സഭാംഗങ്ങൾ സേവനം അനുഷ്ഠിച്ചു.

പുനരൈക്യം നടക്കുവാനും സീറോമലങ്കര സഭ സ്ഥാപിതമാകുവാനും അത്യദ്ധ്വാനം ചെയ്ത വ്യക്തികളിൽ ഫാ. പ്ലാസിഡ് പൊടിപാറയുടെ പേര് എടുത്തു പറയേണ്ടിയിരിക്കുന്നു. ചെത്തിപ്പുഴ സെമിനാരിയിലെ അദ്ധ്യാപകനായിരുന്ന പ്ലാസിഡച്ചൻ ലത്തീൻ അറിയാത്ത യാക്കോബായക്കാർക്കായി ദൈവശാസ്ത്ര വിഷയങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു. പൗരസ്ത്യ സഭകളെയും മാർപാപ്പയുടെ പരമാധികാരത്തെയും കുറിച്ച് എഴുതി. വളരെയേറെ ക്ലാസുകളും സെമിനാറുകളും നടത്തി. "മലങ്കര കാനോൻ നിയമത്തിന്റെ ഉറവിടങ്ങൾ" എന്ന അദ്ദേഹത്തിന്റെ ഗവേഷണഗ്രന്ഥം മലങ്കരസഭയുടെ ദൈവശാസ്ത്രപരമായ ആഭിമുഖ്യങ്ങൾക്ക് അടിസ്ഥാനമിടുവാൻ മാത്രം കനപ്പെട്ട സംഭാവനയായിരുന്നു. മലങ്കര സഭയ്ക്ക് അന്തിയോക്കിയൻ റീത്ത് ലഭിക്കുന്നതിന് പ്ലാസിഡച്ചൻ ഏറെ പ്രയത്നിച്ചു. ബഥനി സമൂഹത്തിന്റെ അപ്പോസ്തലിക് വിസീറ്ററായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഫ്രാൻസിസ് സാലസ് നുഴുമുറിയച്ചൻ തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്തുത്യർഹമായ സേവനം കാഴ്ച്ചവച്ചിട്ടുണ്ട്. യാക്കോബായ സഭയിൽ നിന്നും പുനരൈക്യപ്പെട്ടു വന്ന വൈദികർക്ക് കത്തോലിക്കാസഭയുടെ ഭരണഘടനാ സംവിധാനം ഉണ്ടാക്കുവാൻ അദ്ദേഹം അദ്ധ്വാനിച്ചു.

മാർ ഇവാനിയോസ് കോളേജിന്റെ കെട്ടിടപ്പണിക്കു നേതൃത്വം നൽകിയത് ഹഡ്രിയാൻ കലവറയിലച്ചനാണ്. റോമിയോ തോമസ് മണ്ണനാലച്ചൻ പുതുപ്പള്ളിയിലും ഇതര പുനരൈക്യ കേന്ദ്രങ്ങളിലും വളരെ യേറെ സെമിനാറുകളും സ്റ്റഡി ക്ലാസുകളും നടത്തി പുനരൈക്യാർത്ഥികളെ കത്തോലിക്ക പഠനങ്ങളിലേക്ക് അടുപ്പിച്ചു. കൂടാതെ ധാരാളം സി.എം.ഐ. വൈദികർ മലങ്കര സഭയ്ക്കു വേണ്ടി ഇടവകകൾ സ്ഥാപിച്ചും കെട്ടിടപ്പണികൾക്കു നേതൃത്വം നൽകിയും പ്രസ്ഥാനങ്ങൾക്കു രൂപം നൽകിയും സ്തുത്യർഹമായ സേവനം കാഴ്ച്ചവെച്ചിട്ടുണ്ട്. മലങ്കര സഭയിൽ ഏകദേശം 1966 വരെ സി.എം.ഐ. സഭാംഗങ്ങൾ മിഷൻ പ്രവർത്തനം തുടർന്നു.

സഭാംഗങ്ങളെ കൂടാതെ സി.എ.ഐ. പ്രസിദ്ധീകരണങ്ങളായ ദീപിക, കർമ്മെലകുസുമമം, കുടുംബദീപം എന്നിവ പുനക്യ പ്രസ്ഥാനത്തിനു താങ്ങും തണലുമായി വർത്തിച്ചു.

## 10. കന്യാകുമാരി മിഷൻ

1955 ഏപ്രിൽ 29-ന് 12-ാം പീയുസ് പാപ്പ 'മുൾത്തോരും ഫിദേയും' എന്ന കല്പന വഴി ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി പമ്പാനദിക്കു തെക്ക് കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ ലത്തീൻ രൂപത പ്രദേശങ്ങൾ ഉൾപ്പെടുത്തികൊണ്ട് കന്യാകുമാരി വരെ വിശാലമാക്കി. രൂപതാദ്ധ്യക്ഷനായ മാത്യു കാവുക്കാട്ട് പിതാവ് ഏതാനും രൂപതാ വൈദികരെ തെക്കൻ മിഷനിലേക്ക് അയച്ചു. മിഷനറിമാർ കുടിയേറ്റക്കാരുടെയിടയിൽ ജോലി ചെയ്യുകയും സഭാസമൂഹങ്ങളെ വാർത്തെടുത്ത് മിഷൻ കേന്ദ്രങ്ങൾക്കു രൂപം നല്കി.

രൂപതാദ്ധ്യക്ഷൻ ആവശ്യപ്പെട്ടതനുസരിച്ച് 1967-ലാണ് സി.എം.ഐ. വൈദികർ കന്യാകുമാരി ജില്ലയിലേക്കു കടന്നുചെല്ലുന്നത്. പ്രസ്തുത പ്രദേശങ്ങളിൽ നാടാർ സമുദായത്തിൻെറ ക്രൈസ്ത്രവീകരണത്തിനും സമുദ്ധാരണത്തിനുമായി സഭാംഗങ്ങൾ യത്നിച്ചു. അവരുടെ പ്രവർത്തനഫലമായി കളിയൽ, മുഴുക്കോട്, പള്ളിക്കോണം, പേണുത്തടം, നെട്ട, പ്ലാങ്കാല, കൈലാസപുരം, കാട്ടാക്കോണം, പറക്കോട്, നാഗർക്കോവിൽ, കന്യാകുമാരി, അഞ്ചുഗ്രാമം, കരിങ്കുളം, മഹാരാജപുരം, പാൽക്കുളം എന്നിയിടങ്ങളിൽ ആശ്രമങ്ങളും വിദ്യാലയങ്ങളും സ്ഥാപിതമായി.

ഈ വളർച്ചയുടെ പശ്ചാത്തലത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ തമിഴ്നാട് പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 1996 നവംബർ 11-ന് തക്കല രൂപത സ്ഥാപിതമായി.

പമ്പാനദിക്കു തെക്ക് സി.എം.ഐ. സഭയുടെ പ്രവർത്തനങ്ങൾ 1959 മുതൽ കോട്ടയം പ്രവിശ്യയുടെ നേതൃത്വത്തിലാണ് നടന്നുവന്നത്. 1966-ൽ കന്യാകുമാരി, തിരുവനന്തപുരം, കൊല്ലം ജില്ലകൾ ഉൾപ്പെടുത്തി തിരുവനന്തപുരം റീജിയൻ സ്ഥാപിതമായി. പ്രസ്തുത റീജിയൻ വളർന്ന് പ്രവിശ്യയായി രൂപം പ്രാപിച്ചത്

1979-ലാണ്. പിന്നീട് കന്യാകുമാരി ജില്ലയെ പ്രവിശ്യയുടെ സബ് റീജിയനായി പ്രഖ്യാപിച്ചു.

## 11. ഭാരതപ്പുഴയും കടന്ന്

ആദ്യ കാലങ്ങളിൽ വിദേശസഞ്ചാരികൾ കേരളത്തെ, മുഴുവനായി മലബാർ എന്നാണ് വിളിച്ചിരുന്നത്. 1792-ൽ ടിപ്പുവിന്റെ പരാജയത്തിനുശേഷം കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലയിലെ ചാവക്കാട് താലൂക്ക് എന്നീ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിന്റെ വടക്കൻ ഭാഗങ്ങളെ മാത്രമാണ് മലബാർ എന്നു വിളിച്ചുവന്നു.

### 11.1. കുടിയേറ്റത്തിന്റെ പാശ്ചാത്തലം

മദ്ധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികളും ഈഴവരും പൊതുവെ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരായിരുന്നു. നാമമാത്രമായ ഭൂമിയാണ് അവർക്കു സ്വന്തമായിട്ടുണ്ടായിരുന്നത്. അവർ ഭൂരിപക്ഷവും പണ്ടാരവക പാട്ടഭൂമിയിലെ കുടികിടപ്പുകാരായിരുന്നു. 1865-ലെ പണ്ടാരവക പാട്ടവിളംബരം ഈ കർഷകർക്കു പാട്ടഭൂമിയിൽ അവകാശം ലഭിക്കുന്നതിന് ഇടയാക്കി. സർക്കാരിലേക്കു നൽകേണ്ട പാട്ടത്തിനും അറുതിയായി. കൂടാതെ 1869-ലെ ജന്മി കുടിയാൻ നിയമം, 1922-ലെ തിരുവിതാംകൂർ ദേവസ്വം പ്രഖ്യാപനം എന്നിവ വഴി കർഷകർക്കു സ്വന്തമായ ഭൂമി ക്രയവിക്രയം ചെയ്യുന്നതിനുള്ള അവകാശം ലഭിച്ചു. ഈ സാഹചര്യം തങ്ങൾക്കു സ്വന്തമായ ഭൂമി കൂടിയ വിലയ്ക്കു വിറ്റ് കുറഞ്ഞ വിലയ്ക്കു കൂടുതൽ ഭൂമി ലഭിക്കുന്ന പ്രദേശങ്ങൾ തേടി പോകുന്നതിന് അവർക്കു പ്രേരണ നല്കി.

തിരുവിതാംകൂർ പ്രദേശത്ത് കേരളത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ക്രിസ്ത്യാനികളുടെ ജനസംഖ്യ വളരെ കൂടുതലായിരുന്നു. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ അവർക്ക് ആവശ്യമായ കൃഷി ഭൂമി മാത്രം വർദ്ധിച്ചില്ല. താമസിക്കുന്നതിനും കൃഷി ചെയ്യുന്നതിനും സ്ഥലം തികച്ചും പരിമിതമായിത്തീർന്നപ്പോൾ കർഷകർ കൃഷിഭൂമി തേടി തിരുവിതാം കൂറിന്റെ ഉയർന്ന

പ്രദേശങ്ങളിലേക്കും മലബാർ മേഖലയിലേക്കും ചേക്കേറുന്നതിനു നിർബ്ബന്ധിതരായി.

തിരുവിതാംകൂറിൻെറ രാഷ്ട്രീയ മേഖലയിൽ സംഭവിച്ച മാറ്റങ്ങളും കുടിയേറ്റത്തിനു വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ (1936–1947) നടപടികൾ ക്രിസ്ത്യാനികൾക്കു വളരെ ഹാനികരമായിരുന്നു. അവരുടെ സാമൂഹ്യവിദ്യാഭ്യാസ പുരോഗതിയിൽ ദിവാൻ അസൂയാലുവായിരുന്നു. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായിരുന്ന തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽ സുറിയാനിക്രിസ്ത്യാനികൾ കൂടുതലായി പങ്കെടുത്തത് അദ്ദേഹത്തിനു അവരുടെ നേരെയുള്ള നീരസം വർദ്ധിപ്പിച്ചു. പ്രതികാരനടപടിയെന്നോണം അദ്ദേഹം ക്രിസ്ത്യാനികൾക്കെതിരെ മതപരവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. തൻെറ സ്വാധീനമുപയോഗിച്ച് പല നിയമനിർമ്മാണങ്ങളും നടത്തി. ദിവാൻെറ പല പ്രവർത്തനങ്ങളും കർഷകരുടെ നിലനിൽപ്പു തന്നെ അപകടത്തിലാക്കുന്നവയായിരുന്നു.

1939–1945 കാലഘട്ടത്തിൽ നടന്ന രണ്ടാം ലോകമഹായുദ്ധത്തിൻെറ പരിണിതഫലങ്ങളായ ഭക്ഷ്യക്ഷാമവും നിത്യോപയോഗസാധനങ്ങളുടെ ദൗർലഭ്യതയും ജനജീവിതം ദുർവ്വഹമാക്കി. തിരുവിതാംകൂറിലേക്ക് ഏറ്റവും കൂടുതൽ അരി ഇറക്കുമതി ചെയ്തിരുന്നത് ബർമ്മയിൽ നിന്നായിരുന്നു. 1942–ൽ ജപ്പാൻ ബർമ്മ ആക്രമിച്ചതോടെ ഇന്ത്യയുടെ ഭക്ഷ്യസ്രോതസ് നിലച്ചുപോയി. കർഷകർ പലരും കടക്കെണിയിൽ പെട്ടു വലഞ്ഞു. നിലനില്പിനായുള്ള സഹജവാസന അവരെ പുതിയ മേച്ചിൽ സ്ഥലങ്ങളിലേക്ക് ആനയിച്ചു.

ഈ സാഹചര്യത്തിൽ മലബാർ പ്രദേശത്തെകുറിച്ച് തിരുവിതാംകൂറുകാർ പല വഴിയിൽ അറിയാനിടയായി.

1921–ൽ മാപ്പിളലഹളക്കാലത്ത് ധാരാളം ഹൈന്ദവ കുടുംബങ്ങൾ തിരുവിതാംകൂറിലേക്ക് മാറി താമസിച്ചു. പാവപ്പെട്ട വളരെയധികം മുസ്ലിം കുടുംബങ്ങൾ തിരുവിതാംകൂറിലെ തോട്ടം മേഖലയിൽ

തൊഴിലാളികളായി എത്തിച്ചേർന്നു. ഇവരിൽ നിന്ന് തിരുവിതാംകൂറിലെ ക്രൈസ്തവർ മലബാറിലെ ഫലഭൂയിഷ്ഠമായ ഭൂപ്രദേശങ്ങളെ പറ്റി അറിയാനിടയായി.

സി.എം.ഐ. സഭാംഗമായ ഗ്രിഗരി നീരാക്കലച്ചൻ 1939-ൽ തന്നെ മലബാറിലേക്കു നീങ്ങുവാൻ തിരുവിതാംകൂറിലെ ജനങ്ങൾക്കു പ്രേരണ നൽകിയിട്ടുണ്ട്.

അങ്ങനെ മദ്ധ്യതിരുവിതാംകൂറിലെ കർഷകർ കൃഷിഭൂമിയന്വേഷിച്ച് മലബാറിലെ മലയോരമേഖലകളിലേക്കു വ്യാപകമായ രീതിയിൽ കുടിയേറിപ്പാർത്തു. ഇപ്രകാരമുള്ള കുടിയേറ്റം 1920 മുതൽ ആരംഭിച്ചിരുന്നു. 1940-1950 കാലഘട്ടത്തിൽ കുടിയേറ്റം കൂടുതൽ ശക്തമായി. മലബാർ പ്രദേശത്തേക്ക് കുടിയേറി പാർത്തവരിൽ ധാരാളം സുറിയാനി കത്തോലിക്കരുണ്ടായിരുന്നു. അന്ന് മലബാർ പ്രദേശം സീറോമലബാർ സഭയുടെ അധികാര പരിധിക്കു പുറത്തായിരുന്നതിനാൽ സുറിയാനിക്കാരായ കുടിയേറ്റക്കാരുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നടത്തികൊടുക്കുവാൻ വൈദികരുണ്ടായിരുന്നില്ല.

### 11.2. ഫറോക്കിലേയ്ക്ക്

കുടിയേറ്റക്കാർ തിങ്ങിവസിച്ചിരുന്ന മലബാർ പ്രദേശങ്ങൾ കോഴിക്കോട് രൂപതയിലാണ് ഉൾപ്പെട്ടിരുന്നത്. കോഴിക്കോട് രൂപതയിലെ വൈദികർക്ക് അവരുടെ അജപാലന കർമ്മം പൂർണ്ണമായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല. അതിനാവശ്യമായ പുരോഹിതർ രൂപതയ്ക്കില്ലായിരുന്നു. മാത്രമല്ല അവർ മലയാളം അറിയാത്തവരുമായിരുന്നു.

രൂപതയുടെ ആദ്യബിഷപ്പായ മോൺ. പോൾ പെരിനി എസ്.ജെ. തൻെറ രൂപതയിൽ മിഷൻ പ്രവർത്തനത്തിനു മലയാളം അറിയാവുന്ന മിഷനറിമാരുടെ സഹായം തേടി. അദ്ദേഹത്തിൻെറ ശ്രദ്ധ സി.എം.ഐ. സഭയിൽ പതിഞ്ഞു. 1926 ജൂൺ 30-ന് കോഴിക്കോടു രൂപതയിൽ, മേരിക്കുന്നിൽ ഒരു ആശ്രമം തുടങ്ങുവാൻ സി.എം.ഐ. സഭയോട് അദ്ദേഹം അഭ്യർത്ഥിച്ചു.

മലബാറിൽ ആശ്രമം സ്ഥാപിക്കുകയെന്ന പോൾ പെരീനി പിതാവിൻെറ ആഗ്രഹം അന്ന് സഫലമായില്ല. അദ്ദേഹത്തിൻെറ പിൻഗാമിയായി വന്ന മോൺ. ബി. എം. റൻസാനി (1933–1938) ഫറോക്കിൽ (ചെറുവണ്ണൂർ) ഒരു പള്ളിയും ഒരു ഏക്കർ സ്ഥലവും നൽകിക്കൊണ്ട് ബിഷപ്പ് പെരീനിയുടെ മുൻവാഗ്ദാനം യാഥാർത്ഥ്യമാക്കി. ഇതിന് മാർപാപ്പയുടെ അംഗീകാരവും ലഭിച്ചു.

ആശ്രമസ്ഥാപനത്തിനുള്ള സ്ഥലം സൗജന്യമായി നൽകുന്നതോടൊപ്പം പ്രാരംഭ ചെലവുകൾക്കുള്ള തുകയും നൽകാമെന്ന വാഗ്ദാനത്തിൽ നിന്ന് രൂപതാദ്ധ്യക്ഷൻ പിന്മാറിയിരുന്നു. അതോടൊപ്പം തിരുകർമ്മങ്ങൾക്കു സുറിയാനി ഭാഷയ്ക്കു പകരം ലത്തീൻ ഭാഷ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധനയോടെയാണ് ആശ്രമ സ്ഥാപനത്തിനുള്ള അംഗീകാരം ലഭിച്ചത്. സി.എം.ഐ. സഭ ഈ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് ആശ്രമസ്ഥാപനവുമായി മുന്നോട്ടുപോയി. ജനങ്ങളുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റുക എന്നതിനാണ് സഭ മുൻഗണന നൽകിയത്.

രൂപതാദ്ധ്യക്ഷൻെറ അഭ്യർത്ഥനയനുസരിച്ച് കുടിയേറ്റക്കാരുടെ മദ്ധ്യത്തിലേയ്ക്ക് ആദ്യമായി നിയോഗിതരായത് പാവറട്ടി സെൻറ് തോമസ് ആശ്രമാംഗങ്ങളായിരുന്നു. ദക്ഷിണ മലബാറിൽ സ്ഥിതിചെയ്യുന്ന പാവറട്ടിയിൽ ഈ ആശ്രമം 1890–ൽ സ്ഥാപിതമായി. മലബാർ പ്രദേശത്ത് സി.എം.ഐ. സഭ ആദ്യമായി പ്രവേശിക്കുന്നതും ഈ ആശ്രമ സ്ഥാപനത്തിലൂടെയാണ്.

കോഴിക്കോട്ട്, പ്രേഷിത വേലയ്ക്കെത്തിയ ആദ്യത്തെ സി.എം.ഐ. സന്ന്യാസി അത്തനാസിയൂസ് പയ്യപ്പിള്ളിയച്ചനാണ്. ഫറോക്കിലെ ആശ്രമത്തിൻെറ ഔദ്യോഗിക ഉദ്ഘാടനം 1935 ജൂലൈ 31–ന് നടന്നു. അന്നുമുതൽ അത്താനാസിയൂസച്ചനും കാമിലോസച്ചനും ചെറുവണ്ണൂരിൽ താമസമാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു. ലത്തീൻ ഇടവകകളെ കേന്ദ്രമാക്കിക്കൊണ്ടാണ് അവർ ജോലി ചെയ്തത്.

## 11.3. സെൻറ് പോൾസ് ആശ്രമം, കടലുണ്ടി

ഫറോക്കിൽ ഒരു ഭവനം പണിത് താമസമാക്കിയ അത്തനാസിയൂസച്ചൻ കോഴിക്കോട് മേഖലയിൽ സഭയ്ക്കു സ്വന്തമായി ഒരു ഭവനം വേണമെന്ന് അഭിപ്രായപ്പെട്ടു. ആശ്രമസ്ഥാപനത്തിനുള്ള നടപടി ക്രമങ്ങൾക്കായി 1935 ജൂൺ 4–ന് അദ്ദേഹത്തെ തന്നെ പ്രിയോർ ജനറൽ സിൽവെസ്റ്റർ തട്ടിലച്ചൻ ഭരമേല്പ്പിച്ചു. 1936 സെപ്റ്റംബർ 30–ാം തീയതി കടലുണ്ടിയിൽ സെൻറ് പോൾസ് ആശ്രമം സ്ഥാപിതമായി. തുടർന്ന് മലബാർ പ്രദേശത്ത് ഈ ആശ്രമത്തെ കേന്ദ്രമാക്കിയാണ് പ്രവർത്തനങ്ങൾ മുന്നേറിയത്. കോഴിക്കോട്, ഷൊർണ്ണൂർ, ഒറ്റപ്പാലം ഇവയെല്ലാം അവരുടെ പ്രവർത്തനരംഗങ്ങളായി. 1949 വരെയുള്ള കാലഘട്ടത്തിൽ ഫറോക്കിൽ ഫാക്ടറിത്തൊഴിലാളികളുടെ ഇടയിൽ കാര്യമായ പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കാൻ ആശ്രാമാംഗങ്ങൾക്കു സാധിച്ചു.

## 11.4. ബർണ്ണർദീനോസച്ചൻെറ ധ്യാനപരമ്പര

1943 ജനുവരിയിൽ കുടിയേറ്റ കോളനികളിൽ ഒരു ജീവിതനവീകരണ ധ്യാനം നടത്തേണ്ടത് ആവശ്യമാണെന്നും അതിനായി ഒരു വൈദികനെ അയച്ചുതരണമെന്നും കോഴിക്കോടു മെത്രാൻ പാവറട്ടി ആശ്രമാധിപനോട് ആവശ്യപ്പെട്ടു.

പിതാവിൻെറ അഭ്യർത്ഥന ലഭിച്ച ആശ്രമാധിപൻ മെത്രാന് മറുപടി കത്തെഴുതി. ഭാരതപ്പുഴയ്ക്കു വടക്ക് സുറിയാനി കുർബാന പരസ്യമായി അർപ്പിക്കുന്നത് നിരോധിച്ചിരിക്കുന്നു. ഈ നിരോധനം പിൻവലിച്ചാൽ മാത്രമേ ഒരു വൈദികനെ ധ്യാനത്തിന് അയയ്ക്കുവാൻ സാധിക്കു. ഇതായിരുന്നു കത്തിൻെറ ഉള്ളടക്കം. രൂപതാദ്ധ്യക്ഷൻ തൻെറ നിരോധനാജ്ഞ പിൻവലിച്ചു. സുറിയാനി കുർബാന പരസ്യമായി ചൊല്ലുവാൻ അനുവാദം നൽകി. ബർണ്ണാർഡിൻ കല്ലുകളമച്ചൻ അനുസ്മരിക്കുന്നതുപോലെ “സി.എം.ഐ. സഭയുടെ നിർബന്ധവും ജനനന്മ മാത്രം കാംക്ഷിച്ചിരുന്ന അഭ്യവന്ദ്യപിതാവിൻെറ വിശാലമനസ്കതയും അജപാലന ചതുരതയും മലബാറിൻെറ മലയിടുക്കുകളിൽ സുറിയാനിക്കാർക്ക്

തങ്ങളുടെ റീത്തിലുള്ള ആരാധനാസ്വാതന്ത്ര്യം സംലഭ്യമാകുന്നതിനു കാരണമായി."

ഈ ധ്യാനപരമ്പര നടത്തുന്നതിന് ആശ്രമാംഗമായ ബർണർഡിൻ അച്ചനാണ് നിയോഗിതനായത്. 1948 ഫെബ്രുവരി മാസത്തിൽ രണ്ടാം വട്ടം ധ്യാനപരമ്പരയ്ക്ക് ആരംഭം കുറിച്ചു. കോളയാട്, കണ്ണൂർ, തലശ്ശേരി, മാനന്തവാടി, ചാലിൽ, വൈത്തിരി, ബത്തേരി, ഒറ്റപ്പാലം, ഷൊർണ്ണൂർ, കോഴിക്കോട്, കല്ലായ് തുടങ്ങിയ 17 കേന്ദ്രങ്ങളിൽ ധ്യാനം നടത്തി. ഇതിൽ കണ്ണൂർ സെൻട്രൽ ജയിൽ ഒഴികെ ധ്യാനം നടന്ന എല്ലാ സ്ഥലങ്ങളും ലത്തീൻ പള്ളികളായിരുന്നു.

ഈ ധ്യാനപരിപാടികൾക്കിടയിൽ മറ്റൊരു സുപ്രധാനകൃത്യം കൂടെ നിറവേറ്റുന്നതിൽ ബർണാർഡിനച്ചൻ അതീവ ശ്രദ്ധപുലർത്തി. സീറോമലബാർ സഭയ്ക്കു നിയമപരമായി ഭാരതപ്പുഴ കടന്നു പ്രവർത്തിക്കാനുള്ള അവകാശം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ റോമിലേക്ക് അയക്കുന്നതിന് ഒരു നിവേദനത്തിനു രൂപം നല്കി. ചാൾസച്ചനാണ് നിവേദന പത്രിക എഴുതി തയ്യാറാക്കിയത്. ധ്യാനത്തിനു വന്നവരെല്ലാം പ്രസ്തുത നിവേദനത്തിന്റെ അഞ്ചു പ്രതികൾ വീതം ഒപ്പിട്ട് മാന്നാനത്തായിരുന്ന റൊമിയോ തോമസച്ചനെ ഏല്പിച്ചു. അദ്ദേഹം ഒരു പ്രതി റോമിലേക്കും മറ്റുള്ളവ കോഴിക്കോട്, ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ എന്നീ രൂപതകളിലെ മെത്രാന്മാർക്കും അയച്ചുകൊടുത്തു.

### 11.5. മലബാറിലെ മലയോരമേഖലയിൽ

1949 ആയപ്പോഴേക്കും കോഴിക്കോട് രൂപതയിലെ എല്ലാ സ്ഥാവരജംഗമസ്വത്തുക്കൾ രൂപതയ്ക്കു തിരികെ നൽകിക്കൊണ്ട് സഭാംഗങ്ങൾ അവരുടെ പ്രവർത്തനങ്ങൾ കോഴിക്കോട്ടെ മലയോരമേഖലയിലേക്കു മാറ്റി. അപ്പോഴേക്കും മലയോരകുടിയേറ്റം ശക്തമായിത്തീർന്നിരുന്നു. ഇക്കാലത്ത് സുറിയാനി വൈദികരുടെ സേവനം ലഭിക്കാനുള്ള നിവേദനങ്ങൾ കോഴിക്കോട് ലത്തീൻ മെത്രാനും തിരുവിതാംകൂറിലെ സീറോമലബാർ മെത്രാന്മാർക്കും

തുടർച്ചയായി അയച്ചുകൊണ്ടിരുന്നു. അപേക്ഷകൾ റോമിലേക്കും ചെന്നുകൊണ്ടിരുന്നു.

കുടിയേറ്റക്കാരുടെ നിരന്തരമായ അപേക്ഷകൾക്ക് മറുപടിയായി അവർക്കു വേണ്ടി കോഴിക്കോട് രൂപതയിൽ ഒരു സീറോമലബാർ ഇടവക സ്ഥാപിക്കുന്നതിനു റോമിൽനിന്ന് തീരുമാനമെടുത്തു. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലം ഇപ്പോൾ മാനന്തവാടി രൂപതയുടെ കീഴിലുള്ള തരിയോടായിരുന്നു. കോഴിക്കോട് രൂപതാദ്ധ്യക്ഷനായ അൾദോ മരിയ പത്രോണി പിതാവിൻെറ സമ്മതത്തോടെ ഒരു സി.എം.ഐ. വൈദികനെ തരിയോടുക്ക് അയയ്ക്കാൻ അപ്പസ്തോലിക് ഡലഗേറ്റ് സി.എം.ഐ. പ്രിയോർ ജനറാളിനോട് ആവശ്യപ്പെട്ടു. കെറുബിൻ പൊരിയത്തച്ചനാണ് ഇതിനായി നിയോഗിതനായത്. കെറുബിനച്ചൻ ഏകദേശം രണ്ടുവർഷങ്ങളായി ഷൊർണ്ണൂരും ഒറ്റപ്പാലത്തും ലത്തീൻ ക്രമത്തിൽ അജപാലന ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം 1949 ഏപ്രിൽ ആദ്യ ഞായറാഴ്ച തരിയോട് വികാരി ജോലി ഏറ്റെടുത്തു. തരിയോടാണ് മലബാറിലെ ആദ്യത്തെ സീറോമലബാർ ഇടവക. മലബാർ പ്രദേശത്തെ ആദ്യത്തെ വികാരി കെറുബിനച്ചനാണ്.

### 11.6. കെറുബിൻ കമ്മീഷൻ

തരിയോട് ഇടവകയുടെ നടത്തിപ്പിൽ പത്രോണി മെത്രാൻ സന്തുഷ്ടനായി. 1949-ൽ തന്നെ കെറൂബിനച്ചനെ സീറോമലബാർ കുടിയേറ്റ കേന്ദ്രങ്ങൾ സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഏകാംഗകമ്മീഷനായി നിയമിച്ചു. കെറുബിനച്ചൻ രണ്ടു മാസം കൊണ്ട് കുടിയേറ്റ മേഖലകളിൽ സന്ദർശനം നടത്തി. കുടിയേറ്റ ജനതയുടെ എണ്ണം ഏകദേശം 70,000 ആണെന്നും അവർ എണ്ണത്തിൽ പെരുകുന്നതായും അദ്ദേഹം കണ്ടെത്തി. 16 സ്ഥലങ്ങളിൽ സീറോമലബാർ ഇടവകകൾ സ്ഥാപിക്കാൻ ശുപാർശ ചെയ്തു. ഈ കാലഘട്ടത്തിൽ തന്നെ റോമിൽ നിന്നു കുടിയേറ്റക്കാരായ സുറിയാനിക്കാരെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

1949 ആഗസ്റ്റ് 15–ന് കുടിയേറ്റക്കാർക്കായി തിരുവമ്പാടി, കൂടരഞ്ഞി, കൂടത്തായ്, കണ്ണോത്ത്, കോടഞ്ചേരി എന്നിയിടങ്ങളിൽ സീറോമലബാർ ഇടവകകൾ സമാരംഭിച്ചു. ഈ അഞ്ചു പള്ളികളിലും ആദ്യത്തെ വികാരിമാരായി സി.എം.ഐ. വൈദികർ നിയമിതരായി. തിരുവമ്പാടിയിൽ അത്തനേഷ്യസ് പയ്യപ്പിള്ളിയച്ചൻ, കൂടരഞ്ഞിയിൽ ബർണർഡിൻ കല്ലുകളമച്ചൻ, കൂടത്തായിൽ റൈമണ്ട് തകടിയേലച്ചൻ, കണ്ണോത്ത് പീറ്ററച്ചൻ, കോടഞ്ചേരിയിൽ ഫാബിയൂസച്ചൻ എന്നിവർ വികാരിമാരായി ജോലിയേറ്റെടുത്തു. ഈ വന്ദ്യ പുരോഹിതർ കുടിയേറ്റമേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നു.

തുടർന്നുള്ള രണ്ടു വർഷങ്ങളിലായി വയനാട്ടിലെ നടവയലിലും ബത്തേരിയിലും സുറിയാനി ഇടവകകൾ ഉണ്ടായി. എല്ലാ ഇടവകകളിലും സി.എം.ഐ. അച്ചന്മാരായിരുന്നു അദ്യ വികാരിമാർ. മലബാറിലെ 25–ഓളം കുടിയേറ്റ മേഖലകളിൽ, തലശ്ശേരി രൂപതയുണ്ടാകുന്നതിനു മുമ്പു തന്നെ സുറിയാനിക്കാരായ ദൈവജനത്തെ ഏകീകരിക്കാൻ സി.എം.ഐ. വൈദീകർക്ക് സാധിച്ചു. കോഴിക്കോട് രൂപത തലശ്ശേരി രൂപതയ്ക്കു കൈമാറിയ ഏകദേശം 35 പള്ളികളിൽ 21 പള്ളികളിലും ആദ്യ സീറോമലബാർ വികാരിമാരായി ജോലിയേറ്റെടുത്തത് സി.എം.ഐ. വൈദികരായിരുന്നു.

മണ്ണിന്റെ മക്കളായ കുടിയേറ്റക്കാരുടെ പിന്നാലെ മലബാറിലേക്ക് കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ തന്നെ കടന്നു ചെന്ന സി.എം.ഐ. അവിടെ ഒരു രൂപതാസ്ഥാപനത്തിനു വഴിയൊരുക്കി. കാലത്തിന്റെ പൂർണ്ണതയിൽ, 1953–ൽ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ നേതൃത്വത്തിൽ തലശ്ശേരി രൂപത രൂപം കൊണ്ടു. രൂപതാവൈദികരുടെ പരിമിതി മൂലം 20 സി.എം.ഐ. വൈദികർ പുതിയ രൂപതയിൽ ജോലി ചെയ്യാൻ തയ്യാറായി വന്നു. ബാക്കി മൂന്നു പേർ രൂപത വൈദികരായിരുന്നു. അങ്ങനെ തലശ്ശേരി രൂപത വളർന്നു വലുതായി. ദൈവജനവും ഇടവകകളും പെരുകി. രൂപതയുടെ അതിർത്തികൾ വ്യാപിച്ചു. ഭാരതപ്പുഴയുടെ മറുകരയിൽ

വടക്കോട്ട് സീറോമലബാർ സഭയ്ക്ക് വേറെ അഞ്ച് രൂപതകൾ കൂടി ഉണ്ടായി. തലശ്ശേരി ഏറ്റവും കൂടുതൽ സമാന്തരൂപതകൾ ഉള്ള അതിരൂപതയായി വളർന്നു.

മലബാർ പ്രേഷിതൻ ബർണ്ണാർഡിനച്ചൻ അനുസ്മരിക്കുന്നു, “1934–ൽ ഒരു സി.എം.ഐ. വൈദികൻ, അത്തനാസിയൂസച്ചൻ ആദ്യമായി മിഷൻ പ്രവർത്തനത്തിനായി മലബാറിൽ കാലുകുത്തി. അദ്ദേഹത്തിൻെറ ആഗമനം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മലബാറിലെ സഭാത്മക വളർച്ചയുടെ നാന്ദിയായിരുന്നു; ഒരു വലിയ പ്രസ്ഥാനത്തിൻെറ നിശബ്ദമായ ആരംഭമായിരുന്നു. ഇന്ന് തൻേറടത്തോടെ തല ഉയർത്തി നിൽക്കുന്ന തലശ്ശേരി, മാനന്തവാടി, പാലക്കാട്, താമരശ്ശേരി, ബൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ എന്നീ ഏഴു സുറിയാനി രൂപതകളുടെ തിരുപ്പിറവിക്ക് ഇവിടെയാണ് ആരംഭം കുറിച്ചത്. അനാർഭാടമായ ആ തുടക്കം സാവധാനം വളർച്ചയെത്തി മലബാറിനുമപ്പുറം കർണാടക, തമിഴ്നാട് വരെ വളർന്നുപന്തലിച്ചു.”

### 11.7. മലബാർ മിഷൻ ഒരു വിലയിരുത്തൽ

‘ദേവനും ദേവാലയവുമില്ലാതെ ജനപദവുമില്ല.’ ചരിത്രകാരൻ പ്ലൂട്ടാർക്കിൻെറതാണ് ഈ നിരീക്ഷണം. മലബാറിലെ കുടിയേറ്റചരിത്രവും ഈ വീക്ഷണത്തെ ഈ അരക്കിട്ടുറപ്പിക്കുന്നു. കുടിയേറ്റക്കാരിൽ ബഹുഭൂരിപക്ഷം വരുന്ന സുറിയാനി ക്രിസ്ത്യാനികൾ പ്രതികൂല സാഹചര്യങ്ങളെ ഒരുമയോടെ എതിരിട്ടുനിന്നു. തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിന് അജപാലകരെ അന്വേഷിച്ചു കണ്ടെത്തി.

മലമ്പനിയും മലങ്കാറ്റും വന്യമൃഗങ്ങളും വഴി മലങ്കാടുകളിൽ മരണം മനുഷ്യരെ വേട്ടയാടിയപ്പോൾ പൈതൃകവാത്സല്യവും സ്നേഹസന്ദേശങ്ങളുമായി അജപാലകർ ശുശ്രൂഷയ്ക്കായി കടന്നുചെന്നു. പറിച്ചുനടപ്പെട്ട ഈ ജനവിഭാഗം അനുഭവിക്കാൻ ഇടയായ എല്ലാ വേദനകളിലും അവർ പങ്കുചേർന്നു. പ്രതിസന്ധികളിൽ തളരാതെ അവരിൽ ആത്മീയമായ ശക്തി പകർന്നു. മൂല്യബദ്ധമായ ജീവിതത്തിനായുള്ള പ്രചോദനം നല്കി.

സഭാഭരണം അതിന്റെ സാന്നിദ്ധ്യം അറിയിക്കുന്നതിനു മുമ്പുതന്നെ സഭയുടെ സാരഥികളായി സി.എം.ഐ. സഭ മുമ്പേ പോയി.

നാല്പതോളം സി.എം.ഐ. വൈദികർ മഹാസംരംഭത്തിൽ പങ്കാളികളായി. രാപകലില്ലാതെ വർഷങ്ങളോളം തങ്ങളുടെ ചോരയും നീരും നല്കി മലബാറിലെ സീറോമലബാർ സഭയെ പോറ്റിവളർത്തി. അനേകായിരങ്ങൾ അവരോട് സഹകരിച്ചു. കഠിനാദ്ധ്വാനവും പണവും ജീവനും നൽകി തങ്ങളുടെ വിശ്വാസ ചൈതന്യം കാത്തുസൂക്ഷിച്ചു. പ്രാദേശിക സഭയ്ക്ക് വളർച്ചയേകി.

സി.എം.ഐ. വൈദികർ വികാരിമാരായി പ്രവർത്തിച്ച ഇടവകകൾക്ക് മറ്റ് ഇടവകകളെക്കാൾ ബഹുമുഖമായ രീതിയിൽ അഭിവൃദ്ധിയുണ്ടായി എന്നത് എല്ലാവരും അംഗീകരിക്കുന്ന സത്യമാണ്.

പ്രധാനമായും മധ്യതിരുവിതാംകൂറിലെ കർഷക പാരമ്പര്യമുള്ള ഒരു ജനത അവർ എതിരിട്ട പ്രതിലോമകരമായ സാഹചര്യത്തിൽനിന്ന് അതിജീവനത്തിനു വേണ്ടി നടത്തിയ പുറപ്പാടായിരുന്നു മലബാർ കുടിയേറ്റം. തിരുവിതാംകൂറിൽ തങ്ങൾ അനുഭവിച്ച ആധുനിക സൗകര്യങ്ങൾ മലബാറിലും നടപ്പിലാകണമെന്ന് കുടിയേറ്റക്കാർ ആഗ്രഹിച്ചു. കഠിനാദ്ധ്വാനവും കൂട്ടായ്മയും അവരുടെ കൈമുതലായിരുന്നു. തങ്ങളെ തേടി വന്ന പുരോഹിതർക്ക് അവർ നല്കിയത് അകമഴിഞ്ഞ സഹകരണമാണ്. പലപ്പോഴും സർക്കാർ സഹായത്തിനായി അവർ കാത്തിരുന്നില്ല. പലതരം പിരിവുകളിലൂടെ പണം സമാഹരിച്ച് വിദ്യാലയങ്ങൾ പടുത്തുയർത്തി.

സി.എം.ഐ. സഭ മലബാറിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ അവിടത്തെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതായിരുന്നു. 1881-ൽ പ്രസിദ്ധീകരിച്ച മലബാർ മാന്വൽ അവതരിപ്പിക്കുന്ന കണക്കുകൾ പ്രകാരം 90% ആയിരുന്നു നിരക്ഷരരുടെ എണ്ണം. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് മലബാറിൽ നഗരപ്രദേശങ്ങളിൽ ക്രിസ്ത്യൻ മിഷനറിമാർ സ്ഥാപിച്ച വിദ്യാലയങ്ങളുണ്ടായിരുന്നു. മലബാറിലെ ഡിസ്ട്രിക് ബോർഡ് സ്കൂളുകളും നഗരത്തിലായിരുന്നു

പ്രവർത്തിച്ചിരുന്നത്. ഈ വിദ്യാലയങ്ങൾ കുടിയേറ്റക്കാരിൽ വളരെ ചുരുക്കം പേർക്കു മാത്രമേ പ്രാപ്യമായിരുന്നുള്ളൂ. മലബാറിലെ വിദ്യാഭ്യാസപരമായി ഏറ്റവും പുറകിലായിരുന്ന വയനാട് താലൂക്കിൽ ചില ബോർഡ് സ്കൂളുകളും നായർ തറവാടുകളോട് ചേർന്നു പ്രവർത്തിക്കുന്ന കളരികളുമായിരുന്നു പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

കോഴിക്കോട് രൂപതയുടെ നേതൃത്വത്തിൽ മലബാറിന്റെ ചില കേന്ദ്രങ്ങളിൽ എൽ.പി., യൂ.പി. സ്കൂളുകൾ തുടങ്ങിയിരുന്നു. തുടർന്ന് സി.എം.ഐ. സഭ നേതൃത്വം ഏറ്റെടുത്തു. "പള്ളിയോടൊപ്പം പള്ളിക്കൂടം" എന്ന ആശയം സഭ എല്ലായിടത്തും നടപ്പിലാക്കി.

1956-ൽ സ്ഥാപിതമായ കോഴിക്കോട് ദേവഗിരി സെൻറ് ജോസഫ്സ് കോളേജ് വിദ്യാഭ്യാസ കേരളത്തിന്റെ ഒന്നാംനിര വിദ്യാകേന്ദ്രമാണ്. മലബാറുകാർ മുഴുവനും ആദരിക്കുന്ന പ്രശസ്തനായ പ്രിൻസിപ്പലായിരുന്നു തിയോഡേഷ്യസച്ചൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ ഉയർന്ന നിലയിൽ കുടിയേറ്റ മക്കൾ പഠിച്ചിറങ്ങി. അവർ ഇന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രശോഭിക്കുന്നു.

സി.എം.ഐ. സഭയുടെ പ്രവർത്തന ഫലമായി കുടിയേറ്റ ജനതയ്ക്കുണ്ടായ പുരോഗതിയെ പറ്റി പ്രൊ. എം. ഡി. ജോസ് (ഭാരതപ്പുഴ കടന്ന മലബാർ സഭയോടൊത്ത്, പുറം 145-149) ചില വിവരങ്ങൾ നൽകുന്നുണ്ട്. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 1984 ആയപ്പോഴേക്കും 548 അധ്യാപക തസ്തികകളും തൊണ്ണൂറ്റി രണ്ടോളം അനദ്ധ്യാപക തസ്തികകളും ഉണ്ടായി. അങ്ങനെ അത്രയും കുടുംബങ്ങൾ സാമ്പത്തികമായി ഉയർന്നു. കൂടാതെ സഭയുടെ തോട്ടങ്ങളിലും ആശുപത്രികളിലും ഡിസ്പെൻസറികളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ സംഖ്യ വളരെയധികമാണ്.

കൃഷിയുടെ രംഗത്ത് സി.എം.ഐ. സഭ അനുകരണീയമായ മാതൃകയാണ് സഭ കാഴ്ചവച്ചത്. അവരുടെ പ്രവർത്തനശൈലി മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതായിരുന്നു. റവന്യു അധികൃതർ ഈ

മാതൃക കണ്ടു പഠിക്കാൻ ജനങ്ങളോട് ആവശ്യപ്പെടുക പതിവയിരുന്നു. കടലുണ്ടിയിലെ സുപ്പീരിയറായിരുന്ന ഫാ. വിൽഫ്രെഡിന് ഇന്ത്യൻ സെൻട്രൽ കോക്കനറ്റ് കമ്മറ്റിയുടെ സെക്രട്ടറി 1952 ആഗസ്റ്റ് 9–ന് അയച്ച കത്തിൽ, "നിങ്ങളുടെ നാളികേരകൃഷിയിലെ നൂതന പരീക്ഷണങ്ങൾ നിങ്ങളുടെ അടുത്തുള്ളവർക്കും ഉപകാരപ്രദമാണ്" എന്ന് രേഖപ്പെടുത്തിയിരുന്നു. ജില്ലയിൽ സഹകരണസംഘങ്ങൾ ആരംഭിച്ച് സമൂഹകൂട്ടായ്മയ്ക്കു വളമേകാനും ചൂഷകരിൽനിന്ന് കർഷകരെ സംരക്ഷിക്കാനും സഭ അത്യദ്ധ്വാനം ചെയ്തു.

കുടിയേറ്റ മേഖലകളിൽ വിദ്യാലയങ്ങൾ, റോഡുകൾ, പാലങ്ങൾ, കിണറുകൾ, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ, പാൽ സൊസൈറ്റി, കച്ചവടസ്ഥാപനങ്ങൾ എന്നിവയെല്ലാം അടങ്ങുന്ന ഗ്രാമങ്ങൾക്കു രൂപം നൽകിയത് സി.എം.ഐ. സഭയാണ്. കോഴിക്കോടു ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ഏകദേശം 75 കി.മീ. റോഡ് സഭാംഗങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ചിട്ടുണ്ട്.

വായനശാലകൾ, കലാസമിതികൾ തുടങ്ങിയ വിദ്യാഭ്യാസനുബന്ധ സാംസ്കാരിയിടങ്ങൾ രൂപപ്പെടുത്താനും അവർക്കു കഴിഞ്ഞു. ആശയപ്രചാരണത്തിനായി അമലാപുരിയിൽ ഇവർ ഒരു മുദ്രണാലയം ആരംഭിച്ചിരുന്നു. ഇവിടെനിന്ന് ഹോർമിസച്ചൻെറ പത്രാധിപത്യത്തിൽ പ്രകാശം, ക്രിസ്റ്റഫർ എന്നീ രണ്ട് മാസികകൾ പ്രസിദ്ധീകരിച്ചു വന്നു. ഇദ്ദേഹം ആരംഭിച്ച പ്രകാശം പബ്ലിക്കേഷൻസ് വഴിയായി പുറംലോകം കണ്ടത് നൂറുകണക്കിനു ഗ്രന്ഥങ്ങളാണ്. അവയിൽ 'ദ ക്രിസ്റ്റ്യൻ എൻസൈക്ക്ളോപിഡിയ' കേരള സാഹിത്യ അക്കാഡമി അവാർഡ് നേടി.

1968–ൽ അത്തനാസിയൂസച്ചൻ നിര്യാതനായപ്പോൾ മാതൃഭൂമി പത്രം എഡിറ്റോറിയൽ പ്രസിദ്ധീകരിച്ചു. മലബാറിൽ അദ്ദേഹം നിറവേറ്റിയ സേവനങ്ങൾക്ക് ഇത് വലിയ അംഗീകാരമായി.

## 11.8. കർണാടക മിഷൻ

1940–കളുടെ രണ്ടാം പകുതിയിൽ കർണാടകയിലെ ചിക്കമംഗളൂർ ജില്ലയിൽ കുടിയേറ്റം തുടങ്ങിയിരുന്നു. കുടിയേറ്റക്കാരുടെ

സുസ്ഥിതിയെ ലക്ഷ്യമാക്കി അവരെ അനുഗമിക്കാനും സി.എം.ഐ. സഭ തയ്യാറായി. ബർക്കുമാൻസ് കുരീക്കലച്ചനും ഹൂഗോ അച്ചനുമായിരുന്നു അവിടത്തെ ആദ്യ മിഷനറിമാർ. 1955 സെപ്റ്റംബർ 23-ാം തീയതിയാണ് മൈസൂരിലേക്ക് അവർ കടന്നുചെല്ലുന്നത്. ബർക്കുമാൻസച്ചൻ നരസിംഹരാജപുരത്തും ഹൂഗോ അച്ചൻ എറുമാഡിലും ജോലിയാരംഭിച്ചു. കർണാടകയിലെ ആദ്യ സുറിയാനി വികാരി ബർക്കുമാൻസച്ചനാണ്. 1955 ആയപ്പോഴേക്കും ചിക്കമംഗ്ലൂർ, ഷിമോഗ ജില്ലകളിൽ ഏകദേശം 2,000 കുടിയേറ്റ കുടുംബങ്ങൾ ഉണ്ടായി. ആരംഭകാലത്ത് തോട്ടുത്താടി, ഷിരാഡി, ധർമസ്ഥലം, ഗണ്ടിബാഗ് തുടങ്ങിയ സ്ഥലങ്ങളിൽ സി.എം.ഐ. വൈദികർ കുടിയേറ്റമക്കൾക്കുവേണ്ടി പ്രവർത്തിച്ചു.

### 11.9. തമിഴ്നാട് മിഷൻ

സി.എം.ഐ. സഭയ്ക്ക് തമിഴ്നാട്ടിലേക്കു കടന്നു ചെല്ലാൻ വഴിയൊരുക്കിയത് ഊട്ടി, തൃശൂർ രൂപതകളാണ്. മാർ ആൻറണി പടിയറ ഊട്ടി രൂപതാധ്യക്ഷനായിരിക്കുമ്പോഴാണ് സഭാംഗങ്ങളുടെ സേവനം ആദ്യമായി അവിടേക്ക് ആവശ്യപ്പെടുന്നത്. ജോബ് മൈലാടിയച്ചനാണ് ഊട്ടിയിലെ ആദ്യത്തെ മിഷനറി. ഗൂഡല്ലൂർ പ്രദേശത്തുള്ള ലത്തീൻ പള്ളികളിലാണ് അദ്ദേഹം സേവനം ആരംഭിച്ചത്. നീലഗിരി പ്രദേശത്ത് ധാരാളം കുടിയേറ്റക്കാർ വസിക്കുന്നുണ്ടായിരുന്നു. അവർക്കുവേണ്ടി പ്രവർത്തിക്കണമെന്ന ലക്ഷ്യത്തോടെ ഗൂഡല്ലൂർ, ബക്കി എന്നി സ്ഥലങ്ങളിൽ ആശ്രമങ്ങൾ തുടങ്ങാൻ ഇടയായി. സി.എം.ഐ. വൈദികരിൽ പലരും ഊട്ടി രൂപതയിൽ പ്രവർത്തിച്ചിരുന്നു. കുടിയേറ്റക്കാരുടെ ആവശ്യങ്ങളിലേക്കും അവർ കടന്നുചെന്നു. 1973 മാർച്ച് 1-ാം തീയതി മാനന്തവാടി രൂപത രൂപംകൊണ്ടു. അതോടെ സുറിയാനിക്കാരുടെ കാര്യങ്ങൾ രൂപതയിൽ നിന്ന് നേരിട്ട് അന്വേഷിച്ചു തുടങ്ങി.

1955-ൽ തൃശൂർ രൂപതയുടെ അധികാരപരിധി കോയമ്പത്തൂർ ലത്തീൻ രൂപതാ പ്രദേശങ്ങളിലേക്കു വികസിതമായപ്പോൾ കോയമ്പത്തൂർ പ്രദേശത്തേയ്ക്കും സുവിശേഷ ദൗത്യവുമായി കടന്നുചെല്ലണമെന്ന അഭിവാഞ്ഛ പ്രവിശ്യാംഗങ്ങളിൽ

അങ്കുരിച്ചു. സി.എം.ഐ. സന്യാസികൾ കോയമ്പത്തൂരിൽ കുടിയേറി പാർത്തിരിക്കുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നിർവ്വഹിക്കണമെന്ന രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൻെറ നിരന്തര നിർബ്ബന്ധം ഈ ആഗ്രഹത്തിന് ആക്കം നൽകി.

1959 ഡിസംബർ 8-ന് പൗരസ്ത്യതിരുസംഘം ദേവമാത പ്രവിശ്യയുടെ മലബാർ മിഷൻ സ്ഥലങ്ങളും തൃശൂർ രൂപതയുടെ വിസ്തൃത പ്രദേശവും ഉൾപ്പെടുന്ന ഭൂവിഭാഗം കോയമ്പത്തൂർ റീജിയനായി അനുവദിച്ചു. 1964 ഡിസംബർ 30-ാം തീയതി കോയമ്പത്തൂർ കേന്ദ്രമാക്കിയുള്ള ലിറ്റിൽ ഫ്ലവർ റീജിയൻ നിലവിൽ വന്നു. ആരംഭത്തിൽ രാമനാഥപുരം ഹോളി ട്രിനിറ്റി ദേവാലയം കേന്ദ്രീകരിച്ചും തുടർന്ന് സായ്ബാബ കോളനിയിൽ ലിറ്റിൽ ഫ്ലവർ ആശ്രമം സ്ഥാപിച്ചുകൊണ്ടും സഭാംഗങ്ങൾ അജപാലന പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവന്നു.

കോയമ്പത്തൂർ പ്രദേശത്തെ ആദ്യ സുറിയാനി മിഷനറിമാരായ സഭാംഗങ്ങൾ ഈ പ്രദേശത്തെ സുറിയാനി കത്തോലിക്കരെ സംഘടിപ്പിച്ച് ദിവ്യകാരുണ്യ സമൂഹങ്ങൾക്ക് രൂപം നൽകുന്നതിൽ പ്രധാന പങ്കു വഹിച്ചു. അങ്ങനെ 1968 ഓഗസ്റ്റ് 19-ന് ലിറ്റിൽ ഫ്ലവർ മിഷൻ സെൻറർ കേന്ദ്രമാക്കി കോയമ്പത്തൂരിലെ സുറിയാനി സമൂഹത്തിൻെറ രണ്ടാമത്തെ ഇടവകയായ ലിറ്റിൽ ഫ്ലവർ ഇടവക സ്ഥാപിതമായി. പ്രസ്തുത ഇടവക വളർന്ന് കൗണ്ടമ്പാളയം സെൻറ് ജോസഫ് (1986), പൂമാർക്കറ്റ് സെൻറ് ജോസഫ് (1990), ഇടയപ്പാളയം ഇൻഫൻറ് ജീസസ് (1998) എന്നീ ഇടവകകൾ പിറവിയെടുത്തു.

1967-ൽ ആദിവാസി കോളനിയായ അട്ടപ്പാടിയിലേക്കു സഭ കടന്നുചെന്നു. തൃശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ആലപ്പാട്ട് പൊള്ളാച്ചി പ്രദേശത്തുള്ള സുറിയാനിക്കാരുടെ ആത്മീയ ചുമതല 1970-ൽ പ്രീമുസ് ആലപ്പാട്ടച്ചനെ ഏല്പിക്കുകയുണ്ടായി. പാലക്കാട്, കോയമ്പത്തൂർ പ്രദേശത്തെ നിരവധി പള്ളികൾക്ക് അടിസ്ഥാനമിട്ടും ഒട്ടേറെ ഇടവകകളിൽ വികാരിയായി ജോലി ചെയ്തും

നിസ്തുലമായ സേവനമാണ് സി.എം.ഐ. സഭാംഗങ്ങൾ കാഴ്ച്ചവെച്ചത്.

1974–ൽ കോയമ്പത്തൂർ പ്രദേശത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് പാലക്കാട് രൂപതയുണ്ടായി. പാലക്കാട് രൂപതയുടെ തമിഴ്നാട്ടിലെ പ്രദേശത്തെ രാമനാഥപുരം രൂപതയായി ഉയർത്തിയത് 2010–ലാണ്.

### 11.10. മൂന്നു സി.എം.ഐ. പ്രവിശ്യകൾ

സി.എം.ഐ. സഭക്കാർ അത്യദ്ധ്വാനം ചെയ്തു വളർത്തിയെടുത്ത മലബാർ പ്രദേശങ്ങളിൽ രൂപതകൾ ഉണ്ടായി. പ്രവർത്തിക്കാൻ രൂപത വൈദികരുണ്ടായി. ആരംഭിക്കാനും അടിസ്ഥാനമിടാനും വഴിയൊരുക്കാനും മുന്നിൽ നിന്ന സി.എം.ഐ. സഭാംഗങ്ങൾ സാവധാനം ആശ്രമങ്ങളെ കേന്ദ്രമാക്കി പ്രവർത്തിക്കാൻ തുടങ്ങി. മലബാർ കുടിയേറ്റ മേഖലകളെ മൂന്നായി വിഭജിച്ച് മലബാർ, കർണാടക, തമിഴ്നാട് പ്രദേശങ്ങളിൽ കോഴിക്കോട്, മൈസൂർ, കോയമ്പത്തൂർ എന്നീ മൂന്നു പ്രവിശ്യകൾ ഉണ്ടായി.

## 12. മലനാട് കുടിയേറ്റം

ഒന്നാം ലോകയുദ്ധത്തിനു ശേഷം മധ്യതിരുവിതാംകൂറിൽനിന്നുള്ള നിരവധി ക്രിസ്ത്യാനികൾ കൃഷിക്കായി ഫലഭൂയിഷ്ടമായ ഭൂമി തേടി ദേവികുളം, പീരുമേട്, ഉടുമ്പഞ്ചോല എന്നീ താലൂക്കുകളിൽ കുടിയേറി. "ഗ്രോ മോർ" പദ്ധതി പ്രകാരം ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുക, തമിഴ് വംശജരുടെ കുടിയേറ്റത്തിലൂടെ ഹൈറേഞ്ച് തമിഴ് മേഖലയായിത്തീരുകയും അതുവഴി പ്രസ്തുത പ്രദേശങ്ങൾ തമിഴ്നാടിന്റെ ഭാഗമാകാനുമുള്ള സാധ്യതയ്ക്കു തടയിടുക എന്നീ ലക്ഷ്യങ്ങളോടെയായിരുന്നു കേരള സർക്കാർ മലനാട് കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചത്. എന്നാൽ ജനങ്ങളുടെ വിദ്യാഭ്യാസം, ഗതാഗതസൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു നീക്കങ്ങളും ഉണ്ടായില്ല.

അങ്ങനെ അവശ്യസൗകര്യങ്ങളുടെ അഭാവത്തിൽ ജനങ്ങൾ കുടിയേറ്റജനത ദുരിതമനുഭവിച്ചു. ആത്മീയവും കൂദാശപരവുമായ

ആവശ്യങ്ങൾ നിറവേറ്റുന്നതിൽ വലിയ ഞെരുക്കങ്ങളിലൂടെയാണ് അവർ കടന്നുപോയത്. അവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിനായി അവശ്യം അജപാലകർ ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ ചങ്ങനാശ്ശേരി രൂപാതാദ്ധ്യക്ഷൻ മാർ മാത്യു കാവുക്കാട്ട് സഭയിൽനിന്ന് രണ്ടു വൈദികരെ സേവനത്തിനായി ലഭിക്കണമെന്നു താല്പര്യപ്പെട്ടു. അതനുസരിച്ച് 1950–ൽ പുൽപ്പറമ്പിൽ ശവരിയാരച്ചനും വാണിയപ്പുര ബ. ഹൊണോരിയൂസച്ചനും പ്രസ്തുത ദൗത്യത്തിനായി നിയോഗിതനായി.

ഹൈറേഞ്ചിലെ മിഷനറിമാരിൽ തൻെറ തനതായ പ്രവർത്തനശൈലി മൂലം സവിശേഷമായ വ്യക്തി മുദ്ര പതിച്ചയാളാണ് ശവരിയാരച്ചൻ. 'മലനാടിൻെറ മിഷനറി', 'രണ്ടാം ശൗര്യർ' എന്നെല്ലാം അറിയപ്പെടുന്ന അച്ചനെ അറിഞ്ഞവർ ആരും മറക്കില്ല. മലനാട്ടിൽ സഞ്ചാരയോഗ്യമായ റോഡുകൾ ഇല്ലാതിരിക്കെ മലകളും കുന്നുകളും പുഴകളും താണ്ടി ആടുകളെ തേടി അദ്ദേഹം കഠിനയാത്ര ചെയ്തു. "ശവരിയാരച്ചൻ കയറാത്ത ഒരു കുന്നുമില്ല, അദ്ദേഹം വീഴാത്ത ഒരു കുഴിയുമില്ല" എന്ന് കാവുകാട്ട് പിതാവ് പറഞ്ഞത് അദ്ദേഹം മലനാടിനുവേണ്ടി ഏറ്റെടുത്ത കഠിനയത്നങ്ങളുടെ സാക്ഷ്യപത്രമായി കരുതണം.

അച്ചൻ എഴുതി പ്രസിദ്ധീകരിച്ച നിരവധിയായ ആത്മീയഗ്രന്ഥങ്ങൾ ജനങ്ങളുടെ ആത്മീയ നവീകരണത്തിന് ഉതകുന്നതായിരുന്നു. അവയിൽ പലതും കുറഞ്ഞ കാലയളവിൽ എട്ടും ഒമ്പതും പതിപ്പുകളായി പ്രചരിച്ചു. അനുരഞ്ജന വേദിയിൽ ശവരിയാരച്ചൻ രാപകൽ ചെലവഴിച്ചു. പലപ്പോഴും ഈ ശുശ്രൂഷ രാവിലെ മൂന്നു മണി വരെ നീളുന്നതായിരുന്നു. കാട്ടാനകൾക്കും വന്യമൃഗങ്ങൾക്കും അദ്ദേഹത്തിൻെറ തീക്ഷ്ണമായ യാത്രകളെയും ശുശ്രൂഷകളെയും തടയാൻ കഴിഞ്ഞില്ല. ഹൈറേഞ്ച് പ്രദേശത്ത് കത്തോലിക്ക സമൂഹത്തെ വളർത്തിയെടുക്കുന്നതിന് തൻെറ ജീവിതം മുഴുവൻ അദ്ദേഹം സമർപ്പിച്ചു. പ്ലാമല, ആനക്കര, നെറ്റിത്തൊഴു, വണ്ടൻമേട്, പീരുമേട്, ചേമ്പളം, ആനവിലാസം, നെടുങ്കണ്ടം, നസ്രാണിപുരം, റാണിക്കോവിൽ, മുണ്ടിയെരുമ, പോത്തുംകണ്ടം എന്നിയിടങ്ങളിൽ പള്ളികൾ പടുത്തുയർത്തുന്നതിനും നേതൃത്വം നൽകി.

കുരിയാക്കോസ് തുരുത്തിപിള്ളിൽ, അഗസ്റ്റസ് തേക്കനാട്ട്, പയസ് വല്ലൂരാൻ, ബെർത്തോൾഡ് സാലസ് എന്നീ വൈദികരും ഡീക്കൻ ആൽബർട്ടും മലനാട്ടിലെ മിഷനറിമാരെന്ന നിലയിൽ സവിശേഷ സ്മരണയ്ക്ക് അർഹരാണ്.

മൂന്നാറിലെ കൊരണ്ടക്കാട് ആസ്ഥാനമാക്കിയുള്ള വിമലാലയം (1954), ഇടുക്കിയിലെ കാൽവരി മൗണ്ട് (1967), കൈതപ്പാറ (1969), ചക്കുംപള്ളത്തെ സെൻറ് ഡൊമിനിക് കാർമൽ ഹൗസ് (1977), ശാന്തിഗ്രാം വെൽഫെയർ സെൻറർ (1978), കട്ടപ്പനയിലെ ചാവറ ഭവൻ (1979) എന്നിയിടങ്ങളെ കേന്ദ്രമാക്കിക്കൊണ്ട് സി.എം.ഐ. സഭാംഗങ്ങൾ നിറവേറ്റിയ കൃത്യങ്ങൾ മലനാട്ടിലെ കുടിയേറ്റക്കാരെ ആത്മീയമായും ഭൗതികമായും ഏറെ വളർത്തി.

1977 ഫെബ്രുവരി 26-ന് കാഞ്ഞിരപ്പിള്ളി രൂപതയും 2003 ജനുവരി 15-ന് ഇടുക്കി രൂപതയുണ്ടായി.

സി.എം.ഐ. സഭയുടെ പ്രത്യേക ദൗത്യമായി ആരംഭിച്ച് തിരുഹൃദയ പ്രവിശ്യയുടെ പ്രവർത്തനരംഗമായി വളർന്ന ഹൈറേഞ്ച് മിഷൻ സഭാംഗങ്ങളുടെ സമർപ്പണം വഴിയായി പല ആശ്രമങ്ങളും സ്ഥാപനങ്ങളുമായി വികസിച്ചു. 1992 ജൂൺ 1-ാം തീയതി ഇപ്പോഴത്തെ ഇടുക്കി, കോതമംഗലം എന്നീ രൂപതകളുടെ പരിധിയിലുള്ള പ്രദേശങ്ങളും എറണാകുളം-അങ്കമാലി അതിരൂപതയുടെ ചില ഭാഗങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 'കാർമ്മൽ പ്രോവിൻസ്' എന്ന പേരിൽ ഒരു പ്രവിശ്യയായി ഉയർത്തപ്പെട്ടു.

## 13. സി.എം.ഐ. സഭ ഉത്തരേന്ത്യയിൽ

റെയ്ഗാർ-അംബികപ്പൂർ രൂപതയുടെ മെത്രാൻ ഓസ്ക്കാർ സെവരിൻ 1952-ൽ സി.എം.ഐ. സഭാംഗങ്ങളെ തൻെറ രൂപതയിലേക്കു പ്രേഷിതപ്രവർത്തനത്തിനായി ക്ഷണിച്ചു. രൂപതാദ്ധ്യക്ഷൻെറ ക്ഷണം സ്വീകരിച്ചു കൊണ്ട് ആദ്യ മിഷനറിമാരായി ദിയാഗോ താന്നിക്കൽ, ചാമക്കാല കാസിയൂസ്, കാടങ്കാവിൽ വിയാനി എന്നിവർ 1955 ജനുവരി മാസത്തിൽ അംബികാപൂരിലെത്തി. ഏകദേശം 15 വൈദികർ 20-ഓളം വർഷങ്ങൾ ഈ രൂപതയുടെ വിവിധ ഭാഗങ്ങളിലായി ജോലി ചെയ്തു.

ചുരുങ്ങിയ കാലയളവിൽ സി.എം.ഐ. സഭാംഗങ്ങൾ നിർവ്വഹിച്ച അത്ഭുതകരമായ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് കർദിനാൾ വലേരിയൻ ഗ്രേഷ്യസ് പറഞ്ഞു: "ഞങ്ങൾ ലത്തീൻകാർക്ക് ഇരുപത്തഞ്ചു കൊല്ലംകൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യം നിങ്ങൾ ഏതാനും മാസങ്ങളിൽ ചെയ്തിരിക്കുന്നു."

1962 ഭാരതസഭയുടെ ചരിത്രത്തിൽ ഒരു നിർണായക വർഷമത്രെ. മൂന്നാം ലോകത്തിലെ ഒരു സഭയെ പ്രേഷിതവേലയ്ക്കായി റോമിൽനിന്നു നിയോഗിച്ചുവെന്നതാണു പ്രധാന സംഭവം. 1962 മാർച്ച് 31-ാം തീയതി നാഗ്പ്പൂർ രൂപത വിഭജിച്ചു ഛാന്ദാ രൂപതയ്ക്കു രൂപം നൽകി സി.എം.ഐ. സഭയെ ഭരമേല്പ്പിച്ചു. തിരുസഭയുടെ ചരിത്രത്തിൽ ഒരു കിഴക്കൻ സഭയ്ക്ക് ഒരു മിഷൻ പ്രദേശം സുവിശേഷവത്കരണത്തിനായി നല്കപ്പെടുന്നത് ആദ്യമായാണ്. തിരുസ്സഭയുടെ ആ സ്നേഹസമ്മാനത്തെ അത്യാവേശപൂർവമാണു സഭ സ്വീകരിച്ചത്. മാർ ജാനുവാരിയൂസ് പാലത്തുരുത്തിയുടെ നേതൃത്വത്തിൽ സി.എം.ഐ. സഭ കൈവരിച്ച നേട്ടങ്ങൾ ആഗോളസഭയുടെ മിഷൻ സംരംഭങ്ങൾക്കു തന്നെ മാതൃകയായി. 1999 ജൂലൈ 16 തീയതി ചാന്ദ രൂപത വിഭജിച്ച് അഡിലാബാദ് രൂപതയ്ക്ക് രൂപം നൽകി.

ഛാന്ദാരൂപതയുടെ അസൂയാർഹമായ പുരോഗതിയിൽ സന്തുഷ്ടയായ തിരുസ്സഭ പുതിയ മേച്ചിൽ പുറങ്ങളിലേയ്ക്കു സി.എം.ഐ. സഭയെ നയിച്ചു. സാഗർ (1968), ബിജ്നോർ (1972), ജഗദൽപൂർ, രാജ്ക്കോട്ട് (1977) എന്നീ ഉത്തരേന്ത്യൻ രൂപതകൾ സി.എം.ഐ. സഭയുടെ ശുശ്രൂഷാ രംഗങ്ങളായി.

പ്രസ്തുത രൂപതകളെല്ലാം പിന്നീട് സീറോമലബാർ ഭരണാധികാരത്തിൻ കീഴിലായതോടെ സഭയുടെ ഭരണപരിധി വളരുകയായിരുന്നു. ഈ മിഷൻ പ്രദേശങ്ങളിൽ വിവിധ കാലങ്ങളിലായി സി.എം.ഐ. സഭയുടെ ഏഴു പ്രവിശ്യകൾ സ്ഥാപിതമായി.

## 14. കല്യാൺ മിഷൻ

മുംബൈ ആർച്ച് ബിഷപ്പായിരുന്ന കാർഡിനൽ വലേരിയൻ ഗ്രേഷ്യസ് തന്റെ അധികാരസീമയിലെ സീറോമലബാർ കത്തോലിക്കരുടെ

അജപാലനത്തിനായി ഏതാനും സഭാംഗങ്ങളെ അയച്ചുതരണമെന്ന് സി.എം.ഐ. സഭയോട് ആവശ്യപ്പെട്ടു. പ്രീമൂസ് ആലപ്പാട്ടച്ചനാണ് ഈ ദൗത്യത്തിനായി നിയോഗിതനായത്. മുംബൈയിൽ ചിതറിക്കഴിഞ്ഞിരുന്ന സീറോമലബാർ സഭാംഗങ്ങളെ അവിടെ പഠനത്തിനും മറ്റുമായി താമസിച്ചിരുന്ന സഭാംഗങ്ങളുടെ സഹായത്തോടെ അദ്ദേഹം സംഘടിപ്പിച്ചു. പിന്നീട് ഏതാനും സി.എം.ഐ. വൈദികർ അദ്ദേഹത്തോടു ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി. അതിരൂപതയുടെ പാസ്ട്രൽ സെൻററിൽ താമസിച്ചുകൊണ്ടാണ് അവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. അപ്പസ്റ്റോലിക് വിസീറ്ററായിരുന്ന മാർ ആൻറണി പടിയറ ഇവിടെ താമസിച്ചുകൊണ്ടാണ് തൻെറ ദൗത്യം നിറവേറ്റിയത്.

അല്പകാലത്തിനിടയിൽ സി.എം.ഐ. സഭയ്ക്കു സ്വന്തമായി മലാഡിൽ ഒരു ഭവനം സ്ഥാപിതമായി. ബ. അച്ചന്മാരുടെ പ്രവർത്തന ഫലമായി ലാറ്റിൻ ഇടവകകളിൽ സീറോമലബാർ വിശ്വാസികളുടെ 30 കേന്ദ്രങ്ങൾ ആരംഭിച്ചു.

1987 മെയ് 28-ാം തീയതി വി. ജോൺ പോൾ പാപ്പ ഭാരതത്തിലെ മൂന്നു റീത്തുകളിലെ മെത്രാന്മാർക്കായി ഒരു കത്തയച്ചു. പ്രസ്തുത കത്തു വഴി വിവിധ റീത്തുകളിലെ മെത്രാന്മാർക്കു സ്വന്തമായ ദേശീയ കോൺഫ്രൻസുകൾ രൂപീകരിക്കുന്നതിനും ഭാരതം മുഴുവൻ പ്രേഷിതപ്രവർത്തനം നടത്തുന്നതിനും അവകാശവും കടമയും ഉണ്ടെന്ന് മാർപാപ്പ പ്രഖ്യാപിച്ചു. കേരളത്തിനു പുറത്ത് പൗരസ്ത്യസഭാംഗങ്ങൾക്ക് അവരുടെ റീത്തിൽ മതകർമ്മങ്ങൾ നിർവ്വഹിക്കാനുള്ള അവകാശവും അംഗീകരിക്കപ്പെട്ടു. ബോംബേ, പൂനെ പ്രദേശത്ത് ഒരു സീറോമലബാർ രൂപത സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും ഈ കത്ത് മുന്നോട്ടു വച്ചിരുന്നു.

1988 ഏപ്രിൽ 30-ന് ബോംബേ, പൂന, നാസിക് പ്രദേശ സീറോമലബാർ റീത്തിൽ കല്യാൺ രൂപത സ്ഥാപിതമായി. അങ്ങനെ പ്രസ്തുത രൂപതയുടെ സ്ഥാപനത്തിനു അടിത്തറ പാകുന്നതിനു സി.എം.ഐ. സഭയ്ക്കു സാധിച്ചു.

## 15. സി.എം.ഐ. സഭ ഇന്ത്യ മുഴുവനിലും

പമ്പയ്ക്കും ഭരതപ്പുഴയ്ക്കും അപ്പുറത്തേക്കു സീറോമലബാർ സഭയെ നയിക്കുന്നതിൽ മുൻകൈയെടുത്ത സി.എം.ഐ. സഭ 1986–ൽ മറ്റൊരു സുപ്രധാനമായ കാൽവെയ്പ്പുകൂടെ നടത്തുകയുണ്ടായി. ഭാരതത്തിൽ സീറോമലബാർ സഭയ്ക്ക് ഭരണാധികാരം ഇല്ലാത്ത പ്രദേശങ്ങൾ വിവിധ പ്രവിശ്യകൾക്കായി മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി വിഭജിച്ചു നൽകി. ലത്തീൻ രൂപതകളിലെ പ്രതികൂല സാഹചര്യങ്ങളിലേക്കു പ്രവേശിച്ചുകൊണ്ട് സീറോമലബാർ എന്ന മാതൃസഭയോടുള്ള സ്നേഹവും ചുമതലയും അവർ വെളിപ്പെടുത്തി. അത് ഇന്ത്യ മുഴുവനും സീറോമലബാർ സഭയ്ക്കു സ്വയംഭരണാവകാശം സ്വന്തമാക്കുന്നതിനു വേണ്ടിയുള്ള മുന്നേറ്റത്തിന്റെ ഭാഗമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവന ചെയ്യുന്ന വ്യക്തിസഭകളുടെ, എല്ലാ റീത്തുകളുടെ "തുല്യ പദവി"യുടെ തുറന്ന പ്രഖ്യാപനമായിരുന്നു. സഭയുടെ വിവിധ പ്രവിശ്യകൾ തങ്ങൾക്കു ലഭിച്ച വിസ്തൃത പ്രദേശങ്ങളിൽ സുറിയാനി സഭാംഗങ്ങളെ സംഘടിപ്പിച്ചു. ജനങ്ങൾക്കു വേണ്ടി സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ആരംഭിച്ചു. അങ്ങനെ സീറോമലബാർസഭയുടെ സ്വയംഭരണാധികാര പ്രാപ്തിക്കു അവർ മുന്നോടികളായി.

ഇരുപതു നൂറ്റാണ്ടിന്റെ ചരിത്രപാരമ്പര്യമുള്ള ഭാരത ക്രൈസ്തവസഭയുടെ ചരിത്രത്തിലെ സുപ്രധാന ദിനമാണ് 2017 ഒക്റ്റോബർ 9. അന്നാണ് സഭാവൈവിധ്യം (*Varietas Ecclesiarum*) എന്ന ചരിത്ര പ്രധാനമായ കത്തിലൂടെ സീറോമലബാർസഭയ്ക്കു ഫ്രാൻസിസ് മാർപാപ്പ അഖിലേന്ത്യാ അജപാലന ദൗത്യം പുനരുദ്ധരിച്ച് അനുവദിച്ചത്. റീത്തുഭേദമില്ലാതെ ഇന്ത്യയിലെ എല്ലാ മെത്രാന്മാർക്കുമായി എഴുതിയ കത്താണിത്. നാലു നൂറ്റാണ്ടുകളായി ഇവിടെ നിലവിലിരുന്ന സഭാപരമായ ആധിനിവേശത്തിനും മേല്ക്കോയ്മയ്ക്കും അങ്ങനെ തിരശ്ശീല വീണു. സീറോമലബാർ സഭ അജപാലനപരമായി ഇന്ത്യയിലാകെ സ്വതന്ത്രമായി. പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ കുടുങ്ങിക്കിടന്നിരുന്ന ഒരു കൊച്ചു സഭയിലൂടെ തങ്ങളുടെ വിശ്വാസം പ്രഖ്യാപിച്ച മൂന്നര

നൂറ്റാണ്ടുകളിലെ പല തലമുറകളുടെ സ്വപ്നം അങ്ങനെ സാക്ഷാത്കൃതമായി.

## 16. സി.എം.ഐ. സഭയുടെ ആഗോളദൗത്യം

സി.എം.ഐ. സഭ കേരളത്തിലോ ഭാരതത്തിലോ മാത്രം ഒതുങ്ങി നിൽക്കണമെന്ന് സഭാസ്ഥാപകർ ആഗ്രഹിച്ചില്ല. ആഗോളമായ ഒരു ദർശനം അവർക്കു സ്വന്തമായിരുന്നു. രാജിതങ്ങളുടെയും ലോകമൊക്കെയുടെയും നിരപ്പ് (രാജ്യങ്ങളുടെയും ലോകത്തിൻെറയും സുസ്ഥിതി) സഭാസ്ഥാപനത്തിൻെറ ലക്ഷ്യമായിരുന്നു.

1930-കളുടെ അന്ത്യത്തിലാണ് ഭാരതത്തിനു പുറത്ത് പ്രേഷിതപ്രവർത്തനത്തിനായുള്ള ആദ്യക്ഷണം സി.എം.ഐ. സഭയ്ക്കു ലഭിക്കുന്നത്. പേർഷ്യൻ ഉൾക്കടലിനു സമീപം അബദാൻ എന്ന സ്ഥലത്ത് ഫ്രഞ്ചു കർമ്മലീത്താ മിഷനറിമാർ നടത്തിവന്നിരുന്ന പ്രേഷിതപ്രവർത്തനങ്ങൾ കേരള സുറിയാനി കർമ്മലീത്തർ ഏറ്റെടുത്തു നടത്തണമെന്ന് പൗരസ്ത്യതിരുസംഘം നിർദ്ദേശിച്ചു. ഈ പ്രദേശം നവമായി പൗരസ്ത്യതിരുസംഘത്തിൻെറ അധികാരസീമയിൽ ഉൾപ്പെട്ടിരുന്നതിനാലാണ് ഇപ്രകാരം ഒരു നിർദ്ദേശമുണ്ടായത്. തിരുസംഘത്തിൻെറ അഭിലാഷമനുസരിച്ചു പ്രവർത്തിക്കുന്നതിന് സി.എം.ഐ. സഭ സന്നദ്ധമായി. ബ്രഹ്മകുളം മരിയാൻ, തുരുത്തുമാലിൽ ആഞ്ചലൂസ് എന്നീ വൈദികർ പുതിയ മിഷൻ സ്ഥലത്തേക്കു പുറപ്പെടുന്നതിനുള്ള എല്ലാ ഏർപ്പാടുകളും പൂർത്തിയാക്കി. എന്നാൽ ചില കാരണങ്ങളാൽ റോമിൽനിന്നും പ്രസ്തുത യാത്ര നിരോധിക്കയാണുണ്ടായത്. ഈ വിഷയത്തിൽ സഭയിൽനിന്നു പ്രകടിപ്പിച്ച പ്രേഷിത തീക്ഷ്ണതയെ തിരുസംഘം വളരെയേറെ പ്രശംസിക്കയുണ്ടായി.

ഭാരതത്തിനു വെളിയിൽ സി.എം.ഐ. സഭ ആദ്യമായി പ്രേഷിതദൗത്യവുമായി കടന്നു ചെല്ലുന്നത് ഇറാൻ-ഇറാക്ക് പ്രദേശങ്ങളിലാണ്. ബാബേൽ പാത്രിയാർക്കിസിൻെറ അപേക്ഷ 1960 ഫെബ്രുവരി മാസത്തിൽ ഫാ. ഫബിയാനോസ് കളത്തിൽ, ഫാ. മാർസൽ പുല്പറമ്പിൽ, ഫാ. വേർജിൽ കാളിയാടൻ എന്നിവർ ബാഗ്ദാദിലെത്തി. അവിടെ പാട്രിയാർക്ക് കൂരിയായിലും

സെമിനാരിയിലും ചില ഇടവകകളിലുമായി അവർ സേവനം ചെയ്തു. പ്രതികൂലമായ രാഷ്ട്രീയ സാഹചര്യങ്ങൾ മൂലം 1966–ൽ ബ. അച്ചന്മാർ തങ്ങളുടെ സേവനം മതിയാക്കി നാട്ടിൽ തിരിച്ചെത്തി.

തുടർന്ന് രൂപതാദ്ധ്യക്ഷന്മാരുടെ ക്ഷണമനുസരിച്ചും സി.എം.ഐ. സഭയുടെ ആവശ്യങ്ങൾക്കനുസരിച്ചും നിരവധി വിദേശ രാജ്യങ്ങളിലേക്കു സഭാംഗങ്ങൾ കടന്നുചെന്നു. പെറു തുടങ്ങിയ തെക്കൻ അമേരിക്കയിലെ രാജ്യങ്ങളിലും ടാൻസാനിയ, പപ്പുവ ന്യൂ ഗുനിയ, മഡഗാസ്ക്കർ, കെനിയ, ഘാന, തെക്കെ ആഫ്രിക്ക, നമീബിയ, ബോട്സ്വാന, ഉഗാണ്ട, എത്യോപ്യ തുടങ്ങിയ ആഫ്രിക്കൻ ദേശങ്ങളിലും ജർമ്മനി, അമേരിക്ക, ബ്രസീൽ, സ്വിറ്റ്സർലൻറ്, ഓസ്ട്രിയ, ബെൽജിയം, ഇറ്റലി എന്നീ യൂറോപ്പിലെ രാജ്യങ്ങളിലും സി.എം.ഐ. മിഷനറി സാന്നിധ്യം ധന്യതയാർന്ന ചരിത്രം വിരചിക്കുന്നു. ഇന്ന് 34 വിദേശ രാജ്യങ്ങളിൽ സി.എം.ഐ. സഭയുടെ പ്രവർത്തന സാന്നിദ്ധ്യമുണ്ട്.

## 17. അനുസ്മരിക്കപ്പെടേണ്ട വ്യക്തികൾ

സി.എം.ഐ. സഭാസ്ഥാപകനായ വി. ചാവറപിതാവിൻെറ കാല്പാടുകൾ പിന്തുടർന്ന് മാതൃസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്തവരാണ് സി.എം.ഐ. സഭാംഗങ്ങൾ. അവരിൽ ചിലർ പ്രത്യേകമായ അനുസ്മരണയ്ക്ക് തികച്ചും യോഗ്യരാണ്.

### 17.1. ഫാ. പ്ലാസിഡ് പൊടിപാറ

സീറോമലബാർ സഭയുടെ ചരിത്രത്തിൽ ദൈവശാസ്ത്ര, സഭാശാസ്ത്രപണ്ഡിതനായി അറിയപ്പെടുന്ന ബഹു. പ്ലാസിഡച്ചൻ മാതൃസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ബൗദ്ധികമായി വാദിക്കുകയും പൊരുതുകയും സന്ന്യാസജീവിതത്തിൻെറ ചൈതന്യം മുറുകെപ്പിടിച്ചുകൊണ്ട് സഭയോടുള്ള ആത്മബന്ധത്തിൽ ജീവിതാന്ത്യം വരെ വളരുകയും ചെയ്ത സഭാസ്നേഹിയായിയിരുന്നു. സഭയുടെ അഭ്യുന്നതിക്കുവേണ്ടി അദ്ദേഹം അക്ഷീണം യത്നിച്ചു.

ഓറിയൻറൽ കാനൻ നിയമത്തിനു രൂപം നൽകുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷനിലെ അംഗമായി 1944–ൽ പ്ലാസിഡച്ചൻ

നിയമിതനായി. 1954 മുതൽ 25 വർഷക്കാലം അദ്ദേഹം പൗരസ്ത്യ തിരുസംഘത്തിൻെറ ആലോചനക്കാരനായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിലെ ദൈവശാസ്ത്ര ഉപദേഷ്ടാക്കളുടെ ഗണത്തിൽ അംഗമായിരുന്നു എന്നതും അനുസ്മരണീയം.

'പൗരസ്ത്യസഭകൾ തിരുസഭയുടെ അലങ്കാരമാണ്' എന്ന് സൂനഹദോസിൽ കേട്ട ഒരു പ്രസ്താവനയുടെ ദൈവശാസ്ത്രപരമായ അപകടം മനസ്സിലാക്കിയ പ്ലാസിഡച്ചൻ, 'പൗരസ്ത്യസഭകൾ തിരുസഭയുടെ ഭാഗം തന്നെയാണ്' എന്ന സത്യം സ്ഥാപിക്കുന്നതിനായി മുന്നോട്ടുവന്നു. അദ്ദേഹം ലത്തീൻഭാഷയിൽ തയ്യാറാക്കിയ പ്രസംഗം മാർ വള്ളോപ്പിള്ളി പിതാവ് കൗൺസിലിൽ അവതരിപ്പിച്ചു. പൗരസ്ത്യസഭകളെ വെറും അലങ്കാരമായി തരംതാഴ്ത്തുവാൻ പാടുള്ളതല്ല. പൗരസ്ത്യസഭകൾ ഉൾപ്പെടുന്ന കൂട്ടായ്മയാണ് കത്തോലിക്കാ തിരുസഭ.

അച്ചൻെറ 30-ൽ പരം ഗ്രന്ഥങ്ങളും അറുപതിലധികം ലേഖനങ്ങളും പ്രധാനമായും ലക്ഷ്യമാക്കുന്നത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഐക്യത്തെയും അവരുടെ അനന്യതയേയും കത്തോലിക്കാ വിശ്വാസത്തെയും പറ്റി അവരെ ബോധവൽക്കരിക്കുന്നതിലാണ്.

സീറോമലബാർ സഭയെ പൗരസ്ത്യസഭയായി അംഗീകരിക്കാനും നിലനിറുത്താനുംവേണ്ടി മുഖ്യപങ്കു വഹിച്ചത് പ്ലാസിഡച്ചനാണ്. അച്ചൻ കർമ്മരംഗത്ത് ഇറങ്ങുന്ന കാലത്ത് സീറോമലബാർസഭയ്ക്കു പൗരസ്ത്യസഭകളുടെ ഇടയിൽ അഗണ്യമായ ഒരു സ്ഥാനം മാത്രമാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിൻെറ തൂലിക ഈ സഭയുടെ നിലയും വിലയും വളർത്തി.

സീറോമലബാർ സഭയുടെ ഭരണാതിർത്തികൾക്കു പുറത്ത് കഴിഞ്ഞിരുന്ന കുടിയേറ്റക്കാരുടെ കാര്യങ്ങളിൽ പ്ലാസിഡച്ചൻ വളരെ തല്പരനായിരുന്നു. സ്വന്തം റീത്തിൽ ദൈവിക ശുശ്രൂഷ കുടിയേറ്റ ജനതക്കു ലഭിക്കേണ്ടതിൻെറ ആവശ്യകതയെകുറിച്ച് അദ്ദേഹം റോമിനും മറ്റും സഭാധികാരികൾക്കും എഴുതി. സത്യദീപം വാരികയിൽ ലേഖനമെഴുതി.

ഓറിയൻറൽ കോൺഗ്രിഗേഷൻെറ പ്രീഫെക്റ്റായിരുന്ന കർദ്ദിനാൾ എവുജിൻ ടിസ്സറൻറ് 1953-ൽ ഔദ്യോഗികമായി കേരളം സന്ദർശിച്ച

അവസരത്തിൽ അദ്ദേഹത്തിൻെറ സെക്രട്ടറിയായി പ്രവർത്തിച്ചത് പ്ലാസിഡച്ചനായിരുന്നു. സീറോമലബാർ കുടിയേറ്റക്കാരെക്കുറിച്ചുള്ള വ്യക്തമായ ധാരണ കർദ്ദിനാളിനു നൽകാൻ അദ്ദേഹത്തിനു സാധിച്ചു. നവംബർ 29-ാം തീയതി കർദ്ദിനാളിനെ നേരിൽ കണ്ട് പ്ലാസിഡച്ചൻ ഒരു നിവേദനം സമർപ്പിച്ചു. പ്രസ്തുത മെമ്മോറാണ്ടത്തിൽ സീറോമലബാർസഭയുടെ അതിർത്തി വികസിപ്പിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും അപ്രകാരം സംഭവിക്കുന്നില്ലെങ്കിൽ നേരിടാവുന്ന ആത്മീയമായ നഷ്ടങ്ങളെക്കുറിച്ചും ഊന്നിപ്പറയുന്നുണ്ട്. പ്ലാസിഡച്ചൻ എഴുതുന്നു:

"സീറോമലബാർ രൂപതയുടെ അതിർത്തി വളരെ ചുരുങ്ങിയതാണ്. ഒരു ലത്തീൻ രൂപതയുടെ അതിർത്തിയോളം പോലും ഇല്ലെന്നു പറയാം. അതുകൊണ്ട് മലബാർ സഭയുടെ അതിർത്തി വടക്കോട്ടും തെക്കോട്ടും വ്യാപിപ്പിക്കണം. സുറിയാനി കുടിയേറ്റ ജനത വടക്കേ മലബാർ മുഴുവനും കോയമ്പത്തൂരിൻെറ ഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നു. കോഴിക്കോടു രൂപതയിലെ കത്തോലിക്കരിൽ ഭൂരിഭാഗവും സുറിയാനിക്കാരാണ്. അതുപോലെ തെക്കോട്ട് തിരുവനന്തപുരം, കൊല്ലം ലത്തീൻ രൂപതകളിലും ധാരാളം സുറിയാനിക്കാർ ചിതറിക്കിടക്കുന്നു. കൂടാതെ സുറിയാനി കത്തോലിക്കരിൽ നിന്നും വേർപിരിഞ്ഞ ധാരാളം യാക്കോബായക്കാരും ഈ പ്രദേശങ്ങളിൽ ഉണ്ട്.

"ഇന്ത്യ ഒരു രാജ്യമാണ്. അവിടെ എല്ലാ പൗരന്മാർക്കും എല്ലായിടത്തും സ്വാതന്ത്ര്യമുണ്ട്. ബോംബേ, മദ്രാസ്, പൂന, ബാംഗ്ലൂർ, ഡൽഹി തുടങ്ങിയ വലിയ നഗരങ്ങളിൽ തന്നെ ധാരാളം സുറിയാനി കത്തോലിക്കരുണ്ട്. ഇനിയും നാടിൻെറ പല ഭാഗങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു... സ്വന്തം ജനങ്ങളെ അന്വേഷിക്കാൻ അധികാരമുള്ള മെത്രാന്മാർ കേരളത്തിനു പുറത്തും അത്യാവശ്യമാണ്. കത്തോലിക്കരുടെ ആത്മീയകാര്യങ്ങൾ നോക്കുവാനും സ്ഥാപനങ്ങൾ തുടങ്ങുവാനും സി.എം.ഐ. സഭ പോലുള്ള സന്യാസസഭകൾക്കും അനുവാദം ലഭിക്കേണ്ടതുണ്ട്. മാത്രമല്ല ജന്ത്യയിൽ പലയിടങ്ങളിലും ലത്തീൻ, സുറിയാനി റീത്തിൽപെട്ടവർ ഒരു പ്രദേശത്തുള്ളതുകൊണ്ട് ഡബിൾ

ജുരിസ്ഡിക്ഷനും" "ഓൾ ഇന്ത്യ ജുരിസ്ഡിക്ഷനും" ആവശ്യമാണ്... സീറോമലബാർ സഭയിൽ വർദ്ധിച്ചുവരുന്ന മിഷൻ ചൈതന്യം വളർത്തുവാനും "ഓൾ ഇന്ത്യ ജുരിസ്ഡിക്ഷൻ" അത്യാവശ്യമാണ്..."

പ്ലാസിഡച്ചൻ സമർപ്പിച്ച ഈ നിവേദനം താമസിയാതെ ഫലം ചൂടി. 1953-ൽ തലശ്ശേരി രൂപത സ്ഥാപിതമായി. 1955-ൽ പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമപ്പുറം സീറോമലബാർ സഭയുടെ അതിർത്തികൾ വികസിപ്പിച്ചു.

നവമായി രൂപപ്പെട്ട തലശ്ശേരി രൂപതയുടെ വലിയ ഉപകാരിയും അഭ്യുദയകാംക്ഷിയുമായിരുന്നു പ്ലാസിഡച്ചൻ. പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിലെ ആലോചനക്കാരനായി അദ്ദേഹം സേവനം ചെയ്തിരുന്ന കാലയളവിൽ തലശ്ശേരി രൂപതയുടെ വളർച്ചയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകാൻ ശ്രദ്ധാലുവായിരുന്നു. പ്ലാസിഡച്ചൻ തലശ്ശേരി രൂപതാദ്ധ്യക്ഷനായ സെബാസ്റ്റ്യൻ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിനയച്ച കത്തുകൾ അതിനു തെളിവായി നിലകൊള്ളുന്നു.

സീറോമലബാർ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലനാധികാരം ലഭിക്കുന്നതിനുവേണ്ടിയുള്ള പ്ലാസിഡച്ചന്റെ പരിശ്രമങ്ങളിൽ സുപ്രധാനമാണ് അദ്ദേഹം ഒന്നാം ജോൺ പോൾ മാർപാപ്പയ്ക്ക് എഴുതിയ മെമ്മോറാണ്ടം. അച്ചന്റെ മെമ്മോറാണ്ടം കിട്ടിയ ഉടനെത്തന്നെ അതിന്റെ പ്രാധാന്യം മനസ്സിലാക്കിയ മാർപാപ്പ, മാർ ആന്റണി പടിയറ പിതാവിനെ സീറോമലബാർ സഭയുടെ അധികാര പരിധിക്കു പുറത്തുള്ള സീറോമലബാർ കത്തോലിക്കരെക്കുറിച്ച് പഠിക്കുന്നതിനായി വിസിറ്ററെന്ന നിലയിൽ നിയമിച്ചു. തുടർന്ന് സി.എം.ഐ. സഭാംഗമായ മാർ ഗ്രിഗരി കരോട്ടെമ്പ്രേൽ പ്രവാസികളുടെ അജപാലനകാര്യം അന്വേഷിക്കുന്നതിനുള്ള സിനഡൽ കമ്മീഷന്റെ ചെയർമാനായിരുന്നിട്ടുണ്ട്. രണ്ടാമത്തെ അപ്പസ്റ്റോലിക് വിസിറ്ററായി നിയമിതനായ മാർ ഗ്രേഷ്യൻ മുണ്ടാടൻ അനുസ്മരിക്കപ്പെടേണ്ട സി.എം.ഐ. സഭാംഗമാണ്.

ജോൺ മാടായി എന്ന ജർമൻ ദൈവശാസ്ത്രജ്ഞൻ പ്ലാസിഡച്ചനെ "സീറോമലബാർ സഭയുടെ അഭിഷേകം

ചെയ്യപ്പെടാത്ത പാത്രിയാർക്കീസ്" എന്നാണ് വിശേഷിപ്പിച്ചത്. റോമിലായിക്കെ പ്ലാസിഡച്ചൻ സൈക്കിളിടിച്ച് വീണപ്പോൾ വത്തിക്കാനിലെ ഒരു ഔദ്യോഗിക വക്താവു പറഞ്ഞു, "സീറോമലബാർ സഭയുടെ നെടുംതൂൺ" തകർന്നുവീണിരിക്കുന്നു. പ്ലാസിഡൻെറ ചരമപ്രസംഗത്തിൽ മാർ ജോസഫ് പൗവ്വത്തിൽ പിതാവ് അദ്ദേഹം "സീറോമലബാർ സഭയുടെ പിതാവ്" എന്ന് വിളിക്കപ്പെടാൻ സർവ്വദാ യോഗ്യനാണെന്നു പ്രസ്താവിച്ചു.

## 17.2. ഫാ. ജോൺ ബോസ്കോ തോട്ടക്കര

കേരളസഭാചരിത്രത്തിൽ സവിശേഷ അനുസ്മരണയ്ക്ക് അർഹനാണ് ജോൺ ബോസ്കോ തോട്ടക്കരയച്ചൻ. സീറോമലബാർ സഭയെയും അതിൻെറ ആരാധനക്രമത്തെയും അത്യധികം സ്നേഹിച്ചു. ഇന്ത്യമുഴുവനും സുറിയാനി കത്തോലിക്കർക്കു സഭാപരമായി പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം തീവ്രശ്രമം നടത്തി. നിവേദനത്തിലൂടെയും നവജീവപരിഷത്തിൻെറ പ്രസിദ്ധീകരണത്തിലൂടെയും അദ്ദേഹം യത്നിച്ചു.

ചെന്നൈ, മുംബൈ, ഡൽഹി, കൽക്കട്ട തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിയിരിക്കുന്ന സീറോമലബാർ സഭാംഗങ്ങൾക്കു വേണ്ടി മെത്രാന്മാരെ നിയമിക്കണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് അച്ചനാണ്. സീറോമലബാർ സഭയ്ക്ക് ഭാരതം മുഴുവൻ അജപാലനാധികാരം വേണമെന്നും സഭയ്ക്ക് ഒരു പാത്രിയാർക്കീസിനെയോ മേജർ ആർച്ച്ബിഷപ്പിനെയോ നിയമിക്കണമെന്നും ആദ്യമായി ആവശ്യപ്പെട്ടതും ജോൺ ബോസ്കോ അച്ചനാണ്.

തികഞ്ഞ ചരിത്രാവബോധമുള്ള അദ്ദേഹം ചെന്നൈ, മുംബൈ, ഡൽഹി, കൽക്കട്ട എന്നിയിടങ്ങൾ സന്ദർശിച്ച് പഠനം നടത്തി രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പിതാക്കന്മാരുടെ പഠനത്തിനും അറിവിനുമായി ഒരു നിവേദനം തയ്യാറാക്കി. 'നസ്രാണി നവജീവ പരിഷത്ത്' വഴി 1964 ഒക്റ്റോബർ 15-ന് രണ്ടാം വത്തിക്കാൻ കൗൺസിലിന് അയച്ചു കൊടുത്തു. 'ഹെണ്ടോ'

എന്നായിരുന്നു ആ നിവേദനത്തിൻെറ പേര്. ഇന്ത്യയിലെ സഭ എന്ന് അതിന് അർത്ഥം.

"സെൻറ് തോമസ് ക്രിസ്റ്റ്യൻസ്" എന്ന ഒരു അപ്പസ്തോലിക സഭാസമൂഹം ഇന്ത്യയിൽ ഉണ്ടെന്നും അതിൻെറ അജപാലന അധികാരം വളരെ പരിമിതമാണെന്നും സൂനഹദോസ് പിതാക്കന്മാർ അറിയുന്നത് ബോസ്ക്കോ അച്ചൻെറ മെമ്മോറാണ്ടത്തിലൂടെയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യസഭകൾക്കു നൽകിയ അംഗീകാരത്തിന് ബോസ്ക്കോ അച്ചൻെറ പരിശ്രമം കാരണമായി.

## 17.3. ഫാ. റോമയോ തോമസ്

ബ. റോമയോ തോമസ് മണ്ണനാലച്ചൻ ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് കോളജിൻെറ പ്രിൻസിപ്പാളും പ്രഗത്ഭ വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്നു. മലബാർ കുടിയേറ്റത്തെകുറിച്ചും അവിടത്തെ അവസ്ഥകളെക്കുറിച്ചും വ്യക്തമായ ധാരണയും അവബോധവും ഉണ്ടായിരുന്ന റോമയോ അച്ചനാണ് തലശ്ശേരി രൂപതാ സ്ഥാപനത്തിനുള്ള ആദ്യപരിശ്രമങ്ങൾ നടത്തിയത്. സുറിയാനിക്കാരായ കുടിയേറ്റക്കാരുടെ ആത്മീയകാര്യങ്ങൾ നിറവേറ്റുന്നതിൽ നിലവിലിരുന്ന സൗകര്യങ്ങൾ തീർത്തും പരിമിതമാണെന്നും കുടിയേറ്റക്കാർ സ്വന്തം റീത്തും പാരമ്പര്യവും പാലിക്കുവാൻ അതിയായി ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം അധികാരികൾക്ക് അപേക്ഷകൾ അയച്ചു. മലബാർ പ്രദേശത്ത് ഒരു സുറിയാനി രൂപത സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് വിവിധ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതി. വിവിധ പത്രമാസികകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളിലൂടെ പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നു. ബെർണ്ണാർദിനച്ചൻെറ ധ്യാനപരമ്പരക്കിടയിൽ കുടിയേറ്റജനം ഒപ്പ് വച്ച നിവേദനം റോമിലേക്ക് അയച്ചുകൊടുത്തത് റോമയോ അച്ചനായിരുന്നു.

## 17.4. ഫാ. ഫ്രാൻസിസ് വിനീത് വടക്കേത്തല

1982 ഒക്റ്റോബർ 22 മുതൽ 24 വരെ മുബൈയിൽ ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻെറ അഭിമുഖ്യത്തിൽ ഒരു സെമിനാർ നടന്നു. "Reconciliation in India" എന്നതായിരുന്നു സെമിനാറിൻെറ വിഷയം. പ്രസ്തുത സെമിനാറിൽ ഫ്രാൻസിസ് വിനീത് വടക്കേത്തലയച്ചൻ "The Struggle for Justice in the Church and the Call for Reconciliation" എന്ന ശീർഷകത്തിൽ ഒരു പ്രബന്ധം അവതരിപ്പിച്ചു.

പൗരസ്ത്യസഭയ്ക്കു അംഗീകരിച്ചു നല്കേണ്ട തുല്യതയെ ലത്തീൻ സഭ പൂർണ്ണമായും നിരാകരിക്കുന്നു. പൗരസ്ത്യരുടെമേൽ അധീശത്വമുറപ്പിക്കുന്നതിൽ അതു നിശിതനിലപാടു പുലർത്തുന്നു. ഇപ്രകാരം ഇന്ത്യയിലെ സഭയിൽ നടമാടുന്ന അനീതിപരവും വിധിവിരുദ്ധവുമായ യഥാർത്ഥ സ്ഥിതിഗതികളുടെ തുറന്ന വിശകലനമാണ് വിനീതച്ചൻ പ്രബന്ധത്തിൽ കാഴ്ച്ചവയ്ക്കുന്നത്. സഭാത്മകമായ അനീതിക്കെതിരെയുള്ള ശക്തമായ ആക്രമണമാണിത്. അടിസ്ഥാനപരമായ നീതിക്കും അനുരഞ്ജിതമായ അസ്തിത്വത്തിനും വേണ്ടിയുള്ള ആഹ്വാനമാണ്. അതിനായുള്ള അസന്ദിഗ്ദ്ധമായ സമർപ്പണമാണ്.

സ്വാഭാവികമായും പ്രബന്ധത്തിനെതിരെ അതിശക്തമായ പ്രതിഷേധങ്ങളും പ്രതികരണങ്ങളുമുണ്ടായി. ഇന്ത്യയിലും വിദേശത്തും അത് ചർച്ചാവിഷയമായി; സമ്മിശ്രവികാരങ്ങളുണർത്തി. പ്രബന്ധത്തിൻെറ അതിവൈകാരികതയെക്കുറിച്ച് ആക്ഷേപമുണ്ടായി. യാഥാർത്ഥ്യങ്ങളിൽ തുരന്നുകയറുന്ന വിശകലനത്തിൽ വൈകാരികശക്തിയുടെ നിർഭയ സാന്നിദ്ധ്യം അച്ചൻ ഒരിക്കലും നിഷേധിച്ചില്ല. നിഷേധത്തിൻെറയും നീരസത്തിൻെറയും നിരന്തരാനുഭവം വികാരങ്ങളെ ഉണർത്തുക മാത്രമല്ല വിചാരങ്ങളെ പ്രകോപിപ്പിക്കുകയും ചെയ്യുമെന്നായിരുന്നു വിനീതച്ചൻെറ മറുപടി.

വിനീതച്ചൻ പൗരസ്ത്യചിന്താരീതിയെയും ദൈവ ശാസ്ത്രധാരകളെയും ഏറെ സ്നേഹിക്കുകയും താൻ അംഗമായിരിക്കുന്ന സീറോമലബാർ സഭയുടെ സവിശേഷതകളിൽ

അഭിമാനം കൊള്ളുകയും ചെയ്യുന്നയാളാണ്. എന്നാൽ അദ്ദേഹം ഒരിക്കലും ഒരു പൗരസ്ത്യ തീവ്രവാദിയല്ല. പൗരസ്ത്യ ദൈവശാസ്ത്രമോ സഭാവിജ്ഞാനീയമോ അദ്ദേഹത്തിന്റെ പ്രിയങ്കര പഠനവിഷയവുമല്ല. എന്നാൽ നീതിയോടുള്ള പ്രതിബദ്ധതയെപ്രതി സഭാസംബന്ധമായ ഒരു പ്രബന്ധം അവതരിപ്പിക്കാൻ അദ്ദേഹം തയ്യാറായി.

ഇക്കാര്യത്തിൽ മറ്റുള്ളവരിൽ നിന്നുണ്ടാകാവുന്ന "അനിഷ്ടത്തെയും" സമൂഹമദ്ധ്യത്തിൽ താൻ സമ്പാദിക്കാനിടയുള്ള "ദുഷ്പേരിനെയും" അദ്ദേഹം തൃണവൽഗണിച്ചു. ലോകത്തിലെ ഏതു ദിക്കിലും ഏതു രംഗത്തും അരങ്ങേറുന്ന അനീതികളെ നിശിതമായി വിമർശിക്കുകയും അവയെ ദൈവശാസ്ത്രപരമായി വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത് തങ്ങളുടെ ചുമതലയുമായി കാണുന്ന പണ്ഡിതന്മാർ എന്തുകൊണ്ട് സഭയ്ക്കുള്ളിലെ അനീതിയെ ചോദ്യം ചെയ്യുന്നത് അല്പത്തരമായി കണക്കാക്കുന്നുവെന്ന് അദ്ദേഹം ചോദിച്ചു.

യേശു പീഢിതരോടും നിന്ദിതരോടും താദാത്മ്യം പ്രാപിച്ചതുപോലെ താൻ, അധികാരം അപഹരിക്കപ്പെട്ടതും വിശാലമായ ഭാരതമഹാരാജ്യത്തിന്റെ തീർത്തും ഇടുങ്ങിയ അതിരുകൾക്കുള്ളിൽ തള്ളപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തിരിക്കുന്ന ഒരു സഭയുമായി താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കുകയാണെന്നു അദ്ദേഹം പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്യുന്ന സ്വയംഭരണത്തിനുള്ള അവകാശം മാത്രമേ ഈ സമൂഹം ആവശ്യപ്പെടുന്നുള്ളു. അപ്പസ്തോലിക പാരമ്പര്യമുള്ള ഇന്ത്യയിലെ പൗരസ്ത്യസഭയ്ക്ക് സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ഭൂമിയിലെ ഏത് സമൂഹത്തിന്റെയും സ്വാഭാവികവും അടിസ്ഥാനപരവുമായ അവകാശമാണ്; ഒരു ഇന്ത്യൻ പൗരന്റെ അവകാശമാണ്. വിനീതച്ചൻ ഉറക്കെ പറയുന്നു.

വിനീതച്ചന്റെ പ്രബന്ധം രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: (1) ഇന്ത്യയിലെ സഭയിലെ സ്ഥിതിഗതികളെക്കുറിച്ചുള്ള ഒരു വിശകലനം; (2) അനുരഞ്ജനത്തിനും പരസ്പരാംഗീകാരത്തിനുമുള്ള

ആഹ്വാനം. ഇന്ത്യയിൽ മൂന്നു വ്യക്തിഗത സഭകളുണ്ട്. താത്ത്വികമായി അംഗീകരിച്ചാലും പ്രായോഗികതയിൽ ഇത് തീർത്തും അവഗണിക്കപ്പെടുന്നു. ഇതാണ് നിലവിലിരിക്കുന്ന പ്രശ്നത്തിൻെറ നിർണ്ണായക ഘടകം. ഇന്ത്യ മുഴുവനും ലത്തീൻസഭ തങ്ങൾക്കു സുവിശേഷവത്ക്കരണത്തിനുള്ള പരിധിയായി പ്രഖ്യാപിച്ചു. മറ്റൊരു സഭയ്ക്കുള്ള അത്തരം അവകാശത്തെ അവർ അവഗണിക്കുകയോ ഉന്മൂലനം ചെയ്യുകയോ ചെയ്തു. എണ്ണമറ്റ പൗരസ്ത്യസഭാംഗങ്ങൾ ലത്തീൻ രൂപതകളിൽ ചിതറിക്കഴിയുന്നു. അവരെ ഒരുമിച്ചുകൂട്ടുന്നതിനുള്ള നീക്കങ്ങളെ "അപകടകരമെന്ന്" ലത്തീൻസഭ പ്രതിരോധിക്കുന്നു. അപ്രകാരമുള്ള പരിശ്രമങ്ങളെ സാർവ്വത്രികസഭയുടെ ഐക്യത്തിന് ഗൗരവകരമായ ഭീഷണിയായി അവതരിപ്പിക്കപ്പെടുന്നു. എന്നാൽ വത്തിക്കാൻ കൗൺസിലിൻെറ ദർശനം ഇതിൽ നിന്നും തികച്ചും വിപരീതമായ നിലപാടു പുലർത്തുന്നതാണ്. "ഈ സഭകൾ (വ്യക്തി സഭകൾ) തമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വിവിധത്വം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ്" (പൗരസ്ത്യ കത്തോലിക്കാസഭകളെ സംബന്ധിക്കുന്ന ഡിക്രി, 2).

യജമാനത്താവബോധമുള്ളവർ തങ്ങളുടെ ക്ഷേമത്തിന് "ഉടമസ്ഥത" ഒരു നിബന്ധനയായി കരുതുമ്പോൾ അത്തരം അവകാശം മറ്റുള്ളവർക്ക് അംഗീകരിച്ചു നല്കുന്നതിൽ പരാജയപ്പെടുന്നു. പകരം അവർ സൗജന്യങ്ങളും ആനുകൂല്യങ്ങളും നല്കുന്നു. "പൗരസ്ത്യർ അവർ ആഗ്രഹിക്കുന്നെങ്കിൽ സ്വന്തം റീത്തിൽ ദിവ്യബലി അർപ്പിക്കാവുന്നതാണ്." ഒരു ലത്തീൻ മെത്രാൻെറ വാക്കുകളാണിത്. തങ്ങളുടെ അധീശത്വത്തിന് ഗൗരവകരമായ ഭീഷണി ഉയരുമ്പോഴാണ് ഇപ്രകാരം സൗജന്യങ്ങൾ നല്കപ്പെടുന്നത്. ജനങ്ങളെ തങ്ങളുടെ അധീനരായി നിലനിറുത്തുന്നതിനും നീതിരഹിതമായ അധീശത്വശക്തിയെ സ്ഥിരപ്പെടുത്തുന്നതിനും വേണ്ടി ഇപ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നു. സാഹചര്യങ്ങളെ തങ്ങൾക്കനുകൂലമാക്കുന്ന രീതിയിൽ ദുർവിനിയോഗം ചെയ്യുന്ന (manipulation) രീതിയാണിത്.

ഇന്ത്യയിലെ പൗരസ്ത്യ ക്രിസ്ത്യാനികളുടെ നേതൃത്വത്തിൽ നടക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം സഭാത്മകമായ ഒരു ചലനമാണ്. നീതിക്കു വേണ്ടിയുള്ള ക്രൈസ്തവപ്രജ്ഞയുടെ സംഘാതമായ യത്നമാണ്. സഭയിലെ തന്നെ മറ്റൊരു അധികാര ശക്തിക്കെതിരെയാണ് അവർ പട വെട്ടുന്നത്. പൗരസ്ത്യരെ അധീനതയിൽ സൂക്ഷിക്കുകയും ഇന്ത്യയിൽ തങ്ങളുടെ സ്വന്തം നിലനില്പിനുവേണ്ടി അവരുടെ സഭാംഗങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന ലത്തീൻ അധികാരാതിർത്തിയുടെ അധികാര ശക്തിയോടാണ് അടരാടുന്നത്.

പൗരസ്ത്യർക്ക് അവരുടെ ജീവിതത്തിൻെറ സാരസത്തഗുണമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു. അത് അപഹരിക്കപ്പെട്ടിരിക്കുന്നു. അധികാരചക്രം കറക്കുന്നവർ തങ്ങളുടെ സാമ്രാജ്യാധിപത്യ മനോഭാവം ഉപേക്ഷിക്കുന്നതാണ് ഈ ദുഃഖകരമായ സാഹചര്യത്തിനു പരിഹാരം. അനീതിപരമായ സാഹചര്യങ്ങളെ തിരുത്തുന്നതുവരെ, സഭയിലെ എല്ലാ അംഗങ്ങൾക്കും അവർ ലത്തീനോ പൗരസ്ത്യരോ ആകട്ടെ തുല്യമായ അന്തസും മാഹാത്മ്യവും അംഗീകരിക്കുകയും ചെയ്യുന്നതുവരെ, അപരനെ സ്വന്തം ദാസനോ അടിമയോ ആക്കി മാറ്റാതെ യഥാർത്ഥത്തിൽ ആയിരിക്കുന്ന രീതിയിൽ പരസ്പരം സ്വീകരിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നതുവരെ ഇന്ത്യയിലെ സഭ ഒരിക്കലും സന്തോഷവതിയാവില്ല.

പരസ്പരാനുരഞ്ജനം സാധ്യമാണ്; അതിനു പരസ്പ രാംഗീകാരവും മതിപ്പും പുലരുന്ന ഒരു ലോകമായി സഭ മാറണം. ന്യായം, തുല്യത, കുലീനത, അന്തസ്സ് എന്നിവ ആ ലോകത്തിൽ വാഴണം. നമ്മുടെ കർത്താവായ യേശുക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യത്തിൻെറ ആദർശമാണ് നമ്മുടെ മുമ്പിലുള്ളത്.

സഭ നീതിയുടെയും സ്വാതന്ത്ര്യത്തിൻെറയും സ്നേഹത്തിൻെറയും ഐക്യത്തിൻെറയും സാമ്രാജ്യമാണ്. ഐക്യത്തിൻെറ ശക്തി എന്നത് നമ്മുടെ സ്നേഹബന്ധമാണ്. ഈ സ്നേഹബന്ധം എല്ലാവരെയും അംഗീകരിക്കുന്നു; വിലമതിക്കുന്നു; സ്നേഹത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും അന്തരീക്ഷത്തിൽ അപരൻെറ

ശുശ്രൂഷയ്ക്കായി തന്നെത്തന്നെ സമർപ്പിക്കുന്നതിന് ഓരോരുത്തരേയും പ്രചോദിപ്പിക്കുന്നു. ഗ്രീക്ക് ഭാഷയിൽ അനുരഞ്ജനം എന്ന വാക്ക് പുനഃസ്ഥാപനമെന്നതിനെയാണ് സൂചിപ്പിക്കുന്നത്. യഥാർത്ഥ അനുരഞ്ജനം സാധ്യമാകണമെങ്കിൽ അന്യമായിത്തീർന്ന മനുഷ്യാവകാശങ്ങൾ പുനഃസ്ഥാപിക്കപ്പെടണം.

സഭയാകുന്ന ഈ സ്നേഹസമൂഹത്തിന് എല്ലാവരെയും, എല്ലാ സംസ്കാരത്തെയും, എല്ലാ പാരമ്പര്യങ്ങളെയും ഉൾക്കൊള്ളാനാകും. അവിടെ എല്ലാവരും തുല്യരാണ്. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഈ പുതുയാഥാർത്ഥ്യത്തെ ആരും സ്വീകരിച്ചേ മതിയാകു.

റീത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏതു സംവിധാനത്തിനും നീതിയുടെയും വിശ്വസ്തതയുടെയും അടിസ്ഥാനപാമായ സവിശേഷതകൾ ഉണ്ടായിരിക്കണം. (അനുരഞ്ജനത്തിന് ഉപകരിക്കുന്ന പ്രായോഗികമായ പരിഹാര മാർഗ്ഗങ്ങളായി മൂന്നു തരത്തിലുള്ള ഭരണസംവിധാന രീതികൾ അവതരിപ്പിച്ചുകൊണ്ടാണ് വിനീതച്ചൻ തന്റെ പ്രബന്ധം പൂർത്തിയാക്കുന്നത്.)

പ്രബന്ധം ഉയർത്തിവിട്ട പ്രതിഷേധങ്ങളുടെയും പ്രതിരോധങ്ങളുടെയും അലയൊലികൾ 1983 ജനുവരിയിൽ മുംബൈയിൽ നടന്ന സി.ബി.സി.ഐ. സമ്മേളനത്തിൽവരെ ചെന്നലച്ചു; ചർച്ചകളുടെ തരംഗമുയർത്തി. റീത്ത് സംബന്ധമായ പ്രശ്നങ്ങളിൽ താല്ക്കാലികമായ ചില ക്രമീകരണങ്ങൾക്കു മെത്രാൻസമിതി തയ്യാറായി. വസ്തുതകളുടെ തുടർപഠനങ്ങളും ചർച്ചകളും അടുത്ത പ്ലീനറിയിലേക്കു മാറ്റിവച്ചു. പിന്നീടുണ്ടായ തീരുമാനങ്ങളിൽ ഈ പഠനവും അതുമായി ബന്ധപെട്ട് ഉണ്ടായ ആനുകാലിക ചർച്ചകളും ഒത്തിരിയേറെ സ്വാധീനം ചെലുത്തി എന്നുള്ളത് നിസ്തർക്കമാണ്.

# 7

# തിരുസഭയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക്

തിരുസഭയുടെ പരിപോഷണത്തിനായി യത്നിക്കുന്നതിനാണ് സി.എം.ഐ. സന്ന്യാസസഭ സ്ഥാപിതമായതെന്നും തങ്ങൾ അതിനായി നിയോഗിക്കപ്പെട്ടവരാണെന്നുമുള്ള ബോധ്യം സഭാസ്ഥാപകർക്ക് ഉണ്ടായിരുന്നു. "വിശുദ്ധപള്ളിയുടെ തെളിവ്" (സഭാനവീകരണം) എന്നത് സി.എം.ഐ. സഭാസ്ഥാപനത്തിന്റെ ലക്ഷ്യമായി ധർമ്മക്കടലാസ് എടുത്തുപറയുന്നു. തിരുസഭയുടെ, പ്രത്യേകമായി സീറോമലബാർ സഭ യുടെ മതപരവും ആത്മീയവുമായ പുനരുജ്ജീവനം സഭാസ്ഥാപകരുടെ സുപ്രധാനമായ ഉദ്ദേശ്യലക്ഷ്യങ്ങളായിരുന്നു. സഭയെ നവീകരിക്കുന്നതിനും പടുത്തുയർത്തുന്നതിനും ആവശ്യമായ "കണ്ണ് കാട്ടപ്പെട്ട നന്മകളെല്ലാം" നിർവ്വഹിക്കുന്നതിന് അവർ തയ്യാറായി. സഭയുടെ ഭൗതികവും ആത്മീയവുമായ പുരോഗതിക്കായി അവർ തങ്ങളെതന്നെ മുഴുവനുമായി സമർപ്പിച്ചു. ഫലമോ ബേസ്റൗമായിൽ നിന്ന് വിവിധങ്ങളായ പ്രേഷിതപ്രവർത്തനങ്ങൾ താഴ്വരയിലേക്ക് ഒഴുകി.

## 1. വൈദികപരിശീലനവും നവീകരണവും

ജനങ്ങളുടെ ആദ്ധ്യാത്മികോത്ഥാനത്തിനും സുസ്ഥിതിക്കും സുശിക്ഷിതരും വിശുദ്ധരുമായ സന്ന്യാസികളും വൈദികരും ആവശ്യമാണെന്ന് ആദ്യപിതാക്കന്മാർ മനസ്സിലാക്കിയിരുന്നു. വൈദികരുടെ സന്ന്യാസികളുടെയും ഫലപ്രദമായ പരിശീലനവും നവീകരണവും സാധ്യമാക്കുമ്പോൾ ദൈവജനത്തിന്റെ സുസ്ഥിതിയും നിറവേറുമെന്ന് അവർ വിശ്വസിച്ചു.

സഭയുടെ ആരംഭഘട്ടത്തിൽതന്നെ മാന്നാനത്തും സഭയുടെ എല്ലാ ഭവനങ്ങളിലും വൈദികപരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് നല്ല വൈദികരെയും സന്ന്യാസികളെയും വാർത്തെടുക്കുന്നതിനു

സഭാസ്ഥാപകർ സാഹചര്യമൊരുക്കി (കാണുക അദ്ധ്യായം 8: പരിശീലന പ്രേഷിതത്വം).

അക്കാലം വരെ സുറിയാനി വൈദികരും വൈദികവിദ്യാർത്ഥികളും ളോവ ധരിച്ചിരുന്നില്ല. "അങ്കർക്കാ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരുതരം കുപ്പായവും മേൽമുണ്ടും വയറുവരെ നീണ്ടു കിടക്കുന്ന ഒരു കൊന്തയുമായിരുന്നു അവരുടെ വേഷം. ലത്തീൻ വൈദികർ പാദംവരെ നീളുന്ന കറുത്ത നിറത്തിലുള്ള ളോവയായിരുന്നു ധരിച്ചിരുന്നത്. പാലയ്ക്കൽ തോമ്മാ മല്പാൻ മെത്രാൻെറ സെക്രട്ടറിയായിരിക്കെ, സുറിയാനി വൈദികർക്കും അപ്രകാരമൊരു വസ്ത്രധാരണ ശൈലി ആശാസ്യമെന്നു നിർദ്ദേശിച്ചു. വരാപ്പുഴ സെമിനാരിയിൽ മല്പാനായിരുന്ന മാത്തുവച്ചൻെറ അഭിപ്രായത്തെ മാനിച്ച് സുറിയാനി വൈദികർ വെള്ളനിറത്തിലുള്ള ളോവ ധരിക്കണമെന്നു തീരുമാനിച്ചു. ആസ്തപ്പാടു പട്ടം സ്വീകരിക്കുമ്പോൾ മുതൽ ളോവ ധരിക്കണം എന്ന ക്രമത്തിന് സുറിയാനി സഭയിൽ ആരംഭം കുറിച്ചു. വൈദികർക്ക് വാർഷികധ്യാനം മാന്നാനം, എൽത്തുരുത്ത് തുടങ്ങിയ ആശ്രമങ്ങളിൽ നടപ്പിലാക്കി.

## 2. ആരാധനക്രമ നവീകരണം

അപ്പസ്തോലനായ തോമ്മാശ്ലീഹായിലൂടെ വിശ്വാസപാരമ്പര്യത്തിൽ മുളച്ചുവളർന്ന സീറോമലബാർ സമൂഹത്തിന് തനതായ ആരാധനക്രമം സ്വന്തമായിരുന്നു. എന്നാൽ നൂറ്റാണ്ടുകളുടെ സഭാഭരണപരമായ വൈദേശികാടിമത്തവും അനധികൃതമായ കൈകടത്തലുകളും സഭയുടെ ആരാധനാനുഷ്ഠാനങ്ങളെ തീർത്തും വികലമാക്കി. നഷ്ടപ്രായമായ ആരാധനക്രമത്തെ അതിൻെറ തനിമയിൽ വീണ്ടെടുക്കേണ്ടത് സഭാംഗങ്ങളുടെ വിശ്വാസ പരിശീലനത്തിന് ആവശ്യമായിരുന്നു. തൻെറ പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ആരാധനക്രമ നവീകരണത്തിനു ചാവറപിതാവ് നേതൃത്വം നല്കി.

ആദ്യമായി ബലിയർപ്പണരംഗത്തു ഐക്യരൂപം വരുത്താനായി വൈദികർക്കുള്ള ക്രമാനുഷ്ഠാനവിധികൾ 'തൂക്കാസ' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. തൂക്കാസ എന്ന സുറിയാനി പദത്തിൻെറ അർത്ഥം

ക്രമം എന്നാണ്. 1962-ൽ പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ കുർബ്ബാന നടപ്പിൽ വരുന്നതുവരെ ചാവറപിതാവ് ഒരുക്കിയെടുത്ത പൂജാവിധികളാണ് കേരള സുറിയാനി സഭയിൽ ഉപയോഗത്തിലിരുന്നത്.

സ്തപസ്സ് കുർബാന ക്രമം, തിരുനാളുകളുടെ തലേനാളിൽ നടത്തുന്ന വേസ്പര, മരിച്ചവർക്കു വേണ്ടിയുള്ള സംസ്കാരക്രമം, അന്നീദ, പരിശുദ്ധ മാതാവിനുള്ള ചെറിയ ഒപ്പീസ് എന്നിവ പല ഉറവിടങ്ങളിൽനിന്ന് അറിവ് സമ്പാദിച്ച് പിതാവ് എഴുതിയുണ്ടാക്കി.

ഉദയം പേരൂർ സൂനഹദോസിനു ശേഷം കേരളത്തിൽ ലത്തീൻ സഭയ്ക്കും സുറിയാനി സഭയ്ക്കും ഒരു ആരാധനക്രമ കലണ്ടർ മാത്രമേ ഉണ്ടായിരുന്നുള്ളു. പിതാവ് പുതിയതായി രൂപം കൊടുത്ത കലണ്ടറിന്റെ തുടർച്ചയാണ് ഇന്നും ചില മാറ്റങ്ങളോടെ സീറോമലബാർ സഭയിൽ ഉപയോഗിക്കുന്നത്.

പാലയ്ക്കൽ മല്പ്പാനച്ചന്റെ കീഴിൽ പള്ളിപ്പുറം സെമിനാരിയിൽ വൈദിക പഠനം നടത്തുമ്പോൾ തന്നെ ചാവറപിതാവ്, പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന വൈദികർക്കായുള്ള കാനോന നമസ്കാര പ്രാർത്ഥനകൾ സമാഹരിച്ചു ക്രമപ്പെടുത്തിയിരുന്നു. 1851-ൽ വികാരി ജനറാളായിരിക്കെ സുറിയാനി പണ്ഡിതരുടെ ഒരു സമ്മേളനം അദ്ദേഹം കൂനമ്മാവിൽ വിളിച്ചുകൂട്ടി. അവരുമായുള്ള ചർച്ചകളുടെ വെളിച്ചത്തിൽ താൻ പണ്ട് തയ്യാറാക്കിയിരുന്ന കയ്യെഴുത്ത് പ്രതിയിലെ പ്രാർത്ഥനകൾ സംഗ്രഹിച്ച് ഒരു കാനോന നമസ്കാര പുസ്തകത്തിനു രൂപം നല്കി. തിരുനാളുകളിൽ ചൊല്ലുന്നതിന് മറ്റൊരു പ്രാർത്ഥന പുസ്തകവും അദ്ദേഹം ഒരുക്കിയെടുത്തു. ഈ പുസ്തകം സി.എം.ഐ. ഭവനങ്ങളിൽ മാത്രം ഉപയോഗിച്ചുവന്നു. 1967 -ൽ സീറോമലബാർ സഭയ്ക്കു വേണ്ടി ആബേലച്ചൻ രൂപം കൊടുത്ത യാമപ്രാർത്ഥനകൾ പ്രസിദ്ധീകരിക്കുന്നതുവരെ പിതാവ് ഒരുക്കിയ സുറിയാനി പുസ്തകമാണ് സഭ മുഴുവനിലും ഉപയോഗിച്ചിരുന്നത്.

ഇവയെല്ലാം അനുവദിച്ചു തരണമെന്നപേക്ഷിച്ചുകൊണ്ട് പിതാവ് റോമിലേയ്ക്കെഴുതി. സ്വന്തം റീത്തിൽ ഇല്ലാത്തതും

ദൈവജനത്തിന്റെ ആത്മീയനവീകരണത്തിന് ഉപകാരപ്രദമെന്നു തോന്നുന്നതുമായ കർമ്മാനുഷ്ഠാനങ്ങളേയും ഭക്തകൃത്യങ്ങളേയും ലത്തീൻ റീത്തിൽനിന്ന് സ്വാശീകരിക്കുന്നതിന് അദ്ദേഹം തയ്യാറായി. അതോടൊപ്പം സ്വന്തം സഭയുടെ പൈതൃകത്തെയും പാരമ്പര്യത്തെയും കുറിച്ച് സഭാതനയരെ ബോധവന്മാരാക്കൻ പരിശ്രമിച്ചു.

പിതാവിന്റെ പാത പൂർണ്ണവിശ്വസ്തതയിൽ പിന്തുടർന്ന മഹാനായ പുത്രനാണ് പ്ലാസിഡ് പൊടിപാറയച്ചൻ. സഭാസ്ഥാപകനു ലഭിക്കാതെ പോയ സൗകര്യങ്ങൾ പുത്രനു ലഭിച്ചു. റോമിൽ ഗവേഷണം നടത്തുന്നതിനും വത്തിക്കാൻ ഗ്രന്ഥാലയത്തിലെ പുരാതന രേഖകൾ പരിശോധിക്കുന്നതിനും അദ്ദേഹത്തിന് അവസരമുണ്ടായി. മറ്റു പൗരസ്ത്യ സഭകളുമായി ബന്ധപ്പെടുവാൻ സാധിച്ചു. ദൈവപരിപാലനയിൽ തനിക്കു കൈവന്ന അവസരങ്ങളെ തികഞ്ഞ കർത്തവ്യബോധത്തോടെ വിനിയോഗിക്കുവാൻ കഠിനയത്നം ചെയ്തു.

പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ ഭരണകാലത്ത് 1954-ൽ സീറോമലബാർ സഭയുടെ കുർബാനക്രമം പരിഷ്കരിക്കുന്നതിനു നിയമിതമായ കമ്മീഷനിൽ പ്ലാസിഡച്ചൻ അംഗമായിരുന്നു. ഈ കമ്മീഷന്റെ ഗവേഷണഫലമായി രൂപീകരിക്കപ്പെട്ട സീറോമലബാർ കുർബ്ബാനക്രമം മാർപാപ്പ ഔദ്യോഗികമായി അംഗീകരിച്ച് 1962-ൽ നടപ്പിൽ വരുത്തി.

സീറോമലബാർ സഭയുടെ കാനോന നമസ്കാരവും ഗാനങ്ങളും സുറിയാനിയിൽനിന്നു മലയാളത്തിലേക്ക് മൊഴിമറ്റം നടത്തുന്നതിൽ സുപ്രധാന പങ്കു വഹിച്ചത് സുറിയാനി ഭാഷാ പണ്ഡിതനായ എമ്മാനുവേൽ തെള്ളിയിലച്ചനായിരുന്നു. പ്രഭാതജപത്തിലെ "പുലർപ്രഭയിൽ കർത്താവേ, സാമോദം നിൻ ദാസരിത..." എന്ന ഗാനം അദ്ദേഹം രചിച്ചതാണ്.

### 3. ആരാധനക്രമസംഗീതവും ക്രിസ്തീയകലയും

സി.എം.ഐ. സഭയിലെ സംഗീതസപര്യയുടെ ആദ്യാങ്കുരങ്ങൾ തോമസ് പോരൂക്കരയച്ചനിൽ നിന്നാണ്. ഭൂമിയിൽ മനുഷ്യർ

നടത്തുന്ന ദൈവാരാധയും ബലിയർപ്പണവും സ്വർഗ്ഗതുല്യം ആഘോഷമാക്കണമെന്ന് അദ്ദേഹത്തിനുണ്ടായിരുന്നു. അക്കാലത്ത് സുറിയാനി പള്ളികളിൽ സംഗീതം പതിവില്ലായിരുന്നു. തെക്കു നിന്ന് ഒരു സംഗീതജ്ഞനെ കൊണ്ടുവന്ന് ചെറുപ്പക്കാരെ വയലിൻ വായന പഠിപ്പിച്ചു. ദേവാലയത്തിൽ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു തിരുകർമ്മങ്ങൾ നടത്തുന്ന പതിവ് ആരംഭിച്ചു.

സഭയുടെ ആരാധനക്രമത്തെ സംഗീതമയമാക്കുന്നതിൽ ആബേലച്ചന്റെ പങ്ക് കേരളസഭയെങ്ങും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ ആശീർവ്വാദത്തോടെ സുറിയാനി ആരാധന ക്രമം തികച്ചും ആസ്വാദ്യകരമായ മലയാളത്തിൽ ആവതരിപ്പിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ക്രിസ്തീയ ഭക്തിഗാനങ്ങളുടെ ഒരു വസന്തം തന്നെ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ അനുഗൃഹീത തൂലികയ്ക്കു കഴിഞ്ഞു. ലുദൊവിക് കുനിയതോടത്തിലച്ചൻ തയ്യാറാക്കിയ സുറിയാനി ആരാധനക്രമ പാഠങ്ങളുടെ മലയാള പരിഭാഷ ഇത്തരം രചനകളിൽ അച്ചനെ സഹായിച്ചതായി പറയപ്പെടുന്നു.

തെലുങ്ക് സീറോമലബാർ കുർബ്ബാനയുടെ ഭക്തിസാന്ദ്രമായ സംഗീതം തോമസ് കണ്ടത്തിലച്ചന്റേതാണ്. മറാത്തി, ഹിന്ദി ഭാഷകളിൽ സീറോമലബാർ സഭയുടെ ആരാധന ക്രമങ്ങളും അനുഷ്ഠാനങ്ങളും സ്തുതിഗീതങ്ങളും അവയുടെ തനിമ നഷ്ടപ്പെടാതെ ആവിഷ്കരിച്ച മിഷനറിയാണ് പ്രസന്നഭായ് (ഫാ. ജേക്കബ് മാർട്ടിൻ കപ്യാർമല).

ക്രിസ്തീയ കലാരംഗത്ത് സഭാംഗമായ ജോയ് എളങ്കുന്നപ്പുഴയുടെ സംഭാവന എടുത്തു പറയേണ്ടിയിരിക്കുന്നു. ഭാരത ചൈതന്യത്തെ ആഴമായ ആത്മീയാനുഭവമായി കലയിൽ സന്നിവേശിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

## 4. സന്യാസിനികൾക്കും സ്ത്രീകൾക്കുമായി

കേരളത്തിൽ ആദ്യമായി വനിതകൾക്കുവേണ്ടി കന്യാകാമഠം സ്ഥാപിച്ചതു ചാവറപിതാവാണ്. 1829 മുതൽ വളർത്തിയെടുത്ത

ആഗ്രഹം 1866 ഫെബ്രുവരി 13-ാം തീയതി പൂർത്തീകരിക്കപ്പെട്ടു. ലെയോപ്പോൾഡ് ബെക്കാറോ എന്ന മിഷനറിയോടു ചേർന്നു അദ്ദേഹം കൂനമ്മാവിൽ ആദ്യത്തെ മഠം സ്ഥാപിച്ചു.

നാല് അംഗങ്ങളോടുകൂടി തുടങ്ങിയ സന്യാസിനി സഭ 1890-ൽ രണ്ടായി പിരിഞ്ഞു. ഇന്ന് സി.എം.സി., സി.ടി.സി. എന്ന പേരുകളിൽ അവ അറിയപ്പെടുന്നു. മഠത്തോടനുബന്ധിച്ച് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസവും ബോർഡിങ് ഹൗസും ആരംഭിച്ചിരുന്നു. പെൺകുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനമാണ് സഭാസ്ഥാപനത്തിന്റെ ഉദ്ദേശ്യം. രണ്ടു സഭകളും ഇന്ത്യയിലും ഇന്ത്യക്കു പുറത്തും സഭാ ശുശ്രൂഷകളിൽ വ്യാപൃതരാണ്.

### 5. ദൈവജനത്തിനു നവീകരണ പരിപാടികൾ

ദൈവവചന പ്രഘോഷണം സഭയുടെ സുപ്രധാനമായ കർമ്മപരിപാടിയായി പിതാക്കന്മാർ പരിഗണിച്ചിരുന്നു. തോമസ് പാലയ്ക്കലച്ചൻ പള്ളികൾ തോറും വിശേഷദിവസങ്ങളിൽ പ്രസംഗിക്കുന്നതിനായി ക്ഷണിക്കപ്പെട്ടിരുന്ന പ്രഗത്ഭനായ വചനപ്രഘോഷകരായിരുന്നു. ഡൊമിനിക്കൻ ശൈലിയാണ് അദ്ദേഹം അവലംബിച്ചിരുന്നത്. ദൈവവചനം വായിച്ചും ധ്യാനിച്ചും പഠിച്ചും പ്രാർത്ഥിച്ചും കൈവരുന്ന അറിവ് പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന രീതിയാണിത്.

പോരൂക്കര തോമ്മാച്ചൻ തീക്ഷ്ണമതിയായ വചന പ്രഘോഷകനായിരുന്നു. തിരുനാളുകളിലും മറ്റു വിശേഷാവ സരങ്ങളിലും ഹൃദയസ്പർശിയായ രീതിയിൽ വചന പ്രസംഗം അദ്ദേഹം നടത്തിയിരുന്നു. ഞായറാഴ്ച കുർബ്ബാനകളിൽ സുവിശേഷ പ്രസംഗം നടത്തുന്ന പതിവ് ആരംഭിച്ചത് അദ്ദേഹമാണ്. ചാവറപിതാവ് വികാരി ജനറാളായിരിക്കെ ഈ പതിവ് നിയമം മൂലം പ്രചാരത്തിലാക്കി.

ഇടവക ധ്യാനങ്ങൾ അന്നു പതിവുള്ള പരിപാടി ആയിരുന്നില്ല. വികാരി അപ്പസ്തോലിക്കയായ ലുഡ്വിക്കസ് മർട്ടീനി മാന്നാനത്തെ സന്ന്യാസികളെ സഭയുടെ ഔദ്യോഗിക ധ്യാനഗുരുക്കളായി 1949 ജനുവരി 8-ന് നിയോഗിച്ചു. "സഭ സ്ഥാപിച്ചതിനുശേഷം ഉദ്ദേശം

10 മാസത്തോളം നമ്മുടെ അച്ചന്മാർ ഏകാന്തത്തിൽ ജീവിച്ചു വന്നതിനുശേഷം ഈ സഭകൊണ്ടുള്ള പ്രയോജനം ജനങ്ങളുടെ നടപടികൾ നന്നാക്കണമെന്നുകൂടി ആകയാലും അതിനു ജ്ഞാനധ്യാനം പോലെ ഉപകരിക്കുന്നതു മറ്റൊന്നുമില്ലാത്തതിനാലും ആദ്യമായി അവരെ അതിനായി മെത്രാപ്പോലിത്തച്ചൻ നിയമിച്ചു വിട്ടു." എന്ന് ബർണ്ണാർദച്ചൻ രേഖപ്പെടുത്തുന്നു. അങ്ങനെ മലയാളത്തിൻെറ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നമ്മുടെ അച്ചന്മാർ പള്ളികളിൽ ധ്യാനം നടത്തി. ഇടവകകളിൽ രണ്ടോ മൂന്നോ വൈദികർ ചേർന്നു ധ്യാനം നടത്തുക എന്നതായിരുന്നു ആദ്യപടി. ധ്യാനത്തോടനുബന്ധിച്ച് വീടുസന്ദർശനവും അനുരഞ്ജന ശ്രമങ്ങളും നടത്തിയിരുന്നു.

ധ്യാനത്തിൽനിന്നു ലഭിക്കുന്ന ഫലങ്ങൾ അനുഭവിക്കുന്നവർ തുടർന്നും അവ ലഭ്യമാക്കുന്നതിന് തങ്ങളുടെ പ്രദേശങ്ങളിൽ കൊവേന്തകൾ സ്ഥാപിച്ചു കിട്ടുന്നതിനു പരിശ്രമിച്ചതായി കാണുന്നുണ്ട്. പുളിങ്കുന്ന്, അമ്പഴക്കാട് എന്നിയിടങ്ങളിലെ കൊവേന്തകൾ ഉദാഹരണങ്ങളാണ്.

ഇന്ന് സഭയുടേതായി 13 ധ്യാന നവീകരണ കേന്ദ്രങ്ങളും 10 കൗൺസിലിങ് കേന്ദ്രങ്ങളുമുണ്ട്. .

പരി. കുർബാനയോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനായി കേരളത്തിൽ (1866-ൽ) ആദ്യമായി കൂനമ്മാവ് സെൻറ് ഫിലോമിനാസ് ആശ്രമദേവാലയത്തിൽ 40 മണി ആരാധന ആരംഭിച്ചു.

### 6. ദർശനസമൂഹം

പരിശുദ്ധ മാതാവിനോടുള്ള ഭക്തി കേരളത്തിൽ പ്രചാരം നേടിയത് സി.എം.ഐ. സഭാംഗങ്ങളുടെ പരിശ്രമഫലമായാണ്. പാലയ്ക്കൽ മല്പാനച്ചൻ സുറിയാനിപള്ളികളിൽ മാതാവിൻെറ സംഘടന സ്ഥാപിക്കുന്നതിനും ദർശനത്തിരുനാളുകൾ സമാരംഭിക്കുന്നതിനും നിർദ്ദേശം നൽകി. അടിമ വയ്ക്കപ്പെട്ട് മേരി ദാസനായിത്തീർന്ന വി. ചാവറപിതാവ് മരിയാംബികയുടെ ഭക്തനും മരിയഭക്തിയുടെ പ്രചാരകനുമായി രുന്നു. അമലോത്ഭവ മറിയത്തിൻെറ കർമ്മലീത്തർ സ്ഥാപകപിതാക്കളുടെ മരിയഭക്തിയുടെ പാരമ്പര്യം പിൻതുടർന്നു.

## 7. വി. യൗസേപ്പിതാവിനോടുള്ള ഭക്തി

പോരൂക്കര തോമ്മാച്ചന്റെ ജീവിതത്തിൽ ഉടനീളം വി. യൗസേപ്പിതാവിനോടുള്ള ഭക്തി പ്രകാശിച്ചിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം സഭയുടെ ആദ്യത്തെ ആശ്രമത്തിനു വി. യൗസേപ്പിതാവിന്റെ പേര് നല്കപ്പെട്ടു.

വരാപ്പുഴ സെമിനാരിയിൽ പഠിച്ചിരുന്ന കാലത്ത് മാർ യൗസേപ്പിന്റെ സവിശേഷഭക്തനായിരുന്നു, പോരൂക്കര ശെമ്മാശൻ. മാർ യൗസേപ്പിന്റെ പേരിൽ ഒരു സംഘടന തന്നെ അദ്ദേഹം ഉണ്ടാക്കി. ബുധനാഴ്ചതോറും യോഗം കൂടി ഒരു പ്രസംഗം വായിക്കുകയും എഴുതിയുണ്ടാക്കിയ ചില ജപങ്ങൾ ചൊല്ലുകയും ചെയ്തിരുന്നു. പോരൂക്കര അച്ചൻ ഓരോ ചക്രം (നാണയം) ഓരോരുത്തരിൽനിന്നു പിരിച്ചെടുത്ത് സമർത്ഥനായ കൊച്ചുകുട്ടി എന്ന മേസ്തിരിയെ ഏല്പിച്ചു. മാന്നാനത്ത് കൊവേന്തപ്പള്ളി പണിതപ്പോൾ മേസ്തിരി നിർമ്മിച്ച മനോഹരമായ യൗസേപ്പിതാവിന്റെ സ്വരൂപം എത്തി. അത് മാന്നാനം ആശ്രമ ദേവാലയത്തിലെ അൾത്താരയിൽ ഇപ്പോഴുമുണ്ട്.

പോരൂക്കര അച്ചൻ കല്ലൂർക്കാട്ടു പള്ളിയിൽ തുടങ്ങി വച്ച യൗസേപ്പിതാവിന്റെ തിരുനാൾ ദീർഘകാലം അദ്ദേഹത്തിന്റെ കുടുംബക്കാരായിരുന്നു നടത്തിയിരുന്നത്. ഇപ്പോഴും വളരെ ആഘോഷമായി യൗസേപ്പിതാവിന്റെ തിരുനാൾ ഇവിടെ നടത്തിവരുന്നു.

## 8. വിവിധങ്ങളായ ഭക്താഭ്യാസങ്ങൾ

ചാവറയച്ചൻ രൂപപ്പെടുത്തിയ ആരാധനക്രമ പ്രാർത്ഥനകളും ഭക്താനുഷ്ഠാനങ്ങളും കേരളജനത ഹൃദയത്തിലേറ്റു വാങ്ങിയവയാണ്. കുരിശിന്റെ വഴി, വണക്കമാസങ്ങൾ (4 എണ്ണം), നവനാൾ പ്രാർത്ഥനകൾ, തിരുക്കുടുംബഭക്തി, കൊന്ത നമസ്ക്കാരത്തിനുള്ള പ്രോത്സാഹനം എന്നിങ്ങനെ ഇന്ന് വിശ്വാസികൾ നെഞ്ചിലേറ്റിയ ആരാധനക്രമഭക്താഭ്യാസങ്ങളെല്ലാം ചാവറയച്ചനും പിൻഗാമികളും തുടക്കം കുറിച്ചവയോ പ്രോത്സാഹിപ്പിച്ചു പകർത്തിയവയോ ആണ്. തിരുഹൃദയഭക്തി

കേരളത്തിൽ പ്രചരിപ്പിക്കുവാൻ കാരണക്കാരൻ വലിയ ചാണ്ടിയച്ചനാണ്.

**9. വേദപാഠശാല**

"മനസാകപ്പെട്ടവരെ ചേർപ്പാൻ" (മാനസാന്തരപ്പെട്ടവരെ സഭാസമൂഹത്തിൽ ചേർക്കാൻ) എന്നത് സി.എം.ഐ. സഭാസ്ഥാപനത്തിൻെറ ഉദ്ദേശ്യങ്ങളിൽ ഒന്നായി ധർമ്മക്കടലാസ് മുന്നോട്ടുവയ്ക്കുന്നുണ്ട്.

പോർച്ചുഗീസുകാരുടെ വരവിനുശേഷമാണു നേരിട്ടുള്ള മതപരിവർത്തനം വ്യാപകമായി കേരളത്തിൽ നടന്നിട്ടുള്ളത്. വിദേശമിഷനറിമാരുടെ പ്രയത്നഫലമായി ദളിതരിൽനിന്നും മാനസാന്തരങ്ങളുണ്ടായി. അങ്ങനെ പ്രോട്ടസ്റ്റൻറ് സഭകളും ലത്തീൻ സഭകളും അംഗസംഖ്യകൊണ്ട് വളർന്നു. വി. ഫ്രാൻസിസ് സേവിയറും കൂട്ടരും വലിയ ജനക്കൂട്ടങ്ങൾക്ക് ഒന്നാകെ മാമ്മോദീസ നല്കി. എന്നാൽ ജാത്യാചരങ്ങൾ പാലിച്ചിരുന്ന സുറിയാനിക്കാർക്ക് താഴ്ന്ന ജാതിക്കാരെ തങ്ങളോടൊപ്പം ചേർക്കാൻ താൽപര്യമില്ലായിരുന്നു. ചാവറപിതാവിൻെറ കാലത്തോടെ ആ നിലപാടിനു മാറ്റം സംഭവിക്കുന്നതായി കാണുന്നു.

1864–ൽ മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ഒരു വേദപാഠശാല അദ്ദേഹം ആരംഭിച്ചു. ഇതിനെ കാറ്റയ്ക്കുമനേറ്റ് എന്നാണ് വിളിച്ചിരുന്നത്. അതുവരെ ആരും പരിചയിക്കാത്ത ശൈലിയാണ് സി.എം.ഐ. ആശ്രമങ്ങൾ അവിടെ അവലംബിച്ചത്. ജനക്കൂട്ടത്തെ ഒന്നാകെ മതപരിവർത്തനം നടത്തുന്ന രീതി സ്വീകരിക്കുന്നില്ല. പകരം ആശ്രമങ്ങളുടെ ചുറ്റുമുള്ള കുടുംബങ്ങളുമായി പരിചയപ്പെട്ട് വ്യക്തിപരമായ ബന്ധം വളർത്തി ക്രിസ്തുവിനെ അവർക്കു പരിചയപ്പെടുത്തുന്ന പ്രവർത്തന ശൈലിയാണ് അവർ ആരംഭിച്ചത്. സാമാന്യം ദീർഘമായ പരിശീലനത്തിലൂടെ അവരിൽ ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള അറിവ് പകരുകയും അതിനോടുള്ള താത്പര്യം വളർത്തിയെടുക്കുകയും ചെയ്യുകയെന്നതായിരുന്നു അവർ പിന്തുടർന്ന രീതി.

വേദോപദേശത്തോടൊപ്പം സാക്ഷരത, ഗണിതം, അടിസ്ഥാനപരമായ ജീവിതപാഠങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പൊതുവിജ്ഞാനവും ഈ വേദപാഠശാലകൾ വഴി പകർന്നു നൽകപ്പെട്ടു. പരിശീലന ദിവസങ്ങളിൽ അവർക്കു ഭക്ഷണവും വസ്ത്രവും ആശ്രമത്തിൽനിന്നു നല്കിയിരുന്നു.

മാന്നാനത്തെ കാറ്റയ്ക്കുമനേറ്റ് ഒരു വിജയമായി തീർന്നപ്പോൾ അർപ്പൂക്കര, എടത്വാ എന്നീ സ്ഥലങ്ങളിൽ ഇപ്രകാരമുള്ള ഓരോ വേദപ്രചാരകേന്ദ്രം ആരംഭിക്കുകയുണ്ടായി. പിന്നീട് സഭയിലെ മിക്ക ആശ്രമങ്ങളോട് അനുബന്ധിച്ച് അപ്രകാരമുള്ള പ്രവർത്തനങ്ങൾ തുടങ്ങി. ഈ നവാഗതരുടെ ആത്മപരിപാലനം ആശ്രമങ്ങളുടെ കീഴിൽ തന്നെ നിർവ്വഹിച്ചുപോന്നു. പുതിയതായി മാമ്മോദീസ സ്വീകരിച്ചവർ വിശ്വാസത്തിൽ വളരുന്നതിനും അതിൽ ഉറച്ചുനില്ക്കുന്നതിനുമായി അവരെ വിശ്വാസത്തിൽ ദൃഢത വന്ന കുടുംബങ്ങളെ ഭരമേല്പ്പിക്കുന്ന പതിവും നിലവിലിരുന്നു.

ഹിലാരിയൂസച്ചൻ 11 വാല്യങ്ങളായി വിരചിച്ച കത്തോലിക്ക മതപഠനം, മതതത്വബോധിനി എന്ന പേരിൽ ലാസറച്ചൻ പ്രസിദ്ധീകരിക്കയുണ്ടായി. പ്രസ്തുത ഗ്രന്ഥപരമ്പര വളരെയേറെ വർഷങ്ങൾ കേരളത്തിലെ പള്ളികളിൽ ഞായറാഴ്ച വേദോപദേശത്തിന് പാഠപുസ്തകങ്ങളായി ഉപയോഗിച്ചിരുന്നു.

കലിസ്റ്റസ് മാളിയേക്കലച്ചൻ കോയമ്പത്തൂരിലെ കൗണ്ടമ്പാളയത്ത് സ്ഥാപിച്ച ക്രൈസ്റ്റ് മെസേജ് സെൻററിൻെറ പാഠ്യപദ്ധതിയും ബൈബിൾ വിതരണവും വഴിയായി രണ്ടര ലക്ഷത്തോളം ഹിന്ദു, മുസ്ലീം സഹോദരങ്ങൾക്ക് ക്രിസ്തുവും അവിടുത്തെ മൂല്യങ്ങളും സംബന്ധിച്ച സന്ദേശമെത്തിക്കുന്നതിന് സാധിച്ചു.

### 10. മിഷൻ പ്രദേശങ്ങളിൽ

കേരളത്തിലും കേരളത്തിനു പുറത്തും വിദേശനാടുകളിലും സ്ഥാപക പിതാക്കളുടെ ചൈതന്യത്തിൽ സുവിശേഷ സന്ദേശ മെത്തിക്കുന്നതിൽ സഭാംഗങ്ങൾ സമർപ്പിത മനസ്സോടേ മുന്നോട്ടുവന്നു. ഈ മുന്നേറ്റമെല്ലാം സീറോമലബാർ സഭയ്ക്ക് സ്വയം ഭരണാവകാശവും ഭാരതം മുഴുവൻ അജപാലനപരമായ

അധികാരപരിധിയും ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമത്തിൻെറ ഭാഗമായിരുന്നു. അതോടൊപ്പം ഭാരതത്തിനു പുറത്ത് വളർച്ചയ്ക്കു കൊതിക്കുന്ന നാടുകളിലേക്കും ദേശങ്ങളിലേക്കും സഭാംഗങ്ങൾ കടന്നു ചെന്നു (അദ്ധ്യായം 6 കാണുക.).

## 11. കുടുംബപ്രേഷിതത്വം

1868 ഫെബ്രുവരി 13-ാം തീയതി തിരുക്കുടുംബത്തിൻെറ ചാവറ കുരിയാക്കോസ് ഏലിയാസ് തൻെറ സ്വന്തമായ കൈനകരി ഇടവകക്കാർക്ക് "ക്രൈസ്തീയ കുടുംബ ചട്ടം" എഴുതി അയച്ചു കൊടുത്തു. അത് വായിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി വ്യക്തമായ ചില നിർദേശങ്ങൾ നല്കി. തലമുറകൾ അതു വായിച്ചു. അവർ അതിനെ "ഒരു നല്ല അപ്പൻെറ ചാവരുൾ" എന്നു വിളിച്ചു.

തിരുസഭയുടെയും സമൂഹത്തിൻെറയും അടിസ്ഥാന ഘടകമാണ് കുടുംബം; എന്നും നിരവധിയായ വെല്ലുവിളികൾ അതു നേരിടുന്നു. അപ്രകാരമുള്ള പാശ്ചാത്തലത്തിൽ കുടുംബങ്ങളോടു സ്നേഹമുള്ള നല്ല അപ്പൻെറ കരുതലാണ് "ചാവരുൾ." ഇന്നും കാലാധിവർത്തിയായി വിരാജിക്കുന്ന ചാവരുൾ നല്ല അപ്പൻ രചിക്കുന്ന കാലത്ത് തിരുസഭയുടെ തലവന്മാരായ മാർപാപ്പമാർ പോലും കുടുംബങ്ങൾക്കായി ഒരു പ്രമാണരേഖ ഒരുക്കിയിട്ടില്ല. അതുകൊണ്ട് സീറോ മലബാർ സഭാദ്ധ്യക്ഷനായ മാർ ജോർജ് ആലഞ്ചേരി പിതാവ് പറയുന്നതുപോലെ "സാർവ്വത്രിക സഭയിലെ കുടുംബങ്ങൾക്കു വേണ്ടിയുള്ള ഭാരതസഭയുടെ ഒരു സംഭാവനയായി നമുക്കിതിനെ പരിഗണിക്കാം." 2014-ൽ കുടുംബങ്ങൾക്കു വേണ്ടിയുള്ള അസാധാരണ സിനഡ് റോമിൽ നടന്നപ്പോൾ പിതാവ് ചാവരുളിൻെറ ഇറ്റാലിയൻ, ഇംഗ്ലീഷ് ഭാഷയിലുള്ള പതിപ്പുകൾ സിനഡ് പിതാക്കന്മാർക്ക് അദ്ദേഹം കൊടുക്കുകയുണ്ടായി.

സഭാസ്ഥാപകൻെറ കുടുംബങ്ങളോടുള്ള സവിശേഷാഭിമുഖ്യം പരിഗണിച്ചുകൊണ്ട് സഭാംഗങ്ങൾ കുടുംബപ്രേഷിതത്വം തങ്ങളുടെ സുപ്രധാന കർമ്മപരിപാടിയായി വിഭാവന ചെയ്തിരിക്കുന്നു. 2014, 2020 വർഷങ്ങളിൽ നടന്ന പൊതുസംഘത്തിൻെറ ആക്കങ്ങളിൽ ഒന്ന് കുടുംബപ്രേഷിതത്വമായിരുന്നു. അതിൻെറ ഫലമായി

സഭാംഗങ്ങളിൽ കുടുംബങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള അവബോധം വളർന്നു. തങ്ങൾ വ്യാപരിക്കുന്ന വിദ്യാഭ്യാസം അജപാലനം തുടങ്ങിയ പ്രേഷിത മേഖലകകളിൽ കുടുംബങ്ങളെ ശാക്തീകരിക്കുന്നതിന് ഉതകുന്ന കർമ്മപരിപാടികൾക്കു രൂപം നല്കി.

2018–ൽ, ചാവരുൾ പ്രസിദ്ധീകരിച്ച് 150 വർഷം തികഞ്ഞ അവസരത്തിൽ ചാവരുളിൻെറ 15 ഭാഷകളിൽ മൊഴിമാറ്റം നടത്തി ചാവറ സെൻട്രൽ സെക്രട്ടേറിയേറ്റ് പ്രസിദ്ധീകരിച്ചു. ചാവറ കുടുംബപ്രേഷിതത്വ കൂട്ടായ്മ ചാവരുളിനെ അടിസ്ഥാനമാക്കി "അറിവിൻെറ പുതുവെളിച്ചം" എന്ന നാടകം കേരളത്തിലും കേരളത്തിനു പുറത്തും നിരവധി വേദികൾ കീഴടക്കി.

## 12. സഭയുടെ ഭരണപരമായ പരിഷ്ക്കാരങ്ങൾ

### 12.1. സെമിത്തേരി സ്ഥാപനം

അക്കാലത്ത് പള്ളിയങ്കണത്തിൽ തന്നെയാണ് മൃതദേഹങ്ങൾ മറവു ചെയ്തിരുന്നത്. പൊതുജനാരോഗ്യ സൗകര്യങ്ങൾക്കും പരിഷ്കൃത സമൂഹ്യജീവിതമാനങ്ങൾക്കും നിരക്കാത്ത പ്രാകൃതമായ ആ ഏർപ്പാട് പാലയ്ക്കൽ മല്പാനച്ചൻ മെത്രാൻെറ സെക്രട്ടറിയായിരിക്കെ നിറുത്തലാക്കി. പകരം പള്ളിവളപ്പിൽ തന്നെ മതിൽ കെട്ടി തിരിക്കപ്പെട്ട പ്രത്യേക സ്ഥലം വേണമെന്നു നിഷ്കർഷിക്കപ്പെട്ടു.

### 12.2. കുമ്പസാരക്കൂട്

അന്നുവരെ പള്ളികളിൽ കുമ്പസാരക്കൂടുകൾ ഇല്ലായിരുന്നു. പ്രത്യേകം സംവിധാനം ചെയ്ത കുമ്പസാര സങ്കേതങ്ങൾ വേണമെന്നും സ്ത്രീജനങ്ങളുടെ പാപനിവേദനത്തിന് അവ നിർബ്ബന്ധമായും ഉപയോഗപ്പെടുത്തണമെന്നും പാലയ്ക്കൽ മല്പാനച്ചൻ നിർദ്ദേശം നല്കി.

### 12.3. നലംതികഞ്ഞ ആലോചനയും അനുരഞ്ജന പ്രേഷിതത്വവും

പാലയ്ക്കലച്ചൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയ്ക്കു വിവേകമതിയായ ആലോചനക്കാരനായിരുന്നു. അരമനയിലെ

വസ്തുവകകൾ സംബന്ധിച്ച വിവരങ്ങളും പാലയ്ക്കൽ മല്പാനച്ചന് ഏറെ ധാരണയുണ്ടായിരുന്നു. പള്ളികളുടെയും വസ്തുവകകളുടെയും കാര്യത്തിൽ തർക്കമോ സംശയമോ ഉയർന്നാൽ മല്പാനച്ചന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ചാവറപിതാവിന്റെ ശാലീനമായ സംഭാഷണവും പെരുമാറ്റവും ജാതിമതഭേദമെന്യേ, റീത്ത് വ്യത്യാസമില്ലാതെ എവരേയും ആകർഷിച്ചിരുന്നു. സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിതനാകുന്നതിനു മുമ്പേ, അതായത് തിരുസ്സഭാപരമായ അധികാരമോ ഔദ്യോഗികമായ സ്ഥാനമോ ചാവറപിതാവിന് ഇല്ലാതിരിക്കെ പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ മെത്രാന്മാർ അദ്ദേഹത്തെ തന്നെയാണ് നിയോഗിച്ചിരുന്നത്. പ്രശ്നങ്ങൾ പഠിച്ച ശേഷം ചാവറയച്ചൻ മുന്നോട്ടു വക്കുന്ന നിർദ്ദേശങ്ങൾ മെത്രാൻ അംഗീകരിക്കുകയും അതിനനുസരണമായ തുടർനടപടികൾ എടുക്കുവാൻ അദ്ദേഹത്തെ തന്നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

വഴക്കുകൾ പറഞ്ഞുതീർക്കുകയെന്നത് സഭാംഗങ്ങൾ നടത്തിയിരുന്ന ധ്യാനപരിപാടികളുടെ അവിഭാജ്യ ഘടകമായിരുന്നു. മലനാടിന്റെ മിഷനറിയായിരുന്ന പുൽപ്പറമ്പിൽ ശവരിയാരച്ചൻ അനുരഞ്ജനപ്രേഷിതത്വത്തിൽ അഗ്രഗണ്യനായിരുന്നു. കുടുംബത്തിലും ഇടവകകളിലും ഇടവകകൾക്കിടയിലും ഉരുവാകുന്ന പ്രശ്നങ്ങളിൽ ജനം പരിഹാരത്തിനായി ശവരിയാരച്ചനെ തേടിവന്നു.

പല സന്ന്യാസസഭകളുടെയും നിയമങ്ങൾ ക്രോഡീകരിക്കുന്ന ജോലി പൗരസ്ത്യ തിരുസംഘം പ്ലാസിഡച്ചനെയാണ് ഏല്പിച്ചിരുന്നത്. രൂപതാഭരണസംബന്ധമായ കാര്യങ്ങളിൽ ചങ്ങനാശേരിയിലെ രൂപതാദ്ധ്യക്ഷന്മാർ പ്ലാസിഡച്ചന്റെ ഉപദേശം തേടിയിരുന്നു. രൂപതക്കച്ചേരിയിലും അദ്ദേഹം സേവനം ചെയ്തിരുന്നു. ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലിത്താ മാർ മാത്യു കാവുക്കാട്ട് കാലം ചെയ്തപ്പോൾ പ്ലാസിഡച്ചനോട് ചങ്ങനാശേരി മെത്രാപ്പോലിത്താ ആകാമോ എന്നു ചോദിച്ചു. “ഞാൻ ഒരു സന്ന്യാസിയാണ്. അത് എനിക്കു ചേർന്ന പണിയല്ല. നിങ്ങൾ വേറെ ആരെയങ്കിലും നോക്കുവിൻ.” എന്ന് അദ്ദേഹം മറുപടി

പറഞ്ഞു. സീറോമലങ്കര സഭ രൂപപ്പെട്ട അന്നുമുതൽ ആ സഭയുടെ മേലദ്ധ്യക്ഷന്മാർ സഭാകാര്യങ്ങളിൽ ഒരു മുഖ്യഉപദേഷ്ടാവായി സ്വീകരിച്ചതും പ്ലാസിഡച്ചനെയാണ്.

സ്വാമിയച്ചൻ എന്നറിയപ്പെടുന്ന സദാനന്ദച്ചന് (ഫാ. മൈക്കിൾ പുറാട്ടുകര) അനുരഞ്ജന പ്രേഷിതത്വം ഒരു സവിശേഷ സിദ്ധിയായിരുന്നു. വ്യക്തികൾ, കുടുംബം, സമൂഹം, തിരുസഭ, തടവറ തുടങ്ങി സമൂഹത്തിന്റെ വിവിധരംഗങ്ങളിൽ അനുരഞ്ജന സന്ദേശവുമായി അദ്ദേഹം കടന്നുചെന്നു. വിവാഹമോചനത്തിന്റെ വക്കിലെത്തി നില്ക്കുന്ന ദമ്പതിമാരെ അദ്ദേഹം കൂട്ടിയിണക്കി. സ്വാമിയച്ചന്റെ സ്നേഹപൂർണ്ണമായ പരിശ്രമങ്ങൾ മൂലം പല രക്തച്ചൊരിച്ചിലുകളും അക്രമങ്ങളും ഒഴിവായി. പല കുറ്റവാളികളെയും ജയിൽ വിമോചിതരാക്കുന്നതിനും കൊലക്കയറിൽനിന്നു രക്ഷിക്കുന്നതിനും തീവ്രശ്രമങ്ങൾ നടത്തി. ഏതുസമയത്തും ജയിൽ സന്ദർശിക്കുവാനുള്ള പ്രത്യേക അനുവാദം സ്വാമിയച്ചന് അധികാരികൾ നല്കിയിരുന്നു. "തടവറയെ ആശ്രമമാക്കിയ ആൾ" എന്ന വിശേഷണം അദ്ദേഹം സ്വന്തമാക്കി. മധ്യപ്രദേശിലെ രക്ഷാബന്ധൻ, ദീപാവലി, ഹോളി തുടങ്ങി എല്ലാ ഉത്സവവേളകളിലും അച്ചൻ തടവറ സന്ദർശിക്കുക പതിവായിരുന്നു. നരസിംഹപ്പൂർ ജയിലിൽ ദു:ഖവെള്ളിയാഴ്ചയിൽ രക്തദാനത്തിന് അദ്ദേഹം തുടക്കം കുറിച്ചു. ഇന്നും നഗരത്തിലും തടവറയിലും ഈ പുണ്യകർമ്മം തുടർന്നുവരുന്നു.

റാണി മരിയ എന്ന കന്യാസ്ത്രീയെ ഓടുന്ന ബസിൽനിന്നു വലിച്ചിറക്കി 48 തവണ കത്തികൊണ്ടു കുത്തിക്കൊന്നവനാണ് സമുന്ദർസിംങ്. അവനെ തടവറയിൽ സന്ദർശിക്കുന്നതിനും മാനസാന്തരത്തിനു വഴിയൊരുക്കുന്നതിനും വളരെ ത്യാഗപൂർവ്വം മുന്നിട്ടിറങ്ങിയത് സ്വാമിയച്ചനാണ്. സമുന്ദറിന്റെ അസാധാരണമായ മാനസാന്തരവും അതിനു കാരണക്കാരനായ സ്വാമിയച്ചന്റെ അനിതരസാധാരണമായ ജീവിതവും പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് കാതറിൻ മക്ഗിൽവ്രേ എന്ന സംവിധായിക ഒരു ഡോക്യുമെന്ററി തയ്യാറാക്കി. പല പുരസ്കാരങ്ങൾ സ്വന്തമാക്കിയ പ്രസ്തുത ഡോക്യുമെന്ററി ഫ്രാൻസിസ് മാർപാപ്പയെ

ആഴത്തിൽ സ്പർശിച്ചു. സ്വാമിയച്ചനെ അദ്ദേഹം നേരിൽ കാണാൻ ആഗ്രഹിച്ചു. മാർപാപ്പയുടെ ക്ഷണമനുസരിച്ച് അച്ചൻ മാർപാപ്പയെ റോമിൽ നേരിൽ കണ്ടു.

### 12.4. സുറിയാനി സഭയ്ക്കു നാലു സോണുകൾ

ചാവറപിതാവ് വികാരി ജനറൽ ആയിരുന്നപ്പോൾ സുറിയാനി സഭയെ നാലു സോണുകളായി തിരിച്ചു. അതിൻെറ ആത്മീയവളർച്ചയുടെ ചുമതലക്കാരായി സി.എം.ഐ. വൈദികരെ പ്രതിനിധികളായി നിയോഗിച്ചു

### 12.5. ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ആരംഭകരും സാരഥികളും പ്രചോദകരും

പാലയ്ക്കൽ മല്പാൻെറ ദർശനസഭയും പോരൂക്കരയച്ചൻ സ്ഥാപിച്ച വി. യൗസേപ്പിതാവിൻെറ സംഘടനയും ചാവറപിതാവിൻെറ നന്മരണസഖ്യവുമാണ് സംഘടനരംഗത്ത് സന്ന്യാസസഭയുടെ ആദ്യസംരംഭങ്ങൾ. ഫ്രാൻസിസ് സാലസ് നുഴുമുറിയച്ചൻ ഭാരതത്തിലെ സന്ന്യാസശ്രേഷ്ഠ സമിതിയായ സി.ആർ.ഐ. യുടെ സ്ഥാപക ദേശീയ അദ്ധ്യക്ഷനായിരുന്നു. കെ.സി.വൈ.എം. സംഘടനയ്ക്കു തുടക്കം കുറിച്ചതു പാട്ടശ്ശേരി സൈമനച്ചനാണ്. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറിയായി പ്രവർത്തിച്ച തോമസ് മൂർ കരിക്കമ്പിള്ളിയച്ചൻ കെ.സി.വൈ.എം. സംഘടനയും ചങ്ങനാശ്ശേരി അതിരൂപത യുവജന പ്രസ്ഥാനമായ യുവദീപ്തിയും സ്ഥാപിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. കുടുംബ സമ്മേളനമെന്ന ആശയം ബ. ചേൾസൂസ് കാഞ്ഞിരത്തിങ്കലച്ചൻെറ ഭാവനയിൽ പൊട്ടിവിടർന്ന മുകുളമായിരുന്നു. സി.എം.ഐ. സഭാംഗങ്ങളായിരുന്നു കെ.സി.എസ്.എൽ. സംഘടനക്കു വളരെനാൾ ആദ്ധ്യാത്മിക നേതൃത്വം നല്കിയിരുന്നത്.

അനീതിക്കെതിരേ പോരാടാനും സമൂഹനീതിക്കായുള്ള പടയോട്ടത്തിൽ ദീപശിഖയാകാനും കത്തോലിക്കർക്ക് ഒരു സംഘടന വേണമെന്ന് ക്രിസ്ത്യാനികളായ നേതാക്കൾ ആഗ്രഹിച്ചു. ദീപികയുടെ പിന്തുണയോടെ 1905-ൽ കത്തോലിക്കാ ക്രിസ്തീയ

മഹാജനസഭ എന്ന പേരിൽ മാന്നാനത്ത് ആദ്യയോഗം ചേർന്നു. 1918-ൽ സംഘടനയ്ക്ക് കത്തോലിക്ക മഹജനസഭ എന്നും 1930 മുതൽ അഖില കേരള കത്തോലിക്ക കോൺഗ്രസ് എന്നും പേരുനല്കി. ഇന്ന് ഈ പ്രസ്ഥാനം കത്തോലിക്കാ കോൺഗ്രസ് എന്ന് അറിയപ്പെടുന്നു.

## 12.6. തിരുസഭയുടെ സാമ്പത്തിക ഭദ്രത

സഭയുടെ സാമ്പത്തിക ചെലവുകൾക്കായി പലതരത്തിലുള്ള വരുമാനമാർഗങ്ങൾ ചാവറപിതാവ് ആവിഷ്ക്കരിച്ചു നടപ്പിലാക്കി. നൂറ്റിക്കഞ്ചു പിരിവ്, കെട്ടുതെങ്ങു പിരിവ്, പിടിയരിപിരിവ് എന്നിങ്ങനെ ദൈവജനത്തിന് അമിതഭാരം കൊടുക്കാത്ത തരത്തിലുള്ള തീർത്തും ലളിതമായ രീതികളാണ് പിതാവ് കണ്ടെത്തി നടപ്പിലാക്കിയത്.

നൂറ്റിക്കഞ്ചു പിരിവ് എന്നത് പള്ളിയുടെ വാർഷികവരുമാനത്തിൽ നിന്ന് അഞ്ചു ശതമാനം പൊതു ആവശ്യങ്ങൾക്കായുള്ള ധനനിധിയായി മാറ്റിവയ്ക്കുക എന്നതാണ്. കെട്ടുതെങ്ങ് എന്നത് കൃഷിയിടങ്ങളിൽ നിന്നുള്ള ഉൽപന്നപിരിവാണ്. ഓരോ കുടുംബവും തങ്ങൾക്കു ലഭിക്കുന്ന വിളവിൽ നിന്ന് ഒരു വിഹിതം കൊടുക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഉദാഹരണമായി നുറു തെങ്ങുള്ളവൻെറ നല്ല വിളവു തരുന്ന നാലു തെങ്ങുകൾ നാട കെട്ടി അടയാളപ്പെടുത്തുക. ഒരു വർഷത്തേയ്ക്ക് ഇവയിൽ നിന്നുള്ള തേങ്ങ പിരിവായി പള്ളിക്കു കൊടുക്കുക. സ്ത്രീകൾ വീടുകളിൽ പാചകത്തിനായി ഓരോ നേരവും അരി അളന്നെടുക്കുമ്പോൾ അതിൽ നിന്നും എടുക്കുന്ന ഒരു പിടി അരി ഒരു പ്രത്യേക പാത്രത്തിൽ കരുതുക. ഇങ്ങനെ പല നാൾ ശേഖരിക്കുന്ന അരി പള്ളിയിൽ കൊടുക്കുന്നതാണ് പിടിയരി പിരിവ്.

കെട്ടുതെങ്ങിൻെറയും പിടിയരി പിരിവിൻെറയും ആദ്യപ്രചോദനം തോപ്പിൽ ഗീവർഗീസ് അച്ചനിൽനിന്നായിരുന്നു. പുളിങ്കുന്ന് ആശ്രമത്തിൻെറയും ദേവാലയത്തിൻെറയും പണി പൂർത്തിയാക്കാനാകാതെ ഞെരുങ്ങിയപ്പോൾ ജനങ്ങളിൽ നിന്നു പിരിവെടുക്കുവാൻ അദ്ദേഹം പദ്ധതി തയ്യാറാക്കി. ഇതായിരുന്നു

പിടിയരി പിരിവിന്റെ ആരംഭം. ചാവറപിതാവ് ഈ സംരംഭങ്ങളെ വ്യാപകവും ജനകീയവുമാക്കി.

## 12.7. സാംസ്കാരിക കേന്ദ്രങ്ങളും മതസൗഹാർദ്ദ പ്രസ്ഥാനങ്ങളും

സന്ന്യാസഭയുടെ ആദ്യഭവനത്തിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനുള്ള പിതാക്കന്മാരുടെ യാത്ര വളരെ ദീർഘമായിരുന്നു. അവസാനം കുടമാളൂർ അടുത്ത് പുല്ലരിക്കുന്ന് വളരെ നല്ലതെന്നു കണ്ടെത്തി. സ്ഥലം സ്വന്തമാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. എന്നാൽ സ്ഥലത്തെ ഹിന്ദുക്കൾക്ക് അവിടെ ക്രിസ്തീയ ദേവാലയം തുടങ്ങുന്നതിനോട് എതിർപ്പുണ്ടായിരുന്നു. "ആ സ്ഥലം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതസ്ഥലമാണെന്നും അവിടെ പള്ളി വെക്കാൻ പാടില്ലെന്നും അവർ അവകാശപ്പെട്ടു. എന്നാൽ ഇവരുടെ എതിർപ്പു പരിഹരിക്കാമെന്ന് ഏറ്റുമാനൂക്കാരൻ ഒജനാരു മേത്തരും മറ്റു ചിലരും പറഞ്ഞെങ്കിലും സഭാസ്ഥാപകർ പിന്മാറുകയാണുണ്ടായത്. മറ്റു മതസ്ഥരായ സഹോദരങ്ങളുടെ മനസ്സിനെ വ്രണപ്പെടുത്തിയിട്ട് ആശ്രമം ആരംഭിക്കേണ്ടതില്ലായെന്ന് അവർ തീരുമാനിച്ചു. രണ്ടു വർഷമായി പല സ്ഥലങ്ങൾ പരിശോധിച്ചിട്ട് അവസാനം കണ്ടെത്തിയ സ്ഥലമാണു പുല്ലരിക്കുന്ന്. എങ്കിലും ദേവാലയ നിർമ്മാണം മതവൈരത്തിനു കാരണമാകുമെങ്കിൽ അത് ഉപേക്ഷിക്കയാണ് ഉത്തമമാർഗ്ഗമെന്ന് അവർ വിശ്വസിച്ചു.

ചുറ്റുമുള്ളവരുടെ മതവികാരങ്ങളെ വ്യണപ്പെടുത്താതെ സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാത തിരഞ്ഞെടുത്തുകൊണ്ടാണ് സഭാസ്ഥാപകർ മാന്നാനം കുന്നിൽ ആദ്യ ആശ്രമം സ്ഥാപിച്ചതു തന്നെ. വിദ്യാഭ്യാസത്തിലൂടെ ജാതിമതങ്ങൾക്ക് അതീതമായി എല്ലാവരെയും ഒന്നിപ്പിക്കുന്ന ചാവറപിതാവിന്റെ ദർശനത്തെയും ഇവിടെ ഊന്നിപ്പറയണം. സ്ഥാപകരുടെ എല്ലാ ഉദ്യമങ്ങളിലും അവരെ സഹായിക്കാൻ നാനാജാതി മതസ്ഥരായ ആളുകൾ മുന്നോട്ടു വന്നു. അന്നുമുതൽ എന്നും മതസൗഹാർദം നിറഞ്ഞുനിൽക്കുന്ന കേന്ദ്രങ്ങളാണ് സി.എം.ഐ. ഭവനങ്ങൾ.

മറ്റു മതസ്ഥരുമായി ആരോഗ്യകരമായി ഇടപെടുന്നതും നല്ല ബന്ധങ്ങൾ സ്ഥാപിക്കുന്നതും പരസ്പരം നന്മകൾ അംഗീകരിക്കുന്നതും തങ്ങളുടെതായ നന്മകൾ കൈമാറുന്നതും സുവിശേഷവത്കരണം തന്നെയാണ്. അതിലൂടെ നാം പകരുന്നത് സുവിശേഷ സന്ദേശമാണ്. രണ്ടാം വത്തിക്കാന്റെ ആഹ്വാനമനുസരിച്ച്, “ഓരോ മതത്തിലും നന്മയുടെ കിരണങ്ങളുണ്ടെന്ന” ചിന്തയുടെ വിശാലതയിലേക്കു ചുവടുവയ്ക്കാൻ സമയത്തിന്റെ തികവിൽ സി.എം.ഐ. സഭ തയ്യാറായി. മതസൗഹാർദമെന്നും മതാന്തര സംവാദമെന്നും ഈ സുവിശേഷ ചൈതന്യം അറിയപ്പെടുന്നു.

ആൽബർട്ട് നമ്പ്യാപറമ്പിലച്ചനാണ് ഈ രംഗത്ത് ആദ്യകാൽവെപ്പുകൾ നടത്തിയത്. 1971-ൽ അദ്ദേഹത്തിന്റെ പരിശ്രമത്തിൽ എറണാകുളത്ത് ചാവറ കൾച്ചറൽ സെൻററിനു തുടക്കം കുറിച്ചു. തൊടുപുഴ ഉപാസന, കൊരണ്ടക്കാട് സംഗമം എന്നീ സാംസ്കാരിക കേന്ദ്രങ്ങളുടെ സ്ഥാപകനും ഡയറക്റ്ററുമായി. പല ഇൻറർനാഷണൽ ഇൻറർ ഫെയ്ത്ത് ഓർഗനൈസേഷനുകളിൽ അദ്ദേഹം പങ്കാളിയായി. വേൾഡ് ഫെലോഷിപ്പ് ഓഫ് റിലിജിയസ് കൗൺസിൽസിന്റെ (WFIRC) സഹസ്ഥാപകനായ ആൽബർട്ടച്ചൻ അതിന്റെ സെക്രട്ടറി ജനറലായി പ്രവർത്തിച്ചിട്ടുണ്ട്. സി.ബി.സി.ഐ. ഡയലോഗ് കമ്മിഷന്റെ സെക്രട്ടറിയായി അദ്ദേഹം മൂന്നു പ്രാവശ്യം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ലോകോത്തരങ്ങളായ പല സംവാദവേദികളും സംഘടിപ്പിച്ചു.

അരനൂറ്റാണ്ടോളമായി സാംസ്കാരികധാരകളിലും മതാന്തരസൗഹാർദരംഗത്തും എറണാകുളത്തെ ചാവറ കൾച്ചറൽ നടത്തിയ സ്തുത്യർഹമായ സേവനങ്ങളെ പരിഗണിച്ച് 2019 മെയ് 21-ാം തീയതി ഐക്യരാഷ്ട്ര സംഘടനയുടെ എക്കോസോക്ക് സാമ്പത്തിക സാമൂഹിക കൗൺസിലിന്റെ സ്പെഷൽ കൺസൾട്ടേറ്റീവ് പദവി നല്കി സെൻററിനെ ആദരിച്ചു.

സി.എം.ഐ. സഭയുടെ സ്വന്തമല്ലെങ്കിലും സഭാംഗങ്ങൾക്കെല്ലാം അഭിമാനമുണർത്തുന്ന മഹാപ്രസ്ഥാനമാണ് കൊച്ചിയിലെ കലാഭവൻ. സി.എം.ഐ. സഭാംഗമായ ആബേൽ പെരിയപുറമച്ചനായിരുന്നു

ഇതിൻെറ ജനയിതാവും സാരഥിയും. കേരളത്തിൻെറ കലാസംസ്കൃതിയിൽ അഭിമാനത്തിൻെറ തിളക്കം ചാർത്തിയ സ്ഥാപനമാണിത്. മലയാളിയുടെ അഭിമാനമായ ചലച്ചിത്രതാരങ്ങൾ ഉൾപ്പെടെ വളരെ പ്രശസ്തരായ കലാകാരന്മാരെ വാർത്തെടുത്ത പണിപ്പുരയായി കലാഭവൻ പ്രശോഭിക്കുന്നു. നിരവധി കലാകാരന്മാർക്കു പ്രചോദനവും വഴികാട്ടിയുമായി തിളങ്ങി എന്നതാണ് കലാകാരനായ ഈ വൈദികനെ കേരളത്തിനു പ്രിയങ്കരനാക്കുന്നത്.

ഇന്ന് സി.എം.ഐ. സഭയുടെ ആഭിമുഖ്യത്തിൽ 24 സാംസ്കാരികകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

## 12.8. വിശുദ്ധിയുടെ വഴിത്താരയിൽ

ചാവറപിതാവ് 18-ാം നൂറ്റാണ്ടിലാണ് ജീവിച്ചു കടന്നു പോയത്. മാർ തോമാസ്ലീഹായിൽനിന്ന് വിശ്വാസം സ്വീകരിച്ച് നൂറ്റാണ്ടുകൾ പിന്നിട്ട മാർത്തോമ ക്രിസ്ത്യാനികളിൽനിന്ന് നാമകരണം ചെയ്യപ്പെട്ട ഒരു വിശുദ്ധനില്ലായിരുന്നു. സുകൃതങ്ങൾ വളർന്ന് വിശുദ്ധി പുഷ്പിക്കാത്തതിൻെറ പ്രധാന കാരണം ഉത്തമമായ നേതൃത്വത്തിൻെറയും സ്വന്തം പാരമ്പര്യമനുസരിച്ചുള്ള വിശ്വാസപരിശീലനത്തിൻെറയും അഭാവമാണെന്ന് വിശുദ്ധൻ കണ്ടറിഞ്ഞു. സ്വന്തം റീത്തിലെ മെത്രാന്മാരുടെ കീഴിൽ നിഷ്ഠയോടെയുള്ള ജീവിതമുറകളും പരിശീലന രീതികളും വിശുദ്ധിയുടെ വഴിയിലേക്കുള്ള വാതയാനങ്ങൾ തുറക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രസ്തുത ലക്ഷ്യത്തിനായി കഠിനയത്നം ചെയ്തു.

ചാവറപിതാവ് ചെയ്ത എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം സഭയുടെ നവീകരണവും വിശുദ്ധീകരണവുമായിരുന്നു. മറ്റുള്ളവരെ വിശുദ്ധിയിലേക്കു നയിക്കുന്ന പ്രവർത്തനങ്ങളെക്കാളുപരി താൻ തന്നെ വിശുദ്ധനായിത്തീരണമെന്നതിൽ ചാവറയച്ചൻ തികച്ചും വ്രതബദ്ധനായിരുന്നു. അതുകൊണ്ടാണ് മാമോദീസായിൽ ലഭിച്ച പ്രസാദവരം താൻ നഷ്ടപ്പെടാൻ ഇടയാക്കിയില്ലെന്ന് മരണനേരത്ത് അദ്ദേഹത്തിനു പ്രഖ്യാപിക്കാൻ കഴിഞ്ഞത്.

കാലത്തിൻെറ പോക്കിൽ വിദേശശക്തികൾ കേരളമണ്ണിൽനിന്നു തിരോധാനം ചെയ്തു. സീറോമലബാർ സഭയുടെ മേലുള്ള അവയുടെ

മേൽക്കോയ്മ അയഞ്ഞുകൊണ്ടിരുന്നു. സഭയ്ക്കു സ്വയം ഭരണവും സ്വന്തം മെത്രാന്മാരുമുണ്ടായി. തുടർന്നുള്ള വളർച്ച അത്ഭുതാവഹമായിരുന്നു. സഭാദ്ധ്യക്ഷന്മാരുടെ പൈതൃകമായ പാലനവും നിഷ്ഠയോടെയുള്ള വിശ്വാസ പരിശീലനവും അതിനാവശ്യമായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സംവിധാനങ്ങളും ഉരുവെടുത്തു. വിശ്വാസികൾ വിശുദ്ധിയിൽ വളർന്നു. നാമകരണം ചെയ്യപ്പെട്ട 4 വിശുദ്ധരും 2 വാഴ്ത്തപ്പെട്ടവരും 4 ധന്യരും 12 ദൈവദാസരുമായി സീറോമലബാർ സഭ ഇന്ന് സമ്പന്നമാണ്.

കേരളസഭയിലെ അംഗങ്ങളായ പലരുടെയും നാമകരണ നടപടികളിൽ സർവ്വാത്മനാ സഹകരിക്കാൻ പല സി.എം.ഐ. സഭാംഗങ്ങളും പലപ്പോഴായി നിയോഗിതരായിട്ടുണ്ട്. വി. അൽഫോൻസായുടെ നാമകരണ നടപടികൾക്കായി രൂപീകരിക്കപ്പെട്ട കോടതിയിൽ 1953-ൽ റോമയോ തോമസ് മണ്ണനാലച്ചനും 1955-ൽ നിക്ലാവോസ് പെരുമാലിലച്ചനും നിയമിതരായി. അവരുടെ സേവന കാലയളവ് 1962 ആഗസ്റ്റ് 15-ാം തീയതി വരെ നീളുന്നതായിരുന്നു. ദൈവദാസിയുമായി ബന്ധപ്പെട്ട രേഖകൾ ലത്തീൻ ഭാഷയിലേക്കു മൊഴിമാറ്റം നടത്തിയത് ധർമ്മാരാം കോളേജിലെ വൈദിക വിദ്യാർത്ഥികളായിരുന്നു.

ലൂക്കാസ് വിത്തുവട്ടിക്കലച്ചൻ ചാവറപിതാവിൻെറ നാമകരണ നടപടികളുടെ കോടതിയിൽ ജഡ്ജിയും നടപടികളുടെ പോസ്റ്റുലേറ്ററുമായി നിസ്തുലമായ സേവനമാണ് കാഴ്ചവച്ചത്. കൂടാതെ വി. എവുപ്രാസിയ, വന്ദ്യരായ മാർ തോമസ് കുര്യാളശ്ശേരി, മാത്യു കദളിക്കാട്ടിൽ എന്നിവരുടെ നാമകരണ നടപടികളുടെ പോസ്റ്റുലേറ്ററായും ലൂക്കാച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഫാ. ജോസഫ് ജെയിംസ് പുത്തൻകണ്ടം വാഴ്ത്ത. അഗസ്റ്റിൻ തേവർപറമ്പിലിൻെറ നാമകരണനടപടികളിൽ ഭാഗഭാക്കായി. ചാവറപിതാവിന്റെ നാമകരണ നടപടികൾ പൂർത്തിയാകുന്നതിനു നിയോഗം ലഭിച്ച ചെറിയാൻ തുണ്ടുപറമ്പിലച്ചൻ 2014 നവംബർ 23ന് വി. എവുപ്രാസ്യ ഉൾപ്പെടെ രണ്ടു വിശുദ്ധരുടെ നാമകരം പൂർത്തിയാക്കി. ഇപ്പോൾ അദ്ദേഹം മറ്റു ഏഴ് ദൈവദാസരുടെ നാമകരണ നടപടികൾ ഏറ്റെടുത്തു നടത്തികൊണ്ടിരിക്കുന്നു.

# 8

## പരിശീലന പ്രേഷിതത്വം

സി.എം.ഐ. സഭയുടെ സന്ന്യാസ, വൈദിക പരിശീലന പ്രേഷിതത്വത്തിന്റെ മഹത്തായ പാരമ്പര്യം പാലയ്ക്കൽ തോമാ മല്പാനിൽനിന്ന് ആരംഭിക്കുന്നു. വിശുദ്ധനും വിജ്ഞാനദാഹിയുമായ പരിശീലകനായിരുന്നു അദ്ദേഹം. വൈദിക പരിശീലനം ഏറ്റവും മികച്ചതും ശാസ്ത്രീയവുമാക്കുന്നതിന് അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു.

അക്കാലത്ത് സുറിയാനിക്കാർക്കു വേണ്ടി മല്പാൻ സെമിനാരികളായിരുന്നു നിലവിലിരുന്നത്. മല്പാന്മാരുടെ ബന്ധുക്കളോ അടുപ്പമുള്ളവരോ ആയ ഏതാനും പേർ ഓരോ മല്പ്പാനോടുകൂടി പള്ളിമേടയിൽ താമസിക്കും. പഠനത്തിനുശേഷം ഇടവകയോഗത്തിന്റെ സമ്മതത്തോടെ മാത്രം അവർക്കു പട്ടം നല്കുന്നു. വരാപ്പുഴ സെമിനാരി ലത്തീൻ സഭക്കാർ തുടങ്ങിയതും അവർക്കുവേണ്ടി നടത്തപ്പെട്ടതുമായിരുന്നു.

അക്കാലത്തെ സെമിനാരികളിൽനിന്ന് വ്യത്യസ്തമായി വളരെ കർശനമായ ചില ക്രമങ്ങളാണ് പാലയ്ക്കലച്ചൻ ഗുരുവായിരുന്ന പള്ളിപ്പുറം സെമിനാരിയിൽ പാലിക്കപ്പെട്ടിരുന്നത്. തന്റെ തന്നെ ജീവിത മാതൃകയായിരുന്നു അദ്ദേഹത്തിന്റെ മുഖ്യമായ പരിശീലനോപാധി. ഏറ്റവും ഒടുവിൽ ഉറങ്ങാൻ കിടക്കുകയും ഏറ്റവും ആദ്യം ഉണരുകയും ചെയ്കയെന്നതായിരുന്നു മല്പാനച്ചന്റെ പതിവ്. നിരന്തരം യോഗാർത്ഥികളോടൊപ്പം ഗുരുനാഥൻ സഹഗമിച്ചു. അദ്ദേഹത്തിന്റെ ആഹാരരീതിയും വളരെ ലഘുവായിരുന്നു.

സെമിനാരിയിൽ അനുസരിക്കേണ്ട നിയമങ്ങളും ആചരിക്കേണ്ട ചിട്ടകളും പന്ത്രണ്ടു വകുപ്പുകളായി എഴുതിയുണ്ടാക്കി ഒരു കണ്ണാടിച്ചില്ലിനുള്ളിൽ അടക്കം ചെയ്ത് എല്ലാവരും കാണത്തക്കവണ്ണം സെമിനാരിയുടെ പ്രധാനസ്ഥാനത്തു സ്ഥാപിച്ചിരുന്നു. അത് അനുസരിക്കുകയെന്നത് വൈദികവിദ്യാർത്ഥികൾക്കെന്ന പോലെ

മല്പാനച്ചനും ബാധകമായിരുന്നു. നിയമങ്ങൾ പാലിക്കുന്നതിൽ വിദ്യാർത്ഥികളെക്കാൾ കൂടുതൽ ജാഗ്രതയും നിഷ്ഠയും അദ്ദേഹം പുലർത്തി.

സെമിനാരി വിദ്യാർത്ഥികളുടെ മതപരമായ വിജ്ഞാന വിപുലീകരണത്തിന് ഉപകരിക്കുന്ന ഗ്രന്ഥങ്ങൾ സുറിയാനിഭാഷയിൽ വിരളമായിരുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനായി മല്പാനച്ചൻ ഗവേഷണ കുതുകിയെപോലെ നിരന്തരം പരിശ്രമിച്ചു. തമിഴ്നാട്ടിൽ മിഷനറി പ്രവർത്തനം നടത്തിയിരുന്ന ചില ഈശോസഭാ വൈദികർ തമിഴ് ഭാഷയിൽ ഏതാനും ദൈവശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നറിഞ്ഞ് മല്പാനച്ചൻ അവയിൽ കുറെയെണ്ണം തേടിപ്പിടിച്ചു. കൂടാതെ മലയാളക്കരയിലെ ചില മിഷനറിമാർ എഴുതിയ പല മലയാള ഗ്രന്ഥങ്ങളും സമ്പാദിച്ചു. അങ്ങനെ സെമിനാരിയിൽ നല്ലൊരു ഗ്രന്ഥശേഖരവും ഒരുക്കപ്പെട്ടു. കൈയിൽ ഏതെങ്കിലും ഒരു ഗ്രന്ഥത്തോടു കൂടിയല്ലാതെ വളരെ ചുരുക്കമായേ അദ്ദേഹത്തെ കാണാൻ കഴിഞ്ഞിരുന്നുള്ളു.

തമിഴ് ഗ്രന്ഥങ്ങൾ അദ്ദേഹം തന്നെ ശിഷ്യന്മാർക്ക് വ്യാഖ്യാനിച്ചും വിശദീകരിച്ചും പരിചയപ്പെടുത്തി കൊടുത്തു. മലയാള ഗ്രന്ഥങ്ങൾ വായിച്ചു ഗ്രഹിക്കുവാനുള്ള പ്രേരണയും അവസരവും നൽകി. തമിഴ് ഭാഷയിലും സാഹിത്യത്തിലും കൂടുതൽ അവഗാഹം നേടിക്കൊണ്ട് "വി. ഇഗ്നേഷ്യസിൻെറ എട്ടു ദിവസത്തെ ധ്യാനം" എന്ന പുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്തു. ഇത്തരം പുസ്തക രചനാ പരിശ്രമം വരാപ്പുഴ അരമനയിൽ സെക്രട്ടറിയായിരുന്ന കാലം മുതലെ അദ്ദേഹം ആരംഭിച്ചിരുന്നു. തമിഴ് ഭാഷയോടും ഗ്രന്ഥങ്ങളോടുമുള്ള ഈ പ്രത്യേകാഭിമുഖ്യം നിമിത്തം മറ്റു വൈദികർ അദ്ദേഹത്തെ "പാണ്ടി മല്പ്പാൻ" എന്നു വിളിച്ചു കളിയാക്കുക പതിവായിരുന്നു.

വൈദികവിദ്യാർത്ഥികളെ മാത്രമല്ല, വാസനയും പ്രതിഭയുമുള്ള ബാലന്മാരെ കണ്ടുപിടിച്ച്, അവർക്ക് അവശ്യമായ പരിശീലനം നൽകി അവരെക്കൊണ്ട് അപൂർവ്വലഭ്യങ്ങളായ ഗ്രന്ഥങ്ങൾ പകർത്തിയെഴുതിച്ചു സൂക്ഷിക്കുന്നതിലും മല്പാനച്ചൻ ശ്രദ്ധാലുവായിരുന്നു.

ഇങ്ങനെ പൗരോഹിത്യശിക്ഷണത്തിനും വ്യക്തിത്വ വികസനത്തിനുമായി തന്നെ സമീപിച്ചവരെയെല്ലാം വിശാലാശയസമ്പന്നരും വേദവിജ്ഞാന വ്യുല്പന്നരുമാക്കുവാൻ പര്യാപ്തമായ എല്ലാ മാർഗ്ഗങ്ങളും ആ ആചാര്യവര്യൻ പരമാവധി പ്രയോജനപ്പെടുത്തി.

കാലോചിതമായ വിജ്ഞാനാർജ്ജനത്തിനും ദൈവശാസ്ത്രത്തിൽ ഉപരിപഠനം നേടുന്നതിനും ലത്തീൻ ഭാഷാപാണ്ഡിത്യം അനിർവാര്യമാണെന്നു മല്പാനച്ചനു ബോധ്യമുണ്ടായിരുന്നു. അതനുസരിച്ച് ചാവറ കുര്യാക്കോസ് ശെമ്മാശനുൾപ്പെടെ ഏതാനും വൈദികവിദ്യാർത്ഥികളെ ലത്തീൻ ഭാഷയിൽ ഉപരിപഠനത്തിനായി ഏർപാടുകൾ ചെയ്യുന്നതായി ചരിത്രത്തിൽ കാണുന്നു.

- മല്പാൻ പരിശീലനസമ്പ്രദായം വൈദികർക്കു കാര്യമായ ദൈവശാസ്ത്രവിജ്ഞാനമോ പൊതു വിജ്ഞാനമോ പ്രദാനം ചെയ്തിരുന്നില്ല. പ്രബുദ്ധരായ വൈദികർക്കേ ആത്മീയമായി ഉണർവുള്ള സമൂഹത്തെ സൃഷ്ടിക്കാനാകു എന്ന ബോദ്ധ്യമുള്ളവനായിരുന്നു തോമാ മല്പാൻ. അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം 1833-ൽ മാന്നാനത്ത് വൈദികപരിശീലനകേന്ദ്രം ആരംഭിച്ചു. കേവലം രണ്ടു വിദ്യാർത്ഥികളോടു കൂടി ആരംഭിച്ച സ്ഥാപനം കാലാന്തരത്തിൽ 150 പേർ ഒരുമിച്ചു പരിശീലനം തേടുന്ന, സീറോമലബാർ സഭയുടെ ആദ്യത്തെ പൊതു സെമിനാരിയായി രൂപാന്തരപ്പെട്ടു. 19-ാം നൂറ്റാണ്ടിൽ കേരളസഭയ്ക്ക് ഏറെ നന്മകളായി പരിണമിച്ച സഭാസ്നേഹികളും നേതൃഗുണസമ്പന്നരുമായ നിധീരിക്കൽ മാണിക്കത്തനാർ പാലാക്കുന്നേൽ മത്തായി മറിയം അച്ചൻ തുടങ്ങിയ വൈദികശ്രേഷ്ഠർ ഈ സെമിനാരിയിൽ പരിശീലനം നേടിയവരാണ്.
- പോരൂക്കരയച്ചൻെറ ആഗ്രഹപ്രകാരം, മെച്ചപ്പെട്ട പരിശീലനം ലക്ഷ്യമാക്കി സന്യാസസഭയിൽ അംഗമാകാൻ ആഗ്രഹിക്കുന്നവരെയും ഇടവക വൈദികരാകാൻ ഒരുങ്ങുന്നവരെയും രണ്ടു ഗണമായി തിരിച്ച്, ആദ്യത്തെ

വിഭാഗത്തെ മുകളിലെ നിലയിലും ബാക്കിയുള്ളവരെ താഴത്തെ നിലയിലും താമസിപ്പിച്ച് പരിശീലനം തുടർന്നു.

- പാലയ്ക്കൽ മല്പാൻെറ മരണാനന്തരം 1844 ഫെബ്രുവരി 16-ന് വികാരി അപ്പസ്തോലിക്ക ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ പോരൂക്കര തോമാച്ചനേയും ചാവറ പിതാവിനേയും പൊതുമല്പാന്മാരായി പ്രഖ്യാപിച്ചു. പട്ടമേല്ക്കുന്നതിനുള്ള യോഗ്യരായ സുറിയാനിക്കാരായ ശെമ്മാശന്മാരെ പരീക്ഷ നടത്തി തെരെഞ്ഞെടുക്കാനുള്ള അന്തിമമായ അധികാരവും ഇരുവരിലും നിക്ഷിപ്തമായി.
- വികാരി അപ്പസ്തോലിക്ക ബർണ്ണാഡിൻ മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ച് 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തും 1872-ൽ പുളിങ്കുന്നിലും സെമിനാരികൾ ആരംഭിച്ചു.
- സി.എം.ഐ. സഭയുടെ ആശ്രമങ്ങളിൽ നടന്നിരുന്ന വൈദികപരിശീലകേന്ദ്രങ്ങളുടെ ഗുണനിലവാരത്തിൽ സംതൃപ്തനായ വികാരി അപ്പസ്തോലിക്ക ബച്ചിനെല്ലി ഇടവകകളോട് ചേർന്ന് നടന്നുവന്നിരുന്ന മല്പാൻ സെമിനാരികൾ നിറുത്തലാക്കി.
- ചാവറപിതാവ് പുത്തൻ പള്ളിയിൽ മഠത്തിനായി മതിൽ കെട്ടി സൂക്ഷിച്ചിരുന്ന സ്ഥലത്ത് മെത്രാൻെറ തീരുമാനമനുസരിച്ച് 1866-ൽ സുറിയാനി സഭയ്ക്കായി സെമിനാരി ആരംഭിച്ചു. ക്രമേണ അത് സഭയുടെ പൊതുസെമിനാരിയായി.
- 1887-ൽ സുറിയാനിക്കാർക്കായി കോട്ടയം, തൃശൂർ വികാരിയാത്തുകൾ സ്ഥാപിച്ചതിനെ തുടർന്ന് വാഴക്കുളം, ഏൽത്തുരുത്ത് പുളിങ്കുന്ന് എന്നിയിടങ്ങളിലെ സെമിനാരികൾ നിറുത്തലാക്കി. മാന്നാനം സെമിനാരിയിൽ ഇടവക വൈദികരുടെ പരിശീലനം 1894 വരെ തുടർന്നു. 1990 വരെ മാന്നാനം, ഏൽത്തുരുത്ത് എന്നിവ യഥാക്രമം കോട്ടയം, തൃശൂർ വികാരിയാത്തുകളുടെ മൈനർ സെമിനരികളായി പ്രവർത്തിച്ചു. പുത്തൻപള്ളി സെമിനാരി 1932-ൽ മംഗലപ്പുഴയ്ക്ക് മാറ്റി.

- സീറോമലബാർ രൂപതയിൽപെട്ട വൈദികവിദ്യാർത്ഥികൾക്ക് പൗരസ്ത്യപാരമ്പര്യത്തിൽ പരിശീലനം നല്കാൻ കേരളത്തിൽ ഒരു മേജർ സെമിനാരി ആവശ്യമാണെന്ന കാര്യം പ്ലാസിഡച്ചൻ പൗരസത്യ തിരുസംഘത്തെ ബോധ്യപ്പെടുത്തി. അതിൻെറ ഫലമായി വടവാതൂർ സെമിനാരി സ്ഥാപിതമായി.
- സഭാംഗങ്ങൾ സ്വന്തം പഠനഗൃഹങ്ങളിൽ മാത്രമല്ല, മറ്റു സെമിനാരികളിലും അദ്ധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നു. കൽക്കട്ടയിലെ മോണിങ് സ്റ്റാർ (10 വർഷം), ആഷ്ടായിലെ ക്രിസ്തു പ്രേമാലയ (10 വർഷം) എന്നീ വൈദികപഠന കേന്ദങ്ങൾ സി.എം.ഐ. സഭാംഗങ്ങളുടെ നേതൃത്വത്തിലാണ് നടന്നുവന്നത്. ആഫ്രിക്കയിലെ നമീബിയായിലെ സെമിനാരി സഭാംഗങ്ങളുടെ ചുമതലയിൽ നടന്നുവരുന്നു.
- ഇന്ത്യയിലും ഇന്ത്യക്കു പുറത്തും രൂപതകളുടെയും സന്ന്യാസസഭകളുടെയും പരിശീലന ഭവനങ്ങളിൽ നമ്മുടെ പ്രവർത്തന സാന്നിദ്ധ്യമുണ്ട്. നമ്മുടെ ആദ്യകാല മിഷൻ കേന്ദ്രങ്ങളായ റെയ്ഗാർ-അംബികാപൂർ, ഇറാൻ-ഇറാക്ക് എന്നിയിടങ്ങളിലെ പരിശീലനഭവനങ്ങളിൽ സഭാംഗങ്ങൾ നിയോഗിക്കപ്പെട്ടിരുന്നു. റെട്ടോറിയ, പെറു, തെക്കേ അമേരിക്ക, റോം, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ സെമിനാരികളിൽ നമ്മുടെ അച്ചന്മാർ ജോലി ചെയ്യുന്നു.
- പല രൂപതകളിലെയും സന്ന്യാസസഭകളുടെയും അംഗങ്ങൾ നമ്മുടെ സഭയുടെ പഠനഗൃഹങ്ങളിൽ, പ്രത്യേകമായി ധർമ്മാരാമിൽ പരിശീലനം നേടുന്നു.
- സഭാംഗങ്ങൾ പലരും സന്ന്യാസിനികളുടെ പരിശീലനത്തിനായി നിയോഗിതരായിരുന്നു. എയ്മാഡ് ഉറുവത്തച്ചൻ പല സന്ന്യാസ സമൂഹങ്ങളുടെ നവസന്ന്യാസ ഗുരുവായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലെയോപ്പോൾഡ് ഒറ്റപ്ലാക്കലച്ചൻ അനേക വർഷങ്ങൾ നിരവധി സന്യാസസഭകളുടെ ഡയറക്റ്ററായും കാനോനിക്കൽ എക്സാമിനറായും വിസിറ്ററായും ശുശ്രൂഷ അർപ്പിച്ചു.

- 1960-കളിൽ അത്മായർക്കുള്ള ഒരു ദൈവശാസ്ത്ര പഠനകേന്ദ്രമായിരുന്നു ആലപ്പുഴ ബീച്ചിൽ കോൺ സ്റ്റൻറയിൻ മണലേലച്ചൻെറ നേതൃത്വത്തിൽ ആരംഭിച്ച ജീവധാര എന്ന സ്ഥാപനം. 1977-ൽ ഈ പ്രസ്ഥാനം പുല്ലരിക്കുന്നിലേക്കു മാറ്റി. 1971-ൽ ജീവധാര എന്ന പ്രസിദ്ധീകരണം ഇംഗ്ലീഷിൽ ആരംഭിച്ചു. ഇത് പിന്നീട് മലയാളത്തിലും പ്രസിദ്ധീകരിക്കാൻ തുടങ്ങി. 1961-1975 കാലഘട്ടത്തിൽ നാലു കൊല്ലത്തെ ഡിപ്ലോമ കോഴ്സ് ഈ സ്ഥാപനത്തിൽ നടന്നു. 1976-ൽ ഇന്ത്യൻ തിയളോജിക്കൽ അസ്സോസിയേഷൻ സ്ഥാപിക്കുന്നതിനു മുൻകൈ എടുത്തത് കോൺസ്റ്റൻറയിനച്ചനാണ്. അദ്ദേഹം തന്നെയായിരുന്നു സംഘടനയുടെ ആദ്യപ്രസിഡൻറ്. 18 ദൈവശാസ്ത്രജ്ഞന്മാരെ ഒരുമിപ്പിച്ച് ആരംഭിച്ച ഈ സംഘടനയിൽ ഇന്ന് ഇന്ത്യയിലെ 200-ൽ പരം ദൈശാസ്ത്രജ്ഞന്മാർ അംഗങ്ങളാണ്. എല്ലാ വർഷവും അവർ സമ്മേളിച്ച് ആനുകാലിക വിഷയങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയും പ്രസ്താവനകളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വളരെ വിലപിടിപ്പുള്ള 15,000-ലധികം ഗ്രന്ഥങ്ങളും 100-ഓളം ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇവിടത്തെ സമ്പത്താണ്. ഇതിൻെറ പശ്ചാത്തലത്തിൽ 2001-ൽ ജീവധാര സെൻറർ മഹാത്മഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഒരു സോഷ്യോ റിലിജിയസ് റിസേർച്ച് സെൻററായി പ്രഖ്യാപിക്കപ്പെട്ടു.
- തത്വശാസ്ത്രം, ദൈവശാസ്ത്രം, സഭാനിയമം എന്നിവയിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കിയിരുന്ന പ്ലാസിഡച്ചൻ ചെത്തിപ്പുഴ സി.എം.ഐ. സെമിനാരിയിൽ അദ്ധ്യാപക നായിരുന്നു. റോമിലെ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപകനായിരുന്ന അച്ചൻ അവിടെ വിവിധ സർവ്വകലാശാലകളിൽ കേരള സഭാചരിത്രത്തിലും പൗരസ്ത്യകാനൻ നിയമത്തിലും ഗവേഷണം നടത്തിയിരുന്നവരുടെ വിജ്ഞാന സ്രോതസ്സായിരുന്നു. പൗരസ്ത്യ

കാനൻ നിയമത്തിനു രൂപം കൊടുക്കാനുള്ള പൊന്തിഫിക്കൽ കമ്മീഷനിലെ 1944-ൽ അദ്ദേഹം നിയമിതനായി.

- മാണിക്കത്തനാർ എന്ന പേരിൽ പ്രസിദ്ധനായ ആണ്ടുമാലിൽ ഇമ്മാനുവേലച്ചൻ ബൈബിൾ പണ്ഡിത നായിരുന്നു. പുതിയ നിയമവും പഞ്ചഗ്രന്ഥി ഉൾപ്പെടെയുള്ള പഴയ നിയമത്തിലെ പല പുസ്തകങ്ങളും പ്ശീത്ത ബൈബിളിൽ നിന്ന് അദ്ദേഹം വിവർത്തനം ചെയ്തു.
- കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചനാണ് (1948) സി.എം.ഐ. സഭയിൽനിന്ന് ആദ്യമായി റോമിൽ ഉപരിപഠനത്തിനു പോയത്. വചനബദ്ധമായ വൈദികസന്ന്യാസ പരിശീലനമെന്ന ദർശനത്തോടെ റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്തുവാൻ ആദ്യമായി തുനിഞ്ഞിറങ്ങിയത് ദർശനസഭക്കാരാണ്. ദൈവദാസൻ കനീസിയൂസ് തെക്കേക്കരയച്ചനാണ് ഭാരതത്തിലെ ആദ്യത്തെ ബൈബിൾ ഡോക്ടർ ബിരുദം നേടിയത്.
- ഭാരതീയമായ ക്രൈസ്തവസഭയെ സ്വപ്നം കണ്ട വൈദികനാണ് മത്യാസ് മുണ്ടാടനച്ചൻ. തന്റെ ഗവേഷണ ത്തിലൂടെ ഭാരതസഭയുടെ തനിമ കണ്ടെത്താനും സ്ഥാപിക്കാനും അദ്ദേഹം ശ്രമിച്ചു. ഭാരതീയമായ ക്രൈസ്തവദൈവശാസ്ത്രം, ആരാധനക്രമം എന്നിവ വളർത്തിയെടുക്കുവാൻ തന്റെ ചിന്തകളും നേതൃത്വവും ചെലവഴിച്ചു. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി റിവ്യുവിന്റെ അസോസിയേറ്റ് എഡിറ്റർ, 'തനിമ'യുടെ സ്ഥാപക ഏഡിറ്റർ, ദക്ഷിണേന്ത്യൻ ചർച്ച് ഹിസ്റ്ററി അസോസിയേഷന്റെ ചെയർമാൻ, ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ എന്ന ഗ്രന്ഥ പരമ്പരയുടെ എഡിറ്റർ എന്നീ നിലകളിൽ മൗലികമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

## 1. സി.എം.ഐ. സഭാംഗങ്ങളുടെ പരിശീലനം

- സന്ന്യാസ വൈദിക പരിശീലനത്തിന്റെ ആദ്യപടി ദൈവവിളി പ്രോത്സാഹനമാണ്. സഭയുടെ എല്ലാ പ്രവിശ്യകളിലും ദൈവവിളി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വൊക്കേഷൻ പ്രൊമോട്ടർമാരുണ്ട്. കൂടാതെ സഭാംഗങ്ങൾ പലരും ദൈവവിളി

പ്രോത്സാഹന മെന്നത് തങ്ങളുടെ വ്യക്തിപരമായ ചുമതലയായി കരുതുന്നു. ബീഡ് കൊരട്ടിയിൽ അച്ചൻെറ പ്രചോദനം വഴിയായി 300-ലധികം പേർ തങ്ങളുടെ ദൈവിളി തിരിച്ചറിഞ്ഞ് വിവിധ രൂപതകളിലും സഭകളിലും അംഗങ്ങളായി.

- ആരംഭത്തിൽ മാന്നാനം ആശ്രമത്തിലായിരുന്നു സഭാംഗങ്ങളുടെ നവസന്ന്യാസ പരിശീലനവും വൈദിക പരിശീലനവും നടന്നിരുന്നത്. 1858-ൽ പ്രസ്തുത പരിശീലന പരിപാടികൾ കൂനമ്മാവിലേക്കു മാറ്റി. 1889-ൽ അമ്പഴക്കാട് ആശ്രമം സഭയുടെ നവസന്ന്യാസ ഭവനമായി പ്രഖ്യാപിക്കപ്പെട്ടു. അന്നുമുതൽ ചെത്തിപ്പുഴ സേക്രട്ട് ഹാർട്ട് മൊണാസ്റ്ററിയിലും 1903 മുതൽ മാന്നാനം ആശ്രമത്തിലും സഭയിലെ ഹൈസ്കൂൾ വിഭാഗം യോഗാർത്ഥികൾ പരിശീലനം തേടി.
- അമ്പഴക്കാടുനിന്ന് പ്രഥമവ്രതാനുഷ്ഠായികളെ വാഴക്കുളം ആശ്രമത്തിലേക്കു തുടർപരിശീലത്തിനായി അയച്ചു. നിത്യവ്രതാനുഷ്ഠായികൾ മുത്തോലിയിലും മാന്നാനത്തുമാണ് പരിശീലനം തുടർന്നത്.
- 1891-ൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനത്തിനായി മംഗലാപുരം സെൻറ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലേക്ക് എല്ലാ അംഗങ്ങളെയും അയയ്ക്കാൻ തുടങ്ങി. 1914 വരെ അർത്ഥികൾ ഈശോസഭയുടെ ഭവനത്തിൽ താമസിച്ചുകൊണ്ടാണ് പഠനം നടത്തിയത്. തുടർന്ന് രൂപതയുടെ സഹായത്തോടെ സ്വന്തമായി ഭവനം പണിതുയർത്തി. മംഗലാപുരത്തെ ഉയർന്ന പഠനച്ചെലവും പ്രതികൂല കാലാവസ്ഥയും നിമിത്തം കേരളത്തിൽ ഒരു പഠനഗൃഹത്തെകുറിച്ചു ചിന്തിക്കുവാൻ സഭാംഗങ്ങളെ പ്രേരിപ്പിച്ചു. 1916 മുതൽ തെരെഞ്ഞെടുക്കപ്പെട്ടവർ മാത്രം മംഗലാപുരത്ത് പരിശീലനം നേടി. മറ്റുള്ള വർ മുത്തോലി സെൻറ് ജോൺ ഓഫ് ദ ക്രോസ് മൊണാസ്റ്ററിയിലാണ് പഠനം നടത്തിയത്. ഈ കാലയളവിൽതന്നെ മാന്നാനം, വാഴക്കുളം ആശ്രമങ്ങളിൽ

ഏതാനും അർത്ഥികൾ പരിശീലനത്തിനായി അയയ്ക്കപ്പെടുകയുണ്ടായി. മാന്നാനത്തെ ദൈവശാസ്ത്ര പരിശീലനം 1922 വരെ നീണ്ടുനിന്നതായി കാണുന്നു. 1932-ൽ കൂനമ്മാവിൽ പുതിയതായി പണിതീർത്ത ആശ്രമത്തിൽ ആദ്യവ്രതമനുഷ്ഠിച്ച അർത്ഥികളുടെ ഭാഷാപഠന പരിശീലനം ആരംഭിച്ചു. 1956 വരെ ഈ ക്രമം തുടർന്നു.

- 1918-ൽ മുത്തോലിയിലെ ദൈവശാസ്ത്രപാഠ്യപദ്ധതി 1918-ലും തത്വശാസ്ത്രപഠനം 1944-ലും ചെത്തിപ്പുഴ ആശ്രമത്തിലേക്കു മാറ്റി.
- 1943-ൽ പൂനെയിൽ ഈശോസഭക്കാർ ആരംഭിച്ച ദിനോബിലി കോളേജിലേക്ക് ഏതാനും പേരെ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കാൻ തുടങ്ങി. സഭയ്ക്കു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത സാഹചര്യത്തിൽ ഏ.ഡി. കൊയിലോയുടെ ഭവനത്തിലാണ് അർത്ഥികൾ താമസിച്ചത്. 1845-ൽ ഡിനോബിലി കോളേജ് പട്ടാളാവശ്യങ്ങൾക്ക് ഏറ്റെടുക്കപ്പെട്ടതുകൊണ്ട് പാഠ്യപദ്ധതികളെല്ലാം കാണ്ഡിയിലേക്കു മാറ്റി. അതുകൊണ്ട് നമ്മുടെ സഭാംഗങ്ങളും കാണ്ഡിയിലേക്കു പോയി. 1948-ൽ പൂനെയിൽ വീണ്ടും പഠനമാരംഭിച്ചു. 1951 മെയ് 14-ാം തീയതി എസ്.എച്ച്.കാർമ്മൽ ഹൗസ് എന്ന പേരിൽ ഒരു പഠനഗൃഹം അവിടെ പണി പൂർത്തിയായി. 1977-ൽ ഈ ഭവനം കാർമ്മൽ വിദ്യാഭവൻ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

## 2. ധർമ്മാരം കോളേജ്, ബെങ്കളൂരു

1957 ജൂൺ 1-ന് സഭയുടെ പൊതുപഠന ഗൃഹമായ ബെങ്കളൂരു ധർമ്മാരാം കോളേജ് അനൗപചചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനാവശ്യമായ അനുവാദം വത്തിക്കാനിൽനിന്നു ലഭിക്കുന്നതിൽ പ്ലാസിഡ് പൊടിപാറയച്ചൻ നിർണ്ണായകമായ പങ്കുവഹിച്ചു.

ജോനസ് തളിയത്തച്ചന്റെ (പിന്നീട് രാജ്ക്കോട്ട് രൂപതയുടെ പ്രഥമമെത്രാൻ) സ്വപ്നത്തിന്റെയും ദർശനത്തിന്റെയും

പൂർത്തീകരണമാണ് ധർമ്മാരാം കോളേജ്. അദ്ദേഹം ഒരു നവസന്ന്യസിയായിരിക്കെ സഭയ്ക്കു സ്വന്തമായ ഒരു പഠനഗൃഹം കനവു കണ്ടു. അധികാരികളുമായി അതു പങ്കുവെച്ചു. തുടർന്ന് കെട്ടിടത്തിൻെറ രേഖാചിത്രം തയ്യാറാക്കി. വ്യത്യസ്തങ്ങളായ സെമിനാരികളിൽ തനിക്കു ലഭിച്ച പരിശീലനം അദ്ദേഹത്തിൻെറ ദർശനത്തിനു കൂടുതൽ പക്വത പകർന്നു. തിരുപ്പട്ടത്തിനുശേഷം റോമിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കെ ബെങ്കളൂരുവിൽ വിഭാവന ചെയ്യുന്ന പഠനഗൃഹത്തെ സംബന്ധിച്ച സ്വന്തം കാഴ്ച്ചപ്പാടുകൾ വിവരിച്ചുകൊണ്ട് സഭയുടെ ജെനറാളായ മാവുരൂസച്ചനു കത്തെഴുതി. ജെനറാളച്ചൻെറ അകമഴിഞ്ഞ പ്രോത്സാഹനവും സഹകരണവും പൗരസ്ത്യ സഭാധ്യക്ഷനായ കാർഡിനൽ ടിസറാൻറിൻെറ നിർലോഭമായ അനുഗ്രഹാശിസുകളും നിരവധി പേരുടെ അത്യദ്ധ്വാനവും ധർമ്മാരാം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി.

ധർമ്മാരാമിൻെറ അദ്ധ്യയന വിഭാഗം ധർമ്മാരാം വിദ്യാക്ഷേത്രമെന്ന പേരിൽ വത്തിക്കാൻെറ അംഗീകാരമുള്ള നിരവധിയായ തത്വശാസ്ത്ര, ദൈവശാസ്ത്ര പാഠ്യപദ്ധതികൾക്ക് ആഭിമുഖ്യം വഹിക്കുന്ന വലിയൊരു പ്രസ്ഥാനമാണ്.

ധർമ്മാരാം എന്നാൽ പുണ്യങ്ങളുടെ പൂന്തോട്ടം എന്നാണ് പൊരുൾ. സുകൃതങ്ങളുടെ ചിരന്തനാരാമമായ ഈശോയുടെ തിരുഹൃദയത്തെ ഈ നാമം ദ്യോതിപ്പിക്കുന്നു. ഈശഭക്തി പരജ്ഞാനം എന്നതാണ് ഈ സ്ഥാപനത്തിൻെറ മുദ്രാവാക്യം. ദൈവഭക്തിയാണ് ജ്ഞാനത്തിൻെറ ഉറവിടം (സുഭാ 9:10) എന്ന ദൈവവചനത്തിൻെറ സംസ്കൃത പാഠമാണിത്.

ഈ ഗുരുകുലം വൈദികവിദ്യാർത്ഥികളുടെ ബൗദ്ധികവും ആത്മീയവുമായ മികവ് എപ്രകാരമാണ് തേടുകയെന്നതിന് ഈ സദൃശവാക്യം വ്യക്തമായ സൂചന നൽകുന്നു. ഭാരതീയമായ മൂല്യങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും സ്വാശീകരിക്കുകയും ചെയ്തുകൊണ്ടാണ് ഈ സ്ഥാപനം പരിശീലന പാതയിൽ മുന്നേറുക. ദൈവഭക്തി അഥവാ ദൈവസ്നേഹമാണ് എന്തിനെക്കാളും

ഉന്നതം. ഭഗവത്ഗീത അത് വിഭാവന ചെയ്യുന്ന ജ്ഞാന, കർമ്മ, ഭക്തി മാർഗങ്ങളിൽ ഭക്തിക്ക്, ഒരുവൻ ദൈവത്തിനു നൽകുന്ന സ്നേഹപൂർണ്ണമായ ആത്മനിവേദനത്തിന് പ്രഥമസ്ഥാനം നൽകുന്നുണ്ട്. അതിനാൽ ധർമ്മാരാം പകരുന്ന അദ്ധ്യയനത്തിന്റെയും അറിവിന്റെയും ആത്യന്തികലക്ഷ്യം പരമോന്നത ദൈവത്തിനു സ്വയം ബലിയായി നൽകുന്ന പരമപ്രേമമാണ്.

ധർമ്മാരാം ഗീതം ഈ പഠനഗൃഹത്തിന്റെ ദൗത്യമെന്തെന്നു വിളംബരം ചെയ്യുന്നു:

വെങ്കതിർ വീശും സുമാവലി
തിങ്ങുമാരാമമേ
ധാർമ്മികലോല മരീചികൾ
തീർത്ത പ്രാകാരമേ
പാവനാത്മ നാളമേ നീ
നിത്യം ജ്വലിക്കുക ഈ ഭാരതേ.
ഈശഭക്തി പരജ്ഞാനം
പാരിന്നരുൾക ധർമ്മാരാമമേ
പാരിന്നരുൾക ധർമ്മാരാമമേ.

ദിവ്യവചനം, പരമജ്ഞാനം, കർത്താവിന്റെ ആത്മാവ് എന്നിവയെ ധർമ്മാരാമിനെ നിലനിറുത്തുന്ന ഘടനാപരമായ ശക്തിയായി ധർമ്മാരാം ഗീതം ചിത്രീകരിക്കുന്നു. ത്രിത്വൈക ദൈവത്തെ ലോകത്തിനു മുഴുവനും പ്രദാനം ചെയ്യുകയെന്നതാണ് ഈ പുണ്യാരാമത്തിന്റെ പരമലക്ഷ്യം.

### 3. ദർശന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി, വർധ

സഭയിലെ ഇളംതലമുറയുടെ കൂടുതൽ ഫലപ്രദമായ പ്രേഷിതോന്മുഖ പരിശീലനം ലക്ഷ്യമാക്കി 1983-ൽ വർദ്ധായിൽ 'ദർശന' തത്വശസ്ത്രപഠനകേന്ദ്രം ആരംഭിച്ചു. രണ്ടാം വത്തിക്കാന്റെ ചൈതന്യമനുസരിച്ച് സ്ഥലസാഹചര്യങ്ങൾക്ക് അനുസരണമായ പരിശീലനമാണ് ഈ പഠനഗൃഹം ലക്ഷ്യം വയ്ക്കുന്നത്. ഭാരതത്തിന്റെ തദ്ദേശിയമായ ശൈലിക്കും ജീവിതരീതിക്കുമനുസരിച്ച്

ക്രിസ്തുവിനെ അവതരിപ്പിക്കുകയെന്നത് ദർശനയുടെ വ്യതിരിക്തവും സവിശേഷതരവുമായ ഭാവമായി നിലകൊള്ളുന്നു.

പുരാതന ക്രൈസ്തവ പാരമ്പര്യത്തിന്റെയും ആധുനിക കാലത്തിന്റെ അനിർവാര്യതകളുടെയും സന്തുലിതാവസ്ഥ പരിരക്ഷിച്ചുകൊണ്ടാണ് ഈ ഗുരുകുലം അതിന്റെ ദൗത്യം പൂർത്തിയാക്കേണ്ടത്. സ്വന്തം മതത്തോടുള്ള ആഴമായ പ്രതിബദ്ധതയും ഇതര മതങ്ങളിലെ സത്യങ്ങളോടുള്ള തുറവിയും ഈ പരിശീല ഭവനത്തിൽ പിന്തുടരുന്ന ആദർശങ്ങളാണ്.

**4. സമന്വയ തിയളോജിക്കൽ കോളേജ്, ഭോപ്പാൽ**

ഭോപ്പാൽ, ജഗ്ദൽപൂർ, ഋഷികേശ് എന്നിയിടങ്ങളിൽ പ്രവർത്തിക്കുന്ന 'സമന്വയ' ദൈവശാസ്ത്ര പഠനകേന്ദ്രം 1994-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ പഠനഗൃഹം രാജ്യത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ സഭയുടെ സുവിശേഷവത്ക്കരണ ദൗത്യത്തെ കേന്ദ്രികരിച്ചു കൊണ്ടുള്ള പരിശീലന പരിപാടി വിഭാവന ചെയ്യുന്നു.

ഇന്ത്യൻ ജീവിതത്തിന്റെ സങ്കീർണ്ണമായ യാഥാർത്ഥ്യങ്ങളുമായി അതിന്റെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ തലങ്ങളെ സംയോജിപ്പിക്കുന്ന രീതിയിലാണ് അർത്ഥികൾക്കുള്ള പരിശീലനമുറ ഒരുക്കിയിരിക്കുന്നത്. ഗവേഷണവും യഥാർത്ഥമായ ജീവിത സാഹചര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളും (field study) ഉൾച്ചേർത്തുള്ള പഠനശൈലിയും സയോജിപ്പിക്കുന്ന രീതിയിൽ പ്രധാനമായ ദൈവശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ജ്ഞാനം, കർമ്മം, ഭക്തി എന്നീ മനുഷ്യാനുഭവങ്ങളുടെ എല്ലാ തലങ്ങളേയും ആശ്ലേഷിക്കുന്ന സമഗ്രമായ ദൈവശാസ്ത്രം ആവിഷ്കരിക്കുകയെന്നതാണ് ഈ അനുഭവാസ്പദമായ അദ്ധ്യയനരീതിയുടെ ലക്ഷ്യം.

ഇപ്രകാരമുള്ള പഠനശൈലി ഗുരുഭൂതരും ശിഷ്യരും തമ്മിൽ ആത്മാർത്ഥമായ ആശയവിനിമയം ആവശ്യപ്പെടുന്നു. ജീവിതസാഹചര്യങ്ങളിൽ നിന്നുയരുന്ന പ്രശ്നങ്ങൾക്ക്

അദ്ധ്യാപകന്റെ മാർഗനിർദ്ദേശത്തോടെ ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകൾ സ്വായത്തമാക്കാൻ ഈ ശൈലി വൈദികാർത്ഥികളെ സഹായിക്കുന്നു. അങ്ങനെ ദൈവശാസ്ത്ര രൂപീകരണം യഥാർത്ഥ ജീവിതസാഹചര്യങ്ങളിൽ നിന്നുരുവാകുന്ന പ്രക്രിയായി മാറുന്നു.

# 9

## വിദ്യാദാന പ്രേഷിതത്വം

അറിവാണ് ശക്തി എന്നു ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. അദ്ദേഹം വിദ്യാഭ്യാസത്തെ നിർവ്വചിച്ചത് 'പഠിത്വം' എന്ന പേരിലാണ്. "കണ്ണിന്റെ വെളിവു കൂടാതെ ലോകത്തുള്ള വസ്തു കാൺമാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവർ കുരുടന്മാരാ യിരിക്കുന്നു എന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാന ക്കുരുടന്മാരാകുന്നു.''

അറിവിനെ അതിയായി വിലമതിച്ച അദ്ദേഹം കുഞ്ഞു നാളിൽതന്നെ മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകൾ പഠിച്ചു. സെമിനാരി പരിശീലനവും മിഷനറിമാരോടുള്ള അടുപ്പവും സുറിയാനി, ലത്തീൻ, പോർച്ചുഗീസ്, ഇറ്റാലിയൻ മുതലായ ഭാഷകൾ പഠിക്കാനും അദ്ദേഹത്തിന് സാഹചര്യമൊരുക്കി.

കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനെക്കുറിച്ച് അദ്ദേഹം എഴുതി, "തിരിച്ചറിവായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തി ലയക്കണം. ഇതും പോര, അവർ പഠിക്കുന്നു എന്നതും എങ്ങനെയുള്ള കൂട്ടുകൂടിയാണു നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം."

വിദ്യാഭ്യാസം ജാതിമതഭേതമെന്യെ എല്ലാ കുഞ്ഞുങ്ങളുടെയും അവകാശമാണെന്ന് ചാവറയച്ചൻ ഉറച്ചു വിശ്വസിച്ചു. താൻ വിശ്വസിച്ചതനുസരിച്ചു പ്രവർത്തിച്ചു.

ചാവറപിതാവ് ജീവിച്ചിരുന്ന കാലം ജാതിമതഭേദങ്ങളു ടേതായിരുന്നു. ജാതിമതഭേദങ്ങൾക്ക് അതീതമായി എല്ലാവരും ഒത്തുചേരുന്ന ഒരു പൊതു സമൂഹം എന്ന ആശയം അക്കാലത്തു രൂപം കൊണ്ടിരുന്നില്ല. ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യ അഭ്യസിക്കാവുന്ന പൊതുവിദ്യാലയങ്ങൾ ഉണ്ടായിരുന്നില്ല.

നിലവിലിരുന്ന സർക്കാർ വിദ്യാലയങ്ങൾ സവർണ്ണർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിരുന്നു.

എല്ലാ കത്തോലിക്കപള്ളികളോടും ചേർന്നു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ആ പള്ളിക്കൂടങ്ങളിലൂടെ സർവ്വർക്കും ജാതിമതഭേദമില്ലാതെ വിദ്യാഭ്യാസം നൽകണമെന്ന നിർദ്ദേശം പ്രായോഗികമാക്കുകയും ചെയ്തുകൊണ്ട് കേരളത്തിലെ പൊതുസമൂഹസൃഷ്ടിക്ക് ചാവറപിതാവ് തുടക്കം കുറിച്ചു.

വിദ്യാഭ്യാസം മനുഷ്യന്റെ മൗലികാവകാശമാണെന്നു തിരിച്ചറിഞ്ഞ ചാവറയച്ചൻ പിന്നാക്കവർഗ്ഗക്കാർക്കുവേണ്ടി മാന്നാനത്തും ആർപ്പുക്കരയിലും ഓരോ വിദ്യാലയം സ്ഥാപിച്ചു. ദളിതരായ കുട്ടികളെ വിദ്യാലയത്തിലെത്തിക്കുവാൻ ചാവറയച്ചൻ പദ്ധതികൾ ആവിഷ്കരിച്ചു. വിശക്കുന്ന മനുഷ്യന് ആദ്യം വേണ്ടത് ഭക്ഷണമാണ്. പിന്നെയാണ് വിശപ്പിന്റെ സാഹചര്യം മാറ്റാനാവശ്യമായ അക്ഷരത്തിന്റെ കരുത്ത് കുരുന്നു മനസ്സുകളിൽ പാകാനാകുക. അതുകൊണ്ട് വിദ്യാലയത്തിൽ എത്തിച്ചേരുന്ന ദരിദ്രരായ കുട്ടികൾക്കു ഉച്ചക്കഞ്ഞി സൗജന്യമായി നൽകി. അതോടൊപ്പം പാഠപുസ്തകവും വസ്ത്രവും വിതരണം ചെയ്തു. അങ്ങനെ വിദ്യാഭ്യാസം സാർവത്രികമാക്കുകയെന്ന ലക്ഷ്യത്തിലേക്കു ചാവറയച്ചൻ കുറേക്കൂടി അടുത്തു. 1936-ൽ തിരുവിതാംകൂറിൽ സ്കൂളുകളിൽ സൗജന്യ ഉച്ചക്കഞ്ഞി വിതരണസമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി സർ സി. പി. രാമസ്വാമി അയ്യർ മഹാരാജാവിനു സമർപ്പിച്ച നിവേദനത്തിൽ ക്രൈസ്തവവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിൻതുടരുന്ന ഈ മാതൃക എടുത്തുപറയുന്നുണ്ട്.

- ഇംഗ്ലിഷ് വിദ്യാഭ്യാസം കത്തോലിക്കർക്കും നൽകുന്നതിന് പരിശ്രമം നടത്തിയെങ്കിലും ചാവറയച്ചന്റെ കാലത്ത് ആ ഉദ്യമം സഫലമായില്ല. ലത്തീൻകാരായ അധികാരികൾ അതിനോട് അനുഭാവം കാണിച്ചില്ല. കത്തോലിക്കർ ഇംഗ്ലീഷ് പഠിച്ചാൽ പ്രോട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങൾ വായിച്ചു വഴി പിഴച്ചു പോകും എന്ന് വരാപ്പുഴയിലെ അധികാരികൾ ഭയപ്പെട്ടു.

- 1846-ൽ മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ഒരു സംസ്കൃത വിദ്യാലയം ആരംഭിച്ചു. ആശ്രമവാസികളായ വൈദികരും ശെമ്മാശന്മാരും ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരും അവിടെ പഠനം നടത്തി.
- ചാവറപിതാവ് സീറോമലബാർ സഭയുടെ വികാരിജനറാൾ ആയിരിക്കെ, 1864-ൽ എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടം തുടങ്ങണമെന്നും അവിടെ ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രവേശനം നൽകണമെന്നും കല്പന പുറപ്പെടുവിച്ചു. അങ്ങനെ ചെയ്യാത്തപക്ഷം പള്ളിമുടക്ക് (കുർബ്ബാന തുടങ്ങിയ കൂദാശകൾ നടത്തുവാനുള്ള അനുവാദം തടയൽ) കല്പിക്കുമെന്നും വ്യക്തമാക്കി.
- 1866-ൽ ലെയോപോൾഡ് ബെക്കാറോ മിഷനറിയുടെ സഹായത്തോടെ സ്ത്രീകൾക്കായി സി.എം.സി. സഭ സ്ഥാപിച്ചു. അതിലെ അംഗങ്ങളെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകി വളർത്തുന്നതിനു പ്രാപ്തരാക്കുന്നതിനു പരിശ്രമിച്ചു. പല ഭാഷകൾ പഠിപ്പിച്ചു. വായിക്കാൻ പുസ്തകങ്ങൾ നൽകി. മഠത്തോടനുബന്ധിച്ച് എതുക്കന്തൊത്തും (ബോർഡിംഗ്) എസ്ക്കോളയും (സ്കൂൾ) സ്ഥാപിച്ചു.
- 1868-ൽ "പിടിയരി" എന്ന പ്രസ്ഥാനത്തിനു ചാവറയച്ചൻ ആരംഭം കുറിച്ചു. അപ്രകാരം ശേഖരിക്കുന്ന അരി കുട്ടികൾക്കു ഭക്ഷണം നല്കുന്നതിനായി ഉപയോഗിച്ചു.
- സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണത്തിനും അദ്ധ്യാപകരുടെ ശമ്പളത്തിനും വേണ്ടി ചാവറപിതാവ് മാന്നാനത്തിനു സമീപം 17 പറയ്ക്കുള്ള പുഞ്ചനിലം വാങ്ങി.
- രാജ്യം മുഴുവനും നിരവധി വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് നല്കിയാണ് സി.എം.ഐ. സഭ വിദ്യ അഭ്യസിപ്പിക്കുന്നത്. ദരിദ്രകുടുംബത്തിൽനിനും പിന്നാക്ക വിഭാഗങ്ങളിൽനിന്നും വരുന്നവർക്ക്, പ്രത്യേകമായി പ്രൊഫഷണൽ വിദ്യാഭ്യാസങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു നിരവധിയായ സഹായധന പദ്ധതികളും സഭ ആവിഷ്കരിച്ചിരിക്കുന്നു. ഫീസ് ഇളവോടുകൂടിയും

സൗജന്യമായും കുട്ടികൾക്കു പഠിക്കാനുള്ള അവസരങ്ങൾ സഭ നല്കുന്നുണ്ട്.

- 1881–ൽ സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ (സെൻറ് ഇഫ്രേംസ് ഇംഗ്ലിഷ് സ്കൂൾ) മാന്നാനത്തു സ്ഥാപിതമായി.
- 1944–ൽ സി.എം.ഐ. സഭയുടെ ആദ്യത്തെ കോളേജ് തേവരയിൽ ആരംഭിച്ചു. അതിനു നേതൃത്വം നല്കിയത് ഫ്രാൻസിസ് സാലസ് നുഴുമുറിയച്ചനാണ്.
- ഇന്ന് ബെങ്കളൂരുവിലെ ക്രൈസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റി ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സി.എം.ഐ. സഭ നടത്തുന്നു. അവയിൽ പലതും ഇന്ത്യയിൽ തന്നെ മുൻനിരയിൽ വിരാജിക്കുന്നു. സഭയുടെ ആദ്യത്തെ എഞ്ചിനിയറിങ്ങ് കോളേജ് കൊച്ചിയിലും ആദ്യത്തെ മെഡിക്കൽ കോളേജ് (അമല) തൃശൂരിലും സ്ഥിതി ചെയ്യുന്നു. 40 ആർട്സ് ആൻറ് സയൻസ് കോളേജുകൾ, 4 എഞ്ചിനിയറിങ് കോളേജുകൾ, അദ്ധ്യാപക പരിശീലനത്തിനായുള്ള 10 കോളേജുകൾ, 2 ഫിസിക്കൽ എജ്യൂക്കേഷൻ കോളേജുകൾ, 3 നിയമപഠന കലാലയങ്ങൾ അനൗപചാരിക വിദ്യാഭ്യാസത്തിനായുള്ള ഒട്ടനവധി സെൻററുകളും റിസർച്ച് സെന്ററുകളും സി.എം.ഐ. സഭയുടെ കീഴിലുണ്ട്. ഏകദേശം 200 വിദ്യാലയങ്ങളും സഭയുടെ സ്വന്തമായുണ്ട്.
- ഇന്ത്യക്കു പുറമേ ആഫ്രിക്കൻ രാജ്യങ്ങളിലും ദുബായ്, ദോഹ എന്നീ അറബ് രാജ്യങ്ങളിലും സഭ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.
- സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നു പ്രതിവർഷം പതിനായിരക്കണക്കിനു വിദ്യാർത്ഥികളാണ് വിദ്യ നേടി പുറത്തിറങ്ങുന്നത്. 9 ലക്ഷത്തോളം വിദ്യാർത്ഥികൾ സഭയുടെ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ മാത്രം 22,000 വിദ്യാർത്ഥികളുണ്ട്.

- 40,000–ലേറെ അദ്ധ്യാപകരും 20,000–ത്തിനു മേൽ അനദ്ധ്യാപകരും സഭയുടെ വിദ്യാഭ്യാസ പ്രവർത്തങ്ങളിൽ പങ്കുചേരുന്നു.
- സഭയുടെ വിദ്യാഭ്യാസ പ്രവർത്തനരംഗത്ത് സവിശേഷമായി അനുസ്മരിക്കപ്പെടേണ്ട നിരവധി വ്യക്തികളും പ്രസ്ഥാനങ്ങളുമുണ്ട്. മാണിക്കത്തനാർ എന്ന ആണ്ടുമാലിൽ ഇമ്മാനുവേലച്ചൻ ബൈബിളിലെ സുഭാഷിതങ്ങളെ ആധാരമാക്കി 300 ശ്ലോകങ്ങൾ 1921–ലും പ്രഭാഷകൻെറ പുസ്തകത്തിൻെറ പരാവർത്തനമായി 225 ശ്ലോകങ്ങൾ 1924–ലും അദ്ദേഹം പ്രസിദ്ധീകരിച്ചു. ഈ രണ്ടു പുസ്തകങ്ങളും കൊച്ചി, ട്രാവൻകൂർ സംസ്ഥാനങ്ങളിൽ പാഠപുസ്തകങ്ങളായിരുന്നു.

ആദ്യമായി അമേരിക്കയിൽ ഉപരിപഠനം നടത്തിയ സി.എം.ഐ. വൈദികനാണ് കരിപ്പാപറമ്പിൽ തെയഡോസിയസച്ചൻ. 1952–ൽ നോട്ടർഡാം സർവ്വകലാശാലയിൽ പഠനം ആരംഭിച്ച ഇദ്ദേഹം പ്രഗത്ഭനായ വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു.

വില്യം നേര്യമ്പറമ്പിൽ, റോമയോ തോമസ് എന്നീ സി.എം.ഐ. വൈദികർ ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് കോളേജിൻെറ പ്രഗത്ഭരായ പ്രിൻസിപ്പാളായിരുന്നു.

ആദ്യമായി സിറിയക് ഇംഗ്ലീഷ് വ്യാകരണം തയ്യാറാക്കിയത് ലുദൊവിക് കുനിയന്തോടത്തിലച്ചനാണ്. എമ്മാനുവേൽ തെള്ളിയിലച്ചൻ സുറിയാനി–ഇംഗ്ലീഷ്–മലയാളം നിഘണ്ടു തയ്യാറാക്കി.

മലയാളഭാഷയ്ക്ക് ആദ്യത്തെ അലങ്കാരശാസ്ത്രഗ്രന്ഥം സമ്മാനിച്ചത് ഭാഷാവിദഗ്ദനും സാഹിത്യകാരനുമായിരുന്ന ജെരാർദ് കണ്ണമ്പിള്ളിയച്ചനാണ്.

ഗബ്രിയേൽ ചിറമേലച്ചൻ തേവര സേക്രട്ട് ഹാർട്ട് കോളേജിലെ അദ്ധ്യാപകനും ജന്തുശാസ്ത്ര വിഭാഗം മേധാവിയുമായിരിക്കെ തൻെറ ഗവേഷണം വഴിയായി കടലിൽ കപ്പലുകളുടെ മരം തുളച്ചു നശിപ്പിക്കുന്ന പുഴുവിനെ കണ്ടെത്തി. പ്രസ്തുത പുഴു അച്ചൻെറ പേരിനെ അനുസ്മരിപ്പിക്കുന്നവിധം ബാങ്കിയ ഗബ്രിയേലി എന്നു നാമകരണം ചെയ്യപ്പെട്ടു. കോളേജിന് അച്ചൻ നല്കിയ മികച്ച സംഭാവനകളെ മുൻനിറുത്തി, പുതിയതായി കണ്ടുപിടിക്കപ്പെട്ട

ചിലന്തി ഇനത്തിന്, അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം സ്റ്റെനീലരില്ലസ് ഗബ്രിയേലി എന്നു പേരു നല്കി. വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിലെ സമഗ്രസേവനങ്ങൾക്ക് അംഗീകാരമായി പത്മഭൂഷൻ നല്കി രാഷ്ട്രം ഗബ്രിയേലച്ചനെ ആദരിച്ചു.

കോൺസ്റ്റൻറയിൻ മണലേലച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ജീവധാരയുടെ ആഭിമുഖ്യത്തിൽ 1952-ൽ തുടങ്ങിയ കേരള കാത്തലിക് സ്റ്റൂഡൻറ്സ് ലീഗ്, 1954-ൽ ആരംഭിച്ച കേരള കാത്തലിക് ടീച്ചേഴ്സ് ലീഗ് എന്നിവ കേരളത്തിലെ വിദ്യാഭ്യാസരംഗത്തു മഹത്തായ പ്രസ്ഥാനങ്ങളാണ്.

# 10

## മാധ്യമപ്രേഷിതത്വം

കേരളത്തിൽ അച്ചടി പ്രചരിച്ചിട്ടില്ലാത്ത കാലത്ത് പള്ളിപ്പുറം സെമിനാരിയിലെ വൈദിക പരിശീലനം ഏറ്റവും മികച്ചതാക്കുക എന്ന ലക്ഷ്യത്തോടെ പുസ്തകങ്ങൾ ശേഖരിച്ചും, പകർത്തി എഴുതിച്ചും അന്യ ഭാഷയിലെ പുസ്തകങ്ങൾ വിവർത്തനം ചെയ്തും ഗ്രന്ഥാലയം സമ്പന്നമാക്കുന്നതിനു പരിശ്രമിച്ച പാലയ്ക്കൽ തോമാ മല്പനാണ് സി.എം.ഐ. സഭയിൽ മാധ്യമ പ്രേഷിതത്വത്തിന്റെ ആരംഭകൻ.

മല്പാനച്ചന്റെ വിദഗ്ദശിക്ഷണം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനങ്ങളിൽ സമർപ്പണ ബോധത്തോടെ സഹകരിക്കുകയും ചെയ്ത പ്രിയ ശിഷ്യനായ ചാവറയച്ചൻ ഒരു എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായി വളർന്നു. വൈദികരുടെ യാമപ്രാർത്ഥനകൾ ക്രമീകരിക്കുന്ന ജോലി സെമിനാരി ജീവിതകാലത്തു തന്നെ തുടങ്ങിവച്ചു.

### 1. ചാവറപിതാവിന്റെ രചനകൾ നാളാഗമങ്ങൾ (Chronicles)

സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച, 19-ാം നൂറ്റാണ്ടിലെ പദ്രോവാദോ, പ്രൊപ്പഗന്ത സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ ഭരണാധികാരികളും പ്രധാന സംഭവങ്ങളും വ്യക്തികളും തുടങ്ങിയ വിഷയങ്ങൾ അതിലുണ്ട്.

പാലയ്ക്കൽ തോമാ മല്പാനച്ചന്റെ ജീവിതചരിത്രം: മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം.

ആത്മാനുതാപം
മരണവീട്ടിൽ പാടുന്നതിനുള്ള പാന (പൂർവ്വം എന്നായിരുന്നു ആദ്യം. പിന്നീടു പുന:പ്രകാശന വേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു).
അനസ്താസിയായുടെ രക്തസാക്ഷ്യം (മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം)
ധ്യാനസല്ലാപങ്ങൾ (ധ്യാന സംഭാഷണങ്ങളും ധ്യാനപ്രാർത്ഥനകളും)
ചാവറയച്ചന്റെ കത്തുകൾ (ചാവറപിതാവ് കൈനകരി ഇടവകക്കാർക്കുവേണ്ടി എഴുതിയ 'നല്ല അപ്പന്റെ ചാവരുൾ' ഇതിൽ ഉൾപ്പെടുന്നു.)
തൂക്കാസ (തിരുക്കർമ്മാചരാനുഷ്ഠാനങ്ങൾ)
ലിറ്റർജിക്കൽ കലണ്ടർ (ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)
വൈദികരുടെ കാനോനനമസ്കാരം
ദു:ഖശനിയാഴ്ച തിരുക്കർമ്മങ്ങൾ
മരിച്ചവർക്കുള്ള ഒപ്പീസ്
മാതാവിന്റെ ചെറിയ ഒപ്പീസ്
ഇടയ നാടകങ്ങൾ (Ecologues: Shepherd Plays): സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ആയിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രികളുടെ എക്ലോഗ്, അവിശ്വാസികളുടെ എക്ലോഗ്, പിറവി അറിയിപ്പിന്റെ എക്ലോഗ്, കുഞ്ഞിപൈതങ്ങളുടെ എക്ലോഗ്, വിശ്വാസം ശരണം ഉപവിയുടെ എക്ലോഗ്, യൗസേപ്പിതാവിന്റെ എക്ലോഗ്, മാലാഖമാരുടെ എക്ലോഗ്, വിശ്വാസികളുടെ എക്ലോഗ്, മുഗുഷന്മാരുടെ എക്ലോഗ്, ഉറക്കക്കാരുടെ എക്ലോഗ് എന്നിവയാണ് ലഭ്യമായിട്ടുള്ള പതിനൊന്ന് എക്ലോഗുകൾ.

## 2. മുദ്രണാലയ സ്ഥാപനം

മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ഒരു മുദ്രണാലയം സ്ഥാപിക്കണമെന്ന് ചാവറപിതാവ് ആഗ്രഹിച്ചു. ആശ്രമസ്ഥാപനം

നടക്കുന്ന കാലത്ത് തിരുവിതാകൂറിൽ രണ്ടു മുദ്രണായങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവ കോട്ടയത്തെ സി.എം.എസ്. പ്രസ്സും തിരുവനന്തപുരത്തെ സർക്കാർവക മുദ്രണായവുമായിരുന്നു. ഈ രണ്ടു സ്ഥാപനങ്ങൾ സന്ദർശിച്ച് അച്ചടിയന്ത്രങ്ങൾ നേരിൽ കണ്ട് അവയുടെ മാതൃകയിൽ ഒന്നു നിർമ്മിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം.

അതിനായി രണ്ടുപ്രാവശ്യം കോട്ടയത്തു ചെന്നുവെങ്കിലും അച്ചടിയന്ത്രം അദ്ദേഹത്തെ കാണിക്കുവാൻ അതിൻെറ ഉടമകൾക്കു സന്മനസ്സുണ്ടായിരുന്നില്ല. മനസ്സു തളരാതെ അദ്ദേഹം തിരുവനന്തപുരത്തു പോയി. അവിടെയും വിലക്കുകൾ നേരിടേണ്ടി വന്നു. ഒടുവിൽ അവിടത്തെ കത്തോലിക്കനായ ഒരു ജീവനക്കാരൻെറ സഹായത്തോടെ അച്ചുകൂടം അകത്തുകടന്നു കാണാൻ സാധിച്ചു. അതിൻെറ രൂപം മനസ്സിൽ പതിപ്പിച്ചുകൊണ്ടാണ് അദ്ദേഹം കോട്ടയത്തേക്കു മടങ്ങിയത്.

മാന്നാനത്തെത്തിയ ഉടനെ ചാവറയച്ചൻ തൻെറ മനസ്സിൽ പതിഞ്ഞ അച്ചടിയന്ത്രം ഒരു വാഴപ്പിണ്ടിയിൽ ആവിഷ്കരിച്ചു. തുടർന്ന് ഒരു ആശാരിയെ വരുത്തി ആ മാതൃകയിലുള്ള ഒരു അച്ചുകൂടം മരത്തിൽ നിർമ്മിച്ചു.

കടലാസ്, മഷി, ഈയം എന്നീ സാമഗികളുടെ ശേഖരണം, മുദ്രണാലയം പ്രവർത്തിപ്പിക്കുവാൻ പരിചയമുള്ള ഒരാളെ സംഘടിപ്പിക്കൽ, അക്ഷരങ്ങളുടെ ടൈപ്പ് തയ്യാറാക്കൽ, ബുക്ക് ബൈൻറിഗ്, പ്രസ്സ് പ്രവർത്തിക്കുന്നതിനു സർക്കാരിൽ നിന്നും അനുവാദം എന്നിങ്ങനെ പിന്നെയും നിരവധി പ്രശ്നങ്ങൾ ചാവറയച്ചനെ കാത്തിരിപ്പുണ്ടായിരുന്നു. പ്രതിബന്ധങ്ങൾ ഒന്നൊന്നായി കഥാനായകൻ മറികടന്നു.

അങ്ങനെ നിരവധി കഠിനാദ്ധ്വാനങ്ങൾക്കും പ്രതിബന്ധങ്ങൾക്കു മൊടുവിൽ 1846-ൽ മാന്നാനത്ത് സെൻറ് ജോസഫ്സ് പ്രസ്സ് സ്ഥാപിച്ചു. ഈ ചരിത്രസംഭവത്തിലൂടെ അച്ചടിമാധ്യമരംഗത്തെ കേരളത്തിൻെറ പില്ക്കാല കുതിപ്പുകൾക്ക് അടിത്തറയൊരുങ്ങു കയായിരുന്നു.

തന്റെ സഹപ്രവർത്തകർക്കും സുഹൃത്തുകൾക്കുമായി ചാവറയച്ചൻ എഴുതിയ ഒരു ഉപദേശപത്രമാണു മാന്നാനം പ്രസ്സിൽ നിന്നും ആദ്യം അടിച്ചത്. പുസ്തകരൂപത്തിലെ ആദ്യ അച്ചടി ജ്ഞാനപീയൂഷമെന്ന പ്രാർത്ഥനാപുസ്തകത്തിന്റേതാണ്.

ദൈവജനം ഇന്നും ഉപയോഗിച്ചുവരുന്ന നിത്യാരാധനയും, കൃപാനിധി, ജ്ഞാനപിയൂഷം, പിയൂഷ സംഗ്രഹം, വണക്കമാസങ്ങൾ, വ്യാകുലപ്രസംഗം, പാന തുടങ്ങിയ ഭക്തഗ്രന്ഥങ്ങളും സുപ്രസിദ്ധമാണല്ലോ. പ്രാർത്ഥന ഗ്രന്ഥങ്ങൾക്കു പുറമെ വിശുദ്ധരുടെ ജീവചരിത്രങ്ങളും ഇവിടെനിന്നും അച്ചടിക്കുകയുണ്ടായി.

### 3. ദീപികയെന്ന ദീപശിഖ

ചാവറ പിതാവ് സ്ഥാപിച്ച മുദ്രാണലയത്തിന്റെ പ്രവർത്തനം ആദ്ധ്യാത്മികവും മതപരവും ആയ മേഖലകളിൽ മാത്രമായി ചുരുങ്ങിയില്ല. സമൂഹ്യ രാഷ്ട്രീയ തലങ്ങളിലേക്കും അതിന്റെ സ്വാധീനം വ്യാപിച്ചു. 1887 ഏപ്രിൽ 15-ാം തീയതി ആരംഭിച്ച 'നസ്രാണി ദീപിക'യെന്ന മലയാളത്തിലെ ആദ്യ ദിനപത്രത്തിന്റെ അച്ചടി ആരംഭിച്ചത് പിതാവ് സ്ഥാപിച്ച മാന്നാനത്തെ മരപ്രസിലാണ്.

നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വവും ചില പൗരപ്രമുഖരുടെ സഹകരണവും മൂലമാണ് ദീപിക പത്രം ആരംഭിക്കാനായത്. മാന്നാനം പ്രിയോരായിരുന്ന അലക്സാണ്ടർ കട്ടക്കയമച്ചനും സഭയുടെ അന്നത്തെ പൊതുപ്രിയോരായിരുന്ന കുരിയാക്കോസ് ഏലീശാച്ചനും അവർക്കു വലംകൈയായ് പ്രവർത്തിച്ചു. പത്രം നടത്തുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ലാഭനഷ്ടങ്ങൾ മാന്നാനം കൊവേന്ത വഹിക്കണമെന്ന വ്യവസ്ഥ അവർ അംഗീകരിച്ചു.

ദീപികയുടെ പ്രഥമലക്കത്തിൽതന്നെ ദീപിക വിഭാവന ചെയ്യുന്ന പത്രപ്രവർത്തന പാത എപ്രകാരമുള്ളതാണെന്നു വ്യക്തമാക്കപ്പെട്ടിരുന്നു. "ഒരു വിശ്വസ്ത ദൂതിയായി രാജമന്ദിരങ്ങളിലും മന്ത്രിസത്തമന്മാരുടെ സഭകളിലും ന്യായകർത്താക്കന്മാരുടെ സന്നിധാനത്തിങ്കലും പോയി നാട്ടിൽ നടക്കുന്ന അക്രമങ്ങൾ, അനീതിയായ വാർത്തകൾ, പരജന പീഢനങ്ങൾ, സാധുക്കൾക്കുള്ള

ആവശ്യങ്ങൾ ആദിയായവ അറിയിച്ച് പരജനസങ്കടങ്ങൾക്കു നിവൃത്തി വരുത്തി സകലർക്കും ഗുണപ്രദസുമുഖിയായി വിലസി എങ്ങും സഞ്ചരിച്ച് മംഗല്യമോടെ ചിരഞ്ജീവിയായി വാണുകൊണ്ടിരിക്കുവാനായിട്ടാ"ണ് ദീപിക പിറവിയെടുത്തത്.

പാവങ്ങളോടു പക്ഷം ചേർന്നു മർദ്ദിതർക്കും പീഡിതർക്കും വേണ്ടി അനവരതം അടരാടാനുള്ള പ്രഖ്യാപനം അക്ഷരംപ്രതി നിറവേറ്റിയ ചരിത്രമാണ് ദീപികയ്ക്കുള്ളത്. കത്തോലിക്ക സമൂഹത്തിൻെറ ഉദ്ധാരണത്തിനും കേരളത്തിൻെറ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക വളർച്ചയിലും ദീപിക നിർണ്ണായകമായ പങ്കുവഹിച്ചു.

19–ാം നൂറ്റാണ്ടിൻെറ അന്ത്യപാദത്തിൽ തിരുവിതാംകൂറിലെ ഉദ്യോഗങ്ങൾ എല്ലാംതന്നെ സവർണ്ണ ഹിന്ദുക്കൾ കൈയടക്കിയിരുന്നു. തമിഴ് ബ്രാഹ്മണരുടെ ആധിപത്യം ഒഴിവാക്കാനും തിരുവിതാം കൂറിലെ വിവിധ സമുദായങ്ങളിൽപെട്ട ആളുകൾക്കു സർക്കാർ ജോലിയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാനും നിയമം നിർമിക്കണമെന്നാവശ്യപ്പെട്ട് മഹാരാജാവിനു ഭീമഹർജി നല്കി. ഈ മെമ്മോറാണ്ടത്തിനു ചരിത്രനാമം മലയാളിമെമ്മോറിയൽ. ജാതി വ്യവസ്ഥയ്ക്കെതിരെ ആഞ്ഞടിച്ച പ്രസ്തുത പ്രസ്ഥാനത്തിനു ദീപിക ശക്തി പകർന്നു.

പൗരസമത്വവാദം എന്ന പേരിൽ ഒരു മുന്നേറ്റത്തിന് ദീപിക നേതൃത്വം കൊടുത്തു. വിവിധ ക്രൈസ്തവസഭകളെയും ഈഴവരെയും താഴ്ന്ന ജാതിയിൽപെട്ട മറ്റു മതസ്ഥരെയും ഈ സമരത്തിൽ പങ്കെടുപ്പിച്ചു. തിരുവിതാംകൂറിലെ സർവജന വിഭാഗങ്ങൾക്കും സർക്കാർ ജോലിയിൽ ജനാസംഖ്യാനുപാതികമായി പ്രാതിനിധ്യം വേണമെന്നായിരുന്നു പൗരസമത്വവാദത്തിൻെറ അടിസ്ഥാനാവശ്യം.

ജനസംഖ്യാനുപാതത്തിൻെറ അടിസ്ഥാനത്തിൽ സർക്കാർ ജോലിയിലെന്ന പോലെ, നിയമനിർമാണസഭകളിലും പ്രാതിനിധ്യം ലഭിക്കുക എന്നതു സാമൂഹ്യനീതിയാണ്. അതിനു വേണ്ടിയാണ് നിവർത്തന പ്രക്ഷോഭണം ആരംഭിച്ചത്. കരംതീരുവയുടെ

അടിസ്ഥാനത്തിലായിരുന്നു അന്നു വോട്ടവകാശം. ഈ അനീതിക്കെതിരേ ഒരു കർമപദ്ധതി ആവിഷ്കരിച്ചതുതന്നെ ദീപികയും കത്തോലിക്കാ കോൺഗ്രസും ഒരുമിച്ചാണ്. കത്തോലിക്കാ കോൺഗ്രസിൻെറ ആവിർഭാവവും ദീപികയുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

സ്റ്റേറ്റ് കോൺഗ്രസിൻെറ വളർച്ചയിൽ ഊറ്റമായ പിന്തുണ നൽകിക്കൊണ്ടു സ്വാതന്ത്ര്യസമരത്തിനു പിന്നിൽ ദീപിക അടിയുറച്ചുനിന്നു. തിരുവിതാംകൂറിൽ സാധാരണപൗരനു വോട്ടവകാശം ലഭ്യമാക്കാൻ ദീപിക വീറോടെ പൊരുതി സ്റ്റേറ്റ് കോൺഗ്രസിന് ദീപിക ഊർജം പകർന്നപ്പോൾ കുപിതനായ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ, എഡിറ്ററായിരുന്ന ഫാ. ഷാബോറിനെ നിരന്തരം ഭീഷണിപ്പെടുത്തിയതും ഒടുവിൽ അറസ്റ്റു ചെയ്തതും ചരിത്രം.

സർ സി. പി. രാമസ്വാമി അയ്യർ കൊണ്ടുവന്ന വിദ്യാഭ്യാസദേശസാത്കരണ പദ്ധതിയുടെ ഉള്ളുകള്ളികളും കള്ളലാക്കുകളും ബഹുജനസമക്ഷം കൊണ്ടുവരുന്നതിൽ ദീപിക വഹിച്ച പങ്ക് അനന്യമാണ്. വർഷങ്ങൾക്കുശേഷം പ്രഫ. ജോസഫ് മുണ്ടശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരേയും അടുത്തകാലത്ത് ന്യൂനപക്ഷാവകാശങ്ങൾ കവരുകയെന്ന ലക്ഷ്യത്തോടെ ഇടതുസർക്കാർ കൊണ്ടുവന്ന സ്വാശ്രയ ബില്ലിനെതിരേയും ദീപിക അതേ കരുത്തോടെയാണ് പൊരുതിനിന്നത്.

ലോകത്താദ്യമായി തെരഞ്ഞെടുപ്പിലൂടെ 1957-ൽ കേരളത്തിൽ അധികാരത്തിലേറിയ കമ്യൂണിസ്റ്റ് മന്ത്രിസഭ തെറ്റുകളുടെ വഴികളിലൂടെ മാത്രം പോയപ്പോഴായിരുന്നു വിമോചനസമരം എന്ന പോരാട്ടം. വിദ്യാഭ്യാസരംഗത്തെ മൗലികാവകാശം കവർന്നെടുക്കാൻ ശ്രമിച്ചതും കർഷക ദ്രോഹകരമായ നിയമനിർമാണങ്ങൾ നടത്തിയതും ജനരോഷമുയർത്തി. ദീപികയിൽ 1958 ആഗസ്റ്റ് 14-ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിൻെറ പേരിൽ കമ്യൂണിസ്റ്റ് സർക്കാർ കേസെടുത്തു. 'സങ്കടകരമായ പാഠം' എന്നായിരുന്നു മുഖ്യപ്രസംഗത്തിൻെറ തലക്കെട്ട്.

മറ്റു പത്രങ്ങൾ കണ്ണടയ്ക്കുന്ന മേഖലകളിൽ ദീപിക ഒരിക്കലും മടിച്ചുനിന്നില്ല. നിരവധിയായ ധാർമിക പോരാട്ടങ്ങൾക്ക് ദീപിക നേതൃത്വം നൽകി. ജീവൻെറ സംരക്ഷണത്തിനായും ദയാവധത്തിനെതിരായും നല്ലൊരു തലമുറയുടെ സൃഷ്ടിക്കായും മദ്യമെന്ന മഹാവിപത്തിനെതിരായും പഠിക്കാനെത്തുന്ന കുഞ്ഞുങ്ങളെ കക്ഷിരാഷ്ട്രീയം കളിപ്പിച്ച് ചൂഷണം ചെയ്യുന്ന കുട്ടിരാഷ്ട്രീയത്തിനെതിരായും പാഠപുസ്തകങ്ങളിലൂടെ വിഷവിത്തു വിതയ്ക്കുന്നതിനെതിരേയും ദീപികയെടുത്ത നിലപാടുകളും നടത്തിയ മുന്നേറ്റങ്ങളും ഈ പത്രം നടത്തിയ ധാർമ്മിക സമരങ്ങൾ ആണ്.

ദീപിക എന്നും കർഷകരുടെ ബന്ധുവാണ്. ചെറുകിടകർഷകർക്കും മലയോര കുടിയേറ്റക്കാർക്കും വേണ്ടി തൂലിക പടവാളാക്കി. എന്നും അധഃസ്ഥിതരോടൊപ്പം നിന്നു. കൈയേറ്റക്കാരെന്നു മുദ്രയടിച്ച് കമ്യൂണിസ്റ്റ് സർക്കാർ 1958–ൽ ഹൈറേഞ്ച് കർഷകരെ കുടിയിറക്കിയപ്പോൾ കുത്തകപ്പത്രങ്ങൾ അവരെ സഹായിച്ചില്ല. കാട്ടുകള്ളന്മാർ എന്നു വിളിച്ച് അവർ കർഷരെ അപമാനിക്കുകയായിരുന്നു. ദീപിക മാത്രം കർഷകരോടൊപ്പം രണാങ്കണത്തിൽ ഇറങ്ങി. കർഷകർക്കൊപ്പം നില്ക്കാൻ ദീപിക രാഷ്ട്രീയം പരിഗണിച്ചിട്ടേയില്ല. 1960–ൽ അധികാരത്തിൽ വന്ന ഐക്യമുന്നണി സർക്കാർ കർഷകദ്രോഹനയം സ്വീകരിച്ചപ്പോഴും ദീപിക നീതിക്കുവേണ്ടി വാദിച്ചു. കുടിയിറക്കുവിരുദ്ധ സമരം, കൊട്ടിയൂർ ജാഥ, മലനാട് കർഷക യൂണിയൻെറ സ്ഥാപനം എന്നിവയ്ക്കെല്ലാം ശക്തമായ പിന്തുണ നല്കാൻ ദീപിക ഒപ്പംനിന്നു.

സ്വന്തം സമുദായത്തിൻെറ ഉന്നമനത്തിനു വേണ്ടി മറ്റാരെക്കാളുമേറെ ദീപിക തൂലിക ചലിപ്പിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും ഒരു പൊതു വർത്തമാനപത്രം എന്ന നിലയിലുള്ള ദീപികയുടെ കടമകൾ വിസ്മരിച്ചു കൊണ്ടായിരുന്നില്ല. ദീപിക ഏറ്റെടുത്ത ജനജീയ മുന്നേറ്റങ്ങൾ അതു തെളിയിക്കുന്നു.

മഹാകവി ഉള്ളൂർ ദീപികയിലെ സ്ഥിരം എഴുത്തുകാരിലൊരാളായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും പായിപ്പാട്ട്

പി. ആർ. നാരായണപിള്ളയും കുറേക്കാലം ദീപികയുടെ മുഖപ്രസംഗരചന നിർവഹിച്ചിരുന്നു. കുമ്മനം ഗോവിന്ദ പിള്ള, ചക്കനാട്ട് ശങ്കരപിള്ള, പി. ആർ. നാണു തുടങ്ങിയവർ പത്രത്തിൻെറ എഡിറ്റർമാരായിരുന്നിട്ടുണ്ട്. ദീപികയുടെ ആദ്യത്തെ പത്രാധിപരായിരുന്ന സി. കുര്യനും രണ്ടാമത്തെ പത്രാധിപരായി നിയമിതനായ ജോസഫ് പൈലിയും പത്രാധിപസമിതിയംഗ മായിരുന്ന കണ്ടത്തിൽ വർഗീസ് മാപ്പിളയും കത്തോക്കരായിരുന്നില്ല.

ദീപിക ബാലജന സംഖ്യവും കുട്ടികളുടെ ദീപികയും കുട്ടികൾക്ക് ഉപകാരപ്രദമായ രീതിയിൽ വളർന്നു ഫലം ചൂടിയതിൽ സി.എം.ഐ. സഭയുടെ പങ്ക് വലുതാണ്. 1952 ജനുവരി ആറിന് ദീപിക ആഴ്ചപതിപ്പിൽ ആരംഭിച്ച ബാലപംക്തിയിൽനിന്ന് ഊർജ്ജം പ്രാപിച്ച് വളർന്നുവന്ന വിദ്യാർത്ഥി പ്രസ്ഥാനമാണ് ദീപിക ചിൽറൻസ് ലീഗ്. "നാം ഒരു കുടുംബം" എന്ന മുദ്രാവാക്യത്തിനു പിന്നിൽ നാനാജാതി മതസ്ഥരായ വിദ്യാർത്ഥികളാണ് അണിനിരക്കുന്നത്. 1953-ൽ ആരംഭിച്ച സഖ്യത്തിൻെറ അംഗസംഖ്യ 1982-ൽ ഒന്നര ലക്ഷമായിരുന്നു. സംഖ്യത്തിൻെറ കൊച്ചേട്ടനെന്ന നിലയിൽ സഭാംഗങ്ങൾ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

ദീപിക ആഴ്ചപതിപ്പിലെ ബാലപംക്തി 1953 മെയ് 23-ന് ദീപിക ദിനപ്പത്രത്തിൻെറ ഞായറാഴ്ച പതിപ്പിലേക്കു മാറ്റി. ഒരു ദിനപ്പത്രത്തിൽ കുട്ടികൾക്കുവേണ്ടി മാത്രമായി സ്ഥലം മാറ്റി വയ്ക്കുകയെന്നത് മലയാള ഭാഷയിൽ ആദ്യസംരംഭമായിരുന്നു. 1958 ജനുവരി 1-ന് മലയാളത്തിലെ ആദ്യബാലമാസികയായി കുട്ടികളുടെ ദീപിക പ്രസിദ്ധീകരണം ആരംഭിച്ചു.

നീണ്ട 102 വർഷങ്ങൾ ദീപികയുടെ സാരഥ്യം വഹിച്ചത് സി.എം.ഐ. സഭയാണ്. ആദ്യത്തെ 66 വർഷങ്ങൾ സഭ പൊതുവായും തുടർന്നുള്ള 26 വർഷം അവിഭക്ത കോട്ടയം പ്രവിശ്യയും അവസാനത്തെ 10 വർഷം ഇന്നത്തെ കോട്ടയം പ്രവിശ്യയും ദീപികയുടെ ഉടമസ്ഥത വഹിച്ചു. ഏകദേശം 300 സഭാംഗങ്ങൾ തങ്ങളുടെ ചോരയും നീരും ദീപികയ്ക്കു വേണ്ടി ചെലവഴിച്ചു. സീറോമലബാർ സഭയുടെ വിശാലമായ സഹകരണം

ലക്ഷ്യമാക്കിക്കൊണ്ട് 1989 സെപ്റ്റംബർ 15-ാം തീയതി പത്രം ദ രാഷ്ട്രദീപിക കമ്പനിക്കു കൈമാറി.

## 4. മറ്റു പ്രസിദ്ധീകരണങ്ങൾ

മാന്നാനത്തുനിന്നു പ്രസിദ്ധീകരിക്കുന്ന കർമ്മലകുസുമം (1903) മലയാളത്തിലെ ആദ്യത്തെ കത്തോലിക്ക പ്രസിദ്ധീകരണമാണ്. മുദ്രാലയപ്രേഷിതത്വത്തിൻെറ സജീവസാക്ഷ്യങ്ങളായിരുന്നു തേവരയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന കുടുംബദീപവും എൽത്തുരുത്ത് പ്രസ്സിൽ നിന്ന് പുറത്തിറക്കിയിരുന്ന പ്രാചീനതാരക എന്ന ഞായറാഴ്ചപ്പതിപ്പും. ധർമ്മാരാമിൽ നിന്നു പുറാത്തിറങ്ങുന്ന പ്രസിദ്ധീകരണങ്ങളിൽ 'ജേണൽ ഓഫ് ധർമ്മ' സുപ്രധാന സ്ഥാനമലങ്കരിക്കുന്നു.

ഇന്ന് സി.എം.ഐ. സഭയുടെതായി 17 മുദ്രാണാലയങ്ങളും പ്രസിദ്ധീകരണ കേന്ദ്രങ്ങളും 14 ആനുകാലിക പ്രസിദ്ധീകരണങ്ങളും 24 പുസ്തകവിതരണ കേന്ദ്രങ്ങളുമുണ്ട്.

സാവധാനം അച്ചടിയെന്ന പ്രേഷിതശുശ്രൂഷ കേരളസഭയിൽനിന്ന് മറ്റ് സമുദായങ്ങളിലേക്കും പടർന്നു. കേരളത്തിൽ നിരവധി പത്രമാസികകൾ ആരംഭിച്ചു. ഇവിടത്തെ ജനങ്ങൾ സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ ഏറ്റവും പ്രബുദ്ധരായി. ഭാരതത്തിൽ ഏറ്റവും കൂടുതൽ പേർ പത്രമാസികകൾ വായിക്കുന്ന സംസ്ഥാനം കേരളമാണ്. ഭാരതീയ ഭാഷകളിൽ ഏറ്റവും കൂടുതൽ ക്രൈസ്തവഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നത് മലയാളത്തിലാണ്.

## 5. ചേതന സെൻറർ ഫോർ കൾച്ചർ ആൻറ് കമ്മ്യൂണിക്കേഷൻസ്

മാധ്യമ രംഗത്ത് കേരളത്തിൻെറ അഭിമാനമെന്നു വിശേഷിപ്പിക്കാവുന്ന സ്ഥാപനമാണ് തൃശൂരിലെ ചേതന. 1980-കളിലാണ് ചേതനയുടെ തുടക്കം. പ്രവിശ്യാധിപനായിരുന്ന ദൈവദാസൻ കനീസിയൂസ് തെക്കേക്കരയച്ചനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഫാ. ഐസക് ആലപ്പാട്ടാണ് ചേതനയുടെ ആരംഭത്തിനു വഴിയൊരുക്കിയത്.

ചിയാരത്തെ ചേതന സൗണ്ട് സ്റ്റുഡിയോ, ചേതന കോളേജ് ഓഫ് മീഡിയ ആൻഡ് പെർഫോമിംഗ് ആർട്സ്, തൃശൂർ കെസ് ഭവനിലെ ചേതന മ്യൂസിക് അക്കാഡമി, തൃശൂർ പാലസ് റോഡിലെ ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂരിലെ മയിലിപ്പാടം കാമ്പസിലെ ചേതന സംഗീത് നാട്യ അക്കാഡമി, ചേതന മ്യൂസിക് കോളേജ്, ചേതന നാഷണൽ ഇൻസ്റ്റിറ്റ്യൂട് ഓഫ് വൊക്കോളജി എന്നിങ്ങനെ ഏഴു ശാഖകളായി വളർന്നുകൊണ്ടിരിക്കുന്ന പ്രസ്ഥാനമാണിത്.

ദക്ഷിണേന്ത്യയിലെ തന്നെ സിനിമാ സംഗീത രംഗത്തെ ഏറ്റവും മികച്ച സൗണ്ട് സ്റ്റുഡിയോകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ദൃശ്യ ശ്രാവ്യ രംഗത്തെ ഏറ്റവും ആധുനികമായ കോഴ്സുകളാണ് ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു വരുന്നത്. ചേതന കോളേജ് ഓഫ് മീഡിയ ആൻഡ് പെർഫോമിംഗ് ആർട്സ് 2015-ൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് ഈ രംഗത്ത് ബിരുദങ്ങൾ നൽകുന്ന സ്ഥാപനമായി.

ചലച്ചിത്ര ദൃശ്യ ശ്രാവ്യ രംഗങ്ങളിലെല്ലാം നിരവധി പ്രശസ്തരെയും ശ്രദ്ധേയരായ പ്രതിഭകളെയും ശബ്ദലേഖകരെയും ശബ്ദവിദഗ്ദരെയും മികച്ച കലാരൂപങ്ങളെയും ഈ പ്രസ്ഥാനം സൃഷ്ടിച്ചിട്ടുണ്ട്.

കലയിലൂടെ മനുഷ്യരെ ഒന്നിപ്പിക്കുകയും ഐക്യത്തിലെത്തിക്കുകയുമാണ് ചേതനയുടെ പരമലക്ഷ്യം. കലയിലൂടെ സത്യവും സ്നേഹവും സൗന്ദര്യവും തേടുന്നതിനു ഈ പ്രസ്ഥാനം വഴിയൊരുക്കുന്നു. കലകളിൽ നിർലീനമായ ആത്മീയതയുടെ ഭാവങ്ങൾ, ദർശനങ്ങൾ, അനുഭവങ്ങൾ എന്നിവയുടെ ഉൽകൃഷ്ഠതയെ ഉൾക്കൊള്ളുവാനുള്ള അവിരാമ്മായ സാധനയാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്.

# 11

## സാമൂഹ്യസേവന പ്രേഷിതത്വം

“അന്യനു നന്മ ചെയ്യാത്ത ദിവസം ആയുസ്സിൻെറ ദിവസങ്ങളിൽ പെടുത്തുകയില്ല” എന്ന് വി. ചാവറ പിതാവ് ഉപദേശിക്കുന്നു.

അനീതിക്കെതിരെ അദ്ദേഹം ശബ്ദമുയർത്തി, “ഭിക്ഷക്കാർ വെറുംകൈയോടെ നിൻെറ വീട്ടിൽനിന്നു പോകാൻ നീ സമ്മതിക്കേണ്ട. വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്; എന്തെന്നാൽ ഇതു ദൈവത്തിൻെറ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട, ബുദ്ധിമുട്ടിക്കുകയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോടു പ്രതികാരം ചോദിക്കും.”

വാക്കുകളിൽ മാത്രമല്ല, പ്രവൃത്തിയിലും പാവപ്പെട്ടവരോടുള്ള സ്നേഹം പിതാവ് പ്രകടമാക്കി. അഗതികളെ ഒരു ഭവനത്തിൽ താമസിപ്പിച്ചു സംരക്ഷിക്കുന്ന ഏർപ്പാട് ഭാരതത്തിൽ അജ്ഞാതമായിരുന്ന കാലഘട്ടത്തിൽ വൃദ്ധരും രോഗികളും അശരണരുമായ പാവങ്ങൾക്ക് അഭയ കേന്ദ്രമായി കൈനകരിയിൽ ഒരു അഗതി മന്ദിരം, “ഉപവിശാല” എന്ന പേരിൽ അദ്ദേഹം സ്ഥാപിച്ചു. അതു നടത്തുവാനും രോഗികളെ നല്ല മരണത്തിന് ഒരുക്കുവാനും നന്മരണ സഖ്യവും ആരംഭിച്ചു. ഈ ലോകത്തിൽ മനുഷ്യനു മാന്യമായി ജീവിക്കാൻ അവകാശമുണ്ടെന്നും ഈ അവകാശം സംരക്ഷിക്കൻ മറ്റുള്ളവർ കടപ്പെട്ടവരാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു.

പിതാവിൻെറ സാമൂഹ്യസേവന ദർശനങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് സി.എം.ഐ. സഭാംഗങ്ങൾ ഒട്ടനവധി സുമനസ്സുകളുടെ സഹകരണത്തോടെ നിരവധിയായ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു.

## 1. സമൂഹ്യാഭിമുഖ്യത്തോടെ കർമ്മമണ്ഡലങ്ങളിൽ

നമ്മുടെ സഭ സ്ഥാപിതമാകുന്ന കാലഘട്ടത്തിൽ സാമൂഹ്യ സേവനത്തെ സംബന്ധിച്ച് ഇന്നത്തെതു പോലെ നൂതനമായ ആശയങ്ങളൊന്നും രൂപം പ്രാപിച്ചിരുന്നില്ല. എന്നാൽ സഭാസ്ഥാപകരും ആദ്യകാല അംഗങ്ങളും തങ്ങൾ വ്യാപരിച്ച മേഖലകളിലെല്ലാം മനുഷ്യരുടെ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചു.

സമൂഹത്തിൽ താഴ്ന്ന ജാതിക്കാരെന്നു കരുതപ്പെടുന്നവർക്കു വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയതു തന്നെയാണ് സഭാസ്ഥാപകൻെറ സാമുഹ്യാഭിമുഖ്യത്തിന് മകുടോദാഹരണ മായിരിക്കുന്നത്.

മധ്യാ നേരത്തു പള്ളിമണിയടിച്ചു പാവങ്ങളെ വരുത്തി ഭക്ഷണം നൽകുന്ന രീതി സഭയുടെ ആരംഭ കാലത്ത് എല്ലാ സി.എം.ഐ. ആശ്രമങ്ങളിലും ഒരു പതിവായിരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും തുണി ദാനം ചെയ്യുന്ന പതിവും ചാവറയച്ചൻ ആരംഭിച്ചു. വി. യൗസേപ്പിതാവിൻെറ തിരുനാളിൽ തിരുക്കുടുംബത്തിൻെറ സ്തുതിക്കായി മൂന്നു ദരിദ്രർക്കു – ഒരു പുരുഷനും ഒരു സ്ത്രീക്കും ഒരു ശിശുവിനും ഭക്ഷണം കൊടുക്കണമെന്നു ചാവറയച്ചൻ നന്മരണ സഖ്യാംഗങ്ങളോട് ഉപദേശിച്ചു. ഈ ഉപവി പ്രവൃത്തിക്കായി സഖ്യാംഗങ്ങൾ 100 ചക്രം സംഭാവന ചെയ്യണമെന്ന നിർദ്ദേശം നൽകി. പിരിഞ്ഞു കിട്ടുന്ന പണം നിക്ഷേപമായി സൂക്ഷിച്ച് വി. യൗസേപ്പിതാവിൻെറ തിരുനാളിൽ കഞ്ഞി വിതരണപരിപാടി ശാശ്വതമായി നടത്തണമെന്നു തീരുമാനമെടുത്തു. അങ്ങനെ വി. യൗസേപ്പിതാവിൻെറ തിരുനാളിലെ നേർച്ചസദ്യയ്ക്ക് ആരംഭം കുറിച്ചു.

മഠസ്ഥാപനത്തെക്കുറിച്ചു ചിന്തിക്കുമ്പോഴും ആദ്യമായി പനമ്പുമഠത്തിൽ സഹോദരിമാർക്കായി മുറികൾ ഒരുക്കുമ്പോഴും പുതിയ കെട്ടിടത്തിനു പദ്ധതി തയ്യാറാക്കുമ്പോഴും തൊഴിൽ പരിശീലനത്തിനായി അദ്ദേഹം പ്രാധാന്യം നൽകി. “കൈവേലക്കുവേണ്ടി ഒരു പെട്ടി സൂചിയും ഉണ്ടനൂൽ, പാസ്ത,

പട്ടുനൂൽ, മഞ്ഞനൂൽ, റോശിനൂൽ, കറുപ്പുപട്ടുനൂൽ, കത്രികകൾ, പിച്ചാത്തി, നാരായം, കൊന്തകെട്ട്, മുള്ളരിഞ്ഞാണം കെട്ട് എന്നിവയ്ക്കുള്ള കമ്പികളും കൊടിലും" കരുതി. കൈവേലകൾ ബ. സഹോദരിമാരെ പഠിപ്പിക്കുക മാത്രമല്ല, അവർ പഠിച്ചതിനുശേഷം മറ്റുള്ളവരെ പഠിപ്പിക്കുകകൂടി ചെയ്യേണ്ടതുണ്ട്. കൈത്തൊഴിലിന് ഉപയുക്തമായ ഗുണമേന്മയുള്ള സാമഗ്രികൾ വിദേശത്തുനിന്നുതന്നെയും കണ്ടെത്തുന്നതിനും വിദഗ്ദ്ധരായവരുടെ പരിശീലനം സഹോദരിമാർക്കു ലഭ്യമാക്കുന്നതിനും സഭാസ്ഥാപകൻ ശ്രദ്ധപുലർത്തി.

സ്ത്രീകൾക്കു സ്വയം സമ്പാദ്യപദ്ധതി എന്ന നിലയിലാണു സഹോദരിമാരുടെ കൈത്തൊഴിൽ പരിശീലനത്തെ പിതാക്കന്മാർ വിഭാവനംചെയ്തത്. കൂനമ്മാവിൽ പ്രധാനതൊഴിൽ കൃഷിയായിരുന്നതിനാൽ വിളവിറക്ക്, കൊയ്ത്ത് തുടങ്ങിയ സമയങ്ങളിലല്ലാതെ സ്ത്രീകൾക്കു പ്രത്യേക ജോലിയില്ലാതിരുന്നതിനാൽ അവരുടെ ഒഴിവുസമയം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടിയാണ് ഇത്തരം വേലകൾ വിഭാവന ചെയ്തത്. കുടുംബങ്ങളിലെ പട്ടിണിയകറ്റാൻ ഇതു സഹായകമായി. അന്ന് കൂനമ്മാവിൽ ആരംഭിച്ച കൊന്തകെട്ട്, തയ്യൽപ്പണി എന്നിവ മറ്റു പ്രദേശങ്ങളിലേക്കു വ്യാപിക്കുകയും സ്ത്രീകൾക്കു വീട്ടിലിരുന്നു ജോലി ചെയ്തു സമ്പാദിക്കാവുന്ന വരുമാനമാർഗ്ഗമായി പരിണമിക്കുകയും ചെയ്തു.

മാന്നാനത്ത് ചാവറപിതാവ് സ്ഥാപിച്ച മുദ്രണാലയത്തിനും സാമൂഹ്യസേവനസംബന്ധിയായ ഒരു ദൗത്യം നിർവ്വഹിക്കാനുണ്ടായിരുന്നു. അക്ഷരങ്ങൾ വാർത്തെടുക്കാനും അച്ചടി ജോലികൾ നിർവ്വഹിക്കാനും പുസ്തകം ബൈൻറ് ചെയ്യാനുമുള്ള വിദ്യകൾ പഠിപ്പിക്കുന്ന തൊഴിലധിഷ്ഠിത പരിശീലന കളരിയായിരുന്നു മാന്നാനം കുന്ന്.

1965 മുതൽ 1980 വരെയുള്ള വർഷങ്ങളിൽ നമ്മുടെ എല്ലാ കൊവേന്തകളും വഴി അമേരിക്കൻ ഗോതമ്പും എണ്ണയും വിതരണം ചെയ്തിരുന്നു.

തങ്ങൾ പ്രവർത്തിച്ച മേഖലകളിലെല്ലാം സ്ഥാപകൻെറ സിദ്ധിയും ചൈതന്യവും ജീവിക്കുവാൻ സഭാംഗങ്ങൾ എന്നും സമർപ്പിതമായ മനസ്സോടെ പരിശ്രമിച്ചു വരുന്നു. സഭയുടെ ഭവനങ്ങൾ വഴി വിവാഹം, വീടുപണി, ചികിത്സാ, വിദ്യാഭ്യാസം എന്നിവയ്ക്കായി സഹായം നല്കുന്നു. എല്ലാ ഭവനങ്ങളിലും സമൂഹ്യസേവനത്തിനായി ഒരാളെ ചുമതലപ്പെടുത്തണമെന്ന് നിയമമുണ്ട്. പ്രവിശ്യാ തലത്തിലും സഭാതലത്തിലും സാമൂഹ്യസേവന വകുപ്പും അതിനു ചുമതലയായി തെരെഞ്ഞെടുക്കപ്പെടുന്ന കാര്യദർശികളുമുണ്ട്. പ്രാദേശിക, പ്രവിശ്യാ സഭാ തലങ്ങളിലുള്ള മൊത്തം വരുമാനത്തിൻെറ 10% എങ്കിലും സാമൂഹ്യ സേവനത്തിനായി നീക്കിവയ്ക്കണമെന്ന് സഭാ നിയമം അനുശാസിക്കുന്നു

കൂടാതെ വളർച്ചയ്ക്കു കൊതിക്കുന്ന നാടുകളിലും ദേശങ്ങളിലും സഭാംഗങ്ങൾ കടന്നുചെല്ലുന്നു. കേരളത്തിലും കേരളത്തിനു പുറത്തും ആഫ്രിക്കൻ രാജ്യങ്ങളിലും അജപാലനപ്രവർത്തനങ്ങൾക്കിടയിൽ ജനങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് അഹോരാത്രം അദ്ധ്വാനിക്കുന്നതിൽ സഭാംഗങ്ങൾ സമർപ്പണ ബോധമുള്ളവരാണ്.

## 2. വിഷചികിത്സ

മാന്നാനം കൊവേന്തയുടെ ആഭിമുഖ്യത്തിൽ 1942-ൽ സിറിയക് ഏലിയാസ് നഴ്സിംഗ് ഹോം എന്ന പേരിൽ ഒരു വിഷ വൈദ്യശാല മാന്നാനത്തു തുടങ്ങി. മാന്നാനത്തെ വിഷവൈദ്യശാല പിന്നീട് പുതുപള്ളി ആശ്രമത്തിലേക്ക് മാറ്റി പ്രവർത്തനം തുടർന്നു. 1969 വരെയുള്ള കാലഘട്ടങ്ങളിൽ ഒരു ലക്ഷം വിഷബാധിതരെ പാറയിൽ ഏലിയാസ് സഹോദരൻ ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്. നീലീശ്വരം കൊവേന്തയിൽ അബ്രാഹം ഓലിക്കൻ സഹോദരനും മിഖായേൽ മലേക്കുടിയിൽ സഹോദരനും തലോർ ആശ്രമത്തിൽ ആഞ്ചലോസ് മാഞ്ഞൂരാൻ സഹോദരനും ഗ്രിഗറി പറമ്പി സഹോദരനും അനേക ലക്ഷം വിഷബാധിതരെ ചികിത്സിച്ച് സുഖപ്പെടുത്തിയിട്ടുണ്ട്. സഭാംഗങ്ങൾ ചെയ്തിരുന്ന വിഷചികിത്സ പൂർണ മായും സൗജന്യമായിരുന്നു.

കോഴിക്കോടു മേഖലയിൽ അന്തോണിനൂസ് അച്ചന്റെ വിഷക്കല്ല് വഴിയുള്ള വിഷചികിത്സ വളരെ പ്രസിദ്ധമാണ്. അന്തർദേശിയ ശ്രദ്ധ നേടിയ വിഷക്കല്ല് നിർമ്മിച്ചെടുത്ത് 7,000 പേർക്ക് അദ്ദേഹം ചികിത്സ നല്കിയിട്ടുണ്ട്. അദ്ദേഹം അവശ്യക്കാർക്ക് വിഷക്കല്ല് നൽകിയിരുന്നു.

## 3. ആവശ്യങ്ങളോടു പ്രതികരിക്കുമ്പോൾ

സഭാംഗങ്ങൾ പലരും കാലത്തിന്റെ ആവശ്യങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കുന്നവരാണ്. തൊഴിലാളികളെ നിരീശ്വരവാദികളുടെ സ്വാധീനത്തിൽനിന്ന് രക്ഷിക്കുക എന്ന മുഖ്യ ഉദ്ദേശ്യത്തോടുകൂടിയായിരുന്നു ആലപ്പുഴ കാർമ്മൽ ഭവനം 1943–ൽ നിലവിൽ വന്നത്. സ്വതന്ത്ര തൊഴിലാളി യൂണിയൻ സ്ഥാപിച്ചു നടത്തുന്നതിനും പാവപ്പെട്ടവരുടെ സാമ്പത്തികോന്നമനത്തിനായി പ്രവർത്തിക്കുന്നതിനും സഭാംഗങ്ങൾ ഉത്സുകരായിരുന്നു. കർണാടകയിലെ ഷിമോഗയിൽനിന്നു കുടിയിറക്കപ്പെട്ട ജനങ്ങളെ ചാന്ദനക്കാമ്പാറയിൽ അധിവസിപ്പിക്കാൻ ജോസഫ് വെട്ടത്തുകുന്നേലച്ചൻ കർമ്മധീരതയോടെ രംഗത്തിറങ്ങി. കുഷ്ഠ രോഗികൾ, തെരുവിന്റെ മക്കൾ, തോട്ടിത്തൊഴിലാളികൾ എന്നിവരെ സംഘടിപ്പിക്കാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുവാനും കർമ്മപദ്ധതികൾ നടപ്പിലാക്കിയ കർമ്മയോഗിയാണ് ബ. ചേൾസൂസ് കാഞ്ഞിരത്തിങ്കലൻ. അദ്ദേഹം എറണാകുളത്ത് പതിതരുടെ സംഘടനയായ ചാവറ ബ്രദേഴ്സിന് തുടക്കം കുറിച്ചു. സി.എം.ഐ. സഭയിൽ അദ്യമായി ആകാശ പറവ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് സണ്ണി ഊക്കനച്ചനാണ്. പാലക്കാട് കരിമ്പയിലെ ത്രിത്വാശ്രമം, പെരിന്തൽമണ്ണയ്ക്കടുത്തുള്ള വെട്ടത്തൂരിലെ അൽഫോൻസാ ഭവൻ എന്നിവ അദ്ദേഹം മുൻകയ്യെടുത്തു സ്ഥാപിച്ചവയാണ്.

## 4. ഒരു കുടക്കീഴിൽ

കാലത്തിന്റെ പോക്കിൽ സാമൂഹ്യസേവനത്തിന്റെ നൂതനാശയങ്ങൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ ശാസ്ത്രീയമായി

പ്രവർത്തിക്കുന്നതിനായി സഭാംഗങ്ങൾ മുന്നോട്ടുവന്നു. ഗ്രാമങ്ങളുടെയും ആദിവാസി സമൂഹങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്കായി ക്യൂബെൽ ഫൗണ്ടേഷൻ പോലെയുള്ള അന്താരാഷ്ട്ര ഏജൻസികൾ, ഇന്ത്യൻ സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ദ്രുതഗതിയിലും കാര്യക്ഷമമായും ഒരേ സമയം അനേകായിരങ്ങൾക്ക് ഉപകാരപ്പെടുന്ന കർമ്മപരിപാടികൾ നിറവേറ്റുന്ന വമ്പൻ പ്രസ്ഥാനങ്ങളുടെ നടത്തിപ്പുകാരായി.

സഭയുടെ സമൂഹ്യസേവന വകുപ്പിനു കീഴിൽ വിവിധ പ്രവിശ്യകളിലായി നടക്കുന്ന സമൂഹ്യസേവന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്ന സിറിയക് ഏലിയാസ് വൊളൻററി അസ്സോസിയേഷൻ (CEVA) എന്ന പ്രസ്ഥാനം 1987-ൽ രൂപം കൊണ്ടു. റെയ്മണ്ടയ് മഞ്ചേരിലച്ചൻ സഭയുടെ സാമൂഹ്യ സേവന വകുപ്പിൻെറ കൗൺസിലറായിരിക്കെയാണ് ഈ പ്രസ്ഥാനം ആരംഭിക്കുന്നത്. കൊച്ചി കേന്ദ്രമാക്കി ഡൽഹി, കൽക്കത്ത എന്നിയിടങ്ങളിലെ പ്രാദേശിക കാര്യാലയങ്ങൾ വഴി ഭാരതം മുഴുവനും ഭാരതത്തിനു പുറത്തും സി.എം.ഐ. സാമൂഹ്യസേവന പ്രവർത്തനങ്ങളെ സേവ ഏകോപിപ്പിക്കുന്നു.

സഭയുടെ വിവിധ പ്രവിശ്യകളിലുള്ള സന്നദ്ധ സംഘടനകളെ പരിപോഷിപ്പിക്കുക, സാമൂഹികരംഗത്ത് സംഘടിതമായ ഇടപെടലുകൾ നടത്തുക, പ്രവർത്തനങ്ങൾക്കായി വിഭവ സമാഹരണം നടത്തുക, ഗുണഭോക്താക്കളിലേക്കു കാര്യക്ഷമമായി പ്രവർത്തനഫലങ്ങൾ ചെന്നുചേരുന്നതിനു മാർഗനിർദേശം നൽകുക, പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നിവയാണ് പ്രഖ്യാപിത ലക്ഷ്യങ്ങൾ.

ഇന്ത്യയിലെ ഏകദേശം 450 സർക്കാതിര സേവന സംഘടനകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ശാക്തികരിക്കുകയും ചെയ്യുന്ന ഒരു വലിയ പ്രസ്ഥാനമാണ് സേവ.

2012-ൽ സേവ 25 വർഷം പൂർത്തിയാക്കിയപ്പോഴത്തെ കണക്കനുസരിച്ചു രാജ്യത്തെ 28 സംസ്ഥാനങ്ങളിൽ 250-ൽ പരം

സന്നദ്ധ സംഘടനകളിലൂടെ 350-ലധികം സമർപ്പിതരുടെ നേതൃത്വത്തിൽ 2,500 ഉദ്യോഗസ്ഥർ നിരന്തരമായ സാമൂഹ്യപ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിൽ 100 കണക്കിനു സ്വയംസഹായസംഘങ്ങളാണ് പ്രവർത്തിക്കുന്നത്.

സേവയുടെ പ്രവർത്തനഫലമായി 559,750 പേർ നേരിട്ടുള്ള ഗുണഭോക്താക്കളായി. 1,351,000 പേർ പരോക്ഷമായി ഫലം അനുഭവിച്ചു. ഈ കാലയളവിൽ ജനക്ഷേമ പദ്ധതികൾക്കായി മൊത്തം ചലവഴിച്ചത് ആകെ 4,813,073,010 രൂപയാണ്.

ഓരോ പ്രവിശ്യയിലും നടക്കുന്ന സമൂഹ്യസേവന പരിപാടികളെ ഏകോപിപ്പിക്കുന്നതിന് കെസ്സ്, സഹൃദയ, പി.എസ്.എസ്., ഡി.ഏസ്.എ. തുടങ്ങിയ പ്രസ്ഥാനങ്ങളുണ്ട്.

## 5. മാനസികമായ വെല്ലുവിളി അനുഭവിക്കുന്നവർക്കു വേണ്ടി...

മനോവൈകല്യവും ബുദ്ധിമാന്ദ്യവും സംഭവിച്ചവരുടേയും ഭിന്നശേഷിക്കാരുടേയും സംരക്ഷണത്തിനായി ജീവിതം മുഴുവൻ ഉഴിഞ്ഞുവെച്ച്, പ്രസ്തുത രംഗത്ത് വ്യക്തിമുദ്ര പതിച്ചയാളാണ് തോമസ് ഫെലിക്സച്ചൻ. ദീർഘമായ അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷം 1974-ൽ ചങ്ങനാശേരിയിൽ ബുദ്ധിമാന്ദ്യമുള്ളവർക്കായി ആദ്യത്തെ പുനരധിവാസ, പരിശീലനകേന്ദ്രം അദ്ദേഹം സ്ഥാപിച്ചു. മാനസിക വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കാനുള്ള ആദ്യസെൻറർ "ആശാഭവൻ" എന്ന പേരിൽ രെജിസ്റ്റർ ചെയ്യപ്പെട്ട ഒരു സൊസൈറ്റിയായി 1976-ൽ ആരംഭിച്ചു.

ഭിന്നശേഷിക്കാരായ കുട്ടികളെ കുറിച്ച് നിരവധി വർഷത്തെ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ അവരെ പരിശീലിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി പുതിയൊരു സിദ്ധാന്തവും പദ്ധതിയും അച്ചൻ കണ്ടെത്തി. 1986-ൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ഇത് അംഗീകരിച്ചു. അദ്ദേഹം ആവിഷ്കരിച്ച ഈ ശൈലിയനുസരിച്ചാണ് ഇന്ന്

ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്നത്. ഫെലിക്സച്ചൻ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ ഇന്ത്യയിലും പുറത്തുമായി 17 ഭാഷകളിൽ മൊഴിമാറ്റം ചെയ്യപ്പെട്ടു.

1994-ൽ ആദ്യ രാജീവ്ഗാന്ധി മാനവ് സേവാ പുരസ്കാരം തോമസ് ഫെലിക്സച്ചനു ലഭിച്ച അംഗീകാരമാണ്. 1998-ൽ നടന്ന ഗ്ലോബൽ നിർമ്മിതി നെറ്റിന്റെ രണ്ടാമത് വാർഷിക സമ്മേളനത്തിൽ നൽകിയ ആദരപത്രത്തിൽ അദ്ദേഹത്തെ "a living legend in the field of mental retardation" എന്ന് വിശേഷിപ്പിക്കുന്നു.

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും വേണ്ടി പല കേന്ദ്രങ്ങൾ സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നുണ്ട്. അടൂരിലെ സ്നേഹഭവൻ, കോട്ടയത്ത് വികാസ് വിദ്യാലയ, ഏറ്റുമാനൂരിൽ വെട്ടിമുകളിലെ സി.എം.ഐ. സേവാഗ്രാം, തിരുവനന്തപുരം മുറിഞ്ഞപാലത്തെ സെൻട്രൽ ഇൻസ്റ്റ്യൂട്ട് ഓൺ മെൻറൽ റിട്ടാർഡേഷൻ ഇടുക്കി അയ്യപ്പൻ കോവിലിലെ വികാസ് ഭവൻ ആലുവ ചുണങ്ങുംവേലിയിലെ കൃപാസ് പ്രോവിഡൻസ് ഹോം, മാൾ കുരുവിളശ്ശേരിയിലെ സ്നേഹഗിരി മിത്രാലയം, കോഴിക്കോട്ടേ ആശാകിരൺ സ്പെഷ്യൽ സ്കൂൾ കേരളത്തിൽ പ്രവർത്തിക്കുന്നവയാണ്.

ബാംഗ്ലൂർ ധർമ്മാരാം കോളേജിനു കീഴിലുള്ള ആശ്വാസ്, ഗുജറാത്തിലെ വിഞ്ചിയയിൽ ജസ്ധൻ വികാസ് ട്രസ്റ്റ് നടത്തുന്ന സി.എം.ഐ. കർമ്മയോഗ് ആശ്രമം, ജഗദൽപൂർ ബസ്തറിലെ വിയാനി ഭവൻ, ആശാ ആശ്രമം, ദോദ്പൂരിലുള്ള സി.എം.ഐ. പ്രോവിഡൻസ് ഹൗസ്, തമിഴ്നാട്ടിൽ കോയമ്പത്തൂർ കൗണ്ടമ്പാളയത്തെ കരുണൈ ഇല്ലം, ഈറോഡ് ചെന്നിമലൈയിലെ ഉദയം സ്പെഷ്യൽ സ്കൂൾ ഫോർ മെൻറലി ചലഞ്ച്ഡ്, അഫ്രിക്കൻ രാജ്യമായ കെനിയയിൽ സെൻറ് മേരീസ് ഹോം എന്നിവ് കേരളത്തിനു പുറത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്.

മാനസിക വൈകല്യം ബാധിച്ച, ഭിന്നശേഷിക്കാരായ നൂറുകണക്കിനു കുട്ടികളും മുതിർന്നവരും ഈ കേന്ദ്രങ്ങളിലായി

അഭയവും സംരക്ഷണവും നല്കപ്പെടുന്നു. വീടുകളിൽനിന്നും സമൂഹത്തിൽനിന്നും പുറന്തള്ളപ്പെട്ട് അനാഥരായി തെരുവുകളിൽ അലഞ്ഞുനടക്കുന്നവർ വരെ ഈ ആശ്രിതരിൽ പെടുന്നു.

ഇത്തരം സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കു പ്രത്യേക പരിശീലനവും തൊഴിൽപരിശീലനവും നല്കി അവരെ സ്വയം പര്യാപ്തരാക്കുന്നു. അവരുടെ വികസനത്തിലും ശാക്തീകരണത്തിലും സവിശേഷമായ ശ്രദ്ധ നല്കുന്നു.

**6. ശാരീരികമായ വെല്ലുവിളി നേരിടുന്നവർക്കു വേണ്ടി**

മാനസികമായി വെല്ലുവിളി അനുഭവിക്കുന്നവരെ മാത്രമല്ല അന്ധ-ബധിര-മൂകരെയും അംഗവൈകല്യം നേരിടുന്നവരെയും സംരക്ഷിക്കുന്ന പല സ്ഥാപനങ്ങൾ സി.എം.ഐ. വൈദികർ നടത്തുന്നുണ്ട്. മേൽപറഞ്ഞവയിൽ പല സ്ഥാപനങ്ങളും ഇത്തരത്തിൽ പെട്ടവരെയും സംരക്ഷിക്കുന്നവയാണ്. കൂടാതെ ഇരിങ്ങാലക്കുടയിലെ സ്നേഹഭവൻ, വഴിത്തല ശാന്തിഗിരി റിഹാബിലിറ്റേഷൻ സെൻറർ, മുവാറ്റുപുഴയിലെ ശാന്തിഗിരി ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളും ഈ പട്ടികയിൽ പെടുന്നു. കാഴ്ച വൈകല്യമുള്ളവർക്കു വേണ്ടി ചാവറ ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വലി ചാലഞ്ച്ഡ് എന്നൊരു പ്രസ്ഥാനം തന്നെ സഭയ്ക്കു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കാഴ്ച വൈകല്യമുള്ളവർക്കു സ്മാർട്ട് കെയ്ൻ നല്കുന്ന സേവന പദ്ധതിയാണ് മറ്റൊന്ന്. ഡൽഹി ഐ.ഐ.ടി. വികസിപ്പിച്ചെടുത്ത ഈ കെയ്ൻ കേരളത്തിൽ വിതരണം ചെയ്യുന്നതിനുള്ള ഏജൻസി സി.എം.ഐ. സഭയുടെ സമൂഹ്യസേവന വിഭാഗമാണ്.

**7. ലത്തൂരിലെ ഭൂകമ്പം മുതൽ കേരളത്തിലെ പ്രളയം വരെ**

പ്രളയം, ഭൂകമ്പം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ മുങ്ങിപ്പോയ പ്രദേശങ്ങളിൽ സി.എം.ഐ. സഭ സഹായഹസ്തവുമായി എന്നും ഓടിയെത്തിയിട്ടുണ്ട്. 2001-ലെ ഗുജറാത്ത് ഭൂകമ്പം, 2004-ലെ സുനാമി, 2013-ലെ ഉത്തരഖണ്ഡ് പ്രളയം, 2014-ലെ ഓഖി ദുരന്തം, 2015-ലെ ചെന്നൈ പ്രളയം, നേപ്പാൾ ഭൂകമ്പം, 2018-ലെ കേരളത്തിലെ

മഹാപ്രളയം, പിന്നാലെ വന്ന 2019–ലെ വൻപ്രളയം എന്നീ പ്രകൃതി ഷോഭങ്ങളിൽ സി.എം.ഐ. സഭയും സഭാംഗങ്ങളും സഭാ സ്ഥാപനങ്ങളും സജീവമായി രംഗത്തിറങ്ങി.

സേവയുടെ 2012 വരെയുള്ള 25 വർഷത്തെ പ്രവർത്തന ചരിത്രത്തിൽ രാജ്യത്തെ 7 സംസ്ഥാനങ്ങളി ലായി 113 വില്ലേജുകളിൽ സഭ പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒൻപത് മേജർ പ്രോജക്റ്റുകളും ആർ മൈനർ പ്രോജക്റ്റുകളും ആ പ്രദേശങ്ങളിൽ നടപ്പിലാക്കി. പ്രസ്തുത പ്രദേശങ്ങളിൽ നേരിട്ട് 10,500 പേർക്കു സഹായം ലഭിച്ചപ്പോൾ പരോക്ഷമായി 42,000 പേർ സഹായം സ്വീകരിച്ചു.

### 8. ശൂന്യവത്കരണവും സ്വയംദാനവും

ലോകത്തിൽ നന്മ ചെയ്തുകൊണ്ട് കടന്നുപോയ ക്രിസ്തു കുരിശിൽ അവസാനതുള്ളി രക്തം ചിന്തിക്കൊണ്ട് തന്നെത്തന്നെ മനുഷ്യമക്കൾക്കായി സ്വയം വെറുമയാക്കി. പ. കുർബ്ബാനയിലൂടെ സ്വന്തമാംസരക്തങ്ങൾ പങ്കിട്ടുനൽകി. യേശുവിൻെറ ഈ പരമമായ ശൂന്യവത്കരണമാണ് സഭയുടെ സാമൂഹ്യസേവനത്തിൻെറ അന്തഃസത്ത. ഇപ്രകാരമൊരു ശൂന്യവത്കരണമാണ് സ്വാമിയച്ചൻ എന്ന സദാനന്ദച്ചൻ തൻെറ മരണാനന്തരം സാധ്യമാക്കിയത്. സ്വന്തം ശരീരം എംയ്സ് മെഡിക്കൽ കോളേജിനു ദാനം ചെയ്തുകൊണ്ട് വെറുമയാക്കലിൻെറ തൻെറ ജീവചരിത്രത്തിന് അദ്ദേഹം വിസ്മയവിരാമം കുറിച്ചു.

## ആധാര ഗ്രന്ഥങ്ങൾ

1. Ignatius Puthiadam S.J., *A Short History of Religious Life: From the Desert to the Oasis of the Second Vatican Council*, Bangalore: Asian Trading Corporation.
2. സി.എം.ഐ. പ്രസാധക കമ്മറ്റി, ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, നാളാഗമങ്ങൾ, മാന്നാനം: സെൻറ് ജോസഫ്സ് പ്രസ്, 1981.
3. ഫാ. ബർണാർദ് ടി.ഒ.സി.ഡി., സി.എം.ഐ. സഭ ആദ്യദശകങ്ങളിൽ (പുനഃപ്രസിദ്ധീകരണം), കൊച്ചി: കെ.സി.എം. പ്രസ്, 1989.
4. ഫാ. ഗ്രിഗരി നീരാക്കൽ സി.എം.ഐ., സി.എം.ഐ. സഭയുടെ ചരിത്രസംക്ഷേപം 1829–1969, തൃശൂർ: സെൻറ് ജോസഫ്സ് ഐ.എസ്. പ്രസ്, 1970.
5. CMI Central Committee, *CMI 175 Years*, Kakkanad: Prior Genaral's House, 2007.
6. മാണി പയസ്, ദൈവവും മനുഷ്യനും ഇവർക്കു സ്വന്തം, കാക്കനാട്: സി.എം.ഐ. പ്രിയോർ ജനറൽസ് ഹൗസ്, ചാവറ സെൻട്രൽ സെക്രട്ടറിയറ്റ് & ബെങ്കളൂരു: ധർമ്മാരാം പബ്ലിക്കേഷൻ, 2020.
7. ചരിത്രത്തിന്റെ നാൾവഴികൾ: സി.എം.ഐ. സെൻറ് ജോസഫ് പ്രോവിൻസ് തിരുവനന്തപുരം, തിരുവനന്തപുരം: ഡിപ്പാർട്ട്മെൻറ് ഓഫ് എജ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ, 2014.
8. Francis Thonippara, ed., *History of Dharmaram College: A Living Legacy of Integral Formation 1957-2017*, Bengaluru: Dharmaram Publication, 2017.
9. Sebastian Poonolly CMI, ed., *The Reunion Movement: Document of CMI Mission*, Kakkanad: Prior General's House,

CMI General Department of Research and Documentation, 2013.

10. Sebastian Poonolly CMI, ed., *Document of CMI Malabar Mission Part 1: 1923-1953*, Calicut: CMI St. Thomas Province, 2010.

11. വർഗീസ് തോട്ടയ്ക്കാട് (സമാഹർത്താവ്), ഒമ്പതു പതിറ്റാണ്ടുകൾ പിന്നിടുന്ന മലബാർ കർഷക കുടിയേറ്റം, കോഴിക്കോട്: പാവനാത്മ പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.

12. Varghese Kokkadan CMI, *Beyond Boundaries: A Handbook of CMI Social Apostolate*, Kakknad: Prior Geneal's House, General Department of Social Apostolate, 2013.

13. ഫാ. വലേരിയൻ സി.ഡി., മലങ്കര സഭാമാതാവിൻെറ ഒരു വീരസന്താനം അഥവാ വ. ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം: വി. യൗസേപ്പിതാവിൻെറ മുദ്രാലയം, 1938.

14. സ്ഥാപക പിതാക്കന്മാർ (പുനഃപ്രസിദ്ധീകരണം), കൊച്ചി: സി.എം.ഐ. ജനറൽ സെക്രട്ടറിയറ്റ് ഫോർ ദ മീഡിയ ഓഫ് കമ്മ്യൂണിക്കേഷൻസ്, 1989.

15. ബർണാർഡിൻ സി.എം.ഐ., കുടിയേറ്റക്കാരും സി.എം.ഐ. സഭയും, ഏർണാകുളം: കെ.സി.എം. പ്രസ്, 1988.

16. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. (സമാഹർത്താവ്), ഭാരതപ്പുഴ കടന്ന മലബാർസഭയോടൊത്ത് സി.എം.ഐ. സഭയും, 2011.

17. അലക്സാണ്ടർ പൈകട സി.എം.ഐ., ദീപിക ദിനപത്രം: സി.എം.ഐ. കാലഘട്ടം (1887–1989), ഡെൽഹി: മീഡിയ ഹൗസ്, 2019.

18. ജോസ് കുറിയേടത്ത് സി.എം.ഐ., ചവാറയുടെ കരിസ്മയും സി.എം.ഐ. കാരിസവും, കളമശേരി: സേക്രഡ് ഹാർട്ട് പ്രൊവിൻഷ്യൽ ഹൗസ്, 2017.
19. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., മലയിൽ വിരിഞ്ഞ പൂക്കൾ, സി.എം.ഐ. എറണാകുളം: ജെനറൽ സെക്രട്ടറിയറ്റ് ഫോർ ഇവാഞ്ചലൈസേഷൻ ആൻഡ് പാസ്റ്ററൽ മിനിസ്റ്ററി, 2005.
20. റോബി കണ്ണഞ്ചിറ സി.എം.ഐ. (സമാഹർത്താവ്), പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും, കൊച്ചി: ചാവറ സെൻട്രൽ സെക്രട്ടറിയറ്റ്, ചാവറ കൾച്ചറൽ സെൻറർ, 2011.
21. Thomas Kadankavil CMI, *Luminous Stars of CMI Congregation*, vol. 1, Kakkanad: General Synaxis Secretariat, 2013.
22. കർമ്മലയിലെ സൗഗന്ധികങ്ങൾ 1831-2012 (4-ാം പതിപ്പ്), കാക്കനാട്: പൊതുശ്രേഷ്ഠ ഭവനം, 2013.
23. അലക്സാണ്ടർ പൈകട സി.എ.ഐ., ചരിത്രം രചിച്ച സഭാസ്നേഹികൾ, കോട്ടയം: സി.എ.ഐ. സെൻറ് ജോസഫ് പ്രോവിൻസ്, ഡിപ്പാർട്ട്മെൻറ് ഓഫ് ഇവാഞ്ചലൈസേഷൻ ആൻഡ് പാസ്റ്ററൽ മിനിസ്റ്ററി, 2018.
24. വിനായക് നിർമ്മൽ, പച്ചമനുഷ്യൻ: ഫാ. സദാനന്ദ് സി.എം.ഐ. എന്ന സ്വാമിയച്ചൻെറ ജീവിതവും ദർശനവും, കോഴിക്കോട്: പാവനാത്മ പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റട്, 2019.
25. Vineeth, V. F., *Justice and Reconciliation*, Bangalore: Dharamaram Publication, 1983.